

പല്ലശ്ശന ഗ്രാമ പഞ്ചായത്ത്

ജനകീയാസൂത്രണം



പല്ലശ്ശന ഗ്രാമ പഞ്ചായത്ത് ഓഫീസ്
Pin-678505

സമഗ്രവികസന രേഖ



കേരള
പാലക്കാട്
പട്ടാമ്പി

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

പല്ലശ്ശന ഗ്രാമ പഞ്ചായത്ത്

ഗ്രാമ പഞ്ചായത്ത് വികസന സെമിനാർ

സമഗ്ര വികസന രേഖ





എഡിറ്റർ
ശ്രീ വി. ഭാസ്കരൻ മാസ്റ്റർ

എഡിറ്റോറിയൽ ബോർഡ്

ശ്രീ കെ. ശ്യാംകുമാർ
ശ്രീ എം. കെ. മണി
ശ്രീമതി പി. എൻ. ശാന്തമ്മ ടീച്ചർ
ശ്രീ എ. ഹാറൂൺ മാസ്റ്റർ
ശ്രീ കെ. ഉണ്ണികൃഷ്ണൻ
വി. നടേശൻ
ശ്രീ ഉമാനാഥ് സി. പാടത്തുകളം
ശ്രീ പി. വി. ശങ്കരനാരായണൻ, പുത്തൻകാവ്
ശ്രീ കെ. രമാധരൻ
ശ്രീ വി. കൃഷ്ണമൂർത്തി

സഹായികൾ

ശ്രീ ആർ. ഗുരുവായൂരപ്പൻ
ശ്രീ സി. പ്രഭാകരൻ
ശ്രീ കെ. വേലായുധൻ
ശ്രീ ആർ. വിജയൻ
ശ്രീ ആർ. ബാലകൃഷ്ണൻ
ശ്രീ പി. ബാലൻ
ശ്രീ വിനു സാജ്
ശ്രീമതി പി. വി. അനിത
ശ്രീമതി എസ്. ഗിരിജ
ശ്രീമതി എം. കെ പ്രമീളാദേവി
ശ്രീമതി സോനു ജോർജ്
ശ്രീമതി ആർ. ധന്യ
ശ്രീമതി സി. രജനി
ശ്രീമതി എൻ. കുസുമകുമാരി അന്തർജനം
ഡോ. കെ. നാരായണസ്വാമി
ഡോ. കെ. പി. ദേവകി
ശ്രീ ആർ. പ്രതീഷ്കുമാർ
ശ്രീ സി. ഗോപാലകൃഷ്ണൻ
ശ്രീ കെ. രാമദാസ്
ശ്രീ കെ. നിത്യാനന്ദൻ
ശ്രീ സി. സുകുമാരൻ
ശ്രീ ആർ. ഗംഗാധരൻ
ശ്രീ. എസ്. മണികണ്ഠൻ
ശ്രീമതി ഷെർലി ജോൺ

ഗ്രാമപഞ്ചായത്തിന്റെ സ്റ്റിൽ മോഡൽ നിർമ്മാണം
ശ്രീ. സി. ടി. കുര്യാക്കോസ്, സി. അനൂപ്

കവർ ഡിസൈൻ
ശ്രീ ജി. മുരുകൻ

Layout & Type Settiing : AMBAL Computer DTP Systems
Sultapet, Palakkad
Printed at AMBAL Quick Print Shop, Palakkad
Fone/Fax # 522764

പഞ്ചായത്തിലെ സ്ഥാപനങ്ങൾ

പഞ്ചായത്ത് ആഫീസ്
വില്ലേജ് ആഫീസ്
പോസ്റ്റ് ആഫീസ്
1. പല്ലശ്ശന
2. പല്ലാവൂർ
3. കൂടല്ലൂർ

വില്ലേജ് എക്സ്റ്റൻഷൻ ആഫീസ്
1. പല്ലശ്ശന
2. പല്ലാവൂർ

കൃഷി ഭവൻ
പ്രൈമറി ഹെൽത്ത് സെന്റർ

ഐ. പി. പി. സെന്റർ
1. താമരപ്പാടം
2. കൂടല്ലൂർ
3. തൂവങ്കോട്

എഫ്. ഡബ്ല്യൂ. സെന്റർ
1. പന്തപ്പുള്ളി
2. പല്ലാവൂർ

ആയുർവേദ ഡിസ്പെൻസറി
മൃഗാശുപത്രി
1. പല്ലാവൂർ
2. പാറക്കളം

സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്
ബ്രാഞ്ച് - പല്ലാവൂർ

എൽ. പി. സ്കൂൾ
1. എ. എൽ. പി. എസ്, ഒഴുവുപാറ
2. എ. എൽ. പി. എസ്, പല്ലശ്ശന
3. പി. കെ.. എം. എൽ. പി. എസ്,പല്ലശ്ശന
4. ജി. എൽ. പി. എസ്, പല്ലാവൂർ
5. ജി. എൽ. പി. എസ്, കുമരംപുത്തൂർ
6. എ. എൽ. പി. എസ്, കൂടല്ലൂർ

അങ്കൺവാടികൾ
1. തോട്ടങ്കരകളം
2. ചാളയ്ക്കൽ
3. തെമ്പളം
4. താമരപ്പാടം
5. തല്ലുമന്ദ്
6. തളൂർ
7. കുമരംപുത്തൂർ
8. എരട്ടോട്
9. കരിമ്പാറതൊടി
10. കമ്മാന്തറ
11. തൂവാംകോട്
12. പാറക്കളം
13. പൂളപ്പറമ്പ്
14. കൂടല്ലൂർ

സൗത്ത് ഇന്ത്യൻ ബാങ്ക്, പല്ലശ്ശന
കാത്തലിക് സിറിയൻ ബാങ്ക്, പല്ലാവൂർ

ക്ഷീരോൽപാദക സഹകരണ സംഘം, പല്ലാവൂർ ആപ്പ്കോസ്
" " ഒഴുവുപാറ
" " പാറക്കളം

ചിൻമയാ വിദ്യാലയം, പല്ലാവൂർ
ഹൈസ്കൂൾ - വി. ഐ. എം. എച്ച്. എസ്, പല്ലശ്ശന
യു. പി. സെക്ഷൻ " "
" " ഇ. കെ. എം. യു. പി. എസ്, തളൂർ

" ഭാരതമെന്ന പേർ കേട്ടാലഭിമാന-
പൂരിതമാകണമന്തരംഗം
കേരളമെന്ന് കേട്ടാലോ
തിളയ്ക്കണം ചോര നമുക്ക് ഞരമ്പുകളിൽ "




"വരികയാണ് വരികയാണ് വിശ്വകേരളം
അണിനിരന്നു നീങ്ങുമീ പ്രബുദ്ധകേരളം
ഇതിനു കക്ഷിഭേദമില്ലാതോഴരേ, കൂട്ടരേ,
മതവിരോധ ശബ്ദമില്ല മാതൃഭൂമി മക്കളെ !"

പല്ലശ്ശന ഗ്രാമപഞ്ചായത്ത്

പല്ലശ്ശന ഗ്രാമ പഞ്ചായത്ത്




ജി. വത്സല
പ്രസിഡൻറ്



ഇ. വി. മല്ലിമുത്തൻ
വൈസ് പ്രസിഡൻറ്

ഭരണ സമിതി



ടി. എ. കൃഷ്ണൻകുട്ടി
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ



സത്യഭാമ
മെമ്പർ



ദേവി
മെമ്പർ




ഗീതാദേവി
മെമ്പർ

വസുമതി
മെമ്പർ


വി. ശ്രീധരൻ
മെമ്പർ



എം. കാമാക്ഷി
മെമ്പർ



പി. എൻ. വിജയൻ
മെമ്പർ



എ. വിശ്വനാഥൻ
സെക്രട്ടറി

പല്ലശ്ശന ഗ്രാമ പഞ്ചായത്ത്

പ്രവർത്തന രേഖ



1995 ഒക്ടോബർ 2 സമയം കാലത്ത് 10.05.അണിയിച്ചൊരുക്കിയ പല്ലശ്ശന പഞ്ചായത്താപ്പീസ് അങ്കണം. പ്രത്യേകം സജ്ജമാക്കിയ വേദി. ജീവിതത്തിന്റെ നാനാതുറകളിലുമുള്ള ജനാവലി. അതെ, അവരെ സാക്ഷിനിറുത്തിയാണ് നിലവിലുള്ള ഭരണസമിതി അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്തത്.

ലളിതമെങ്കിലും പ്രതീക്ഷാനിർഭരമായ ആ ചടങ്ങിൽ വെച്ച് മുൻ പ്രസിഡണ്ടും നിലവിൽ വൈസ്പ്രസിഡണ്ടുമായ ശ്രീ. ഇ.വി. മല്ലിമുത്തൻ ഭരണസമിതിക്കു വേണ്ടി പ്രഖ്യാപിച്ചു.

" അഴിമതി രഹിതവും നിഷ്പക്ഷവുമായ ഭരണം കാഴ്ചവെയ്ക്കും. നമ്മുടെ പഞ്ചായത്തിന്റെ എല്ലാവിധ പിന്നോക്കാവസ്ഥയും പരിഹരിക്കുന്നതിനു ഞങ്ങൾ എപ്പോഴും കർമ്മ നിരതരായിരിക്കും. വികസന രംഗത്ത് ജനപങ്കാളിത്തം ഉറപ്പുവരുത്തും."

ഒരുപക്ഷെ മുന്നനുഭവം വെച്ചുകൂടിയാവാം അദ്ദേഹം ഇങ്ങനെ പറഞ്ഞത്. താൻ പ്രസിഡണ്ടായിരുന്ന 1989-90വർഷത്തിൽ നടത്തിയ സമ്പൂർണ സാക്ഷരതാ യജ്ഞത്തിനു ലഭിച്ച ജനപങ്കാളിത്തവും സന്നദ്ധ പ്രവർത്തനവും. ചിറ്റൂർ താലൂക്കിൽ ഏറ്റവും നല്ലനിലയിൽ സമ്പൂർണ്ണാക്ഷരതാ യജ്ഞം നടപ്പിലാക്കിയ പഞ്ചായത്ത്. ജില്ലയിലെ ശ്രദ്ധേയമായ പ്രവർത്തനം കാഴ്ചവെച്ച പഞ്ചായത്ത്.

ജനകീയ പങ്കാളിത്തം സ്ഥാനത്തും അസ്ഥാനത്തും ഉരുവിടുന്ന ഇക്കാലത്ത് അതിന്റെ തനിമയും പൊലിമയും മാറ്റുരയ്ക്കുകയാണ് ജനകീയാസൂത്രണത്തിലൂടെ.

ഭരണസമിതിക്കുവേണ്ടിയുള്ള വൈസ് പ്രസിഡണ്ടിന്റെ പ്രഖ്യാപനം പ്രാവർത്തികമാക്കുക. അതിന്റെ അന്തസത്തയ്ക്കനുയോജ്യമാം വിധം കർമ്മ പരിപാടികൾ ആവിഷ്ക്കരിക്കുക എന്നതായിരുന്നു പുതിയ ഭരണ സമിതിയുടെ പ്രഥമവും പ്രധാനവുമായ കർത്തവ്യം.

പക്ഷെ, ലക്ഷ്യം എളുപ്പമല്ല.വിഭവദരിദ്രമായ പഞ്ചായത്ത്. ഒട്ടുമിക്ക മേഖലകളിലുമുള്ള പിന്നോക്കാവസ്ഥ. ഈവെല്ലുവിളി നേരിട്ടേ പറ്റൂ. അതിനു പഞ്ചായത്തിലെ മൊത്തം വിഭവങ്ങളെക്കുറിച്ച്



ഏടുകളിൽ

ആമുഖം
പഞ്ചായത്ത് പൊതുവിവരണം
സാമൂഹിക സാംസ്കാരിക ചരിത്രപശ്ചാത്തലം
ഭൂപ്രകൃതി – ജനപ്രകൃതി – ജലവിഭവം
സാമൂഹിക – സാമ്പത്തിക മേഖലകൾ
കൃഷി– ജലസേചനം
മൃഗസംരക്ഷണം
വ്യവസായം
വിദ്യാഭ്യാസം
ആരോഗ്യം – കുടിവെള്ളം – പൊതുജനാരോഗ്യം
ഗതാഗതം – ഊർജ്ജം – മാർക്കറ്റ്
പാർപിടവും സാമൂഹ്യക്ഷേമവും
സംസ്കാരം
വനിത
സഹകരണം
പട്ടികജാതി വർഗ്ഗക്ഷേമം
വിഭവസമാഹരണം
ഉപസംഹാരം

ശാസ്ത്രീയവും സമഗ്രവുമായ അറിവ് കൂടിയേ കഴിയൂ. ഇതുമനസ്സിൽ വച്ചാണ് മുൻ ഭരണസമിതിയുടെ കാലത്തു തന്നെ വിഭവ ഭൂപട നിർമ്മാണം പൂർത്തിയാക്കിയത്.

സാക്ഷരതാപ്രവർത്തകരുടെ ആവേശം, സേവന തല്പരത, കേരളാ ശാസ്ത്രസാഹിത്യ പരിഷത്തിന്റെ നേതൃത്വം,മെൻറർഫോർ എർത്തു സയൻസ് സ്റ്റഡീസിന്റെ സാങ്കേതിക-സാമ്പത്തിക സഹായം. 1991 ഡിസമ്പറിൽ 124 യുവതീയുവാക്കൾക്ക് തളൂർ ഇ.കെ. ഇ.എം.യു.പി. സ്ക്കൂളിൽ വെച്ച് വിഭവ ഭൂപട നിർമ്മാണം സംബന്ധിച്ച് പരിശീലനം നല്കി. 1991 ഡിസമ്പർ മുതൽ 1992 മാർച്ചുവരെ നീണ്ട പ്രവർത്തനം. പ്രവർത്തനത്തിന്റെ കുറവുകൾ പരിഹരിക്കുന്നതിനുംവേഗം കൂട്ടുന്നതിനുമായി ചിറ്റൂർ കോളേജിലെ ജ്യോഗ്രഫി വിദ്യാർത്ഥികൾ സഹായവുമായി മുന്നോട്ടുവന്നു. അവരുടെ കൂടെ സഹായത്തോടെ, 1840 മനുഷ്യാദ്ധ്വാനം പ്രയോജനപ്പെടുത്തിയപ്പോൾ പല്ലശ്ശന പഞ്ചായത്തിന്റെ സമ്പൂർണ്ണ വിഭവഭൂപടം തയ്യാർ. CESS ലെ ശാസ്ത്രജ്ഞൻമാരുടെ സമ്പൂർണ്ണവിലയിരുത്തലിനും നിഷ്കൃഷ്ടമായ പരിശോധനക്കും വിഭവഭൂപടം വിധേയമാക്കി. 1995 ജനവരിയിൽ അവരുടെ റിപ്പോർട്ടോടുകൂടി അംഗീകൃത ഭൂപടം പഞ്ചായത്തിനു ലഭിച്ചു.

അടിയന്തിരമായി പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ രാഷ്ട്രീയ പാർട്ടിപ്രതിനിധികൾ, സന്നദ്ധ-സാംസ്ക്കാരിക പ്രവർത്തകർ, തല്പരരായ മറ്റാളുകൾ എന്നിവരുടെ യോഗം 1995 ഓക്ടോബർ 16-ാംതീയതി വിളിച്ചു ചേർത്തു. ഈ യോഗത്തിൽ ഡോ. തോമസ് ഐസക്ക്, ശ്രീ. ടി. ഗംഗാധരൻ, പ്രൊഫ. ബി.എം. മുസ്തഫ തുടങ്ങിയവർ പങ്കെടുത്തു. അവരുടെ ഉപദേശ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഭാവി പ്രവർത്തനങ്ങൾക്കായി പല്ലശ്ശന പഞ്ചായത്ത് വികസന സമിതി രൂപീകരിക്കാൻ തീരുമാനിച്ചു. അതനുസരിച്ചു സമിതിയുടെ പ്രവർത്തനം സംബന്ധിച്ച നിയമാവലി തയ്യാറാക്കി. 1996 ജനുവരി 3-ാം തീയതി ചാരിറ്റബിൾ സൊസൈറ്റീസ് ആക്ടനുസരിച്ച് 1/1996-ാം നമ്പറായി പല്ലശ്ശന പഞ്ചായത്ത് വികസന സമിതി റജിസ്റ്റർ ചെയ്തു. ഈസമിതിയുടെ ചെയർ പേഴ്സൺ പഞ്ചായത്തു പ്രസിഡണ്ട് ശ്രീമതി. ജി. വത്സലയും കൺവീനർ ശ്രീ.കെ.ശ്യാം കുമാറുമാണ്.

സ്ഥലജലമേനേജുമെൻറ്,വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ അടിയന്തിര ശ്രദ്ധപതിയ്ക്കുന്നതിനായി വിവിധ കമ്മിറ്റികൾ രൂപീകരിക്കാനും തീരുമാനിച്ചു.

വിദ്യാഭ്യാസ തല്പരരുടെയും മറ്റും യോഗം 7-6-96ന് ചേർന്നു. ശ്രീ. വി.ഭാസ്കരൻ മാസ്റ്റർ കൺവീനറായി വിദ്യാഭ്യാസ വികസന സമിതിയും 10-6-96 ന് ചേർന്ന മറ്റൊരു യോഗത്തിൽവെച്ച് ഡോ. ആർ. നാരായണസ്വാമി കൺവീനറായി ആരോഗ്യ വികസന സമിതിയും രൂപീകരിച്ചു. മുണ്ടൂർ IRTC യിൽ വെച്ചു ചേർന്ന വിദ്യാഭ്യാസപ്രവർത്തകരുടെയോഗത്തിൽ വിദ്യാഭ്യാസ സമിതി കൺവീനർ പങ്കെടുത്തിട്ടുണ്ട്. മേലെഴുതിയരണ്ടു സമിതികളുടെയുംപ്രവർത്തനം പുരോഗമിച്ചുവരുന്നു. ജനകീയാസൂത്രണ പരിപാടിയുടെ സംഘാടനവും നടത്തിപ്പും സംബന്ധിച്ചു തൃശൂർ പരിഷത് ഭവനിൽ ചേർന്ന യോഗത്തിൽ പഞ്ചായത്ത് വൈസ്പ്രസിഡണ്ട് ശ്രീ. ഇ.വി. മല്ലിമുത്തൻ, പരിഷത് പ്രവർത്തകരായ കെ. ശ്യാം കുമാർ, എ. ഹാറൂൺ എന്നിവർ പങ്കെടുത്തു. ജനകീയാസൂത്രണ പരിപാടിയുടെ മുന്നൊരുക്കമെന്ന നിലയിൽ കേരളാ ശാസ്ത്രസാഹിത്യ പരിഷത്തും സെൻറർ ഫോർ ഡവലപ്മെൻറ് സ്റ്റഡീസും സംയുക്തമായി സംഘടിപ്പിച്ച പഠനപരിശീലനത്തിൽ മറ്റുപന്ത്രണ്ടു പഞ്ചായത്തുകളിലെ പ്രതിനിധികളോടൊപ്പം ശ്രീമതി ജി.വത്സല(പ്രസിഡണ്ട്) ശ്രീ. ടി.എ. കൃഷ്ണൻ കുട്ടി(സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ), ശ്രീ.കെ. ശ്യാം കുമാർ (വികസനസമിതി കൺവീനർ)എന്നിവർ നമ്മുടെ പഞ്ചായത്തിനെ പ്രതിനിധീകരിച്ചു പങ്കെടുത്തു.

വികസന സമിതിയുടെ നിയമാവലിയിൽപ്പറയുന്ന പൊതുസഭാ രൂപീകരണമാണ് അടുത്ത പ്രവർത്തനം പല പ്രയാസങ്ങൾ കാരണം ഇത്1996 ജൂൺമാസത്തിലെ തുടങ്ങാൻ കഴിഞ്ഞുള്ളു. പത്തു വാർഡുകളിലായി 81 അയൽക്കൂട്ടങ്ങൾ രൂപീകൃതമായി. മിക്കവാറും 50 വീടുകൾക്ക് ഒരയൽക്കൂട്ടം എന്ന നിലയിലാണ് ഇതു രൂപീകരിച്ചത്. ഓരോ അയൽക്കൂട്ടത്തിൽ നിന്നും ഒരു പുരുഷനും ഒരുസ്ത്രീയും അവരുടെ പ്രതിനിധികളായി പൊതുസഭയിലേക്ക് ജനാധിപത്യാടിസ്ഥാനത്തിൽ

തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. വാർഡുമെമ്പർ കൺവീനറായുള്ള വാർഡുതല സമിതികളും എല്ലാ വാർഡുകളിലും രൂപീകരിച്ചുകഴിഞ്ഞു. ഇതോടുകൂടി ബഹുജനങ്ങളെ പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കുന്നശക്തമായ ഒരടിത്തറ നിലവിൽവന്നു. വികസന പ്രക്രിയയുടെ ഗതിവേഗം വർദ്ധിപ്പിക്കുക, ജനകീയ പ്രവർത്തനങ്ങൾക്കു ഔദ്യോഗിക അംഗീകാരം ഉണ്ടാവുക എന്ന ഇരട്ടലക്ഷ്യം ഇതോടെ നേടിയെടുക്കാൻ കഴിഞ്ഞു. വികസന രംഗത്തെ ഓരോ ചെറുചലനവും ഓരോ കുടുംബത്തിലുമെത്തിക്കാൻ ഇതുമൂലം നമുക്കു കഴിയുന്നു.പൊതുജനാഭിപ്രായത്തിന്റെ ശക്തിയും ചൈതന്യവും നമ്മുടെ പ്രവർത്തനങ്ങളെ പൂർണതയിലെത്തിക്കാൻ സഹായിക്കും, തീർച്ച.

വേനൽക്കാലത്ത് കുടിവെള്ളത്തിനുപോലും ക്ഷാമം അനുഭവപ്പെടുന്ന നിരവധി പ്രദേശങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. എന്നാൽ വർഷകാലത്ത് കുത്തിയൊഴുകിപ്പാഴാവുന്ന ജലം നമ്മുടെ ജൈവ സമ്പുഷ്ടമായ മണ്ണിനേയും നഷ്ടപ്പെടുത്തുകയാണ്. അതുകൊണ്ടുതന്നെ ജലവും മണ്ണും സംരക്ഷിച്ചേ മതിയാവൂ. ഇതിനു ശാസ്ത്രീയമായ പഠനം ആവശ്യമായി വന്നു. അതിനാൽ പഞ്ചായത്തിന്റെ സമഗ്രമായ നീരൊഴുക്കു ഭൂപടം നിർമ്മിക്കുകയെന്നതായിരുന്നു അടുത്ത പ്രവർത്തനം. ഇതിനായി 1996 ആഗസ്റ്റ് 17, 18 തീയതികളിൽ 56 യുവതീയുവാക്കൾക്ക് പഴയകാവ് എൽ. പി. സ്ക്കൂളിൽ വെച്ച് പരിശീലനം നൽകി. കേരളാ ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ ജില്ലാ ജോ.സെക്രട്ടറി ശ്രീ. നാരായണൻ കുട്ടി ആയിരുന്നു പരിശീലകൻ. പരിശീലനം ലഭിച്ച പ്രവർത്തകർ പഞ്ചായത്തിന്റെ എല്ലാ പ്രദേശങ്ങളും സമഗ്രമായ സർവ്വേയ്ക്കു വിധേയമാക്കി. 158 മനുഷ്യാദ്ധ്വാനത്തിലൂടെ പഞ്ചായത്തിന്റെ നീരൊഴുക്കുഭൂപടം ശാസ്ത്രീയമായി തയ്യാറാക്കാൻ നമുക്കുകഴിഞ്ഞു.

ഇപ്പോൾ നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ച 8തരം ഭൂപടങ്ങൾ നാം നിർമ്മിച്ചുകഴിഞ്ഞു. അവ 1. എൻവിറോൺമെൻറൽ അപ്രൈസൽ മാപ്പ്, 2.സർഫസ് മെറ്റീരിയൽ മാപ്പ്. 3. ലാൻഡ്ഫാം മാപ്പ് 4. റിലീഫ് ആൻറ് ഡ്രെയിനേജ് മാപ്പ്. 5. അസെറ്റ് ആൻറ് ലാൻറ് യൂസ് മാപ്പ്. 6. ഡ്രെയിനേജ് മാപ്പ് 7. വാർഡ് ഔട്ട് ലൈൻ മാപ്പ്. 8. ജലവിഭവ ഭൂപടം

മുണ്ടൂർ IRTC യിൽ നിന്നും പ്രത്യേക പരിശീലനം ലഭിച്ചവരുടെ മുൻകൈയോടെ ഈ സർവ്വേയുടെ അടിസ്ഥാനത്തിൽ മൂന്നു നീർത്തട വികസന പദ്ധതികൾക്ക് രൂപം നല്കി. ആയത് കേന്ദ്രത്തിന്റെ ഒരു ഏജൻസിയായ കപ്പാർട്ട് (Council for Advancement of Peoples Action and Rural Technology)ന് അംഗീകാരത്തിനായി സമർപ്പിച്ചു. കപ്പാർട്ട് അംഗീകരിച്ച 13 പഞ്ചായത്തുകളിലെ നീർത്തട വികസന പദ്ധതികളുടെ കൂട്ടത്തിൽ നാം നല്കിയ 3 പദ്ധതികളും ഉൾപ്പെടുന്നു. ഈ പദ്ധതികളുടെ നടത്തിപ്പിനായികപ്പാർട്ടിൽ നിന്നും 60 ലക്ഷം രൂപ ധനസഹായമായി ലഭിക്കുമെന്നുള്ളത് സന്തോഷകരമാണ്.

ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് കുറെയേറെ നാം മുന്നോട്ടു പോയിട്ടുണ്ട്. പൊതു വിവരശേഖരണം നാം പൂർത്തിയാക്കിക്കഴിഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ Secondary data കൈമാറ്റച്ചടങ്ങിന്റെ ജില്ലാതല ഉത്ഘാടനം നടന്നത് നമ്മുടെ പഞ്ചായത്തിലാണ്. തളൂർ ഇ.കെ. ഇ.എം.യു.പി. സ്ക്കൂളിൽ വെച്ച് 1996 ഒക്ടോബർ 6ന് നടന്ന പ്രസ്തുത ചടങ്ങ് ഉത്ഘാടനം ചെയ്തത് ജില്ലാപഞ്ചായത്ത് പ്രസിഡൻറ് ശ്രീ. കെ.വി. വിജയദാസ് ആയിരുന്നു. പഞ്ചായത്ത് പ്രസിഡൻറ് ശ്രീമതി. ജി.വത്സല ആദ്ധ്യക്ഷം വഹിച്ചു. ഈ പരിപാടിയിൽ 600 ൽ അധികം ആളുകൾ സംബന്ധിച്ചു.

ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട ഒന്നും രണ്ടും ഘട്ടപരിശീലനങ്ങൾ പൂർത്തിയായി. 10 വാർഡുകളിലും വിശേഷാൽ ഗ്രാമസഭകൾ നടന്നു.

ജനകീയാസൂത്രണ പദ്ധതി വിജയമാകാൻ ജനങ്ങളെയാകെ അണിനിരത്തേണ്ടതുണ്ട്. ഈലക്ഷ്യത്തിന്റെ പ്രാവർത്തിക രൂപമാണ് കേരളപ്പിറവിയുടെ 40-ാം വാർഷിക സുദിനമായ 1996 നവമ്പർ ഒന്ന്. കേരള ജനതയാകെ നിർമ്മാണ പ്രവർത്തനങ്ങളിൽ തങ്ങളുടെ ആരോഗ്യവും സമ്പത്തും വിനിയോഗിച്ച പുനർപ്പണദിനം.

അന്ന് പല്ലശ്ശനയിൽ 4പുതിയ റോഡുകളുടെ നിർമ്മാണം ആരംഭിച്ചു.

1. ഒരുകിലോമീറ്റർ നീളവും 6 മീറ്റർ വീതിയും വരുന്ന ഇട്ടിയമ്പാറ-തെമ്പള്ളം റോഡ്. ഈ റോഡിന് 12 കുടുംബക്കാർ ആവശ്യമായ സ്ഥലം സൗജന്യമായി നല്കി. 70 പുരുഷന്മാരും 20 സ്ത്രീകളും ഈ നിർമ്മാണപ്രവർത്തനത്തിൽ പങ്കാളികളായിരുന്നു.
2. എരട്ടോട്-കരികുളമ്പുറോഡ്. 500 മീറ്റർ ദൂരം വരുന്ന ഈ റോഡിനും ആവശ്യമുള്ളസ്ഥലം സ്ഥലവാസികൾ സൗജന്യമായി നല്കുകയാണുണ്ടായത്. 80പുരുഷന്മാരും 30 സ്ത്രീകളും ഈ നിർമ്മാണപ്രവർത്തിയിൽ പങ്കെടുത്തു.
3. ഏരികുളമ്പ്-ചെട്ടിയാർപാടം റോഡ്. ഒരു കിലോമീറ്റർ ദൂരം വരുന്ന ഈ റോഡുപണിയിൽ 65 പുരുഷന്മാരും 25 സ്ത്രീകളും അദ്ധ്വാനം നല്കി.
4. കമ്മാന്തറ-താമരമുകൾ റോഡും. 1/2 കിലോമീറ്റർ ദൂരം വരുന്ന ഈ പാതക്കാവശ്യമായ സ്ഥലവും സ്ഥലം നിവാസികൾ സംഭാവന ചെയ്തതാണ്.40 മനുഷ്യാദ്ധ്വാനം വീതം 2 ദിവസം ഉപയോഗിച്ചു പണിപൂർത്തീകരിച്ചു.

ഈറോഡുകൾക്കാവശ്യമായ ജനങ്ങൾ നല്കിയ 3 ഏക്കറിലധികം വരുന്ന സ്ഥലത്തിന്നു 3ലക്ഷത്തിലധികം രൂപ വിലവരുമെന്നാണൂഹിക്കുന്നത്. കൂടാതെ മനുഷ്യാദ്ധ്വാനത്തിന്റെ മൂല്യം 25000 രൂപയോളം വരും. ഇതിനുപുറമെ അന്നേദിവസം സന്നദ്ധപ്രവർത്തനത്തിലൂടെ മൂന്നാം വാർഡിൽ ശുചീകരണപ്രവർത്തനവും നടത്തിയിട്ടുണ്ട്. ജനങ്ങളുടെ സന്നദ്ധമനോഭാവവും ഇച്ഛാശക്തിയും കെട്ടഴിച്ചു വിട്ടാൽ എന്തെന്തുനേട്ടങ്ങൾ കൈവരിച്ചുകൂട!

1995 ഒക്ടോബർ 2 ന്നുശേഷം JRYഫണ്ടുപയോഗിച്ച് 4 റോഡുകൾ അറ്റകുറ്റപ്പണികൾ ചെയ്ത് മെറ്റൽ ചെയ്തിട്ടുണ്ട്. കൂടാതെ പഞ്ചായത്താഫീസിന്റെ അറ്റകുറ്റപണികൾ നടത്തിയിട്ടുണ്ട്. ഇതിനെല്ലാം കൂടി 500000/-രൂപചെലവു വന്നു.

ഈ സാമ്പത്തിക വർഷത്തിൽ അൺ ടൈഡ് ഫണ്ട് ഉപയോഗിച്ച് 10 റോഡുകൾമെറ്റൽ ചെയ്യുന്നതിനും ഒരു റോഡ് ടാർ ചെയ്യാനും അനുവാദമായിട്ടുണ്ട്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളി ലായി 4കിണറുകൾ കുഴിക്കുന്നതിനും തീരുമാനമായിട്ടുണ്ട്. ഇതിനാകെ 10,02,000 രൂപ അനുവദിച്ചുകിട്ടിയിട്ടുണ്ട്. ഇതോടുകൂടി പ്രത്യേക ഘടകപദ്ധതിപ്രകാരം ഗായത്രിപുഴയിൽ ഒരു ചെക്ക് ഡാം നിർമ്മിക്കുന്നതിന് 2ലക്ഷം രൂപയും അനുവദിച്ചു കിട്ടിയിട്ടുണ്ട്. ആയതിന്റെ എസ്റ്റിമേറ്റ് ഉണ്ടാക്കുന്നതിന് അപേക്ഷിച്ചിട്ടുണ്ട്. പഞ്ചായത്തിനു കൈമാറിയ "നരിക്കുളം"ബ്ളോക്കിൽ നിന്നും ലഭിച്ച ഫണ്ട് ഉപയോഗിച്ച് നിർമ്മാണം നടത്തി ഉപയോഗയുക്തമാക്കിയിട്ടുണ്ട്. വികസന പ്രവർത്തനവുമായി ബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറുകൾ വഴി നടപ്പാക്കൊണ്ടിരിക്കുന്ന വിവിധ സ്കീമുകൾ നേടുന്നതിനുള്ള ഒട്ടനവധി നിർദ്ദേശങ്ങളും ബന്ധപ്പെട്ടവർക്ക് സമർപ്പിച്ചിട്ടുണ്ട്.

അനുനിമിഷം നമ്മുടെ ആവശ്യങ്ങൾ വർദ്ധിച്ചു വരികയാണ്. ഉള്ളവിഭവങ്ങൾ കൊണ്ട് ഏറെക്കാലം പിടിച്ചു നില്ക്കാനാവില്ല. അതുകൊണ്ട് പണമില്ലെന്നു വിചാരിച്ച് അടങ്ങിയിരിക്കുന്നത് അക്ഷന്തവ്യമായ അപരാധമാണ്. നമ്മുടെ നാട്ടറിവും കൂട്ടായ്മയും അനുദിനം വികസിക്കുന്ന ശാസ്ത്രസാങ്കേതിക വിദ്യയും സമന്വയിപ്പിച്ച് പുതിയ വികസന സംസ്ക്കാരത്തിന് തുടക്കം കുറിക്കാം. ഉള്ളവിഭവങ്ങൾ നീതിപൂർവ്വം വിതരണം ചെയ്യപ്പെടുമെന്നുറപ്പു വരുത്താം. സന്നദ്ധപ്രവർത്തകരുടെ സേവന തല്പരതയും ബഹുജനങ്ങളുടെ സഹകരണവും അടിസ്ഥാന വിഭവങ്ങളാക്കി ഭാവി ഐശ്വര്യപൂർണ്ണമാക്കുന്നതിന് ഒരുമയോടെ മുന്നോട്ടുപോകാം.

ശ്രീമതി. ജി.വത്സല
പ്രസിഡൻറ്
പല്ലശ്ശന ഗ്രാമ പഞ്ചായത്ത്.

ഗ്രാമസഭകളുടെ പ്രചരണാർത്ഥം വാർഡ് തലത്തിൽ സംഘാടക സമിതി രൂപീകരിച്ച് മൈക്ക്, നോട്ടീസ്, പോസ്റ്റർ, ബാനർ, വികസന ജ്യോതി, പ്രഭാതഭേരി എന്നീ തരത്തിലുള്ള പ്രചരണങ്ങൾ നടത്തി. സെപ്തംബർ 28 മുതൽ ഒക്ടോബർ 6 വരെ തിയ്യതികളിൽ ഗ്രാമസഭകൾ ചേർന്നു. കാർഷിക മേഖലയായ ഈ പഞ്ചായത്തിൽ വിളവെടുപ്പുകാലമായതിനാൽ ഗ്രാമസഭകളിൽ വർദ്ധിച്ച ജന പങ്കാളിത്തം ഉണ്ടായില്ല. എങ്കിലും 3-ാം വാർഡിൽ 143 ഉം 7-ാം വാർഡിൽ 178 ഉം 10-ാം വാർഡിൽ 186 ഉം ആളുകളുടെ പങ്കാളിത്തം ഉണ്ടായിരുന്നു. ഏറ്റവും കുറഞ്ഞ പങ്കാളിത്തം 4-ാം വാർഡിൽ ആയിരുന്നു. ഗ്രാമസഭകൾ നടക്കുന്നതോടൊപ്പംതന്നെ ദ്വിതീയ സ്ഥിതിവിവര കണക്കുകളുടെ ശേഖരവും നടന്നു. സ്ഥിതിവിവര കണക്കുകളുടെ ജില്ലാതല എറ്റുവാങ്ങൽ ചടങ്ങ് ഈ പഞ്ചായത്തിൽ വച്ചാണ് നടന്നത്. 6.10.96 ന് തളൂർ യു.പി. സ്ക്കൂളിൽ വച്ച് നടന്ന ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. വിജയദാസ് പ്രസ്തുത കണക്കുകൾ ഏറ്റുവാങ്ങി.

നെൻമാറ ബ്ലോക്ക് കലാജാഥ 16.10.96 ന് ഈ പഞ്ചായത്തിൽ പാറക്കളം, പൂളപ്പറമ്പ്, തള്ളൂർ പല്ലാവൂർ, കുമാരംപുത്തൂർ എന്നീ 5 കേന്ദ്രങ്ങളിലായി കലാപരിപാടികൾ അവതരിപ്പിച്ചു. കനത്ത മഴയെ വകവയ്ക്കാതെ വളരെ വലിയ ജനക്കൂട്ടം കലാജാഥയെ സ്വീകരിക്കാൻ എത്തിയിരുന്നു.

22.10.96 മുതൽ 24.10.96 വരെ ആലത്തൂർ പഞ്ചായത്ത് കമ്മ്യൂണിറ്റിഹാളിൽ വച്ച് നടന്ന രണ്ടാംഘട്ട ജില്ലാ തല പരിശീലനത്തിൽ ഒന്നാം ഘട്ടപരിശീലകരെ കൂടാതെ പഞ്ചായത്ത് പ്രസിഡണ്ട്, സെക്രട്ടറി, 7-ാം വാർഡ് മെമ്പർ എന്നിവരും ശ്രീ. കെ. ശ്യാംകുമാർ M.K. മണി, വി. നടേശൻ എന്നിവരും പങ്കെടുത്തു.

30.10.96 ന് പഞ്ചായത്തിലെ സ്ഥാപനമേധാവികളുടെ ഒരു യോഗം പഞ്ചായത്താഫീസിൽ വച്ച് നടന്നു. പഞ്ചായത്ത് തല രണ്ടാംഘട്ടപരിശീലനം 2.11.96 ന് പല്ലശ്ശന VIM ഹൈസ്ക്കൂളിൽ വച്ച് നടന്നു. പ്രസ്തുത പരിപാടി ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീ. യു. അസ്സീസ് ഉൽഘാടനം ചെയ്തു. പഞ്ചായത്ത് മെമ്പർമാർ ഉദ്യോഗസ്ഥൻമാർ എന്നിവർ ഉൾപ്പെടെ 80 പേർ 17 സ്ത്രീകളടക്കം പങ്കെടുത്തു.

വിഭവഭൂപടം മുൻകൂട്ടി നിർമ്മിച്ചതുകൊണ്ട് അത്തരമൊരു പ്രവർത്തനം ഈ പഞ്ചായത്തിൽ നടത്തേണ്ടിവന്നില്ല. ഒക്ടോബർ 10 മുതൽ 15 വരെ വീടുകൾ കയറി ഉപഭോക്തൃ സർവ്വേ നടത്തി.

1

ആമുഖം

''1995 ഒക്ടോബർ 2" ലോകചരിത്രത്തിലാദ്യമായി പഞ്ചായത്തീരാജ് നിയമത്തിലൂടെ കേരളത്തിൽ തൃതല പഞ്ചായത്തുകൾക്ക് അധികാരം കൈമാറിയ സുധിനമാണ്, നാളിതുവരെ മുകൾതട്ടിൽ കളിയാടിയിരുന്ന ഭരണാധികാരം ഗ്രാമങ്ങളിലേക്ക് എത്തിയ ദിനം.

ഭരണഘടനയുടെ 73. 74, വകുപ്പുകൾ ഉറപ്പുനൽകുന്ന അധികാരം ജനങ്ങളിലെത്തിക്കാൻ കേരളം ഭരിക്കുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെൻറ് ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ തീരുമാനിച്ചിരിക്കുകയാണ്. അതിന് തിരഞ്ഞെടുത്തത് 1997 ഏപ്രിൽ ഒന്നുമുതൽ നടപ്പിലാക്കേണ്ട ഒമ്പതാം പഞ്ചവത്സര പദ്ധതിയാണ്. കഴിഞ്ഞ 8 പഞ്ചവത്സരപദ്ധതികളിൽ നിന്നും വ്യത്യസ്തമായൊരു സമീപനമാണ് ഒമ്പതാം പദ്ധതിയിൽ രൂപപ്പെടുന്നത്. ഗ്രാമസഭകളിലൂടെ ജനങ്ങൾ പദ്ധതിക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നു. അടിത്തട്ടിൽ നിന്നും മുകളിലേക്ക് പദ്ധതികൾ സമർപ്പിക്കപ്പെടുന്നു. അംഗീകരിക്കുന്ന പദ്ധതികൾ നടപ്പിലാക്കാൻ പഞ്ചായത്തുകൾക്ക് പദ്ധതി വിഹിതത്തിൻെറ 40% തുക ലഭിക്കും.

പുതിയ സംവിധാനത്തിലൂടെ പഞ്ചായത്തുകളുടെ 40%, സംസ്ഥാനസർക്കാരിൻെറ 60% കേന്ദ്രസർക്കാർ ഫണ്ട് വിദേശവികസന ഏജൻസികളിൽ നിന്നും സന്നദ്ധ സംഘടനകൾ വഴി ലഭിക്കുന്ന വികസന ഫണ്ടുകൾ, പഞ്ചായത്തുകളുടെ നികുതി വരുമാനങ്ങൾ ഇതിനുപുറമേ ജനങ്ങളുടെ സംഭാവനയായി ലഭിക്കുന്ന പണം മനുഷ്യാദ്ധ്വാനം എന്നീ വിഭവങ്ങൾ ചേരുമ്പോൾ കേരളത്തിൽ ഒരു പുതുപുത്തൻ വികസന സംസ്ക്കാരം ഉടലെടുക്കാൻ പോകുന്നു. അതാണ് നമ്മുടെ രാഷ്ട്രപിതാവ് സ്വപ്നം കണ്ട വികസനരാഷ്ട്രീയം.

ഇന്ന് കേരളത്തിലെ ഗ്രാമങ്ങൾ അനുഭവിക്കുന്ന വികസന പ്രതിസന്ധിമുറിച്ചുകടക്കാൻ ഈ വലിയ ജനകീയ മുന്നേറ്റത്തിന് കഴിയും. ജനങ്ങളുടെ ആഗ്രഹമായ പദ്ധതികൾ അവർതന്നെ ആസൂത്രണം ചെയ്യുമ്പോൾ ഏറ്റെടുക്കാൻ പോകുന്ന പ്രവൃത്തിയും നടത്തിപ്പിൻെറ കാര്യക്ഷമതയും വേഗത്തിലാവുമെന്ന് മാത്രമല്ല അഴിമതിയുടെ ഒരു കണികപോലും ഉണ്ടാവുകയില്ല.

''1172 ചിങ്ങം 1 " ജനകീയാസൂത്രണ പരിപാടിയുടെ സംസ്ഥാന തല ഉൽഘാടനം തിരിവനന്തപുരത്തു വച്ച് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി E . K . നായനാർ നിർവ്വഹിക്കുകയുണ്ടായി. കേരളത്തിലെ മുൻ ഭരണാധികാരികളും ഈ ചടങ്ങിന് പങ്കാളികളായിരുന്നു.

ഈ പഞ്ചായത്തിലും ജനകീയാസൂത്രണ പരിപാടിയുടെ പഞ്ചായത്തുതല ഉൽഘാടനം നടന്നു. 12-9-96 മുതൽ 14-9-96 വരെ ആലത്തൂർ പഞ്ചായത്ത് കമ്യൂണിറ്റി ഹാളിൽ വച്ച് നടന്ന ജില്ലാ തല പരിശീലന ക്യാമ്പിൽ ഈ പഞ്ചായത്തിൽ നിന്നും ശ്രീ. കെ.ഉണ്ണികൃഷ്ണൻ, ശ്രീ. എ. ഹാറൂൺ, ശ്രീ. കെ. രമാധരൻ, ശ്രീ. സി. ഉമാനാഥ്, ശ്രീ. വി. ഭാസ്ക്കരൻ, ശ്രീമതി. പി.എൻ. ശാന്തമ്മ എന്നിവർ പങ്കെടുത്തു.

ജനകീയാസൂത്രണ പരിപാടിയുടെ വിജയകരമായ നടത്തിപ്പിനായി പഞ്ചായത്തുതല സംഘാടകസമിതി രൂപീകരിക്കുന്നതിനുവേണ്ടി പഞ്ചായത്ത് ഭരണസമിതിയംഗങ്ങളെ കൂടാതെ വിവിധ രാഷ്ട്രീയ, സാമൂഹിക, സാംസ്ക്കാരിക, സന്നദ്ധസംഘടനാപ്രവർത്തകരുടെയും പ്രമുഖ വ്യക്തികളുടേയും ഒരു യോഗം 15.9.96 ന്നു വിളിച്ചുകൂട്ടി. തുടർന്ന് 21.9.96 ന് പഞ്ചായത്ത് തല ഏകദിന പരിശീലന ക്ലാസ് നടന്നു. ഈ ക്ലാസിൽ പഞ്ചായത്ത് ഭരണ സമിതിയംഗങ്ങളെ കൂടാതെ 45 പുരുഷൻമാരും 13 വനിതകളും പങ്കെടുത്തു.

പഞ്ചായത്ത്

പൊതു വിവരം

പഞ്ചായത്തിന്റെ പൊതുവിവരം	പല്ലശ്ശന ഗ്രാമ പഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജ്	പല്ലശ്ശന
ബ്ലോക്ക് പഞ്ചായത്ത്	നെൻമാറ
താലൂക്ക്	ചിറ്റൂർ
ജില്ല	പാലക്കാട്
അസംബ്ലി മണ്ഡലം	കൊല്ലങ്കോട്
വിസ്തീർണം	29.37 ച. കി. മീ

അതിരുകൾ

കിഴക്ക്	പുതുനഗരം, വടവന്നൂർ പഞ്ചായത്തുകൾ
തെക്ക്	ഗായത്രി പുഴയും എലവഞ്ചേരി, നെൻമാറ പഞ്ചായത്തുകളും
പടിഞ്ഞാറ്	ചേരാമംഗലം പഞ്ചായത്ത്
വടക്ക്	എരുമയൂർ, കൊടുവായൂർ പഞ്ചായത്തുകൾ

ജനസംഖ്യ	24129
പുരുഷൻമാർ	11913
സ്ത്രീകൾ	12216
ജനസാന്ദ്രത	821 ച. കി. മീ
വാർഡുകൾ	10

പ്രസിഡൻറ്	ജി. വത്സല
വൈസ് പ്രസിഡൻറ്	ഇ. വി. മല്ലിമുത്തൻ
സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർമാൻ	ടി. എ. കൃഷ്ണൻകുട്ടി

3

സാമൂഹിക സാംസ്ക്കാരിക ചരിത്രം

1962 ലാണ് നിലവിലുള്ള ഭൂമിശാസ്ത്രപരമായ പല്ലശ്ശന ഗ്രാമപഞ്ചായത്ത് രൂപം കൊണ്ടത്. അതിനുമുമ്പ് പല്ലശ്ശന, പല്ലാവൂർ, കൂടല്ലൂർ എന്നീ മൂന്നു ഗ്രാമങ്ങളായി ഇവ നില നിന്നിരുന്നു. 1956 വരെ ഈ മൂന്നു ഗ്രാമങ്ങളും പഴയ മദിരാശി സംസ്ഥാനത്തിലെ മലബാറിൽ ഉൾപ്പെട്ടതായിരുന്നു.

പാലക്കാട് പട്ടണത്തിൽ നിന്ന് 17.6 കി.മീറ്റർ തെക്ക് ചിറ്റൂർ താലൂക്കിൽ, കൊല്ലങ്കോട് - കുനിശ്ശേരി റോഡിനിരുവശവുമായി പല്ലശ്ശന ഗ്രാമപഞ്ചായത്തു സ്ഥിതിചെയ്യുന്നു.

1756 - 57 ൽ (കൊല്ലവർഷം 932 ൽ) സാമൂതിരിപ്പാട് തരൂർ സ്വരൂപത്തെ ആക്രമിച്ചു കീഴടക്കി. ആ രാജ്യത്തെ മൂന്നു ഭാഗങ്ങളാക്കി വിഭജിച്ചു. അതിൽ നടുഭാഗം സാമൂതിരി കൈവശം വച്ചു. ഈ ഭാഗത്തെ നടുവട്ടം എന്നു പറയുന്നു. ഇത് തെന്മലയ്ക്കും വടമലയ്ക്കും ഇടയിൽ സ്ഥിതിചെയ്യുന്നന്നു. ഈ ഭൂവിഭാത്തിലുൾപ്പെട്ടതാണ് പല്ലശ്ശന പഞ്ചായത്ത്. ഇപ്പോഴത്തെ ചിറ്റൂർ, ആലത്തൂർ താലൂക്കുകളും പാല്ക്കാട് താലൂക്കിന്റെ ചില ഭാഗങ്ങളും നടുവട്ടം പ്രദേശത്ത് ഉൾപ്പെടും.

പല്ലശ്ശനയുടെ വടക്കുഭാഗത്തുള്ള കാക്കയൂർ (കൊടുവായൂർ പഞ്ചായത്ത്) ഗ്രാമത്തിലെ കോട്ടമല കേന്ദ്രമാക്കി ഇടപ്രഭുവായ കുറൂർ നമ്പിടി പല്ലശ്ശനയുടെ ഭരണഭാരം നടത്തിവന്നു. കോട്ടയുടെ അവശിഷ്ടങ്ങൾ അടുത്തകാലംവരെ കണ്ടതായി പറയുന്നു. കോട്ട നിന്നമല എന്ന അർത്ഥത്തിലാവാം ഈ മലക്ക് കോട്ടമല എന്ന പേർ വന്നിട്ടുണ്ടാവുക.

കുറൂർ നമ്പിടിയെ കുതിരവട്ടത്തുനായർ ചതിച്ചുകൊന്നു. ജാതിമത, - വർണ്ണ, - വർഗ്ഗവ്യത്യാസമില്ലാതെ പല്ലശ്ശന നിവാസികൾ കുതിരവട്ടത്തു നായരോട് പകരം ചോദിക്കാൻ പടക്കിറങ്ങി. യുദ്ധം നടന്നുകൊണ്ടിരിക്കെ സാമൂതിരിരാജാവ് ഇടപ്പെട്ടു. ക്ഷുഭിതരായ പല്ലശ്ശന നിവാസികൾക്ക് മരിക്കാത്ത രാജാവിനെ നൽകാമെന്നേറ്റു. വേട്ടക്കൊരുമകൻ എന്ന കിരാതവേഷം ധരിച്ച ശിവനെ സാമൂതിരി പല്ലശ്ശനക്കാർക്കു നൽകി. ഈ കിരാതമൂർത്തിയെ അവിട്ടത്തിൻ നാളാണ് പ്രതിഷ്ഠിച്ചതത്രെ. പടപ്പുറപ്പാടിന്റെ ഓർമ്മ നിലനിർത്തുവാനായി പല്ലശ്ശന നിവാസികൾ "തല്ലുമന്ദത്ത്" തിരുവോണം നാൾ ഓണത്തല്ലും വേട്ടക്കൊരുമകൻ ക്ഷേത്ര പരിസരത്ത് അവിട്ടം നാളിൽ അവിട്ടത്തല്ലും നടത്തി വരുന്നു.'തല്ലുമന്ദി' ന്ന് ഈ പേർ ലഭിച്ചത് അവിടെ ഈ തല്ലു നടക്കുന്നതുകൊണ്ടാണെന്ന് പറയേണ്ടിതില്ലല്ലോ.

പല്ലശ്ശന ഗ്രാമപഞ്ചായത്തിലെ പല്ലാവൂരിനും തമിഴ്നാട്ടിലെ പല്ലാവരത്തിനും സ്ഥലനാമത്തിൽ സാമ്യമുണ്ട്. പല്ലാവൂർ ശിവക്ഷേത്രം പല്ലവൻമാർ നിർമ്മിച്ചതായും പറയുന്നു. ജൻമിവ്യവസ്ഥ നിലനിന്നകാലത്ത് സ.ഇ.എം. എസ്സിന്റെ തറവാടായ ഏലങ്കുളം മനക്കാർക്ക് ഈ ക്ഷേത്രത്തിൽ അവകാശമുണ്ടായിരുന്നു.

A.D 699 ൽ അധികാരത്തിലിരുന്ന ചാലൂക്യരാജാവും പല്ലവരും തമ്മിൽ ഒന്നര പതിറ്റാണ്ടോളം നീണ്ടുനിന്ന യുദ്ധത്തിനുശേഷം പല്ലവർ വെങ്കിനാടുപേക്ഷിച്ചു തെക്കൻ പ്രദേശങ്ങളിലേക്കു വന്നതായി ചരിത്രകാരൻനാർ പറയുന്നു. അങ്ങനെ തെക്കോട്ടുനീങ്ങിയ ശാഖ പാലക്കാട്ടെത്തിയതായി വേണം അനുമാനിക്കാൻ. ഗതാഗതസൗകര്യാർത്ഥം കാടുവെട്ടിത്തെളിയ്ക്കൽ നടത്തിയതു പല്ലവരത്രെ. അതുകൊണ്ടു പല്ലവരെ 'കാടുവെട്ടി' എന്നും വിളിച്ചിരുന്നു. പല്ലാവൂർ വില്ലേജിൽ സർവ്വെ നമ്പർ 272/8 ൽ കിടക്കുന്ന (റിസർവ്വെ ബ്ളോക്ക് നമ്പർ 6 ൽ 75 മുതൽ 102 വരെ) സ്ഥലത്തിന്റെ പേർ 'കാടുവെട്ടി' ആണെന്നുള്ളതും മേൽപ്രസ്ഥാവത്തിന് പിൻ ബലമേകുന്നു. ഈ പ്രദേശത്തുകൂടിയാണ് ടിപ്പുവിന്റെ പടയോട്ടം നടന്നതും. പല്ലാവൂരിന്റെ വടക്കെ അതൃത്തിയായ കരോട്ടുമലയുടെ

നികത്താൻ) യോടുകൂടി പാട്ടപ്പറക്ക് അവരുടെ ഗൃഹത്തിൽ കൊണ്ടുചെന്ന് അളന്നുകൊടുക്കണ മായിരുന്നു. ജൻമിമാരുടെ ഓലപ്പുരവീടുകൾ പ്രതിഫലമില്ലാതെ കുടിയാനും കർഷകതൊഴിലാളികളും ചേർന്ന് കെട്ടിമേഞ്ഞ് കൊടുത്തിരുന്നു. ജൻമികൾ പൊതുജനങ്ങൾക്കുവേണ്ടി പാടങ്ങളിൽ കിണറുകളും തണ്ണീർ പന്തലുകളും നിർമ്മിച്ചിരുന്നു. പല്ലാവൂരിലും പാറക്കളത്തും തണ്ണീർപന്തലിന്റെ അവശിഷ്ടങ്ങൾകാണാം. കർഷകർ കുടുംബസമേതം ഭൂമിയിൽ പണിയെടുത്തുവന്നു.

അക്കാലത്തു ധാരാളം പറമ്പുകൾ പാടശേഖരത്തോടൊപ്പം ഉണ്ടായിരുന്നു. ഇത്തരം പറമ്പുകളി ലാണ് രണ്ടാം വിളക്കാവശ്യമായ ഞാറുകൾ പാകിയിരുന്നത്. അധികമുള്ള പറമ്പുകളിൽ ഉഴുന്നും മറ്റുധാന്യങ്ങളും കൃഷിചെയ്തുവന്നു. ഉഴുന്ന് തദ്ദേശീയരായ"പപ്പടതൊഴിലാളികൾ " വാങ്ങിയിരുന്നു. ഒരു പൂവൽ കൃഷിയിടങ്ങളിൽ, "ചാമ" പ്രധാനകൃഷിയായിരുന്നു. ജലം ലഭിക്കുന്ന പ്രദേശങ്ങളിൽ വേനൽക്കാല പച്ചക്കറികൃഷി നടത്തിവന്നു. ഇതിന് "പള്ളകൃഷി" എന്നാണ് പറയുക. കായ്കറികൾ അടുത്ത സീസൺവരെ സൂക്ഷിച്ചുവെക്കുമായിരുന്നു. കാലവർഷകെടുതി കാലിനാശം തുടങ്ങിയ അപ്രതീക്ഷിത ആപത്തുകൾ കർഷകരെ പാടെ തളർത്തും. ഇത്തരം സന്ദർഭങ്ങളിൽ വിൽക്കാവുന്നതെന്തും വിറ്റ് പാട്ടം നൽകിപോന്നു. പാട്ടം കൊടുത്തില്ലെങ്കിൽ കൃഷി ഒഴിഞ്ഞുകൊടുക്കണം. കൃഷി ഒഴിയുന്നതും ഏൽക്കുന്നതും ലളിതമായ ചടങ്ങാണ്. ജൻമി ഒരു വൃത്തം വരച്ച് അതിനകത്ത് ഒരു ചെറുകോൽ വച്ച് കരി ഏല്പിച്ചിരിക്കുന്നു എന്നു പറഞ്ഞാൽ കൃഷി ഏറ്റതായും കുടിയാൻ അതുപോലെ വൃത്തം വരച്ച് കോൽ അതിനകത്തു വെച്ച് കരി ഒഴിഞ്ഞിരിക്കുന്നുവെന്നു പറഞ്ഞാൽ ഭൂമി ഒഴിയലും കഴിഞ്ഞു. ഇതിന് "കരിയും തുരുമ്പും കൊടുക്കുക" എന്നാണ് പറയുക.

കർഷകതൊഴിലാളികളുടെ സ്ഥിതി പരദയനീയമായിരുന്നു. പലരും അക്കാലത്ത് തൊഴിൽതേടി 'വയനാട്' (പൂണാഞ്ചി) നീലഗിരി, നെല്ലിയാമ്പതി, ആനമല, ഷോളയൂർ തുടങ്ങിയ മേഖലകളിലേക്ക് കൂട്ടത്തോടെ കുടിയേറി പാർക്കുമായിരുന്നു. പട്ടികജാതി പിന്നോക്ക സമുദായങ്ങളിൽ പെട്ടവരാണ് കർഷകതൊഴിലാളികൾ, തുച്ഛമായകൂലി, വർഷത്തിൽ ചുരുങ്ങിയ ദിവസങ്ങളിൽ മാത്രം ജോലി, ജീവ സന്ധാരണത്തിന് ഇവർ എന്തുതൊഴിലും തേടിപ്പോയിരുന്നു. കന്നികൊയ്ത്തിനുമുമ്പ് പണിതേടി തമിഴ്നാട്ടിലേക്കു കടലവിളവെടുപ്പിനുപോകുന്ന ഇവരിൽ പലരും "കോളറ" രോഗം പിടിപ്പെട്ട് മരിക്കുമായിരുന്നു. തങ്ങളുടെ കുട്ടികളെ അഞ്ചോ ആറോ വയസ്സാകുമ്പോൾ ജൻമിയുടെ കാലിമേക്കാൻ അയക്കുമായിരുന്നു. ഇതിനെ "പോർത്തിക്ക് നിൽക്കുക" എന്ന് പറഞ്ഞുവരുന്നു "

വിഷു, സംക്രാന്തി തുടങ്ങിയ വിശേഷങ്ങൾ ആഘോഷിക്കാൻ തൊഴിലാളികൾ കർഷകനോട് മുൻകൂട്ടി കടം വാങ്ങിക്കുകയാണ് പതിവ്. ഇതിന് "അളവ്" എന്നാണ് പറയുക. കർഷകതൊഴിലാളികളുടെ ഏക 'അവകാശമാണിത്. കന്നി, മകരങ്ങളിൽ കൊയ്ത്തു സമയത്ത് ഇത് തിരിച്ചുപിടിക്കും.

ജൻമിത്തവും നാടുവാഴിത്തവും കൊടിക്കുത്തിവാണ ഭൂതകാലം! " വെട്ടാൻ വാളും കെട്ടാൻ കയറുമുള്ള" ന്യൂനപക്ഷം അവരുടെ "വെട്ടിനും കെട്ടിനും" ഇരയാവുന്ന മഹാഭൂരിപക്ഷം ആരാധനാലയങ്ങളിൽ നിന്നും വാദ്യാലയങ്ങളിൽ നിന്നും ആട്ടിയകറ്റപ്പെട്ടവർ. ജാതി തിരിച്ചറിയാൻ പ്രത്യേകം പ്രത്യേകം ഭാഷ, വസ്ത്രധാരണം. ആവാസസ്ഥലങ്ങൾക്ക് ചാള, കുടി, വീട്, മഠം, ഇല്ലം, കൊട്ടാരം എന്നിങ്ങനെ പ്രത്യേകം പേരുകൾ താമസ സ്ഥലങ്ങൾക്ക് ജാതിയടിസ്ഥാനത്തിൽ അതിരുകളും കുടിയറക്കും, ഊരുവിലക്കും ഭൂമി ഒഴിപ്പിക്കലും, മർദ്ദനവും, സാധാരണ സംഭവമായിരുന്നു. കൊല്ലും കൊലയും കുലാധികാരമായി ലഭിച്ചവർ, അവർക്ക് താങ്ങായി ഗ്രാമത്തിന്റെ സർവ്വാധികാരി യായ 'അധികാരി' (ഇപ്പോഴത്തെ വില്ലേജാഫീസർ പദവി) ഇദ്ദേഹം ഗ്രാമ മുൻസിഫ് കൂടിയായിരുന്നു. 50/- രൂപവരെ പിഴശിക്ഷ വിധിക്കാനുള്ള അധികാരം ഇവർക്കുണ്ടായിരുന്നു.

കർഷക - കർഷകതൊഴിലാളികളുടെ സംഘടിത മുന്നേറ്റവും 57 മുതൽ 71 വരെയുള്ള ഭൂപരിഷ്കരണ നിയമങ്ങളുമാണ് ഇതിനറുതിവരുത്തിയത്. സാമൂഹിക സാമ്പത്തിക സാഹചര്യങ്ങളിൽ മാറ്റം വന്നു. ജീവിതത്തിന്റെ സമസ്ഥ മേഖലകളിലും പുരോഗതി ദൃശ്യമായി.

താഴെ 1964 ൽ ഖനനം നടത്തിയപ്പോൾ ലഭിച്ച നാണയങ്ങളും ലിഖിതങ്ങളും പല്ലവകാലത്തുള്ളതാണെന്ന് അനുമാനിക്കപ്പെട്ടിട്ടുണ്ട്. ഈ പ്രദേശത്തിന്റെ അക്കാലത്തെ നാമം 'പല്ലവ ഊർ' എന്നാകണം. അതു ലോപിച്ച് പല്ലാവൂർ ആയതാവാം.

ഈ അടിസ്ഥനത്തിൽ ഇന്നറിയുന്ന പല്ലശ്ശന എന്ന സ്ഥലത്ത് എവിടെയങ്കിലും പല്ലവസേന തമ്പടിച്ചിരിക്കാം. പല്ലവസേന തമ്പടിച്ച സ്ഥലത്തിന് കാലക്രമത്തിൽ പല്ലശ്ശന എന്ന പേർ സിദ്ധിച്ചതാവാം. സംഘകാല സ്മാരകങ്ങളായ കല്ലറകളും നടുകല്ലുകളും പല്ലശ്ശനയുടെ പലഭാഗത്തും ഇന്നും കാണാനുണ്ട്. ചരിത്രന്വേഷണ തല്പരരായ ഗവേഷണ കുതുകികളുടെ ശ്രദ്ധ ഈ പ്രദേശത്തുണ്ടായാൽ ഗതകാലത്തിന്റെ ഒട്ടേറെ വിവരങ്ങൾ നമുക്കു ലഭ്യമാവും.

പല്ലശ്ശന പഞ്ചായത്തിലെ മറ്റൊരു വില്ലേജാണ് കൂടല്ലൂർ പശ്ചിഘട്ടത്തിലെ ആനമലയിൽ നിന്നുത്ഭവിക്കുന്ന ഗായത്രിപ്പുഴയും നെല്ലിയാമ്പതി മലനിരകളിൽ നിന്നുവരുന്ന മലമ്പുഴയും കൂടിച്ചേരുന്നത് ഇവിടെ വെച്ചാണ്. അതുകൊണ്ടാവാം ഈ പ്രദേശത്തിന് കൂടല്ലൂർ എന്ന പേർ വന്നത്. ഈ ഗ്രാമത്തിലെ മറ്റൊരു പ്രദേശമായ തളൂരിന് കോഴിക്കോട്ടു തളിയെ അനുസ്മരിച്ചാണ് ആ പേർ വന്നതത്രെ. കുറെ കാലം മുമ്പുവരെ തളിയൂർ എന്നായിരുന്നു ഈ പ്രദേശത്തിന്റെ പേർ ഇവടുത്തെ ഭൂസ്വത്തുക്കൾ സാമൂതിരിവക ജൻമമായിരുന്നു. ബ്രാഹ്മണർക്കുമാത്രം വേനൽക്കാലത്ത് ഉച്ചക്കഞ്ഞിനൽകുന്ന കഞ്ഞിക്കൊട്ടിൽ ഇപ്പോഴുമുണ്ട്. ജൻമിത്വമവസാനിച്ചതിനുശേഷമാണ് ഇവിടുത്തെ കഞ്ഞിപാർച്ച നിന്നത്.

1819 ജനുവരി 19 ന് അന്നത്തെ മലബാർ കലക്ടറായിരുന്ന B.S.വാർഡ് പല്ലശ്ശന, കൂടല്ലൂർ, പല്ലാവൂർ പ്രദേശങ്ങൾ സന്ദർശിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഒരു കാലത്ത് പല്ലശ്ശനയുടെ ഭൂപ്രകൃതി ഇന്നുകാണുന്നതേ ആയിരുന്നില്ല. കുന്നുകൾ, പാടങ്ങൾ പാറക്കെട്ടുകൾ എന്നിവ ഇടതിങ്ങിയ പ്രദേശമായിരുന്നു. ഇടയ്ക്കു കുടിയിരുപ്പുകളും. പല്ലശ്ശനയിലെ പാറക്കെട്ടുകളിൽ ഒരു കാലത്ത് 'കാട്ടാടുകൾ' ധാരാളമുണ്ടായിരുന്നതായി ശ്രീ. W. ലോഗൻ (മലബാർ മാനുവൽ - Vol - I) രേഖപ്പെടുത്തിയിട്ടുണ്ട്. യൂറോപ്യൻമാരും, നാട്ടുകാരും അമിതമായി വേട്ടയാടിയതിന്റെ ഫലമായും ഭൂപ്രകൃതിയിൽ വന്ന മാറ്റവും അവയുടെ വംശനാശത്തിന്നിടയാക്കി.

ഈ അടുത്തകാലംവരെ ബഹുഭൂരിപക്ഷം വീടുകളും ഓലപ്പുരകളായിരുന്നു. കരിമ്പനയുടെ പട്ടകളാണ് പുരമേയാൻ ഉപയോഗിച്ചിരുന്നത്. "തടി" പുരപ്പണിക്കും കൂടാതെ പനയിൽ നിന്നും ലഹരിതരുന്ന "വെള്ളക്കള്ളും" ചക്കരയുണ്ടാക്കുന്ന "ചക്കരക്കള്ളും" ഇവിടുത്തെ ചെത്തുതൊഴിലാളികൾ ഉത്പാദിപ്പിച്ചിരുന്നു. ഇന്ന് കരിമ്പന കൂട്ടങ്ങൾ അപ്രത്യക്ഷമായികൊണ്ടിരിക്കുന്നു.

പല്ലശ്ശന പഞ്ചായത്തിലെ പല പ്രദേശങ്ങളുടേയും പേർ പാറയുമായി ബന്ധപ്പെട്ടതാണ് (കല്ലൻപറമ്പ്, ഒഴുവുപാറ, ഇട്ടിയമ്പാറ, ചക്കുംപാറ, കല്ലോട്ടുപാറ, പാറക്കളം, കരിമ്പാറത്തൊടി, മാടമ്പാറ, മലമ്പള്ള) . പാറകളിൽ പ്ലതും കർഷകർ കറ്റക്കളമായി ഉപയോഗിച്ചിരുന്നു. മെതിച്ച വൈക്കോലും മുളയും കൊണ്ട് കെട്ടിയുണ്ടാകുന്ന താത്കാലിക കളപ്പുരകളിലാണ് ഒന്നാവിളക്കാലത്ത് നെല്ലു സൂക്ഷിക്കുക.

ഇന്ന് പാറകളെല്ലാം കാറിത്തൊഴിലാളികളുടെ ഉപജീവനമാർഗ്ഗമായിക്കഴിഞ്ഞു. നമ്മുടെ രാജ്യത്തെ നിർമ്മാണ വികസനരംഗത്തെ മുന്നേറ്റം ഒരു പുതിയ വിഭാഗം തൊഴിലാളികളുടെ ഉദയത്തിനു കാരണമായി.

അന്നും ഇന്നും പഞ്ചായത്തിലെ മുഖ്യതൊഴിൽ കൃഷിത്തന്നെ ബഹുഭൂരിപക്ഷം കൃഷിക്കാരും പാട്ടകൃഷിക്കാരായിരുന്നു. അതിലധികവും വാക്കാൽ കരാറായിരുന്നു. ചിലർക്ക് പാട്ടശീട്ടുണ്ടായിരുന്നു. കൃഷി ഏറ്റെടുക്കുന്നതിനുമുമ്പ് കൃഷിഭൂമിയുടെ വിസ്തീർണ്ണത്തിനനുസരിച്ച് മുൻകൂർ പണം നൽകിയിരുന്നു. "കട്ടക്കാണം" എന്നാണ് ഇതിന് പറഞ്ഞിരുന്നത്. ഒരേക്കറിന് ശരാശരി നൂറുപറനെല്ല് വർഷത്തിൽ പാട്ടമായി ജൻമിക്ക് നൽകിയിരുന്നു. പാട്ടമായികൊടുക്കുന്നനെല്ല് ഉണക്കി അറക്കേടുതീർത്ത് പത്തുപറക്കൊരുപറനെല്ല് 'വാശി' (നെല്ല് അറയിൽ കിടന്നുണങ്ങുമ്പോൾ ഉണ്ടാവുന്ന കുറവു

സ്വാതന്ത്ര്യസമരത്തിൽ ഈ പ്രദേശത്തുനിന്നും നേരിട്ടുപങ്കെടുത്തില്ലെങ്കിൽ പോലും തക്ളിയിൽ നൂൽനൂറ്റു ജനങ്ങളെ സംഘടിപ്പിച്ച് ബോധവൽക്കരിച്ചു. സ്വാതന്ത്ര്യസമരത്തോട് ആഭിമുഖ്യം വളർത്തുന്നതിന് 4 തോട്ടങ്കര വേലായുധൻ മാസ്റ്റർ, പടിഞ്ഞാറെ ഗ്രാമം ആലാകൃഷ്ണയ്യർ, ആറുമുഖൻപിള്ള, കരിക്കമൂളി വേലായുധൻ, തളൂർ മുഹമ്മദ് യൂസഫ്, ആണ്ടിമന്ദാടിയാർ തുടങ്ങിയവർ പ്രവർത്തിച്ചിട്ടുണ്ട്. ഉപ്പുസത്യാഗ്രഹ സന്ദേശവുമായി രാജാജിയുടെ നേതൃത്വത്തിലെത്തിയ പദയാത്രക്ക് ഒഴുപാറയിൽ വച്ച് സ്വീകരണം നൽകിയപ്പോൾ ശ്രോതാക്കളായി വിരലിലെണ്ണാവുന്നവർ മാത്രമാണ് ഉണ്ടായിരുന്നത്.

അയിത്തത്തിനെതിരായും ക്ഷേത്രപ്രവേശനത്തിനുമായി കണ്ടാത്തു സുദേവന്റെ നേതൃത്വത്തിൽ സംഘടിതശ്രമം നടത്തുകയുണ്ടായത് അവിസ്മരണീയമാണ്.

1950 കളുടെ ആരംഭത്തിൽ കമ്യൂണിസ്റ്റ് പ്രസ്ഥാനവും കർഷക പ്രസ്ഥാനവും രൂപം കൊള്ളുവാൻ തുടങ്ങി കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ കാരണവരായ ആലത്തൂർ ശ്രീ. ആർ, കൃഷ്ണൻ, ശ്രീ. സി.വി. മാധവൻ തുടങ്ങിയവർ ഇരുപ്പക്കൽ ഒടുകിൻകാട് തുടങ്ങിയ സ്ഥലങ്ങളിൽ ഒളിവിൽ കഴിഞ്ഞിട്ടുണ്ട്.

1951 ൽ രൂപീകൃതമായ കിസാൻസഭയാണ്. ആദ്യത്തെ സംഘടിത പ്രസ്ഥാനം, ഇതിന്റെ പ്രസിഡണ്ട് ശ്രീ.എൻ. കെ അപ്പുക്കുട്ടനും സെക്രട്ടറി ശ്രീ. കളത്തിൽപ്പുര മാധവനുമായിരുന്നു.

1953 വരെ പല്ലശ്ശന വില്ലേജ് തൊട്ടടുത്ത വടവന്നൂർ വില്ലേജുമായി യോജിച്ച് വടവന്നൂർ - പല്ലശ്ശന പഞ്ചായത്തു ബോർഡ് എന്ന പേരിലാണ് പ്രവർത്തിച്ചിരുന്നത്. പിന്നീട് പല്ലശ്ശന വില്ലേജ് മാത്രമായ സ്വതന്ത്രപഞ്ചായത്തു രൂപീകൃതമായി. ഇതിന്റെ പ്രഥമപ്രസിഡണ്ട് പാച്ചൂട്ടുൽ ശിവരാമമേനോൻ ആയിരുന്നു. ഇബ്രാഹിം രാവുത്തർ വെലായുധൻ പൂശാരി, ആണ്ടിയപ്പു കളത്തിൽപ്പുര, ടി.കെ. ഗോപാലൻ, ജി. മുരുകത്തരകൻ എന്നിവർ അംഗങ്ങളായിരുന്നു. തുടർന്നു നടന്ന തെരഞ്ഞെടുപ്പിലും ശിവരാമമേനോന്റെ നേതൃത്വത്തിൽ ഭരണസമിതിയാണ് അധികാരമേറ്റത്. അതിൽ ശ്രീ. രാഘവൻ ഇട്ടിയംപാറ, നാണാവയ്യർ, എൻ.കെ. , അപ്പുക്കുട്ടൻ, തിരുക്കാമി, പുത്തോട്ടെ കേശവമന്ദാടിയാർ, ചക്കുമ്പാറ, നാണു എന്നിവർ അംഗങ്ങളായിരുന്നു.

ഇവരുടെ കാലത്തു നടന്ന ഞവുഞ്ഞിക്കോട് വടവന്നൂർ റോഡ് നിർമ്മാണം എടത്തു പറയത്തക്കതാണ്. ജനകീയ പങ്കാളിത്തത്തോടെയാണ് ഇതു നിർമ്മിക്കപ്പെട്ടത്.

ഇതേകാലത്തുതന്നെ ഇപ്പോൾ പഞ്ചായത്തിലുൾപ്പെട്ട പല്ലാവൂർ വില്ലേജിൽ ശ്രീ. കെ.പി. തെയ്യേലൻ, (കാടുവെട്ടി) പ്രസിഡണ്ടായി പഞ്ചായത്തുഭരണം നടത്തിയിരുന്നു. ഇവരുടെ കാലത്ത് ജനപങ്കാളിത്തത്തോടെ നടന്ന പ്രവർത്തനമാണു ചടയൻകുളം - കുമാരമ്പുത്തൂർ റോഡ് നിർമ്മാണവും തളൂർ തോടിനു കുറുകെ പല്ലാവൂർ ചാരൽക്കടവിൽ നിർമ്മിച്ച പാലവും.

എന്നാൽ പല്ലശ്ശന പഞ്ചായത്തിലുൾപ്പെടെ മറ്റൊരു വില്ലാജായ കൂടല്ലൂരിൽ ഇക്കാലത്ത് പഞ്ചായത്തുരൂപീകരിയ്ക്കുകയുണ്ടായിട്ടില്ല. തുടർന്നു 1962 ൽ മുകളിൽ പറഞ്ഞ മൂന്നു വില്ലേജുകളെ സംയോജിപ്പിച്ചുകൊണ്ട് ഇന്നത്തെ പല്ലശ്ശന പഞ്ചായത്തു നിലവിൽ വന്നു. തുടർന്നു നടന്ന തെരെഞ്ഞെടുപ്പിൽ ഉള്ളാട്ടിൽ വിജയൻ നായർ, ശ്രീ. കൃഷ്ണൻകുട്ടി മന്ദാടിയാർ, ശ്രീ. കുട്ടൻ, ശ്രീ, സി. വേലായുധനെഴുത്തശ്ശൻ, ശ്രീ. മണ്ണപ്പുള്ളി, ശ്രീ. ടി. എൻ. പള്ളിയപ്പൻ, ശ്രീ. ഉണ്ണിമേനോൻ ശ്രീമതി. പാപ്പാൾ അമ്മ (നോമിനേറ്റഡ്) എന്നിവരടങ്ങിയ ബോർഡ് നിലവിൽ വന്നു. ഇതിൽ 1967 വരെ ശ്രീ. വി. വിജയൻ നായർ പ്രസിഡണ്ടും തുടർന്നു 1967 മുതൽ 1978 വരെ ശ്രീമാൻ ടി.എൻ. പള്ളിയപ്പൻ പ്രസിഡണ്ടുമായിരുന്നു. ഈ ബോർഡിന്റെ കാലത്തു ജനപങ്കാളിത്തത്തോടെ നടന്ന ശ്രദ്ധേയമായ പ്രവർത്തനങ്ങളിലൊന്നു കല്ലപറമ്പ് - തുവാങ്കോട് റോഡിന്റെ നിർമ്മാണമാണ്.

തുടർന്നു വന്ന ഭരമസമിതിയിൽ (1979) ൽ ശ്രീ. ആർ. പൊന്നൻ പ്രസിഡണ്ടും ശ്രീ. ഇ.വി. മല്ലിമുത്തൻ വൈസ്പ്രസിഡണ്ടും ആയിരുന്നു. ഇവരെക്കൂടാതെ ശ്രീമാൻ. പി.എം. വേലായുധൻ, ശ്രീമതി.

ആർ. വിജയലക്ഷ്മി. ശ്രീ. കൃഷ്ണൻകുട്ടി മന്ദാടിയാർ, സുന്ദരൻ, ആർ. ഭാസ്ക്കരൻ, ശ്രീ. വി. ശ്രീധരൻ, ശ്രീ. കെ. വാസു എന്നിവർ അംഗങ്ങളായിരുന്നു.

ഈ ഭരണസമിതിയുടെ കാലത്ത് പഞ്ചായത്തിന്റെ വികസനം ലക്ഷ്യം വെച്ച് പഞ്ചായത്താഫീസിനോടു ചേർന്ന് 35 സെൻറു സ്ഥലവും ആശുപത്രിക്കെട്ടിടം പണിയുന്നതിനായി കല്ലമ്പറമ്പ് തുവ്വാങ്കോട് റോഡരുകിൽ 80 സെൻറുസ്ഥലവും വാങ്ങുകയുണ്ടായി. തുടർന്നു (1988) 7-ാം വാർഡിൽ നിന്നും തെരെഞ്ഞെടുക്കപ്പെട്ട ശ്രീ. ഇ.വി. മല്ലിമുത്തൻ പ്രസിഡണ്ടും ഒന്നാം വാർഡിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ശ്രീ. കെ. മണി വൈസ്പ്രസിഡണ്ടായുള്ള ഭരണസമിതി രൂപീകരിച്ചു. തെരെഞ്ഞെടുക്കപ്പെട്ട മറ്റംഗങ്ങൾ 1. ശ്രീ. എം. ചെല്ലത്ത, 2. ശ്രീ. ടി.എ. കൃഷ്ണൻകുട്ടി. 3. ശ്രീ. എം. ലക്ഷ്മണൻ, 4. ശ്രീമതി. ലാലാദയാനന്ദൻ, 5. ശ്രീമതി ലീലാവതി, 6. ശ്രീ. വി. ശ്രീധരൻ, 7. ശ്രീ. എൻ. രാമൻകുട്ടി എഴുത്തശ്ശൻ, 8. ശ്രീ. എം.വി. ദാമോദരൻകുട്ടി.

ഈ ഭരണസമിതിയുടെ കാലത്താണ് പല്ലശ്ശനയിലെ പ്രൈമറി ഹെൽത്തുസെൻറർ പ്രവർത്തനം ആരംഭിച്ചത്. കൂടാതെ സമ്പൂർണ്ണ സാക്ഷരതായജ്ഞം ഫലപ്രദമായി നടപ്പിലാക്കിയതും എടുത്തുപറയത്തക്കതാണ്. ജനപങ്കാളിത്തത്തോടെ മൂന്നുപഞ്ചായത്തുകളെ യോജിപ്പിക്കുന്ന പള്ളിമുക്ക് കണ്ണങ്കോട് റോഡ് നിർമ്മിച്ചത് ഇക്കാലത്തെ എടുത്തു പറയത്തക്ക നേട്ടങ്ങളിലൊന്നാണ്.

1995 ൽ നടന്ന തെരെഞ്ഞെടുപ്പിൽ 9-ാം വാർഡിൽ നിന്നു വിജയിച്ച ശ്രീമതി. ജി. വൽസല പ്രസിഡണ്ട് 8-ാം വാർഡിൽ നിന്നു വിജയിച്ച ശ്രീ. ഇ. വി. മല്ലിമുത്തൻ വൈസ് പ്രസിഡണ്ട്, ആറാം വാർഡിൽ നിന്നു വിജയിച്ച ശ്രീ. ടി. എ. കൃഷ്ണൻകുട്ടി, സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ, കൂടാതെ ഒന്നാം വാർഡിൽനിന്നും തെരെഞ്ഞെടുക്കപ്പെട്ട ശ്രീമതി. സത്യഭാമ, രണ്ടാംവാർഡിൽ നിന്നു ജയിച്ച ശ്രീമതി. സി. ദേവി, മൂന്നാം വാർഡിൽ നിന്നു വിജയിച്ച ശ്രീമതി. പി. ഗീതാദേവി നാലാം വാർഡിൽ നിന്നു വിജയിച്ച ശ്രീമതി. കെ. വി. വസുമതി, അഞ്ചാം വാർഡിൽ നിന്നു തെരെഞ്ഞെടുക്കപ്പെട്ട ശ്രീ. വി. ശ്രീധരൻ ഏഴാം വാർഡിൽ നിന്നു തെരെഞ്ഞെടുക്കപ്പെട്ട ശ്രീമതി. എം. കാമാക്ഷി, പത്താം വാർഡിൽ നിന്നും തെരെഞ്ഞെടുക്കപ്പെട്ട ശ്രീ. പി. എൻ. വിജയൻ എന്നിവർ അംഗങ്ങളായ ഭരണസമിതിയാണുള്ളത്.

1968 ൽ ഉണ്ടായിരുന്ന ചെറിയ പഞ്ചായത്താഫീസ് കെട്ടിടം പൊളിച്ചുമാറ്റി ഇന്നത്തെ കെട്ടിടം നിർമ്മിച്ചു ഇതിന്റെ ഉൽഘാടനം നിർവഹിച്ചത് അന്നത്തെ തദ്ദേശസ്വയംഭരണവകുപ്പുമന്ത്രിയായിരുന്ന ശ്രീ. എം.പി.എം. അഹമ്മദ് കുരുക്കളാണ്.

സന്നദ്ധസേവനരംഗത്തു ഗണനീയമായ സംഭാവനകൾ നൽകാൻ നമ്മുടെ മുൻഗാമികൾക്കു കഴിഞ്ഞിട്ടുണ്ട്. കണ്ണനൂർക്കടവിൽ ഗായത്രിപുഴക്ക് പാലമില്ലാതിരുന്ന കാലം. തമിഴ് നാട്ടിലെ പ്രസിദ്ധ ചന്തയായ പൊള്ളാച്ചിയിലേക്ക് കാളവണ്ടിമാർഗ്ഗം പോലും ഗതാഗതം ദുഷ്ക്കരമായിരുന്നു. ജനജീവിതമാണെങ്കിൽ നല്ലൊരു പരിധിവരെ മേല്പറഞ്ഞ ചന്തയെ ആശ്രയിച്ചും. പലരുടെയും ഉപജീവനമാർഗ്ഗം കാളവണ്ടികളെ ആശ്രയിച്ചായിരുന്നു. 1979 ൽ പല്ലശ്ശനയിൽ ഹൈസ്ക്കൂൾ വരുന്നതുവരെ വിദ്യാഭ്യാസത്തിന് ഇവിടുത്തെ കുട്ടികൾ ആശ്രയിച്ചിരുന്നതും കൊല്ലങ്കോടുള്ള രാജാസ് ഹൈസ്ക്കൂളിനേയായിരുന്നു. മഴക്കാലം വിദ്യാർത്ഥികളെ സംബന്ധിച്ച് പേടിസ്വപ്നമായിരുന്നു. ഈ ദുർഘടപരിതസ്ഥിതി പരിഹരിക്കാൻ ഗായത്രിപുഴക്ക് കണ്ണനൂർ കടവിൽ പാലം നിർമ്മിക്കാൻ മുന്നിട്ടുപ്രവർത്തിച്ചത് ബംഗ്ലാവ് ശ്രീ. പി. ആർ. കൃഷ്ണയ്യർ പ്രസിഡണ്ടും പാച്ചൂട്ടിൽ ശ്രീ. ചിന്നൻ മേനോൻ വൈസ്പ്രസിഡണ്ടുമായ ജനകീയ കമ്മിറ്റി ആയിരുന്നു. കമ്മിറ്റിയിലെ മറ്റംഗങ്ങൾ ശ്രീമാൻമാർ പി. കൃഷ്ണൻകുട്ടി മന്ദാടിയാർ, എൻ. കൃഷ്ണൻകുട്ടി മന്ദാടിയിർ, കോരഞ്ചാത്തു ചിന്നക്കുട്ടൻ നായർ എന്നിവരായിരുന്നു അന്നത്തെക്കാലത്തു സാമാന്യം ഭേദപ്പെട്ട തുക നാട്ടുകാരിൽ നിന്ന് സംഭാവന പിരിച്ചാണ് ഇതിനാവശ്യമായ പ്രവർത്തനം നടത്തിയത്. സത്യസന്ധവും ലക്ഷ്യബോധവുമുള്ള ആ പ്രവർത്തനത്തിന്റെ ഫലമായി പാലം യാഥാർത്ഥ്യമായി അതിന്റെ ഉൽഘാടനം നിർവ്വഹിച്ചത് അന്നത്തെ മദിരാശി ഗവർണ്ണരായിരുന്ന ശ്രീ. ശ്രീപ്രകാശ് ആയിരുന്നു.

അതുപോലെതന്നെ എടുത്തുപറയത്തക്ക പ്രവർത്തനങ്ങളിലൊന്നാണ് പഞ്ചായത്തിലെ പല്ലശ്ശന കിഴക്കെഗ്രാമം വി.പി. സ്കൂൾ ഹൈസ്ക്കൂളാക്കുന്നതിനുവേണ്ടി നടത്തിയ പ്രവർത്തനം. ഒരു സ്വകാര്യമേനേജുമെൻറു സ്ക്കൂളായിരുന്നിട്ടും ഈ പ്രദേശത്തെ വിദ്യാർത്ഥിക്കളുടെ സൗകര്യം മുൻനിറുത്തി ഇതൊരു ഹൈസ്ക്കൂളാക്കി ഉയർത്തുന്നതിനുവേമ്ടി മുൻ പഞ്ചായത്തു പ്രസിഡണ്ടുകൂടിയായ ശ്രീ. ടി. എൻ. പള്ളിയപ്പൻ, പ്രസിഡണ്ടായ രൂപീകരിച്ച കമ്മിറ്റിയുടെ പ്രവർത്തനം എന്നെന്നും സ്മരിക്കത്തക്കതുതന്നെ. ഈ കമ്മറ്റിയുടെ സെക്രട്ടറി ശ്രീ. എ.എം. അച്യുതൻ നായരായിരുന്നു. ശ്രീമാന്മാർ ടി.ആർ. നടരാജൻ, സി.പി.കെ. മൂർത്തി, പി.എസ്. ശേഷാദ്രി അയ്യർ, എൻ. കെ. വേലായുധൻ തെയ്യൻ. വി. കുഞ്ഞപ്പൻ നായർ എന്നിവരായിരുന്നു മറ്റംഗങ്ങൾ ഇവരുടെ പ്രവർത്തനഫലമായി 87000/- രൂപ പിരിച്ചെടുത്തു. ശ്രീ. തോട്ടങ്കര ഗോപിനാഥ്, സി. ജി. മന്ദാടിയാർ, എൽ.ജി. കമ്പനി എന്നിവർ ക്ലാസുമുറികൾക്കുവേണ്ടി സഹായങ്ങളും ചെയ്തു കൊടുത്തു. സ്ക്കൂളിനുള്ള സ്ഥലം പല്ലശ്ശന കിഴക്കേഗ്രാമം ദേവസ്വം വക സൗജന്യമായി കിട്ടിയതായിരുന്നു.

കൂട്ടായ നേതൃത്വത്തിലൂടെ ജനങ്ങളുടെയാകെ കർമ്മ ചൈതന്യം കെട്ടഴിച്ചുവിട്ടാൽ നമ്മുടെ ഏതുതരം പിന്നോക്കാവസ്ഥയും അതിവേഗം മാറ്റിയെടുക്കുമെന്നതിനു തെളിവുകൂടിയാണ് മേൽപ്രവർത്തനങ്ങൾ.

ഇന്നു നമ്മുടെ പഞ്ചായത്തിൽ ഒരു ഹൈസ്ക്കൂളും ഒരു U.P സ്ക്കൂളും ആറു L.P സ്ക്കൂളും പൊതു വിദ്യാഭ്യാസരംഗത്തു പ്രവർത്തിക്കുന്നു. ഇതിൽ 1904 ൽ ആരംഭിച്ച P.K.M.L.P സ്ക്കൂളാണ് ഏറ്റവും പഴക്കം ചെന്ന വിദ്യാലയം. ഓലശ്ശേരിയിൽ നിന്നും കിഴക്കെപ്പാട്ടെ അച്ചൻമാരെ വിളിച്ചുകൊണ്ടുവന്നു താമസിപ്പിച്ചു. കുടിപ്പള്ളിക്കൂടം തുടങ്ങിയതാണ് ആദ്യകാലവിദ്യാഭ്യാസത്തിൻെറ തടുക്കമായി കരുതുന്നുത്.

ഈ പ്രദേശത്തുനിന്നും ഒട്ടെറെ ബഹുമുഖപ്രതിഭകൾ വിവിധമേഖലകളിൽ തങ്ങളുടെ പ്രാഗത്ഭ്യം തെളിയിച്ചിട്ടുണ്ട്. പറക്കും സ്വാമി എന്ന പേരിൽ അഖിലലോക പ്രശസ്തനായ ശ്രീ. വിഷ്ണു ദേവാനന്ദ (കുമാരമ്പുത്തൂർ) പ്രശസ്തചരിത്രപണ്ഡിതനും കേരള ഹിസ്റ്ററി അസോസിയേഷൻ പ്രസിഡണ്ടുമായിരുന്ന ശ്രീ. കെ.വി. കൃഷ്ണയ്യർ (കൂടല്ലൂർ), കവിയും ജഡ്ജിയുമായിരുന്ന ശ്രീ. പി. ജി. രാമയ്യർ (പല്ലാവൂർ) അവിഭക്തമദിരാശി സംസ്ഥാനത്തിലെ വിദ്യാഭ്യാസപരീക്ഷാ കമ്മീഷമറായിരുന്ന പല്ലാവൂർ നടുവക്കാട്ടെ ചാമുക്കുട്ടൻ നായർ, ഇന്ത്യാ - പാക് യുദ്ധത്തിൽ വിശിഷ്ടസേവനത്തിനുള്ള മെഡൽനേടിയ കേണൽ രാജഗോപാൽ (പല്ലാവൂർ) ഷാ കമ്മീഷൻ സെക്രട്ടറിയായി പ്രവർത്തിച്ച ശ്രീ. പി. ആർ. രാജഗോപാൽ (പല്ലശ്ശന), കലക്ടറായിരുന്ന പാലത്തിരുത്തി ശ്രീ. ശ്രീധരൻ നായർ (പല്ലശ്ശന) സംസ് കൃത പണ് ഡിതനായ ശ്രീ. ശ്രീനിവാസയ്യ (കൂടല്ലൂർ) പ്രശസ്ത സംഗീതജ്ഞനായ ലക്ഷ്മ ൺ ഭാഗവതർ, സംസ്കൃതപണ്ഡിതനായ സുബ്രഹ്മണ്യ ശാസ്ത്രികൾ (പല്ലശ്ശന) എന്നിവർ അവരിൽ ചിലർ മാത്രം.

നമ്മുടെ പഞ്ചായത്തിൽ സംഘടിത വർഗ്ഗ- ബഹുജന പ്രസ്ഥാനങ്ങൾക്ക് സുശക്തമായ അടിത്തറയാണുള്ളത്. കർഷക - കർഷകതൊഴിലാളിപ്രസ്ഥാനം, യുവജന - വിദ്യാർത്ഥിപ്രസ്ഥാനം, കെട്ടിട നിർമ്മാണത്തൊഴിലാളികളുടെ പ്രസ്ഥാനം ചെത്തു തൊഴിലാളികളുടെയും മദ്യവ്യവസായതൊഴിലാളികളുടെയും പ്രസ്ഥാനം,. മഹിളാ പ്രസ്ഥാനം, കൊച്ചുകുട്ടികളുടെ പ്രസ്ഥാനം തയ്യൽതൊഴിലാളികളുടെ സംഘടന, ചുമട്ടുതൊഴിലാളികളുടെ സംഘടന, അദ്ധ്യാപകരുടെയും മറ്റു ജീവനക്കാരുടെയും സംഘടന എന്നിവയെല്ലാം പ്രവർത്തിച്ചുവരുന്നു.

ഇവരുടെയെല്ലാം പ്രവർത്തനങ്ങൾ ഉണ്ടായിട്ടും നമ്മുടെ പഞ്ചായത്തിൽ ആവശ്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിഞ്ഞിട്ടില്ല. സ്ത്രീകൾ പൊതുരംഗത്തുവരാൻ അറച്ചു നിൽക്കുന്നു. നമ്മുടെ യുവജനങ്ങൾക്ക് തൊഴിൽ നൽകാൻ കഴിയുന്നില്ല. പ്രധാന ഉൽപാദനമേഖലയായ കാർഷികരംഗം മുരടിച്ചുനിൽക്കുന്നു. ഈ പ്രതിസന്ധി നേരിടാൻ തദ്ദേശസ്വയംഭരണസ്ഥാപനത്തിൻെറ പ്രവർത്തനത്തോടൊപ്പം സംഘടിത പ്രസ്ഥാനങ്ങളുടെ ശക്തിയേയും കൂട്ടിയോജിപ്പിക്കണം. അതുവഴി ജനകീയാസൂത്രണപ്രസ്ഥാനം വമ്പിച്ച ജനകീയ മുന്നേറ്റമാക്കാൻ നമുക്ക് കഴിയണം. ശോഭനമായ നാളേക്കുവേണ്ടി...

4

ഭൂപ്രകൃതി

കേരളത്തിന്റെ നെല്ലറയായ പാലക്കാടിന്റെ തെക്കേ മലമ്പ്രദേശവും ടൂറിസ്റ്റ് കേന്ദ്രവുമായ നെല്ലിയാമ്പതി മലനിരകൾക്ക് വടക്ക് സമതലപ്രദേശത്തുള്ളതാണ് പല്ലശ്ശനപഞ്ചായത്ത്. കിഴക്കൻ മലനിരകളിൽ നിന്ന് ഉത്ഭവിച്ച് പടിഞ്ഞാറോട്ട് ഒഴുകുന്ന ഗായത്രി പുഴ പല്ലശ്ശനയുടെ തെക്ക്ഭാഗത്ത് കൂടി പോകുന്നു.

അക്ഷാംശം 10.36^0 നും 10.39^0 Nഉം രേഖാംശം 76.36^{0}നും 76.41$^{0'}$E ഇടയിൽ പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിൽ നെല്ലിയാമ്പതി മലനിരകൾക്ക് വടക്കു ഭാഗത്തുള്ള നെന്മാറ, എലവഞ്ചേരി പഞ്ചായത്തുകൾ തെക്കെ അതിരായും മേലാർക്കോട് പഞ്ചായത്തിന്കിഴക്കും എരിമയൂർകൊടുവായൂർപഞ്ചായത്തുകൾക്ക് തെക്കും, വടവന്നൂർ പുതുനഗരം പഞ്ചായത്തുകൾക്ക് പടിഞ്ഞാറുമായി സ്ഥിതിചെയ്യുന്ന 29.37 ച. കി.മീ. വ്യാപിച്ചു കിടക്കുന്ന ഗ്രാമ പ്രദേശമാണ് പല്ലശ്ശന പഞ്ചായത്തിന്റെ തെക്കുവശത്തുകൂടെ ഗായത്രിപുഴ ഒഴുകുന്നു.

ഭൂപ്രകൃതി അനുസരിച്ച് പഞ്ചായത്തിനെ എട്ട് മേഖലയായി തിരിക്കാം.

1. കുന്നിൻപ്രദേശം
2. കുത്തനെയും ഇടത്തരവുമായ ചെരിവു പ്രദേശം
3. ചെറുചെരിവ് പ്രദേശം
4. ചെരിവ് പ്രദേശം
5. ഫുട്ട് സ്ലോപ്പ് പ്രദേശം
6. തട്ടുതട്ടായി കിടക്കുന്നപ്രദേശം
7. സമതല പ്രദേശം
8. താഴ്വരപ്രദേശം

ഇവ ഓരോന്നിന്റെയും വസ്തൃതി ചുവടെ ചേർക്കുന്നു.

പട്ടിക 1

ഭൂപ്രകൃതി

ക്രമ നമ്പർ	ഭൂപ്രകൃതി	വിസ്തീർണ്ണം ഹെക്ടർ	ശതമാനം
1	കുന്നിൻപ്രദേശം	18.15	0.62
2.	കുത്തനെ-ഇടത്തരം ചെരിവ്പ്രദേശം	197.34	6.71
3.	ചെരിവ് പ്രദേശം	212.90	7.25
4	ചെറുചെരിവ് പ്രദേശം	569.79	19.39
5.	ഫുഡ്സ്ലോപ്പ്	~~27.27~~ 74.31	2.53
6.	താഴ്ന്നസമതല പ്രദേശം	1707.16	58.13
7.	തട്ടുതട്ടായി കിടക്കുന്ന പ്രദേശം	85.79	2.92
8.	താഴ്വരപ്രദേശം	72.03	2.45
	ആകെ.	2937.43	100.00

നിമ്നോന്നതിയെ അടിസ്ഥാനപ്പെടുത്തി പഞ്ചായത്തിനെ 60 മീറ്ററിന് താഴെ, 60 മീറ്ററിനും 100 മീറ്ററിനുമിടയിൽ 100 മീറ്ററിന് മുകളിൽ എന്ന് മൂന്നായി തരം തിരിയ്ക്കാം. കുന്നിൻ പ്രദേശങ്ങൾ വാമല, കൂർമ്പൻമല കളേശ്വരംമല, നീറോക്കോട് മല, വെള്ളാരൊടവ് മല, അയ്യർമല എന്നിവയാണ് പ്രധാനമായുള്ളത്.

പഞ്ചായത്തിലെ നെൽപ്പാടങ്ങൾ 1758.55ഹെക്ടർ വരുന്ന സമതലത്തിൽ എക്കൽമൺകലർന്ന പശിമരാശി മണ്ണാണ്.അത് വിസ്തീർണ്ണത്തിൽ 60ശതമാനം വരും ബാക്കിയുള്ളസ്ഥലം കുന്നുകളും ചെരിവ് പ്രദേശവുമാണ്. ഇവിടം ചരൽ കലർന്ന മണലും - ചെങ്കൽ പ്രദേശവുമാണ്. വിസ്തീർണ്ണത്തിൽ 1.35 ശതമാനവും പാറസ്ഥലമാണ്.മണ്ണ് ചെറിയ തോതിലുള്ള പുതപ്പ് പോലെ മാത്രമെ ഉള്ളു. അവിടം കൃഷിയോഗ്യമല്ല.

ഉപരിതല മൺ തരങ്ങൾകാണിക്കുന്ന പട്ടിക **No 3**

(അവലംബം -CESS Report)ക്രമ നമ്പർ

ക്രമ നമ്പർ	ഉപരിതല മൺതരങ്ങൾ	വിസ്തീർണ്ണം ഹെക്ടർ	ശതമാനം
1.	സമതലംമണൽ കലർന്ന എക്കൽ മണ്ണ്	1758.55	59.86
2.	ചെരിവ് പ്രദേശത്ത് കാണാവുന്ന ചുവന്നമണ്ണ്	~~857.97~~ 875.91	29.82
3.	പാറയും മറ്റും	39.55	1.35
4.	ജലാശയങ്ങൾ (കുളം കിണർകനാൽപുഴ)	263.36	8.97
	ആകെ	2937.43	100

ജനപ്രകൃതി

1991-ലെ സെൻസസ് കണക്കുകൾപ്രകാരം പല്ലശ്ശന യിലെ ജനസംഖ്യ 22 333 ആയിരുന്നു. ഇതിൽ 10848 പുരുഷന്മാരും 11485 സ്ത്രീകളുമാണ്. പുരുഷന്മാരെ അപേക്ഷിച്ച് 637 സ്ത്രീകൾ കൂടുതലാണ്. ആകെ വീടുകൾ 6128 ആയിരുന്നു. അതായത് ശരാശരി വീടൊന്നിന് 3.64ആളുകൾ വീതമുണ്ട്. ജനസാന്ദ്രത ചതുരശ്ര കി.മീ. ക്ക് 760 ആയിരുന്നു. ആറുവയസ്സിന് താഴെയുള്ള കുട്ടികളുടെ എണ്ണം 2932 ആണ്.അതിൽ ആൺകുട്ടികൾ1496 ഉം പെൺകുട്ടികൾ1436 ഉം ആണ്. പട്ടിക ജാതിജനസംഖ്യ 4569 ആണ്. അതിൽ 2231 പുരുഷന്മാരും 2338 സ്ത്രീകളും ഉണ്ട്. ആകെ ജനങ്ങളിൽ 14780പേർ സാക്ഷരരാണ്. ഇതിൽ 7781 പുരുഷന്മാരും 7009 സ്ത്രീകളും ആകുന്നു. എന്നാൽ 1990- ലൈസാക്ഷരതാ പ്രവർത്തനത്തിന് നടത്തിയ സർവ്വേയിൽ 4588 നിരക്ഷരരാണ്. പഞ്ചായത്തിലുണ്ടായിരുന്നത്. 94% പേരെ സാക്ഷരരാക്കാൻ കഴിഞ്ഞു.

1995 പല്ലശ്ശനയിലെ ജനസംഖ്യ 24129 ആണ്. ഇതിൽ 1193 പുരുഷൻമാരും 12216 സ്ത്രീകളുമാകുന്നു. (അവലംബം - കന്നുകാലി സെൻസസ് കാലത്തെ കണക്കെടുപ്പ്)

വാർഡ് തലത്തിലെജനസംഖ്യ വിവരങ്ങൾ പട്ടികപെടുത്തിയിരിക്കുന്നു.

ജനസംഖ്യ

വാർഡ്	പുരുഷൻമാർ	സ്ത്രീകൾ	ആകെ.
1	1214	1311	2525
2	1516	1427	2943
3	1081	993	2074
4	877	906	1783
5	1157	1058	2215
6	1088	1082	2170
7	1300	1539	2839
8	1278	1310	2588
9	1272	1180	2452
10	1130	1310	2440
ആകെ	11913	12216	~~24219~~ 24129

വിദ്യാഭ്യാസരംഗത്ത് പാലക്കാട് ജില്ലയിൽ മുന്നോക്കമാണെന്നവകാശപ്പെടാനില്ലെങ്കിലും മോശമല്ലാത്ത സ്ഥാനം പല്ലശ്ശനക്കുണ്ട്. വിദ്യാഭ്യാസം നേടുന്നതിൽ കാലാനുക്രമത്തിൽ വർദ്ധനവുണ്ടെങ്കിലും പഠന നിലവാരത്തിൽ പിന്നോക്കമാണ്. ഈ സ്ഥിതി വിശേഷം അടിയന്തിരമായി മാറ്റി എടുക്കേണ്ടതുണ്ട്.

അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പ്രധാന പ്രശ്നമാണ്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ നല്കിയാലേ ഇതിനൊരു മാറ്റമുണ്ടാക്കാൻ കഴിയൂ.

ജനങ്ങളുടെ പ്രധാന വരുമാന മാർഗ്ഗമായിരുന്ന കാർഷിക മേഖല ആദായകരമല്ലാതായതോടെ മറ്റു തൊഴിൽ മേഖലയിലേക്കുള്ള കടന്നു കയറ്റം വർദ്ധിച്ചിരിക്കുകയാണ് പ്രധാനമായും കെട്ടിട നിർമ്മാണമേഖലയിലേയ്ക്കാണ് മാറി കൊണ്ടിരിക്കുന്നത്. പല്ലശ്ശനയിൽ ഉണ്ടായിരുന്ന പരമ്പരാഗത തൊഴിൽ മേഖലയായ മൺപാത്രനിർമ്മാണം നാശോന്മുഖമായിക്കൊണ്ടിരിക്കുന്നു. തൊഴിലില്ലായ്മ രൂക്ഷമാണ്. അഭ്യസ്തവിദ്യരായ സ്ത്രീകൾക്ക് യാതൊരു തൊഴിലും ഇല്ലാത്ത അവസ്ഥ. തൊഴിലെടുക്കുവാൻ ശേഷിയുള്ളവരിൽ നാലിലൊന്നപേർക്ക് യാതൊരു തൊഴിലൊന്നുമില്ല.

ജാതിപരമായ ഉച്ചനീചത്വങ്ങൾനിലനിന്നിരുന്നു. എങ്കിലും അതിനെതിരായി നടന്ന ഉജ്ജ്വല സമരങ്ങൾ മതനിരപേക്ഷ സംസ്ക്കാരത്തിന്റെ വളർച്ചക്ക് സഹായകരമായി. ഇതിന്റെഫലമായി മതനിരപേക്ഷ സംസ്ക്കാരം താഴ്ന്നതും ഉയർന്നതുമായ ജാതികളിൽ വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്.

ജലപ്രകൃതി

വർഷത്തിൽ ശരാശരി 1352 മി.മി.മഴ ലഭിക്കുന്നുണ്ട്. ജൂൺ, ജൂലൈ മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്.ഏറ്റവും കുറവ് മഴ ലഭിക്കുന്നത് ജനുവരി ഫെബ്രുവരി മാസങ്ങളിലാണ്.

പഞ്ചായത്തിന്റെ തെക്കു ഭാഗത്തുകൂടി ഗായത്രിപ്പുഴ ഒഴുകുന്നു. രണ്ട് പ്രധാന തോടുകളായ തളൂർ തോടും പുളിപ്പറമ്പ് തോടും ഗായത്രിപ്പുഴയിൽ ചേരുന്നു. കൂടാതെ പഞ്ചായത്തിന്റെ വടക്കേ അതിർത്തിയിൽ കൂടി ഒഴുകുന്ന ഒന്നാം തോട്ടിൽ 3 കി.മീ. നീളത്തിൽ ചെറുതോടുകൾ ചെന്നു ചേരുന്നുണ്ട് . ആകെ തോടുകളുടെ നീളം 11 കി.മീ. ആണ്. ഇതിൽ പ്രധാന തോട് തളൂർ തോട് ആണ്. നീളം 6.2കി.മീ. കൂടാതെ 312 കുളങ്ങളും ചേർന്നതാണ് പഞ്ചായത്തിലെ ജല സ്രോതസ്സുകൾ. ഒരേക്കറിന്മേൽ വിസ്തീർണ്ണമുള്ള 60 കുളങ്ങൾ ഉണ്ട്. അതിൽ തന്നെ 2 ഏക്കറിന് മേലുള്ളത് 9 എണ്ണമാണ്.

പ്രധാന കുളങ്ങളെകുറിച്ചുള്ള വിവരം താഴെകോടുക്കുന്നു.


പട്ടിക - 5 ഒരു ഹെക്ടറിന് മേൽ വിസ്തീർണ്ണമുള്ള കുളങ്ങൾ

(അവലംബം - വില്ലേജ് റിക്കാർഡ്)

ക്രമനമ്പർ	കുളത്തിന്റെ പേര്	വിസ്തീർണ്ണം ഹെക്ടർ	വാർഡ്
1.	ഒക്കണാം കോട് കുളം	2.17	6
2.	കരിങ്കുളം	1.33	7
3.	പുതുക്കുളം	1.66	1
4.	പെരിയന്തോണികുളം	1.11	2
5.	നെടുവിളിക്കളം ചിറ	1.10	6
6	ബ്രാരികുളം	1.10	7
7.	താമരക്കുളം	1.10	1
8.	മാന്തോണികുളം	0.98	7
9.	പെരിയകുളം	0.93	2

ഏപ്രിൽ മേയ് മാസങ്ങളിലമാണ് ഏറ്റവും കൂടുതൽ ജലക്ഷാമം അനുഭവപ്പെടുന്നത്. ജലക്ഷാമം ഭൂപ്രകൃതിയുമായി ബന്ധപ്പെട്ടു കിടക്കുന്നു. കുന്നിൻ പ്രദേശങ്ങളിലും ചെരിവ് പ്രദേശങ്ങളിലും ജലക്ഷാമം അനുഭവപ്പെടുന്നു ഒന്നാം വാർഡിലെ നിറാക്കോട്, രണ്ടാം വാർഡിലെ പാറക്കളം, മൂന്നാം

5-1 കൃഷിയും ജലസേചനവും



തികച്ചും ഒരു കാർഷികഗ്രാമമാണ് പല്ലശ്ശന. പത്ത് കുന്നിൻ പ്രദേശങ്ങളും സമതലപ്രദേശവും അടങ്ങിയത്. ഗായത്രിപ്പുഴ തെക്ക് ഭാഗത്തു കൂടി ഒഴികുന്നു. മുഖ്യ കൃഷി നെല്ലാണ്. വയൽവരമ്പുകളിലും പറമ്പ് പ്രദേശങ്ങളിലും തെങ്ങ് കൃഷിയും ഉണ്ട്. മുൻകാലത്ത് ജനങ്ങളുടെ മുഖ്യ ജീവിതോപാധി കൃഷിയും അതുമായി ബന്ധപ്പെട്ട മറ്റുതൊഴിൽ മേഖലകളുമായിരുന്നു.


ഈ പ്രദേശത്തിന്റെ നിമ്നോന്നത അടിസ്ഥാനമാക്കി സമുദ്രനിരപ്പിൽനിന്നും 60 മീറ്ററിന് താഴെ, 60 മീറ്ററിനും 100 മീറ്ററിനും ഇടയിൽ, 100 മീറ്ററിന് മേൽ എന്നിങ്ങനെ തരംതിരിക്കാം. 195 മീറ്റർ ഉയരമുള്ള വാമല തല ഉയർത്തിനിൽക്കുന്നു. കൂടാതെ നീറാക്കോട് അരിമ്പലോട് മല, കളേശ്വരം, വണ്ണാമല, കൂർമ്പൻ മല, കരുവോട്ടുമല, കൂമല, വെള്ളാറോടവ് മല, അയ്യർമല, തുടങ്ങിയ ഉയർന്ന പത്തു പ്രദേശങ്ങളും ഉൾപ്പെടുന്നു. 60 മീറ്ററിൻ താഴെയുള്ള സമതലപ്രദേശങ്ങളിൽ പൊതുവേ നെൽകൃഷിയാണ്. തെങ്ങ്, കവുങ്ങ് എന്നിവയും കൃഷിചെയ്യുന്നു. മൊത്തം വിസ്തീർണ്ണത്തിന്റെ 60 ശതമാനം നെൽകൃഷിയാണ്. തോടുകളും നീർചാലുകളും ഗായത്രിപ്പുഴയിൽ സന്ധിക്കുന്നു.

ഭൂരിഭാഗം ഉടമകളും ഒരു ഹെക്റ്ററിന് താഴെ മാത്രം കൈവശമുള്ളവരാണ്. ഇത് സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

പട്ടിക. 1 (അവലംബം വില്ലേജ് ആഫീസ് റിക്കാർഡ്)

ക്രമനമ്പർ	ഭൂപരിധി	കൈവശക്കാരുടെ എണ്ണം	വിസ്തീർണ്ണം ഹെക്ടർ
1	ഒരു ഹെക്ടറിനു താഴെ	4480	482.81
2.	1 ഹെക്ടറിനും2 ഹെക്ടറിനും ഇടയിൽ	1725	1820.04
3	2 ഹെക്ടറിന് മേൽ	31	128.50
	ആകെ	6236	2437.45 31.35

ആളോഹരി കൃഷിഭൂമി സംസ്ഥാന ആവറേജ് - 0.07 ഹെക്ടർ ആണ്. എന്നാൽ പല്ലശ്ശേന പഞ്ചായത്തിന്റെത് 0.12 ഹെക്ടർ ആണ്.



പ്രധാന കൃഷിയായ നെല്ലിനുപുറമെ തെങ്ങ്, കൃഷി, കവുങ്ങ് എന്നിവ കരഭൂമിയിലും വയൽ വരമ്പത്തും കൃഷി ചെയ്യുന്നു. പല്ലശ്ശന പഞ്ചായത്തിൽ 1.34 ശതമാനം കൃഷി ചെയ്യാൻ പറ്റാത്ത പാറസ്ഥലം ഉണ്ട്. വിശദമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

പട്ടിക - 3

(CESSറിപ്പോർട്ട്, വില്ലേജാഫീസ്, കൃഷിഭവൻ അവലംബം)

ക്രമനമ്പർ	ഭൂവിനിയോഗം	വിസ്തീർണ്ണം ഹെക്ടർ	ശതമാനം
1.	നെൽകൃഷി	1758.55	59.86
2.	മിശ്രിത വിളകൾ - തെങ്ങ്, കവുങ്ങ്, മാവ്, പ്ലാവ്, വാഴ, കുരുമുളക് മുതലായവ	678.91.	23.11
3.	നിക്ഷിപ്ത വനമേഖല	178.46	6.08
4.	പാറ (തരിശ് - കൃഷിയോഗ്യമല്ല)	39.55	1.34
5.	ജലാശയങ്ങൾ (കുളം - കിണർ)	70.10	2.31
6.	പുഴ	21.61	0.74
7.	റോഡ് - വഴി	18.27	0.62
8.	ശ്മശാനം	0.33	0.01
9.	തോടുകൾ	15.67	0.50
10.	ജലസേചന കനാലുകൾ	155.98	5.43
	ആകെ	2937.43	100

പഞ്ചായത്തിലെ സമതല പ്രദേശങ്ങളിൽ മണൽ കലർന്ന പശിമരാശിമണ്ണ് കാണുന്നു. ഇത് മൊത്തം വിസ്തീർണ്ണത്തിന്റെ 60 ശതമാനത്തോളമുണ്ട്. ചരൽ കലർന്ന ചുവന്ന മണ്ണ് 25 ശതമാനത്തോളവും. കൃഷിയോഗ്യമല്ലാത്ത പാറയും ജലാശയവും ജലസേചന കനാലുകളുമാണ് 15 ശതമാനം.

ആദ്യകാലത്ത് ശ്രദ്ധയും പരിചരണവും നൽകിയിരുന്നത് നെൽകൃഷിക്കായിരുന്നു. പൂർണ്ണമായും മഴയെ ആശ്രയിച്ച് മാത്രമാണ് കൃഷി നടത്തിയിരുന്നുത്. കുളങ്ങൾ, തോടുകൾ എന്നിവ പരസ്പരധാരണകളോടെ സംരക്ഷിച്ച് കൃഷിക്ക് വേണ്ടി ഉപയോഗപ്പെടുത്തിയിരുന്നു.

പഞ്ചായത്തിലെ കൃഷിഭൂമിയുടെ ഉടമസ്ഥർ പ്രധാനമായും സാമൂതിരിയുടെ സാമന്ത കുടുംബങ്ങളിലെ വൻകിട ജൻമിമാരായിരുന്നു. കാലാവസ്ഥയുടെ മാറ്റങ്ങൾ മാനിക്കാതെ ജൻമികൾ നിശ്ചയിക്കുന്ന പാട്ടം നിർബന്ധപൂർവ്വം പിരിച്ചെടുക്കുകയും കാലാവസ്ഥ പിഴവുമൂലം പാട്ടം കൊടുക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ കൃഷിഭൂമി നഷ്ടപ്പെടുന്ന ഒരു ദുഃസ്ഥിതി നിലവിലുണ്ടായിരുന്ന ജന്മി മുതലാളിത്ത വ്യവസ്ഥിതിയിൽ കൃഷിക്കാരും പാടങ്ങളിൽ പണിയെടുക്കുന്ന കർഷക തൊഴിലാളികൾക്കും വളരെയേറെ യാതനകൾ സഹിക്കേണ്ടതായി വന്നിരുന്നു. നാമമാത്രമായ കൂലിക്ക് പുറമെ കള്ളുകുടി എന്ന പേരിൽ ഒരു കുത്ത് നെല്ലും പുരുഷതൊഴിലാളികൾക്ക് നൽകിയിരുന്നു. കൂടാതെ വെറും പണി, വെട്ടിപ്പണി തുടങ്ങിയ പേരിൽ തൊഴിലാളികളുടെ അദ്ധ്വാനം പ്രതിഫലമില്ലാതെ ചൂഷണം ചെയ്തിരുന്നു. ദേശീയ - പുരോഗമനപ്രസ്ഥാനങ്ങളുടെ വളർച്ച കർഷകതൊഴിലാളികളെ ഇത്തരം അനീതികൾക്കെതിരെ ചിന്തിപ്പിച്ചു. കർഷക- കർഷകതൊഴിലാളികളുടെ ഐക്യം ജൻമിവ്യവസ്ഥക്കും മറ്റനീതികൾക്കും എതിരായ പ്രക്ഷോഭങ്ങൾ ഉയർത്തിക്കൊണ്ടുവരാൻ തുടങ്ങി. തുടർന്ന് ഭൂപരിഷ്ക്കരണ നിയമം നടപ്പിലായതോടുകൂടി സാമൂഹ്യമാറ്റത്തിന് തുടക്കം കുറിച്ചു. കൃഷിഭൂമി കൃഷിക്കാർക്ക് കൈവന്നതോടെ ഇഷ്ടാനുസരണം കൃഷി ചെയ്യുവാനുള്ള അവകാശം ഉപയോഗപ്പെടുത്തി ഉത്പാദനം വർദ്ധിപ്പിക്കാൻ സാധിച്ചു. നിരന്തരമായ പ്രക്ഷോഭസമരങ്ങൾ സംഘടിപ്പിച്ചതിന്റെ ഫലമായി കർഷകതൊഴിലാളികൾക്ക് ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കാനായി. ഈ സാമൂഹ്യ മാറ്റം കാർഷികേതര തൊഴിലാളികളുടെ ജീവിത നിലവാരത്തിലും പ്രതിഫലിച്ചു വർണ്ണ വിവേചനം പഴങ്കഥയായി. അന്നോളം അകറ്റിനിറുത്തപ്പെട്ട സാധാരണ ജനങ്ങൾക്ക് അപ്രാപ്യമെന്ന് കരുതിയ വിദ്യാഭ്യാസ മേഖലയിലേക്ക് അവർ കടന്നുവരാൻ തുടങ്ങി.

ഭൂവിനിയോഗം

പല്ലശ്ശന പഞ്ചായത്തിന്റെ മൊത്തം വിസ്തീർണ്ണം 2937.43 ഹെക്ടർ ആണ്. ഇത് കുന്നിൻ പ്രദേശം കുന്നിലെ കുത്തനെയുള്ള ചെരിവ്, ഇടത്തരം ചെരിവ്, ചെറുചെരിവ് സമതലം പുഴ എന്നിങ്ങനെയാണ് കാണപ്പെടുന്നത്. ഇതു സംബന്ധിച്ച വിശദ വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

പട്ടിക . 2

(CESS റിപ്പോർട്ട് അവലംബം)

ക്രമനമ്പർ	ഭൂപ്രകൃതി	വിസ്തീർണ്ണം ഹെക്ടർ	ശതമാനം
1.	കുന്നിൻ പ്രദേശം	18.15	0.62
2.	കുത്തനെയുള്ള ചെരിവ്	271.61	9.24
3.	ഇടത്തരം ചെരിവ്	298.69	10.17
4.	ചെറു ചെരിവ് പ്രദേശം	569.79	19.39
5.	സമതല പ്രദേശം	1757.58	59.84
6.	പുഴ	21.61	0.74
	ആകെ	2937.43	100

അശാസ്ത്രീയമായ രാസവളപ്രയോഗം മൂലം മണ്ണിന്റെ അമ്ലസ്വഭാവം വർദ്ധിച്ചു വരുന്നതായിട്ടാണ് കാണുന്നത്. നെൽകൃഷി ചെയ്യുന്ന പാടങ്ങളിലെ വരമ്പുകളിൽ തെങ്ങ് കൃഷിയുണ്ട്. നെൽകൃഷിയെ സംബന്ധിച്ച് രണ്ട് വിള എടക്കുവാനുള്ള സൗകര്യമേ നിലവിൽ പഞ്ചായത്തിൽ ഉള്ളു. ഒന്നാം വിളക്ക് മഴയെ ആശ്രയിച്ച് 1758.54 ഹെക്ടറും രണ്ടാംവിള ജലസേചനസൗകര്യം ഉപയോഗിച്ച് 1688.55 ഹെക്ടറിലും കൃഷി ചെയ്തു വരുന്നു. 1989 - ൽ കൊക്കോ കൃഷി ചില പ്രദേശങ്ങളിൽ പ്രചാരത്തിലുണ്ടായിരുന്നു. ഉല്പന്നത്തിന് മതിയായ വില ലഭിക്കാത്തതുമൂലം കൃഷി നാമാവശേഷമായി.

പട്ടിക - 4
വിള വിസ്തീർണ്ണം

ക്രമ നമ്പർ	നെൽവിള	വിസ്തീർണ്ണം ഹെക്ടർ
1	നെല്ല് - ഒന്നാംവിള	1758 - 54
2	നെല്ല് രണ്ടാം വിള	1688.55

പുരാതന കൃഷിരീതിയിൽ നിന്ന് പല്ലശ്ശനക്ക് ഒരു മാറ്റം ഉണ്ടായത് മലമ്പുഴ ജലസേചന പദ്ധതിയിലെ വെള്ളം ലഭിച്ച 5-2-1955 മുതലാണ്. നൂതന കൃഷി രീതികളും ഉല്പാദനക്ഷമതയുള്ള വിത്തിനങ്ങളും ഉത്പാദന വർദ്ധനവിന് കാരണമായി. ശാസ്ത്രീയകൃഷിരീതി, യന്ത്രവൽക്കരണം, പുത്തൻ വിത്തിനങ്ങൾ, ജലസേചനസൗകര്യം കൃഷിവകുപ്പിന്റെ ഫലപ്രദമായ ഇടപെടൽ എന്നിവ ഈ മേഖലയിൽ പുത്തൻ ഉണർവുണ്ടായി.

ഇപ്പോൾ പല്ലശ്ശന പഞ്ചായത്തിൽ ഉപയോഗിച്ചു വരുന്ന അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങൾ

മട്ട ഇനങ്ങൾ

1. കുഞ്ഞു കുഞ്ഞ്
2. T.K.M 9
3. മട്ട തൃവേണി
4. ആതിര
5. മംഗള
6. അശ്വതി
7. കൈരളി
8. കാഞ്ചന
9. ജ്യോതി
10. പവിഴം
11. മഹാലക്ഷ്മി.

വെള്ള ഇനങ്ങൾ

1. A.S.T
2. മസൂരി
3. പൊന്നി
4. പൊൻമണി
5. M.G.R. 1

സങ്കരഇനം നെൽവിത്തുകളോടാണ് കൃഷിക്കാർക്ക് ഏറെ ആഭിമുഖ്യം. രണ്ടാം വിളക്കുശേഷം വയലുകൾ പലപ്പോഴും തരിശിടുകയാണ് പതിവ്. ജലലഭ്യതയുള്ള പാടങ്ങളിൽ ഹ്രസ്വകാല വിളകൾ കൃഷി ചെയ്യുന്നുണ്ട്. പഞ്ചായത്തിൽ നേരിയ തോതിൽ മാത്രമേ രണ്ടാം വിളക്കുശേഷം ഹ്രസ്വകാല വിളകൾ കൃഷി ചെയ്യുന്നുള്ളു എന്നതിനു മുഖ്യ കാരണം ജലക്ഷാമം തന്നെയാണ്. ആവശ്യാനുസരണം വെള്ളം ലഭിക്കുന്നതായാൽ കൂടുതൽ ഭാഗത്തേക്ക് ഈ കൃഷികൾ വ്യാപിപ്പിക്കാൻ കഴിയുമെന്നതാണ് ഗ്രാമസഭകളിൽ നിന്നും പൊന്തിവന്ന അഭിപ്രായം.

പഞ്ചായത്തിൽ കൃഷി ചെയ്തുവരുന്ന ഹ്രസ്വകാല വിളകളെ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

പട്ടിക - 5
വിളകൾ

ക്രമനമ്പർ	ഇടവിളകൾ			വിസ്തീർണ്ണം - ഹെക്ടറിൽ	
			വയലിൽ	വയൽവരമ്പത്ത്	പറമ്പിൽ
1.	പയർ		-	-	4.5
2.	പച്ചക്കറി		2.02	2.02	1.61
3.	തുവര		-	4.04	-
4.	മരച്ചീനി		4.04	-	~~4.04~~ 20.23
5.	വാഴ		4.04	-	20.23
6.	ഇഞ്ചി		12.94	-	4.04
7.	നിലക്കടല		20.23	-	-
8	ഉഴുന്ന്		12.14	1.21	20.23
9.	മുതിര		12.14	-	-
10.	എള്ള്		4.04	-	-
11.	മഞ്ഞൾ		4.04	-	2.42

തെങ്ങ് കൃഷി

ഗായത്രിപുഴയുടെ തീരപ്രദേശങ്ങളിലുള്ള തെങ്ങു കൃഷിക്ക് പമ്പുസെറ്റുകൾ സ്ഥാപിച്ച് ജലസേചനം ചെയ്യുന്നു. എന്നാൽ വയൽ വരമ്പുകൾ വീട്ടുവളപ്പുകൾ എന്നിവിടങ്ങളിലെ തെങ്ങുകളിൽ നിന്നുകിട്ടുന്ന ഉല്പാദനം മുൻപറഞ്ഞ പ്രദേശങ്ങളിലെ ഉല്പാദനത്തെക്കാൾ കൂടുതലാണു കിട്ടുന്നത്. അശാസ്ത്രീയ കൃഷിരീതിയും മണ്ണു പരിശോധന കൂടാതെയുള്ള രാസവളപ്രയോഗവും ഉല്പാദനം കുറയാൻ കാരണമാകുന്നു. ഉത്പാദനക്ഷമത 20-30 എണ്ണം മാത്രമാണ്. ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പഠനപ്രവർത്തനം ഉണ്ടാകണം. വിത്തു തിരഞ്ഞെടുക്കുന്നതിലുള്ള അപാകത അശാസ്ത്രീയമായ ജലസേചനം, വളപ്രയോഗം തുടങ്ങിയവ ഉത്പാദനക്ഷമതയുടെ പ്രശ്നങ്ങൾ ആണ്. "ഒരുപ്പൂ" കൃഷിയിടങ്ങൾ തെങ്ങു കൃഷിയായി മാറിക്കൊണ്ടിരിക്കുന്നു. തരിശായി ഉയർന്ന പ്രദേശങ്ങളിൽ ജലസേചന സൗകര്യം ഏർപ്പെടുത്തി തെങ്ങുകൃഷി വ്യാപിപ്പിക്കേണ്ടതാണ്.

വളം

പഞ്ചായത്തിൽ സഹകരണമേഖലയിൽ രണ്ടും സ്വകൗര്യമേഖലയിൽ അഞ്ചും വള വിപണന കേന്ദ്രങ്ങൾ ഉണ്ട്. വളം കർഷകർക്ക് സമയാസമയങ്ങളിൽ ലഭിക്കാറില്ല. ജൈവവളത്തിന്റെ ദൗർലഭ്യം

നെല്ലിയാമ്പതി
നെന്മാറ
മീനാക്ഷിപുരം
കവിയന്നൂർ
തൊടുപുഴ
മലയൻകുന്ന്
പട്ടുത്തറ
സ്ഥലം.

വാർഡിലെ പൂളപറമ്പ്, നാലാം വാർഡിലെ താമരമുകൾ മുതലായസ്ഥലങ്ങൾ കുന്നിൻചെരിവു പ്രദേശങ്ങളായതിനാൽ കുടിവെള്ളത്തിന് ക്ഷാമം ഉണ്ട്.

ജലലഭ്യതയുമായി ബന്ധപ്പെട്ട വിവരംതാഴെ ചേർക്കുന്നു.

പട്ടിക - 6

ക്രമനമ്പർ	മേഖല	വിസ്തീർണ്ണം ഹെക്ടറിൽ	ശതമാനം
1.	സാധാരണനിരക്കിൽ വെള്ളം ലഭിക്കുന്നപ്രദേശം	1758.88	59.87
2.	താഴ്ന്നതോതിൽ വെള്ളം ലഭിക്കുന്നപ്രദേശം	857.37	29.19
3.	വെള്ളം ഒട്ടും ലഭിക്കാത്ത പ്രദേശം	229.47	7.89
4.	വെള്ളംകെട്ടിനില്ക്കുന്നപ്രദേശം	91.71	3.05
	ആകെ.	2937.43	100

4	തോട്ടങ്കരക്കളം	നെല്ല്	നെല്ല്	
5	തെമ്പള്ളം	"	"	
6	ചെട്ടിയാർപാടം	"	"	
7	കാഞ്ഞിരംകോട്	"	"	
8	തറപ്പാടം – കരിയ്ക്കമൂളി	നെല്ല്, വാഴ	നെല്ല്,	പച്ചക്കറി
9	കണ്ണനൂർപാടം	"	"	"
10	വർണ്ണങ്കോട്	"	"	
11	തെക്കേമാങ്ങോട്	നെല്ല്, ഇഞ്ചി	നെല്ല്,	പച്ചക്കറി
12	തെക്കുംപുറം – പല്ലശ്ശന	"	"	"
13	എരികോട്	"	"	
14	കുറ്റിപ്പുള്ളി	നെല്ല്, വാഴ	നെല്ല്, വാഴ	
15	ചേർങ്ങോലിപ്പാടം	നെല്ല	നെല്ല	
16	തൂവാംകോട്	നെല്ല്, ഇഞ്ചി	നെല്ല്,	പച്ചക്കറി
17	എരട്ടോട്	നെല്ല്	നെല്ല്	
18	തിരുനിലംകളം	നെല്ല്, ഇഞ്ചി	നെല്ല്, വാഴ	പച്ചക്കറി
19	ആലങ്കോട്	നെല്ല്	നെല്ല്	"
20	മാരികൊളുമ്പ്	നെല്ല്	നെല്ല്	"
21	തോട്ടുംകൊളുമ്പ്	നെല്ല്	നെല്ല്	കടല
22	വെള്ളാരംകുളം	നെല്ല്	നെല്ല്	
23	ആലപ്പാടം	നെല്ല്	നെല്ല്	
24	പാലക്കോട്	നെല്ല്	നെല്ല്	
25	ചാട്ടുമുക്ക്	നെല്ല്,	നെല്ല്,	
26	കുമാരംപുത്തൂർ	നെല്ല്, വാഴ	നെല്ല്, വാഴ	പച്ചക്കറി


പഞ്ചായത്തിന്റെ കിഴക്ക് ഭാഗത്തുള്ള ഒന്നാം വാർഡിൽ 1.7 കിലോമീറ്റർ നീളത്തിൽ മീങ്കര കനാൽ ഉണ്ട്. വാലറ്റമായതിനാൽ ജലലഭ്യത പരിമിതമാണ്. കനാലിന്റെ ചില ഭാഗങ്ങളിൽ വെള്ളം ക്രമമായി ഒഴുകി പോകാൻ കഴിയാതെ കെട്ടിനിൽക്കുന്നത് കനാൽ ഭിത്തിക്ക് ഭീഷണിയാണ്. അശാസ്ത്രീയമായ കനാൽ നിർമ്മാണവും അറ്റകുറ്റ പണിയുടെ അഭാവവും മൂലം ധാരാളം ജലം നഷ്ടപ്പെടുന്ന അവസ്ഥ ഉണ്ട്. കനാലുകൾ കോൺക്രീറ്റ് ചെയ്തു ജലനഷ്ടം ഒഴിവാക്കേണ്ടിയിരിക്കുന്നു.

ചിറ്റൂർ പുഴപദ്ധതി



12.3 കിലോമീറ്റർ നീളത്തിൽ ചിറ്റൂർപ്പുഴ ജലസേചന കനാൽ ഉണ്ട്. താരതമ്യേന ഉയർന്ന പ്രദേശങ്ങളിലൂടെ കടന്നു പോകുന്ന ചിറ്റൂർ പുഴ കനാലിലെ വെള്ളം മീങ്കര ആയക്കെട്ട് പ്രദേശത്തും പ്രയോജനപ്പെടുന്നു. പ്രധാന കനാലിലും മറ്റും വെള്ളം സുഗമമായി ഒഴുകി പോകുവാനുള്ള സൗകര്യമില്ല. പലഭാഗങ്ങളിലും കനാലിന്റെ ബഡ്‌ലവൽ താഴ്ന്നതായതിനാൽ അവിടങ്ങളിൽ വെള്ളം കെട്ടി നിന്ന് കനാൽ ഭിത്തിക്ക് ഭീഷണിനേരിടുന്നു. ചിറ്റൂർ പുഴ ജലസേചനം കാര്യക്ഷമമാവുന്നതിന് ജനകീയ ഇടപ്പെടലുകൾ ആവശ്യമാണ്.


തോടുകൾ



ജലസേചനം

മുൻകാലങ്ങളിൽ പ്രധാനമായും മഴയെ ആശ്രയിച്ചാണ് കൃഷിചെയ്തു വന്നിരുന്നത്. എന്നാൽ 1955 മുതൽ മലമ്പുഴ ജലസേചനപദ്ധതിയുടെ ജലം പഞ്ചായത്തിൽ എത്തിയതോടെ കാർഷികമേഖലക്ക് മാറ്റം വന്നു. മൂന്നിൽ രണ്ട് ഭാഗം കൃഷിഭൂമിക്കും മലമ്പുഴ പദ്ധതിയുടെ പ്രയോജനം കിട്ടുന്നു. 1967 - ൽ മീങ്കര - ഗായത്രിപ്പുഴ പദ്ധതിയിലൂടെയും 1982 - ൽ ചിറ്റൂർപ്പുഴ പദ്ധതിയിലൂടെ ജലസേചന സൗകര്യം ലഭ്യമായതോടെ പഞ്ചായത്തിലെ മുഴുവൻ കൃഷിഭൂമിയും ഉപയോഗയോഗ്യമായി.

മലമ്പുഴ കനാൽ



മലമ്പുഴ പദ്ധതിയായ ചേരാമംഗലം അണയിലേക്ക് വെള്ളം കൊണ്ടു പോകുന്നത് പല്ലശ്ശന പഞ്ചായത്തിന്റെ തെക്കു ഭാഗത്ത് കൂടി ഒഴുകുന്ന ഗായത്രിപ്പുഴിയിലൂടെയാണ്. പ്രധാന കനാലിന്റെ വാലറ്റം അവസാനിക്കുന്നത് ചിറ്റിക്കാട് കടവിലാണ്. പ്രധാനകനാലും ബ്രാഞ്ചുകനാലും ഫീൽഡ് ബൂത്തി ഇവ. 3-ാം വാർഡ് മുതൽ 10 വാർഡുകളിൽ 15.5. കിലോമീറ്റർ നീളത്തിൽ വ്യാപിച്ചു കിടക്കുന്നു. ഫീൽഡ് ബൂത്തിയും മറ്റും കാഡാ പദ്ധതിയിലുൾപ്പെടുത്തി കോൺക്രീറ്റ് ചെയ്തതിനാൽ ജലനഷ്ടം പരമാവധി കുറയ്ക്കുവാൻ കഴിഞ്ഞു. പ്രധാന കനാലിൽ ഈ രീതിയിൽ കോൺക്രീറ്റ് ചെയ്യാത്തതിനാൽ ഭീമമായ തോതിൽ ജലനഷ്ടം സംഭവിക്കുന്നുണ്ട്.

മീങ്കര കനാൽ



പഞ്ചായത്തിൽ പ്രധാനമായ രണ്ട് തോടുകൾ ഉണ്ട് 6.2 കിലോമീറ്റർ നീളമുള്ള തളൂർ തോടും 1.8 കിലോമീറ്റർ നീളമുള്ള പുളിമ്പറമ്പ് തോടും പഞ്ചായത്തിന്റെ വടക്കേ അതിർത്തിയിൽ കൂടി ഒഴുകുന്ന 3 കിലോമീറ്റർ ദൈർഘ്യമുള്ള ഒന്നാം തൊടും കാർഷിക ഉപയോഗത്തിന് ഉതകുന്നതാണ്. കൂടാതെ താമരപ്പാടത്തു ചെറിയ രണ്ട് തോടുകൾ അധിക ജലം ഒഴുകിപോകാനും മറ്റും കഴിയുന്നുണ്ട്. തോടുകൾ സംരക്ഷിക്കപ്പെടുന്നില്ല. കർഷകരുടെ കയ്യേറ്റം മൂലം തോട് ശോഷിക്കുകയും പലഭാഗങ്ങളിലും വർഷകാലത്ത് വെള്ളകെട്ട് അനുഭവപ്പെടുകയും ചെയ്യുന്നു. തോടുകൾ യഥാവിധി സംരക്ഷിച്ച് കാർഷിക വിളക്ക് നാശം സംഭവിക്കുന്നത് ഒഴിവാക്കേണ്ടിയിരിക്കുന്നു.

കുളങ്ങൾ

വലുതും ചെറുതുമായി 312 കുളങ്ങൾ പഞ്ചായത്തിലുണ്ട്. മുമ്പ് കാലങ്ങളിൽ മഴവെള്ളം സംഭരിച്ച് കൃഷിക്ക് ഉപയോഗിച്ചുകൊണ്ടിരുന്ന കുളങ്ങൾ ജലസേചന സൗകര്യം ലഭിച്ചപ്പോൾ സംരക്ഷിക്കപ്പെടാതെ കിടക്കുന്നു. മിക്ക കുളങ്ങളും മണ്ണ് ഇടിഞ്ഞുതൂർന്ന് ജലസംഭരണശേഷി കുറഞ്ഞു. കുളങ്ങൾ നികത്തി കൃഷി ചെയ്യുന്നതും വിരളമല്ല. പഴമക്കാർ നൽകിയ ഒരു വരദാനമാണ് 312 കുളങ്ങൾ. അത്രയും കുളങ്ങൾ വേണ്ട വിധംസംരക്ഷിച്ച് വെള്ളം നിറച്ചാൽ നാം ഇന്നനുഭവിക്കുന്ന ജലക്ഷാമത്തിന് ഒരു പരിധിവരെ ആശ്വാസമാകും. അതുമാത്രമല്ല കുളങ്ങളെ ആശ്രയിച്ച് മത്സ്യകൃഷി പ്രോത്സാഹിപ്പിക്കാനും കഴിയും.

പഞ്ചായത്തിലെ എറ്റവും വലിപ്പമുള്ള കുളമാണ് ഒക്കണാം കോട് കുളം. വിസ്തീർണ്ണം 2 ഹെക്ടർ 17 ആർ ആണ്. വേനൽക്കാലത്തുപോലും സുഭിക്ഷമായി വെള്ളമുള്ള കുളത്തിന്റെ മദ്ധ്യത്തിൽ ഒരു ശിവക്ഷേത്രം ഉണ്ടായിരുന്നു. ജീർണ്ണിച്ചക്ഷേത്ര കെട്ടിടം ഇപ്പോഴുമുണ്ട്. ഈ കുളം നീന്തൽ പഠിച്ച് ദേശീയതലത്തിൽ എത്തിയ പല പ്രതിഭകൾക്കും ആശ്വാസമായിരുന്നു. ഭൂരിഭാഗം കുളങ്ങളും വേനൽക്കാലത്ത് വറ്റുന്നതാണ്.

പ്രധാനകുളങ്ങൾ പട്ടിക - 9

കുളങ്ങളെ സംബന്ധിച്ച വിവരം

ക്രമ നമ്പർ	വിവരണം	എണ്ണം
1	25 സെൻറിന് താഴെയുള്ള കുളം	112
2	25-50 സെൻറിന് ഇടയിൽ	60
3	50-100 ഇടയിൽ	80
4	1 ഏക്കർ - 2 ഏക്കർ	51
5.	2 ഏക്കറിന് മേൽ	8
6	5 ഏക്കറിന് മേൽ	1
	ആകെ	312

പട്ടിക - 10

ജലവുമായിബന്ധപ്പെട്ട ആസ്തികൾ

ക്രമനമ്പർ	വിസ്തീർണ്ണം /എണ്ണം/	കിലോമീറ്റർ
1.	മലമ്പുഴ കനാൽ	15.5 കിലോമീറ്റർ
2.	ചിറ്റൂർപുഴ കനാൽ	12.3 കിലോമീറ്റർ
3.	മീങ്കര കനാൽ (ഗായത്രി)	1.7 കിലോമീറ്റർ
4.	തോട് / അരുവി	11.0 കിലോമീറ്റർ
5.	കുളം	312 എണ്ണം
6.	കിണർ	61 എണ്ണം
7.	കുഴൽ കിണർ	14 എണ്ണം
8.	ഗായത്രിപ്പുഴ	1.5 കിലോമീറ്റർ.

മണ്ണുജലസംരക്ഷണം

മുൻകാലങ്ങളിൽ വരമ്പ് കെട്ടിയും അതിർത്തികളിൽ മരങ്ങൾ വച്ചു പിടിപ്പിച്ചും മണ്ണു ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയിരുന്നു. ജീവിതക്രമത്തിലെ മാറ്റവും ഭൂമി തുണ്ടവൽക്കരണവും കാർഷിക വൃത്തിയോടുള്ള വിമുഖതയും മണ്ണുജല സംരക്ഷണത്തെ കാര്യമായി ബാധിച്ചു. സാമൂഹ്യവന വൽക്കരണപദ്ധതിപ്രകാരം പഞ്ചായത്തിൽ നിക്ഷിപ്ത വനഭൂമിയിൽ 178. 47 ഹെക്ടർ സ്ഥലത്ത് മരം വച്ച് പിടിപ്പിച്ചിട്ടുണ്ട്.

കൃഷിഭവൻ

പഞ്ചായത്തിൽ ജലസേചനസൗകര്യം ലഭിക്കുന്നതിന് മുമ്പുതന്നെ കൃഷിവകുപ്പിൽ നിന്ന് നാമമാത്രസഹായം ലഭിച്ചിരുന്നു. 1971 മുതൽ "ഏലാ വികസന പരിപാടി"യിലൂടെയും 1987 മുതൽ കൃഷി ഭവനിലൂടെയും സേവനം ലഭ്യമായിട്ടുണ്ട്. മൂന്ന് കൃഷി അസിസ്റ്റൻറുമാരും ഒരു കൃഷി ആഫീസറും ഉള്ള കൃഷിഭവന്റെ പ്രവർത്തനം ഒരു പരിധിവരെ കൃഷിക്കാർക്ക് ആശ്വാസമാണ്.

പ്രശ്നങ്ങൾ

ഉത്പാദന ചെലവിൽ വന്നവർദ്ധനവ്, കർഷകതൊഴിലാളികളുടെ എണ്ണക്കുറവ്, ഉൽപ്പന്നങ്ങൾക്ക് കൃഷി ഉപജീവനമായി സ്വീകരിച്ചവരുടെ എണ്ണക്കുറവ് തുടങ്ങിയവയൊക്കെ നെൽകൃഷിയുടെ ഉൽപാദനം കുറയുന്നതിന് കാരണമായി.

തെങ്ങുകൃഷിയാകട്ടെ അനുവർത്തിച്ചുവരുന്ന നാടൻ രീതിയിലുള്ള കൃഷിയും, പരിപാലിക്കുന്നതിലുള്ള അനാസ്ഥയും ഉൽപ്പന്ന വിലയിടിവും ജലസേചന സൗകര്യകുറവും ഉൽപ്പന്നകുറവിനെ ബാധിച്ച ഘടകങ്ങളാണ്.

രാസവളപ്രയോഗം അശാസ്ത്രീയവും അമിതവുമാണ്. ശാസ്ത്രീയരീതിയിലുള്ള വളപ്രയോഗത്തിന് മണ്ണുപരിശോധന, വിദഗ്ദ്ധ ഉപദേശം എന്നിവ ഇല്ലാത്തത് ഉൽപ്പാദന കുറവിന് കാരണമാകുന്നു. ജൈവവള അപര്യാപ്തത മണ്ണിന്റെ ഘടനയെ തന്നെ പലയിടങ്ങളിലും ബാധിച്ചിട്ടുണ്ട്.

ഫലപ്രദമായി മണ്ണുജലസംരക്ഷണ പ്രവർത്തനങ്ങൾ ചെയ്യാത്തതിനാൽ ഒരു അളവുവരെ മണ്ണൊലിപ്പ് ഉണ്ട്. കുന്നിൻ പ്രദേശങ്ങളിലെ ചെരിവ് ഭാഗത്ത് കശുമാവ് കൃഷിക്ക് യോജ്യമാണെന്ന് കണ്ടിട്ടുണ്ട്. അവിടെ ശാസ്ത്രീയനിരീക്ഷണത്തിന് വിധേയമാക്കി അതിന്റെ സാധ്യതകൾ ഉപയോഗ പ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

വേനൽകാലത്ത് വ്യാപകമായി കൃഷിചെയ്തു വന്നിരുന്ന പച്ചക്കറി കൃഷി കുറഞ്ഞുവരികയാണ്. ശരിയായ രീതിയിലുള്ള ജലസേചനസൗകര്യം ലഭിക്കാതെ വരികയും ജൈവവളലഭ്യതകുറവും ഉൽപ്പന്നങ്ങൾക്ക് മതിയായ വില കിട്ടാത്തതും ഇവയുടെ ഉൽപ്പാദനം കുറയാൻ കാരണങ്ങളാണ്.

ആധുനിക കൃഷി ഉപകരണങ്ങൾ വ്യാപകമായ തോതിൽ ഉപയോഗിച്ചുതുടങ്ങിയിട്ടില്ല. ഭൂമി തുണ്ടുകളാക്കിമാറ്റിയത് ഇതിനൊരു തടസ്സമാണെങ്കിലും കൃഷിക്കാരുടെ യോജിച്ച പ്രവർത്തനങ്ങളിലൂടെ ഇനിയും സാധ്യതകൾ ധാരാളമുണ്ട്.

പഞ്ചായത്തിലെ ഒന്ന് മുതൽ നാലുവരെയുള്ള വാർഡുകൾക്ക് ജലസേചനം പൂർണ്ണമായും മീങ്കര, ചിറ്റൂർപ്പുഴ പദ്ധതിയിലൂടെ മാത്രമാണ് കാനാലിന്റെ അറ്റകുറ്റപണി യഥാവസരം ചെയ്യാത്തതും അശാസ്ത്രീയമായി കനാൽ നിർമ്മാണം വെള്ളത്തിന്റെ ഒഴുക്ക് തടഞ്ഞ് കെട്ടിനിന്ന് ഏറെ നഷ്ടം സംഭവിക്കുന്നതുമൂലം നെൽപാടങ്ങളിൽ വെള്ളം യഥാസമയം ലഭിക്കാത്തതും ഉൽപാദന കുറവിന് കാരണമാണ്.

ആവശ്യമായ സന്ദർഭങ്ങളിൽ സങ്കരയിനം വിത്തുകൾ ലഭിയ്ക്കാതെ വരിക, വിദഗ്ദ്ധ ഉപദേശങ്ങൾ കിട്ടായ്ക സർക്കാരിൽ നിന്നുള്ള ആനുകൂല്യങ്ങളെ സംബന്ധിച്ചുള്ള അറിവില്ലായ്മ തുടങ്ങിയവയെല്ലാം പലപ്പോഴും കൃഷിയുടെ പുരോഗതിക്ക് തടസ്സമായി നിൽക്കുന്നു.

പ്രശ്ന പരിഹാര നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ മൺതരങ്ങൾ ഏറിയ കൂറും അമ്ല സ്വഭാവമുള്ളതിനാൽ മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ ആവശ്യമായ തോതിൽ കുമ്മായം ചേർത്ത് അമ്ലത്തെ നിർവ്വീര്യമാക്കണം. ഇതിനുള്ള പഠനവും ബോധവൽക്കരണവും നടത്തണം. ഒരു ഹെക്ടറിന് 500-600 കിലോഗ്രാം എന്ന തോതിലാണ് കുമ്മായം ചേർക്കേണ്ടത്.
2. ആകെ കൃഷിയോഗ്യമായ 2438.45 ഹെക്ടറിൽ 1759.55 ഹെക്ടർ സ്ഥലത്താണ് നെൽ കൃഷി ചെയ്യുന്നത്. ജൈവ വളത്തിന്റെ പ്രാധാന്യവും ലഭ്യതയും കണക്കിലെടുത്ത് പച്ചിലവളച്ചെടി കൃഷിക്കായി നൽകുന്ന വിത്തിന്റെ വിലയുടെ സബ്സിഡി കിലോഗ്രാമിന് വിലയുടെ 50% എന്നുള്ളത് 85% ആക്കി ഉയർത്തണം. കൂടാതെ കമ്പോസ്റ്റ്വളം നിർമ്മാണത്തിനാവശ്യമായ കുഴി എടുക്കുന്നതിന്റെ ചിലവ് പൂർണ്ണ സബ്സിഡിയായി നൽകണം. അതോടൊപ്പം ജൈവവളത്തിന്റെ ലഭ്യത വർദ്ധിപ്പിക്കാൻ നെൽകൃഷിക്കാർ ക്ഷീരകർഷകർ കൂടി ആയി മാറേണ്ടതാണ്.
3. നിലവിലുള്ള മണ്ണു പരിശോധന രീതിയുടെ അപര്യാപ്തതയും അപ്രയോഗികതയും കണക്കിലെടുത്ത് പഞ്ചായത്ത് തലത്തിൽ ഒരു മണ്ണ് പരിശോധനാ കേന്ദ്രം സ്ഥാപിക്കേണ്ടതും കഴിയാവുന്നത്ര കർഷകർക്ക് ഇതിന്റെ സാങ്കേതിക പരിശീലനം നൽകേണ്ടതും ആണ്. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ ആവശ്യമായ തോതിൽ മാത്രം രാസവള പ്രയോഗം കൃത്യസമയത്ത് നടത്താൻ കർഷകരെ പ്രേരിപ്പിക്കേണ്ടതാണ്.
4. അത്യുത്പാദനശേഷിയുള്ള മേത്തരം വിത്തിനങ്ങളുടെ ദൗർലഭ്യം പരിഗണിച്ച് പഞ്ചായത്തിലെ തിരഞ്ഞെടുക്കപ്പെട്ട കർഷകർക്ക് ആവശ്യമായ സഹായങ്ങളും നിർദ്ദേശങ്ങളും നൽകി പഞ്ചായത്തിനാവശ്യമായ വിത്ത് കൃഷിഭവൻ ഉദ്യോഗസ്ഥരുടെ മേൽ നോട്ടത്തിൽ ഉത്പാദിപ്പിച്ച് ഇതര കർഷകർക്ക് വിതരണം ചെയ്യേണ്ടതാണ്.
5. നിലവിൽ പാടശേഖര സമിതികൾക്ക് സബ്സിഡി നിരക്കിൽ കൊടുത്തു വരുന്ന ട്രാക്ടറുകളുടെ വിനിയോഗം തൃപ്തികരമല്ലാത്തതിനാൽ കൃഷിഭൂമിയുടെ അളവ് നോക്കാതെ ആവശ്യമായ കൃഷിക്കാർക്കും മറ്റു തൊഴിലന്വേഷണകർക്കും സബ്സിഡി നിരക്കിൽ ട്രാക്ടർ നൽകേണ്ടതാണ്.
6. കീടനാശിനികളുടെ അനിയന്ത്രിതമായ ഉപയോഗം കുറയ്ക്കുന്നതിന് സംയോജിത കീടനിയന്ത്രണ പരിപാടികളെക്കുറിച്ച് കൃഷിക്കാരെ ബോധവാൻമാരാക്കുകയും കീടനാശിനി, കളനാശിനി എന്നിവയ്ക്കുള്ള സബ്സിഡി കാലോചിതമായി പരിഷ്ക്കരിക്കുകയും വേണം.

7. കുറ്റിപമ്പ്, പവർസ്പ്രെയർ, പമ്പ്സെറ്റ് എന്നിവ കൂടാതെ കയ്ക്കോട്ട്, കൊടുവാൾ, അരിവാൾ തുടങ്ങിയ കാർഷികോപകരണങ്ങൾ കൂടി കൃഷിക്കാർക്ക് സബ്സിഡി നിരക്കിൽ ലഭ്യമാക്കണം.
8. കർഷകതൊഴിലാളികളുടെ ക്ഷാമം പരിഗണിച്ച് ഒരു കൃഷിഭവന്റെ കീഴിൽ ഒരു മെതിയന്ത്രം ഒരു നടീൽ യന്ത്രം ഒരു കൊയ്ത്തുയന്ത്രം എന്നിവ വാടകയ്ക്ക് (Hire) കൊടുക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.
9. പാടശേഖര സമിതികൾക്ക് ആവശ്യാനുസരണം പൊതു കോൺക്രീറ്റ് കറ്റക്കളങ്ങൾ നിർമ്മിക്കുന്നതിന് പൂർണ്ണ സബ്സിഡി നൽകേണ്ടതും ഇതിനാവശ്യമായ മനുഷ്യാദ്ധ്വാനം കർഷകരിൽ നിന്നും ലഭ്യമാക്കേണ്ടതുമാണ്.
10. പാടശേഖര സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി സമിതികളുടെ രജിസ്ട്രേഷൻ, ജനറൽബോഡി, പുതുക്കൽ തുടങ്ങിയ പ്രധാന പ്രവർത്തനങ്ങൾ പഞ്ചായത്തിന്റെയും കൃഷിഭവന്റെയും അറിവോടുകൂടി ആയിരിക്കണം (പ്രസിഡൻറ്/വാർഡ് മെമ്പർ, കൃഷി ഓഫീസർ / ഡെമോൺ ട്രേറ്റർ എന്നിവർ ആരെങ്കിലും ഈ യോഗങ്ങളിൽ പങ്കെടുക്കേണ്ടതാണ്).
11. ചെറുകിട - നാമമാത്രകർഷകർക്ക് വിത്തുസംഭരണികൾ, ടാർപോളിൻ എന്നിവ പൂർണ്ണ സബ്സിഡിയോടുകൂടി വിതരണം ചെയ്യണം.
12. നെല്ലുത്പാദന ബോണസ് യഥാസമയം കാലോചിതമായി പരിഷ്ക്കരിച്ച് നൽകേണ്ടതാണ്.
13. ജലസേചന കനാലുകളുടെ വാലറ്റ പ്രദേശങ്ങളിലൂടെ ഒഴുകുന്ന തോട്, പുഴ എന്നിവയിൽ ആവശ്യമായ ഇടങ്ങളിൽ തടയണകൾ നിർമ്മിച്ച് ജലം പാഴാവുന്നത് ഒഴിവാക്കണം. ചെങ്കുത്തായ തോട്ടു വരമ്പുകൾക്കിരുപുറവും ഉൾഭാഗം കരിങ്കൽ ഭിത്തികെട്ടി സംരക്ഷിക്കണം.
14. ഇനിയും 'കാഡ' പദ്ധതിയിൽ ഉൾപ്പെടുത്തി കോൺക്രീറ്റ് ചെയ്യാത്ത ഫീൽഡ് ബൂത്തികൾ മെയിൻകനാൽ എന്നിവ കോൺക്രീറ്റ് ചെയ്ത് ജലനഷ്ടം ഒഴിവാക്കണം.
15. ജലസേചനത്തിന് സൗകര്യമുള്ളതും ഒരു പാടശേഖരത്തിന്റെ തലക്കെട്ട് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതുമായ കുളങ്ങൾ അറ്റകുറ്റ പണികൾ ചെയ്ത് ജലസേചനയോഗ്യമാക്കണം.
16. തെങ്ങുകൃഷിയുടെ വ്യാപനത്തിനായി നല്ലയിനം തൈതെങ്ങിൻ തൈകൾ സബ്സിഡി ഇനത്തിൽ വിതരണം ചെയ്യണം. സമഗ്രനാളികേര വികസപദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്ന എല്ലാ പദ്ധതികളും പാലക്കാട് ജില്ലയിലും നടപ്പിലാക്കണം.
17. കേന്ദ്ര ഗവൺമെൻറ് സ്ഥാപനമായ കോക്കനട്ട് ഡവലപ്മെൻറ് ബോർഡ് നടപ്പിലാക്കി വരുന്ന നാളികേര വികസന പദ്ധതികളുടെ പ്രയോജനം കൂടുതൽ കൃഷിക്കാർക്ക് ലഭ്യമാക്കാനായി അതിന്റെ അപേക്ഷാഫോറം പ്രാദേശിക ഭാഷകളിലാകുകയും പദ്ധതി നടത്തിപ്പിനുള്ള തുക ഗ്രാമപഞ്ചായത്തുകളെ ഏൽപ്പിക്കുകയും വേണം.
18. തെങ്ങു കൃഷിക്ക് ജലസേചനത്തിനായി സ്ഥാപിക്കുന്ന എല്ലാതരം കിണറുകൾക്കും പമ്പുസെറ്റുകൾക്കും സബ്സിഡി അനുവദിക്കുകയും ആയത് കാലോചിതമായി പരിഷ്ക്കരിക്കുകയും വേണം.
19. നമ്മുടെ പ്രധാന ഭക്ഷ്യവിളകളിൽ ഒന്നായ മരച്ചീനികൃഷി, വർദ്ധിച്ചകൃഷിചെലവിന്റെ അടിസ്ഥാനത്തിൽ അപ്രത്യക്ഷമായി കൊണ്ടിരിക്കുകയാണ്. ഈ കൃഷി വർദ്ധിപ്പിക്കുന്നതിനായി ആവശ്യമായ പ്രോത്സാഹന സഹായങ്ങൾ നൽകുകയും സാധ്യതയുള്ള സ്ഥലങ്ങളിൽ മരച്ചീനി കൃഷി പ്രോത്സാഹിപ്പിക്കുകയും വേണം.
20. വാഴകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നമ്മുടെ പഞ്ചായത്തിലെ അനുയോജ്യമായ സ്ഥലങ്ങളിൽ വാഴകൃഷി ചെയ്യുന്നചിന് പ്രേരണ നൽകേണ്ടതാണ്.
21. കാലവർഷാരംഭത്തിൽ നമ്മുടെ വയൽ വരമ്പുകളിൽ തുവര, പയർ, വഴുതിന, വെണ്ട എന്നിവ വ്യാപകമായി കൃഷി ചെയ്യുന്നതിന് മേത്തരം വിത്തിനങ്ങളുടെ ചെറു പായ്ക്കറ്റുകൾ കർഷകർക്ക് വിതരണം ചെയ്യേണ്ടതാണ്.

22. വീതിയുള്ള വരമ്പുകളിലും സാധ്യതയുള്ള പറമ്പുകളിലും മുതിര, ഉഴുന്ന് എന്നിവയുടെ കൃഷി പ്രോത്സാഹിപ്പിക്കണം.
23. സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള തരിശുനിലങ്ങളിൽ മാവ്, കശുമാവ് എന്നിവ കൃഷി ചെയ്യുന്നതിന് കൂലി ചിലവിൽ ഒരു ഭാഗം സബ്സിഡിയായി നൽകണം.
24. കാവത്ത്, ചേന, ചേമ്പ്, കൂവ, തുടങ്ങിയവ വ്യാപകമായ തോതിൽ കൃഷി ചെയ്യുന്നതിന് പ്രേരിപ്പിക്കുകയും, കാലവർഷാരംഭത്തിൽ കാവത്ത് വേലിയരുകിൽ കൃഷിചെയ്യുക എന്നുള്ള ശീലം വളർത്തിയെടുക്കുകയും ചെയ്യണം. ചേന തണൽ മരങ്ങൾക്കിടയിലും കൃഷിചെയ്യാവുന്നതാണ്.
25. പറ്റിയ സ്ഥലങ്ങളിൽ വാണിജ്യാടിസ്ഥാനത്തിൽ പൂകൃഷി പ്രോത്സാഹിപ്പിക്കണം. സാങ്കേതിക വിദ്യയും സഹായവും ലഭ്യമാക്കണം. വീടുവളപ്പിൽ സ്വന്തം ആവശ്യത്തിനും അലങ്കാരത്തിനുമായി പൂകൃഷി ചെയ്യുന്നതിനുള്ള പ്രേരണയും പ്രോത്സാഹനവും വീട്ടമാർക്ക് നൽകണം.
27. വർദ്ധിച്ചുവരുന്ന ആയുർവേദ ഔഷധങ്ങളുടെ ഉപഭോഗം ഔഷധച്ചെടി കൃഷിക്ക് പ്രേരണയാകണം. സാദ്ധ്യതയുള്ള പറമ്പുകളിലും വീട്ടുവളപ്പിലും ഔഷധച്ചെടികൃഷി പ്രോത്സാഹിപ്പിക്കാൻ നടീൽ വസ്തുക്കൾ, സാങ്കേതിക വിദ്യ, (കൃഷിരീതി) എന്നിവ ലഭ്യമാക്കുന്നതോടൊപ്പം ഇത് ആവശ്യമായ സബ്സിഡിയും നൽകണം.
28. ചിറ്റൂർ പുഴ പ്രോജക്ടിന്റെ കനാലുകൾ അറ്റുകുറ്റ പണികൾ ചെയ്ത് നീരൊഴുക്കിന്റെ തടസ്സം ഒഴിവാക്കണം. എല്ലാ ജലസേചനപദ്ധതികളിൽ നിന്നും കൃഷിക്കാവശ്യമുള്ളപ്പോൾ ജലം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.
29. കൂൺകൃഷി വീട്ടുവളപ്പിൽ കൃഷിചെയ്യുന്നതിനാവശ്യമായ വിത്ത്, സാങ്കേതിക പരിജ്ഞാനം എന്നിവ നൽകുകയും വേണം.

എല്ലുമുറിയെ പണിചെയ്താൽ പല്ലുമുറിയെ തിന്നാം.





ഒരു തേങ്ങയിൽ നിന്ന് മൂന്നു മുളകൾ

പുത്തൻ സാങ്കേതിക വിദ്യയുടെ പ്രയോഗം ഉദ്ദേശിച്ച ഫലം കൈവരിക്കണമെങ്കിൽ നല്ല ഗുണമേൻമയും ക്ഷമതയുമുള്ള മൃഗങ്ങളെ വളർത്തുന്നതിനോടൊപ്പം തന്നെ പോഷകസമൃദ്ധമായ കാലിത്തീറ്റ ചുരുങ്ങിയ വിലയ്ക്കുതന്നെ പഞ്ചായത്തു തലത്തിൽ എത്തിച്ചുകൊടുക്കാൻ ശ്രമിക്കണം. അതിന്നുള്ള സംവിധാനം പഞ്ചായത്ത് ഉടൻ നടപ്പിലാക്കിയേ തീരൂ. ഈ കാര്യത്തിൽ നമുക്ക് സഹകരണ സംഘത്തിന്റെ സഹായം കൂടി തേടാവുന്നതാണ്.

കാലിത്തീറ്റയുല്പാദിപ്പിക്കാനായി പരുക്കൻ ധാന്യങ്ങളായ ചാമ, കോറ, മുതലായവ നമ്മുടെ പഞ്ചായത്തിൽ തരിശായി കിടക്കുന്ന (കുന്നിൻ ചരിവുകൾ) പ്രദേശങ്ങളിൽ കൃഷി ചെയ്തെടുക്കാവുന്നതുമാണ്. അതുപോലെ പഞ്ചായത്തിൽ ഉണ്ടാവുന്ന കൊപ്രയാട്ടിക്കിട്ടുന്ന പിണ്ണാക്കും സംഭരിച്ചാൽ കാലിത്തീറ്റ ഉല്പാദനത്തിന്നു സഹായകമായിരിക്കും. ഇതിനെല്ലാമുള്ള കാര്യങ്ങൾ പഞ്ചായത്ത് മുൻഘടനാടിസ്ഥാടത്തിൽ ആലോചിച്ചു നടപ്പിലാക്കിയാൽ നന്നായിരിക്കും. ബഹു രാഷ്ട്രകുത്തകകളും കുത്തക വ്യവസായികളും അടക്കിവാഴുന്ന വിപണി തിരിച്ചു പിടിക്കാൻ ഇതിൽ നിന്നുകൊണ്ട് ഇത്തരം പ്രവർത്തനങ്ങൾ ക്ഷീരകർഷകരെ ഒരുതിരുവരെ സഹായിക്കാനും സാധിക്കും.

പഞ്ചായത്തിലെ വളർത്തുമൃഗ / പക്ഷിസംഖ്യാവിവരം

പശു	2671	എണ്ണം
കാള	302	"
എരുമ	209	"
പോത്ത്	103	"
കോലാട്	733	"
ചെമ്മരിയാട്	23	"
മുയൽ	18	"
കോഴി നാടൻ	9683	"
കോഴി മേൽത്തരം	104	"
ടർക്കി	7	"
കാട	17	"

ഗ്രാമസഭയിലുന്നയിച്ച നിർദ്ദേശങ്ങൾ.

1. മടത്തിൽ കളത്തിലും 8, 10 വാർഡുകളിലും ഓരോ ക്ഷീരസഹകരണ സംഘവും 3-ാം വാർഡിലൊരു വനിതാ ക്ഷീരസഹകരണസംഘവും വേണം.
2. പശു, ആട്, കോഴി വളർത്താനുള്ള ധനസഹായം ലഭ്യമാക്കണം.
3. കന്നുകാലികൾക്ക് യഥാസയമം പ്രതിരോധ കുത്തിവെപ്പ് മുൻകൂട്ടി പ്രചരണം നടത്തിയശേഷം നടപ്പിലാക്കണം.
4. പല്ലാവൂരിലെ സബ്സെൻറർ വിപുലീകരിച്ച് ഡോക്ടറെ നിയമിക്കണം.
5. 4 ഉം 5 ഉം വാർഡുകൾ കേന്ദ്രമാക്കി ഒരു മൃഗാശുപത്രി സ്ഥാപിക്കുക.
6. കന്നുകാലികൾക്ക് സൗജന്യ ഇൻഷൂറൻസ് പദ്ധതി നടപ്പിലാക്കുക.
7. വൈക്കോലിന് മാർക്കറ്റു സംവിധാനം പഞ്ചായത്തിന്നകത്തുണ്ടാക്കുക.
8. തല്ലുമന്ദിലെ ആലത്തൊഴുത്ത് പ്രവർത്തനം കാര്യക്ഷമമാക്കുക.

6. വൈക്കോൽ പുഷ്ടീകരണത്തിന് ബോധവല്ക്കരണം നടത്തുക.

കോഴി വളർത്തലിനുവേണ്ട അനുകൂല സാഹചര്യങ്ങൾ ഏറെയുണ്ടായിട്ടും ബോധവൽക്കരണ കുറവു കാരണമെന്നു പറയാം കോഴി വളർത്തൽ കുറഞ്ഞിരിക്കുന്നു. ഈ കുറവ് പരിഹരിച്ച് ആളുകളെ കൂടുതൽ ആകർഷിക്കാനുള്ള സംവിധാനങ്ങൾ ഉണ്ടാക്കണം.

പഞ്ചായത്തിൽ കോഴിത്തീറ്റയുണ്ടാക്കുന്നതിനുള്ള സംവിധാനമുണ്ടാക്കി കോഴിമുട്ട ന്യായമായവിലക്കു വാർഡുതലത്തിൽ വിതരണം ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കണം.

പ്രധാന പ്രശ്നങ്ങൾ

1. പശു പരിപാലനത്തിന് ബോധവൽക്കരണക്കുറവ്.
2. ഉല്പാദിപ്പിക്കുന്ന പാൽ മുഴുവൻ വില്ക്കുന്നതിനു വിപണിയില്ലായ്മ.
3. ഉല്പാദനച്ചിലവിനനുസരിച്ചു വില കിട്ടുന്നില്ല.
4. കാലിവളർത്തുന്നതിനുള്ള സാമ്പത്തിക സഹായം യഥാസമയം ലഭിക്കുന്നില്ല.
5. മൃഗ ചികിത്സക്കുള്ള സൗകര്യങ്ങളുടെ അപര്യാപ്തത.

സാധ്യതകൾ

1. വാർഡടിസ്ഥാനത്തിൽ ഒരു പാൽ സംഭരണസൊസൈറ്റി സ്ഥാപിക്കുകയും ഉല്പാദിപ്പിക്കുന്ന മുഴുവൻ പാലും ശേഖരിക്കാനുള്ള നടപടികൾ സ്വീകരിക്കുക,
2. മിച്ചം പാല് - മോര്, വെണ്ണ, നെയ്യ് എന്നിവയുണ്ടാക്കി മാറ്റാനുള്ള സംവിധാനം പഞ്ചായത്തിടിസ്ഥാനത്തിൽ നടപ്പിലാക്കുക, പാലിൽ നിന്നുണ്ടാക്കുന്ന ഉല്പന്നങ്ങൾക്ക് വിപണന സൗകര്യം ഏർപ്പെടുത്തുക.
3. സഹകരണസംഘം മുഖേന ന്യായവിലക്ക് കാലിത്തീറ്റ വിതരണം ചെയ്യുക.
4. തീറ്റപുൽ കൃഷി വിപുലീകരിക്കുക.
5. ജലസേചന സൗകര്യമുള്ള മൊത്തം കൃഷി സ്ഥലത്തിന്റെ 10% മെങ്കിലും ഹ്രസ്വകാലവിളകൾ നടത്തേണ്ടതാണ്. ഒന്നാം വിള കഴിഞ്ഞു കൃഷിയിറക്കാത്ത കൃഷിയിടങ്ങളിലും ഹ്രസ്വകാല വിളകൾ നടത്താൻ ശ്രമിക്കണം.
6. പഞ്ചായത്തിലെ മൃഗാസ്പത്രികളിൽ സ്ഥിരം ഡോക്ടറെ നിയമിച്ച് പ്രവർത്തനം കാര്യക്ഷമമാക്കുക.
7. കോഴി വളർത്തലിന് സഹകരണ സംഘം രൂപീകരിക്കുക.
8. സങ്കരയിനം കന്നു കുട്ടികൾക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകുക.
9. കാലിത്തൊഴുത്തുകൾ ശുചിയാക്കി സൂക്ഷിക്കാനുള്ള ബോധവൽക്കരണം നടത്തുക.

അമിതരാസവള പ്രയോഗത്തിന് നിർബന്ധിതരാക്കുന്നു. ചുരുക്കം ചില കർഷകർ കൃഷിഭവന്റെ സഹകരണത്തോടെ മണ്ണു പരിശോധനയും വളപ്രയോഗവും ചെയ്തു വരുന്നു. രാസവള വില്പനയുടെ വിവരം താഴെചേർക്കുന്നു.

പട്ടിക - 6

വർഷം	നൈട്രജൻ എൻ	ഫോസ്ഫേറ്റ് പി.	പൊട്ടാഷ് കെ.
1990	10.8 ടൺ	6.8 ടൺ	6.8 ടൺ
1991	11.4 ടൺ	8.4 ടൺ	8.4 ടൺ
1992	13.4 ടൺ	9.2	9.2
1993	14.8 ടൺ	10.6 ടൺ	10.6 ടൺ
1994	14.6 ടൺ	11.2 ടൺ	11.2 ടൺ
1995	18.8 ടൺ	14.2 ടൺ	14.2 ടൺ

കീടനാശിനികൾ

നെല്ല്, വാഴ, പച്ചക്കറി എന്നീ വിളകൾക്കാണ് പ്രധാനമായും കീടനാശിനികൾ ഉപയോഗിച്ചുവരുന്നത്. അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങളുടെ വരവോടുകൂടിയാണ് കീടനീശിനിപ്രയോഗം അധീകരിച്ചത്. എന്നാൽ കീടനാശിനി തളിക്കുമ്പോൾ സ്വീകരിക്കേണ്ട മുൻ കരുതലുകളോ ശാസ്ത്രീയമായ രീതിയോ പരിഗണിക്കുന്നില്ല. കൃഷിക്കാരുടെ അറിവില്ലായ്മ ഇതിന് കാരണമാണ്. കൃഷി ഭവന്റെ ഇടപെടൽ മൂലം ഇപ്പോൾ ഫലപ്രദമായി കീടനാശിനി പ്രയോഗം വ്യാപിച്ചു വരുന്നുണ്ട്.

കാർഷികോപകരണങ്ങൾ

പഞ്ചായത്തിലെ അറുപതു ശതമാനത്തോളമുള്ള നെൽകൃഷിക്ക് മുൻകാലത്ത് കന്നുകാലികളെ ഉപയോഗപ്പെടുത്തി കരി, നുകം, ചവിട്ടുമരം, മുഴച്ചി, ഊർച്ച പനയേരി തുടങ്ങിയ കാർഷികോപകരണങ്ങൾ പ്രയോഗത്തിലുണ്ടായിരുന്നു. ട്രാക്ടറിന്റെ വരവോടെ ഇത്തരം കാർഷികോപകരണങ്ങൾ അപ്രത്യക്ഷമായി. പാടശേഖരകമ്മറ്റികൾക്ക് 51 കുറ്റിപമ്പ്, 12 പവർ സ്പേയർ, 2 ടില്ലർ, 1 ട്രാക്ടർ ഇവ കൃഷി ഭവൻ മുഖേന നൽകിയിട്ടുണ്ട്.

പാടശേഖര സമിതികൾ

കൃഷിഭവന്റെ ആഭിമുഖ്യത്തിൽ കർഷകരെ കൂട്ടിയോജിപ്പിച്ചുകൊണ്ട് പാടശേഖര സമിതികൾ പ്രവർത്തിച്ചുവരുന്നു. 33.പാടശേഖരസമിതി രജിസ്റ്റർ ചെയ്തിട്ടുണ്ട്. പലതും വേണ്ടത്രഫലപ്രദമായ രീതിയിലല്ല പ്രവർത്തിക്കുന്നത്.

പാടശേഖരം	ഒന്നാംവിള	രണ്ടാംവിള	മൂന്നാംവിള
1 ചിറക്കൽകുളം	നെല്ല്, ഇഞ്ചി	നെല്ല്	പച്ചക്കറി, മരച്ചീനി
2 പാറക്കുളം	〃 〃	1	—
3. താഴെപ്പാടം.	〃 വാഴ	〃	—

27	കരിവോട്ട്പാടം	നെല്ല്	നെല്ല്	
28	വിരിപ്പോട്	"	"	
29	തെക്കുംപുറം – പല്ലാവൂർ	"	"	
30	ആനശ്ശേരി	"	"	
31	കുപ്പൻപൊറ്റ	നെല്ല്, വാഴ	നെല്ല്, വാഴ	പച്ചക്കറി
32	അണ്ണക്കോട് – മുരുകുളി	നെല്ല്	നെല്ല്	പച്ചക്കറി
33	മഠത്തിൽകളം	നെല്ല്, ഇഞ്ചി	നെല്ല്, ഇഞ്ചി	പച്ചക്കറി

ഒരു നാളികേര വികസന സമിതി തുടങ്ങാൻ ശ്രമം നടക്കുന്നുണ്ട്.

കൂലിനിരക്ക്

കാർഷിക മേഖലയിൽ തൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരികയാണ്. വിദ്യാഭ്യാസ പുരോഗതി, ഇതരമേഖലകളെ അപേക്ഷിച്ചുള്ള കൂലികുറവ്, കാർഷികവൃത്തിയോടുള്ള ആഭിമുഖ്യ കുറവ് തുടങ്ങിയവയും ഇതിനുള്ള കാരണമായി തീർന്നു. 5884 കർഷക കുടുംബങ്ങളുള്ളതിൽ 2420 കുടുംബങ്ങൾ മാത്രമേ കൃഷിയെ ഉപജീവനമാർഗ്ഗമായി ആശ്രയിക്കുന്നുള്ളു. 6155 പേർ കർഷകതൊഴിലാളികളായി പഞ്ചായത്തിൽ ഉണ്ട്. പുരുഷന് 40 രൂപയും സ്ത്രീക്ക് 30 രൂപയം മിനിമം കൂലി നിശ്ചയിച്ചിരിക്കുന്നു എങ്കിലും കാലാനുസരണമായ നേരിയ കൂലി വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇപ്പോൾ പുരുഷൻമാർക്ക് 50 രൂപയും സ്ത്രീകൾക്ക് 35 രൂപയുമാണ്.

കാർഷിക വായ്പ

പഞ്ചായത്തിൽ ഒരു സഹകരണബാങ്കും രണ്ട് സ്വകാര്യ അംഗീകൃത ബാങ്കുകളും പ്രവർത്തിച്ചുവരുന്നു. ബാങ്കിന്റെ പ്രയോജനം കൃഷിക്കാർക്ക് ലഭ്യമാകുന്നുണ്ട്. വ്യാപകമായിട്ടല്ലെങ്കിലും കാർഷിക ആവശ്യത്തിന് അനുവദിക്കുന്ന തുക മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന പ്രവണത ഉണ്ട്. ചിറ്റൂർ കാർഷിക വികസനബാങ്കിന്റെ പ്രയോജനവും പഞ്ചായത്തിലെ കൃഷിക്കാർക്ക് കിട്ടുന്നു. ഒരു ഹെക്ടറിന് ശരാശരി 8000 രൂപ നൽകിവരുന്നുണ്ട്. പഞ്ചായത്തിലെ സഹകരണ ബാങ്ക് അനുവദിച്ച വായ്പാവിവരം മാത്രമേ ലഭ്യമായിട്ടുള്ളു.

പട്ടിക - 8

1995- ൽ അനുവദിച്ച് നൽകിയത്

(അവലംബം - വിവരശേഖരണം)

ക്രമ നമ്പർ	ഇന വിവരം കാർഷിക വായ്പ	അനുവദിച്ച സംഖ്യ .
1	ചെറുകിട കർഷകർക്ക് (ഹെക്ടറിന് താഴെ)	1542 400- 00
2.	വലിയ കൃഷിക്കാർക്ക് - 1. ഹെക്ടറിന് മേൽ	400957 - 00
	ആകെ	19,43 357 -00

5-2 മൃഗസംരക്ഷണം

ഒരുകാലത്ത് മൃഗസമ്പത്തിന്റെ കാര്യത്തിൽ സമ്പുഷ്ടമായിരുന്നു നമ്മുടെ പഞ്ചായത്ത്. അതിന്നു സഹായകമായ വിധത്തിൽ മേച്ചിൽ സ്ഥലങ്ങൾ ഉണ്ടായിരുന്നു.

കർഷകർ ഉഴവിനായി പോത്ത്, എരുമ, കാള എന്നിവയേയും സ്വന്തം ആവശ്യത്തിന് പശു,ആട് എന്നിവയേയും വളർത്തിവന്നിരുന്നു. കർഷകത്തൊഴിലാളികൾ അവരുടെ ഒരു നിക്ഷേപമെന്നനിലയിൽ ചെറു കന്നുകുട്ടികൾ, പോത്തുകുട്ടികൾ, പശുക്കുട്ടികൾ എന്നിവ വാങ്ങി വളർത്തിവന്നിരുന്നു. ഇതിന് സാമ്പത്തികശേഷിയില്ലാത്തവർ കന്നുള്ളവരിൽ നിന്ന് കന്നുകുട്ടികളെ വിലനിശ്ചയിച്ച് വളർത്തുന്നതിനു കൊണ്ടുപോകും. അതേപോലെ കൃഷിയുടമയുടെ കയ്യിലുള്ള കന്നുകൾ മേൽ പറഞ്ഞവിധം സ്വന്തം പണിയാളുകൾക്കു കൊടുക്കുകയും പതിവായിരുന്നു. ഇങ്ങിനെ കിട്ടുന്ന ഉരു വിൽക്കുമ്പോൾ നാട്ടാർ കാണുന്ന വിലയിൽ നിന്നു നേരത്തെ നിശ്ചയിച്ച വിലകഴിച്ചു ബാക്കി വരുന്ന തുകയിലെ ഒരു ഭാഗം പകുതി ഉരു വളർത്തിയ ആൾക്കു കൊടുക്കുന്നു. ഇതേപോലെ കറവ വറ്റിയ പശുവിനെയും വളർത്താൻ കൊടുക്കുക പതിവായിരുന്നു. ഉരു വളർത്തുവാൻ കൊടുക്കുമ്പോൾ ഒരു കുട്ടിയും കൂടെയുണ്ടാവും. അടുത്ത പ്രാവശ്യം പ്രസവം കഴിഞ്ഞാൽ പശു ഉടമസ്ഥാനും വളർത്താൻ കൊടുക്കുമ്പോളുണ്ടായിരുന്ന കുട്ടി കന്നുവളർത്തിയ ആർക്കും കൊടുക്കുക പതിവാണ്. ഇത് മക്കപ്പാതി (മക്കൾ പാതി) എന്നപേരിലറിയപ്പെട്ടിരുന്നു.

കാർഷികരംഗത്തെ യന്ത്രവൽക്കരണവും, വാഹനങ്ങളുടെ ഉപയോഗാധിക്യവും മേച്ചിൽ പുറങ്ങളുടെ കുറവും കാരണം കാള, പോത്ത് തുടങ്ങിയ മൃഗങ്ങളേ വളർത്തുക എന്ന തൊഴിൽ കുറഞ്ഞു കൊണ്ടിരിക്കുന്നു. ബോധവൽക്കരണ കുറവും, കോഴിവസന്ത എന്ന രോഗത്തിന്റെ ആധിക്യവും കോഴിവളർത്തലിൽ താത്പര്യം കുറയാനിടയാക്കി. ഇതുകൊണ്ടു തന്നെ നമ്മുടെ നാട്ടിൽ കോഴിമുട്ട അയൽ സംസ്ഥാനങ്ങളിൽ നിന്നധികം വിലകൊടുത്തു വാങ്ങേണ്ടിവന്നിരിക്കുന്നു.

ഇന്നു നമ്മുടെ പഞ്ചായത്തിൽ ചുരുക്കം ചിലർ സങ്കരയിനം കാലികളെ വളർത്തുന്നുണ്ടെങ്കിലും കാര്യമായ പരിഗണന കിട്ടിയെന്നു കല്പിക്കാനായിട്ടില്ല. അതിനു മുഖ്യകാരണം കാലിത്തീറ്റയുടെ വില വർദ്ധന, വൈക്കോൽ, പുല്ല് എന്നിവയുടെ ലഭ്യതകുറവ്, ചികിത്സാ സൗകര്യ കുറവുകൾ തുടങ്ങിയവയാണ്.

സാങ്കേതിക വിദ്യയുടെ സഹായത്തോടെ കന്നുകാലികളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ഉല്പാദനത്തിൽ കാര്യമായ പുരോഗതിയിലെത്താൻ പറ്റിയിട്ടില്ല. ഉയർന്ന ഉല്പാദനക്ഷമതയുള്ള സങ്കരയിനം കന്നുകാലികൾക്ക് പോഷക സമൃദ്ധമായ കാലിത്തീറ്റയും നല്ല പരിചരണവും ആവശ്യമാണ്. പക്ഷെ നമ്മുടെ ക്ഷീര കർഷകർ വിലക്കൂടുതൽ ഉള്ള കാലിത്തീറ്റ ആവശ്യത്തോളം കൊടുക്കാൻ പറ്റാതെ വരുന്ന അവസ്ഥയിലാകുന്നു. അങ്ങിനെ വൈക്കോലും പുല്ലും കൊടുത്തു സമാധാനപ്പെടുകയാണു പതിവ്. ഇതിനാൽ ഉല്പാദനക്ഷമതയുള്ള പശുക്കളിൽ നിന്ന് ഉല്പാദനം കുറയാനിടവരുന്നു.

നിലവിലുള്ള സഹായങ്ങളും സ്ഥിതിയു മെച്ചപ്പെടുത്തേണ്ട നിർദ്ദേശങ്ങളും.

പല്ലശ്ശന പഞ്ചായത്തിൽ മൃഗചികിത്സക്കായി ഒരു മൃഗാസ്പത്രിയും ഒരു സബ് സെൻററുമാണുള്ളത്. ഈ മൃഗാസ്പത്രിയിൽ സ്ഥരമായി ഒരു ഡോക്ടറില്ലാത്തത് വലിയ ന്യൂനതയാണ്. ഈ സ്ഥിതിമാറ്റി മൃഗാസ്പത്രിയിൽ സ്ഥിരം ഡോക്ടറെ നിയമിക്കുകയും പല്ലാവൂരിലെ സബ് സെൻറർ പുതിയ കെട്ടിടം നിർമ്മിച്ച് ആസ്പത്രിയാക്കിമാറ്റി പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുമാണ്.

ക്ഷീരസഹകരണ സംഘങ്ങൾ വഴിയുള്ള സഹായങ്ങൾ

1. ക്ഷീരകർഷകർക്ക് പാലിൻെറ ഗുണമേൻമക്കനുസരിച്ച് ആഴ്ചയിൽ കൃത്യമായ വിലയും വർഷത്തിൽ സംഘത്തിൽ വരുന്ന ലാഭത്തിൽ നിന്നു ബോണസും കൊടുത്തുവരുന്നു.
2. ക്ഷീരകർഷകർക്ക് ഇൻഷൂർ പദ്ധതി നടത്തിവരുന്നതിൻെറ പോളിസിയുടെ ഒരു വിഹിതം സംഘം നൽകുന്നു.
3. കർഷകരുടെ മക്കളിൽ SSLC ക്ക് കൂടുതൽ മാർക്കുവാങ്ങിയ 2 കുട്ടികൾക്ക് അവാർഡു നൽകി പ്രോത്സാഹിപ്പിക്കുന്നു.
4. കന്നുകാലി ഇൻഷൂറൻസു നടപ്പിലാക്കുന്നു.
5. കന്നുകാലി പ്രദർശനം വർഷം തോറും നടത്തി നല്ല കാലികൾക്ക് അവാർഡു നൽകുന്നു.
6. കാലിത്തീറ്റ വിതരണം നടത്തുന്നതിൻെറ വില പാൽ വിലയിൽ നിന്നു ഗഡുക്കളായി വസൂലാക്കുന്നു.
7. രോഗപ്രതിരോധ കുത്തിവെപ്പ് ആവശ്യ സമയത്തു നടത്തുന്നു.
8. ആവശ്യാനുസരണം ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നു.
9. സംഘത്തിൽ വെച്ചും ആവശ്യമാണെങ്കിൽ സ്ഥലത്തുപോയും കൃത്രിമ ബീജദാനം നടത്തുന്നു.
10. വർഷത്തിൽ 3 പ്രാവശ്യം സംഘത്തിൽ വെച്ചു വന്ധ്യതാ നിവാരണ ക്യാമ്പു നടത്തിവരുന്നു. ഇതിൽ പങ്കെടുക്കുന്ന ഉരുക്കൾക്ക് സൗജന്യമായി ഡോക്ടർ പരിശോധനയും മരുന്നും നൽകിവരുന്നു.
11. വൈക്കോൽ സമ്പുഷ്ടീകരണത്തിന്നു ബോധവൽക്കരണം നടത്തി വരുന്നു.
12. പുൽ വിത്തു നൽകി പുൽകൃഷിക്കുള്ള സഹായങ്ങൾ നൽകിവരുന്നു.
13. കഫ് ഫീഡ് സ്കീം നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു.
14. പാലിൻെറ ഉപോല്പന്ന നിർമ്മാണം (ചോക്കലേറ്റം, പാൽ ഗോവ, കട്ലറ്റ്, അച്ചാർ, പാലിറച്ചി മുതലായവക്ക്) (4 പേർക്ക് ആലത്തൂർ ട്രെയിനിംഗ് സെൻററിലയച്ചു പരിശീലനം നടത്തി) ആരംഭിച്ചിട്ടുണ്ട്.

നിർദ്ദേശങ്ങൾ

1. കാട, ഇറച്ചിക്കോഴി, ചെമ്മരിയാട്, മുയൽ, പന്നി, മുട്ടക്കോഴി, താറാവ് എന്നിവ വളർത്താൻ പ്രോത്സാഹനവും സഹായവും നൽകുക.
2. പഞ്ചായത്തിൽ കോ-ഓപ്പറേറ്റീവ് അടിസ്ഥാനത്തിൽ കാലിത്തീറ്റ, കോഴിത്തീറ്റ, നിർമ്മാണ യൂണിറ്റ് തുടങ്ങണം.
3. പഞ്ചായത്തിലെ തരിശായ സ്ഥലങ്ങളിൽ ജലസേചന സൗകര്യമുണ്ടാക്കി കാലിത്തീറ്റയ്ക്കാവശ്യമായ സസ്യങ്ങൾ, പുല്ല് എന്നിവ, വളർത്താൻ ജനങ്ങൾക്കിടയിൽ വേണ്ടത്ര പ്രചരിപ്പിക്കാൻ ബോധവല്ക്കരണം നടത്തുക.
4. കന്നുകാലിവളർത്തുന്നവർക്ക് ബയോഗ്യാസ് (ഗോബർഗ്യാസ്) പ്ലാൻറ് നിർമ്മിക്കുന്നതിന് ബോധവല്ക്കരണം നടത്തുക.
5. തവിടു ശേഖരിച്ച് ക്ഷീരസംഘങ്ങൾ വഴി ന്യായവിലയ്ക്ക് വിതരണം ചെയ്യുക.

നിർദ്ദേശങ്ങൾ

1. വ്യവസായം തുടങ്ങുന്നതിന് താല്പര്യമുള്ളവരുടെ ഒരു പട്ടിക പഞ്ചായത്തിൽ ശേഖരിക്കുന്നതിനാവശ്യമായ പരസ്യം നല്കുകയും അതിൽ നിന്നും വ്യവസായ സംരഭകരെ വാർത്തെടുക്കുന്നതിന് വിദഗ്ദ്ധപരിശീലനം നല്കണം.
2. നാളികേരം അടിസ്ഥാനമാക്കിയുള്ള വിവിധതരം വ്യവസായങ്ങളെപ്പറ്റി ബോധവല്ക്കരണം നടത്തുന്നതിന് നാളികേര വികസന ബോർഡ്, കേരഫെഡ്, കയർ നിർമ്മാണ ഡയറക്ടർ, കിറ്റ്കോ തുടങ്ങിയ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഒരുപരിശീലന പരിപാടി സംഘടിപ്പിക്കണം.
3. റെഡിമെയ്ഡ് വ്യവസായം തുടങ്ങാൻ ആഗ്രഹിക്കുന്നവർക്ക് അതിനുവേണ്ട പരിശീലനം നല്കുക.
4. വ്യവസായ രംഗത്തേക്കു വരുന്നവർക്ക് വൈദ്യുതി ഉറപ്പു വരുത്തുന്നതിനു നിലവിലുള്ള എല്ലാ വൈദ്യുതി ലൈനുകളും മൂന്ന് ഫെയ്സ് ആക്കി മാറ്റുക.
5. വ്യവസായ രംഗം പ്രോത്സാഹിപ്പിക്കുന്നതിനും മാർഗ്ഗനിർദ്ദേശം കൊടുക്കുന്നതിനും വിദഗ്ദ്ധ മോണിറ്ററിംഗ് കമ്മിറ്റി ഉണ്ടാക്കുക.
6. "വ്യവസായകേരളം" പ്രസിദ്ധീകരണം പഞ്ചായത്തിലെ ലൈബ്രറികൾക്ക് എത്തിച്ചു കൊടുക്കുക.
7. വ്യവസായികൾക്ക് യഥാസമയം സാധനസാമഗ്രികൾ എത്തിച്ചു കൊടുക്കുന്നതിന് പഞ്ചായത്തു തലത്തിൽ സഹകരണ സ്ഥാപനം ഉണ്ടാക്കുക.
8. പഞ്ചായത്തിലെ ഹൈസ്ക്കൂൾ വിദ്യാർത്ഥികളെ വ്യവസായമേഖലയുമായി പരിചയപ്പെടുത്തുന്നതിന് ആഴ്ചയിലൊരിക്കൽ അവരെ വ്യവസായ സ്ഥാപനത്തിൽ കൊണ്ടുവരിക. അവർക്ക് വ്യസായത്തോട് താല്പര്യം വളർത്തുന്നതിന് തൊഴിൽപരമായ ക്ലാസ്സുകൾ സംഘടിപ്പിക്കുക.
9. പഞ്ചായത്തിൽ ഉണ്ടാക്കുന്ന സാധനങ്ങൾക്കു വിപണി കണ്ടെത്തുന്നതിന് മാസത്തിലൊരിക്കൽ രണ്ടുദിവസം നീണ്ടുനില്ക്കുന്ന മേള നടത്തുക.
10. പഞ്ചായത്തിൽ ചെറുകിട വ്യവസായത്തിനുള്ള ലൈസൻസിന് അപേക്ഷ വരുമ്പോൾ ആ വ്യവസായത്തെപ്പറ്റി വിശദമായ അന്വേഷണം നടത്തുന്നതിന് സാങ്കേതിക വിദഗ്ദ്ധർ പരിസ്ഥിതിപ്രവർത്തകർ എന്നിവരുടെ ഒരു സമിതിയെ നിയോഗിക്കുക.
11. പല്ലാവൂരിൽ ഉള്ള ക്രഷർമെറ്റൽ യൂണിറ്റിൽ നിന്നും ഉണ്ടാകുന്ന പരിസര മലിനീകരണം ജനങ്ങൾക്ക് ദോഷകരമായിരിക്കെ അതു പരിഹരിക്കുന്നതിനുവേണ്ട സത്വരനടപടികൾ സ്വീകരിക്കുക.

"ലെനിനെപ്പോലുള്ളവർ കാട്ടിയ ത്യാഗം വെറുതെയാവില്ല.
കാലം ചെല്ലുംതോറും ആ ത്യാഗത്തിന്റെ
മഹിമ നാം കാണും"

മഹാത്മാഗാന്ധി

5-3
വ്യവസായം

നമ്മുടെ പഞ്ചായത്തിലെ രൂക്ഷമായ തൊഴിൽ പ്രശ്നം പപിഹരിക്കുന്നതിനു ചെറുകിട വ്യവസായമേഖലയിൽ ഒരു സമഗ്രവികസന പരിപാടി യുദ്ധകാലാടിസ്ഥാനത്തിൽ നടത്തേണ്ടതാണ്.

കാർഷിക മേഖലയായ പഞ്ചായത്തിൽ ആകെയുണ്ടായിരുന്ന പരമ്പരാഗത കുടിൽ വ്യവസായങ്ങൾ തന്നെ തകർന്നുകൊണ്ടിരിക്കുകയാണ്. കളിമൺ പാത്രനിർമ്മാണം, ബീഡി, കൊട്ട, വട്ടി, പായ്, പരമ്പ് ഇവ ഉണ്ടാക്കൽ കത്തി നിർമ്മാണം എന്നീ വ്യവസായങ്ങൾ ഉണ്ടായിരുന്നത് തകർച്ചയെ നേരിട്ടു കൊണ്ടിരിക്കുകയാണ്.

ഈ പഞ്ചായത്തിന് അനുയോജ്യമായ സാങ്കേതിക വിദ്യയും പ്രകൃതിവിഭവങ്ങളും ഉൾപ്പെടുത്തി വ്യവസായ മേഖലയിൽ ഒരു നല്ല മാറ്റം തന്നെ നടത്തേണ്ടതുണ്ട്. ചെറുകിട വ്യവസായമേഖലയിൽ ഇവിടെ 12 റൈസ് മില്ലുകളും 28 ഓളം കൂലി അരവുമില്ലുകളും 2 അച്ചടിശാലകളും ഒരു ക്രഷർ മെറ്റൽ യൂണിറ്റും മൂന്ന് ഈർച്ചമില്ലുകളും ഉണ്ട്. അടുത്ത കാലത്ത് ഒരുകടലാസുപാക്കറ്റു നിർമ്മാണ യൂണിറ്റും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 4 വെൽഡിംഗ് വർക്ക് ഷോപ്പുകളും പ്രവർത്തിച്ചു വരുന്നുണ്ട്. നമ്മുടെ പഞ്ചായത്തിലെ അഭ്യസ്തവിദ്യരായ യുവതീയുവാക്കൾ അധികവും ജോലി ചെയ്യുന്നത് മറ്റു പഞ്ചായത്തിലാണ്. കൂടാതെ നല്ലൊരു ശതമാനം ആളുകൾ കേരളത്തിനു പുറത്തും വളരെകുറച്ചു ആളുകൾ വിദേശത്തും ജോലിചെയ്യുന്നു. ബന്ധപ്പെട്ടമേഖലയിലെ ആളുകളെ സംഘടിപ്പിച്ച് ഈ പഞ്ചായത്തിന്റെറ വിപണിയും അസംസ്കൃത സാധനങ്ങളുടെ ലഭ്യതയ്ക്കും അനുസരിച്ച് സഹകരണ മേഖലകളിൽ പരമ്പരാഗത വ്യവസായങ്ങൾ പുനഃസംഘടിപ്പിക്കേണ്ടതുണ്ട്.

ഖാദിമേഖല

ഖാദിബോർഡിന്റെറ ആഭിമുഖ്യത്തിൽ 3-ാം വാർഡിൽ "സർവ്വോദയ സംഘം" എന്നപേരിൽ ഒരുസ്ഥാപനം ഉണ്ട്. വനിതകളാണ് ഈസ്ഥാപനത്തിൽ പണിയെടുക്കുന്നത്. ഈ മേഖലയിലെ വേതനകുറവ് കാരണം ജോലിചെയ്യുവാൻ തൊഴിലാളികൾ വിമുഖത കാണിക്കുന്നു. ഇതൊഴിവാക്കുവാൻ ഇവിടെ കിട്ടുന്ന നൂലുപയോഗിച്ച് 5 തറികളുള്ള ഒരുനെയ്ത്ത്ശാലക്ക് ഇവിടെ സാദ്ധ്യതയുണ്ട്.

മരം ഉപയോഗിച്ച് വീടുനിർമ്മിക്കുന്നതിന് ഇവിടെസാദ്ധ്യത വളരെ കുറവായിക്കൊണ്ടിരിക്കുന്നു. കാരണം മരം കിട്ടാനുള്ള പ്രയാസവും വിലവർദ്ധനവും പണിക്കൂലി വർദ്ധനവുമാണ്. അതുകൊണ്ട് കോൺക്രീറ്റ് കെട്ടിട നിർമ്മാണ സാമഗ്രികൾ നിർമ്മിക്കുന്ന ഒരുയൂണിറ്റ് ഇവിടെസാദ്ധ്യതയുണ്ട്.

പ്രശ്നങ്ങൾ

ഈ പഞ്ചായത്തിൽ വ്യവസായത്തിനുള്ള ഒട്ടേറെ അനുകൂലസാഹചര്യങ്ങളാണുള്ളത്. ഈ സാദ്ധ്യതകളെല്ലാം ഉണ്ടായിട്ടും വ്യവസായവളർച്ച കൈവരിക്കാൻ കഴിയാത്തത് പ്രധാനമായും താഴെപ്പറയുന്ന കാരണങ്ങൾ കൊണ്ടാണ്.

1. മുഖ്യകാർഷികോല്പന്നങ്ങളായ നെല്ല്, നാളികേരം എന്നിവ വ്യവസായരംഗത്ത് പ്രയോജനപ്പെടുത്തുന്നില്ല.
2. വൈദ്യുതി ക്ഷാമം.
3. സാങ്കേതിക പരിജ്ഞാനക്കുറവ്
4. ധനസഹായം കിട്ടുന്നതിനുള്ള സാങ്കേതിക ബുദ്ധിമുട്ട്.
5. വിപണന സാദ്ധ്യതകുറവ്

വൈദ്യുതി വിതരണവും സംരക്ഷണവും

പഞ്ചായത്തിൽകൂടുതൽ ശക്തിയുള്ള ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചും ഒരുപുതിയ സബ്സ്റ്റേഷൻ നിർമ്മിച്ചും വ്യവസായ പുരോഗതിക്ക് ആവശ്യമായ വൈദ്യുതിവിതരണം ചെയ്യുക.

മിനി വ്യവസായ എസ്റ്റേറ്റ്

ഭാവിയിൽ സ്ഥലത്തിന്റെലഭ്യത കുറയുവാൻ സാദ്ധ്യതയുള്ളതിനാൽ ചുരുങ്ങിയത് 5 ഏക്കർ സ്ഥലമെങ്കിലും പഞ്ചായത്ത് ഏറ്റെടുത്ത് ഒരു വ്യവസായ എസ്റ്റേറ്റ് ആക്കി സംരംഭകർക്ക് വാടകയ്ക്ക് കൊടുക്കുക.

ഗ്രാമസഭാനിർദ്ദേശങ്ങൾ -വാർഡുതലത്തിൽ

a IRDP തൊഴിൽദാനപദ്ധതി നടപ്പിലാക്കുക.

II

a. കൊട്ടനെയ്ത്തിനു വേണ്ട അസംസ്കൃതസാധനങ്ങൾ കൊടുത്ത് ആ വ്യവസായം സംരക്ഷിക്കുക.

b ബീഡിവ്യവസായം സംരക്ഷിക്കുക.

III

a പനഞ്ചക്കര സൊസൈറ്റി പുനഃസ്ഥാപിക്കുക.

b ഒരുതീപ്പെട്ടിക്കമ്പനി തുടങ്ങുക.

IV

a. പ്ലാസ്റ്റിക് സാധനങ്ങൾ ഉണ്ടാക്കാനുള്ള ഒരു യൂണിറ്റും ഒരു പപ്പട നിർമ്മാണ യൂണിറ്റും ആവശ്യമാണ്.

V

a പായ് നെയ്ത്ത്, കളിമൺപാത്രനിർമ്മാണം എന്നിവയ്ക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുക.

b കാലിത്തീറ്റ ഫാക്ടറിയും, സോപ്പു നിർമ്മാണ യൂണിറ്റും തുടങ്ങുക.

VI

a ഒരു റെഡിമെയ്ഡ് ഗാർമെൻറ് തുന്നൽ കേന്ദ്രപരിശീലനയൂണിറ്റും തുടങ്ങുക.

VII

a. ചന്ദനത്തിരിയൂണിറ്റ്

VIII

a. സഹകരണാടിസ്ഥാനത്തിൽ ചന്ദനത്തിരി യൂണിറ്റ് ചകിരിനാര് ഉല്പാദിപ്പിക്കൽ

b സഹകരണാടിസ്ഥാനത്തിൽ അലൂമിനിയം ഫാക്ടറി വേണം

c ക്ഷീരോല്പാദന സഹകരണ സംഘംവേണം (ഫെഡ്രിയേഷൻ)

IX

a സഹകരണാടിസ്ഥാനത്തിൽ ഹോളോബ്രിക്സ് ഉണ്ടാക്കുന്ന യൂണിറ്റ്വേണം

b സഹകരണാടിസ്ഥാനത്തിൽ വനിതകൾക്കായി കോഴിവളർത്തൽ പരിശീലന കേന്ദ്രം ആവശ്യമാണ്.

c കഡയൻ - കുടിൽവ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതിനു വേണ്ടിയുള്ള സഹായങ്ങൾ നല്കുക.

d പഞ്ചായത്തടിസ്ഥാനത്തിൽ ചെറുകിട വ്യവസായങ്ങളുടെ അഭിവൃദ്ധിക്കുവേണ്ടി സഹായധനം നല്കുക.

e സഹകരണ മേഖലയിൽ ഒരു റൈസ്, ഓയിൽ മിൽ തുടങ്ങണം.

പാലിൽ നിന്നും ഉണ്ടാകുന്ന പദാർത്ഥങ്ങൾക്ക് ഒരു വിപണി തയ്യാറാക്കുക.

6. ഒരു സംരംഭകനു അത്യാവശ്യമായി വേണ്ട മാനസികമായ തയ്യാറെടുപ്പിന്റെ ശക്തമായ പ്രേരണക്കുറവ്.
7. വ്യവസായ മേഖലയിലുള്ള സമ്പർക്കക്കുറവ്.
8. വ്യവസായവികസനവുമായി ബന്ധപ്പെട്ട ശാസ്ത്രീയ ബോധവല്ക്കരണക്കുറവ്.
9. മരവ്യവസായത്തിനാവശ്യമായ തടി ലഭിക്കാനുള്ള വിഷമം.
10. വനിതാ സംരംഭകരുടെ കുറവ്.
11. സ്വയം തൊഴിൽ ചെയ്യാനുള്ള താല്പര്യക്കുറവ്.
12. വിജയികളായ സംരംഭകരുമായുള്ള ഇടപെടലുകളുടെ അഭാവം.
13. സർക്കാർ ഉദ്യോഗത്തിനു വേണ്ടിയുള്ള പരക്കം പാച്ചിൽ.

ഇവിടെ ലഭ്യമായ അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ച് കുറഞ്ഞ ചിലവിൽ ആരംഭിക്കാൻ സാദ്ധ്യതയുള്ള യൂണിറ്റുകൾ


1. ചകിരി നാരുപയോഗിച്ച് യന്ത്രവൽകൃതചൂടി, കയർ നിർമ്മാണം.
2. ചവിട്ടി, കാർപ്പറ്റ്, ബ്രഷ് മുതലായ മൂല്യവർദ്ധന ഉല്പന്നങ്ങൾ. അരി, അവിൽ എന്നിവ ലഹകരണ മേഖലയിൽ ഉണ്ടാക്കാനുള്ള ഒരുയൂണിറ്റ്.
3. കേരോല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള യൂണിറ്റ്.
4. ആർട്ടിസാൻ ഇൻഡസ്ട്രിയൽ സഹകരണ സംഘം.
5. സോപ്പ്, ചന്ദനത്തിരി തുടങ്ങിയവ നിർമ്മിക്കുന്നതിനുള്ള യൂണിറ്റ്.
6. കളിമൺ ടൈൽസ് നിർമ്മാണം.
7. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്.

ഇന്ത്യയിൽ 7500ൽ അധികം വിവിധതരം ഉല്പന്നങ്ങൾ ചെറുകിട വ്യവസായ മേഖലയിൽ ഉല്പാദിപ്പിക്കുന്നുണ്ട്. ഇതിൽ ഏകദേശം 8000കോടി രൂപയ്ക്കുള്ള ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നു.

ചുരുങ്ങിയ നിരക്കിൽ മുതൽമുടക്കി ചെയ്യാവുന്ന വ്യവസായങ്ങൾ.

1. ലേബർ കോൺട്രാക്റ്റ് സഹകരണസംഘം.
2. ഭക്ഷ്യസംസ്ക്കരണ സംഘങ്ങൾ(പപ്പായ, ചക്ക, നാട്ടുമാങ്ങ)
3. ഡ്രൈക്ലീനിംഗ് കടകൾ
4. പുല്ലു കൊണ്ടുള്ള ഉല്പന്നങ്ങൾ (പായ)
5. കളിമൺ പാത്രനിർമ്മാണം.
6. പേനാക്കത്തി നിർമ്മാണം.
7. കൊട്ടനെയ്ത്ത്
8. ആയൂർവ്വേദമരുന്നു നിർമ്മാണം.
9. മരം, ഫർണീച്ചർ യൂണിറ്റ്
10. റബ്ബർ യൂണിറ്റ് (ഹവായ്,ചപ്പൽ)
11. ലിക്വിഡ് ഡിറ്റർജൻറ്, ക്ലീനിംഗ് പൗഡർ യൂണിറ്റ്
12. ബ്രഷ് നിർമ്മാണം (ചകിരി)ചവിട്ടി, കാർപ്പെറ്റ് എന്നീ യൂണിറ്റുകൾ.
13. ചോക്ക് ചന്ദനത്തിരി മെഴുകുതിരി നിർമ്മാണ യൂണിറ്റ്.
14. റെഡി മെയ്ഡ്, തുന്നൽ (വനിത)
15. പനം ചക്കര നിർമ്മാണ യൂണിറ്റ്, വ്റ്റൽ,അച്ചാർ (വനിത)
16. മസാലപ്പൊടി യൂനിറ്റ് (വറ്റൽ, അച്ചാർ)

5-4
വിദ്യാഭ്യാസം



ചാതുർവർണ്യവും ജൻമിവ്യവസ്ഥയും നിലനിന്ന നാളുകളിൽ മറ്റെവിടുത്തെയും പോലെ ഇവിടുത്തെയും ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാർക്ക് വിദ്യാഭ്യാസം നിഷേധിച്ചിരുന്നു. എന്നൽ ഈ പ്രദേശത്തുകാർ പൊതുവെ പഴയകാലം മുതൽ വിദ്യാഭ്യാസത്തോടു അതിയായ ആഭിമുഖ്യം കാണിച്ചിരുന്നു. ഓലശ്ശേരിയിൽ നിന്ന് കിഴക്കെപ്പാട്ടെ അച്ചൻമാരെ കൂട്ടിക്കൊണ്ടുവന്നാണ് ആദ്യത്തെ എഴുത്തുപള്ളി ആരംഭിച്ചത്. ഇവരെ എല്ലാ ജീവിത സൗകര്യങ്ങളും കൊടുത്തു ഇവിടെ താമസിപ്പിച്ചാണ് ഇവിടുത്തുകാർ ആദ്യനാളുകളിൽ വിദ്യാഭ്യാസം നേടിയത്. ഔപചാരിക വിദ്യാഭ്യാസം ആരംഭിക്കുന്ന കാലത്തു ശ്രീ. ചെമ്പത്തു നാരായണൻ നായർ, മുരുക്കുളി ശ്രീ. അയ്യപ്പൻ. ശ്രീ. നാരായണപ്പണിക്കർ, ശ്രീ. വേലുപ്പൂശാരി. മുണ്ടാരത്ത് ശ്രീ. രാമൻ കുട്ടിനായർ, ഏറാട്ടെചാത്തുഎഴുത്തശ്ശൻ, ശ്രീ. എം. ശിവരാമമേനോൻ എന്നിവരാണത്രെ എഴുത്തുപള്ളി ആശാൻമാരായിരുന്നത്.

1904 ൽ പഴയ കാവിൽ ആരംഭിച്ച P.K.D. M.L.P സ്ക്കൂൾ ആണ് ആദ്യത്തെ ഔപചാരിക വിദ്യാലയം. ഇതിന്റെ സ്ഥാപകൻ മുൻപറഞ്ഞ മുണ്ടാരത്ത് ശ്രീ. രാമൻ കുട്ടിനായരാണ്. 1935 വരെ മിശ്രവിദ്യാലയ (Mixed School)മായി പ്രവർത്തിച്ച ഈ സ്ഥാപനം തുടർന്നു ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമുള്ള പ്രത്യേകം വിദ്യാലയങ്ങളായി വിഭജിക്കപ്പെട്ടു. ഇക്കാലത്ത് പെൺകുട്ടികളുടെ വിദ്യാലയത്തിന്റെ പേർ സെൻറ്മേരീസ് സ്ക്കൂൾ എന്നായിരുന്നു. ഇപ്പോൾ ഇവയുടെ പേർ യഥാക്രമം PKMLPS പല്ലശ്ശന, ALPS പല്ലശ്ശന എന്നുമാണ്. 1920 ൽ ഡിസ്ട്രിക്ട് ബോർഡ് ആരംഭിച്ച പല്ലാവൂർ ഹയർ എലിമെൻററി സ്ക്കൂളിൽ എട്ടാം തരം വരെ ഉണ്ടായിരുന്നു. ഇപ്പോൾ ഈ വിദ്യാലയത്തിൽ 4-ാം തരംവരെ ക്ലാസുകൾ ഉണ്ട്. 1926 ൽ പല്ലാവൂർ പനയ്ക്കൽ ബാലകൃഷ്ണപ്പണിക്കർ തളൂരിൽ ആരംഭിച്ച എലിമെൻററി വിദ്യാലയം 1946 ൽ ഹയർ എലിമെൻററി വിദ്യാലയമായി ഉയർത്തി. ഇപ്പോൾ ഈ വിദ്യാലയത്തിന്റെ പേർ E.K.E.M.U.P സ്ക്കൂൾ എന്നാണ്. 1942- ൽ T. ദാമോദരൻ നായർ കൂടല്ലൂരിലും 1954 ൽ രാംപറമ്പ് ശ്രീ. രാമൻ ഒഴിവുപാറയിലും ഓരോ ലോവർ പ്രൈമറി വിദ്യാലയങ്ങൾ ആരംഭിച്ചു. A.L.P.S കൂടല്ലൂർ, A.L.P സ്ക്കൂൾ, ഒഴിവുപാറ എന്നാണ് യഥാക്രമം ഇന്നത്തെ പേര്. 1936 - ൽ പല്ലശ്ശന

കിഴക്കെഗ്രാമത്തിൽ അമ്പി എന്ന രാമനാഥയ്യർ ആരംഭിച്ച 6 മുതൽ 8 വരെ ക്ലാസുകളുള്ള വിദ്യാലയം നാട്ടുകാരുടെ സഹായത്തോടെ 1976 ൽ പഞ്ചായത്തിൽ നിലവിലുള്ള ഏക ഹൈസ്ക്കൂളായി ഉയർത്തപ്പെട്ടു. ഇന്ന് ഈ വിദ്യാലയത്തിന്റെ പേര്, V.I.M. ഹൈസ്ക്കൂൾ, പല്ലശ്ശന എന്നാണ്.

സ്വാതന്ത്ര്യത്തിനുമുമ്പ് തന്നെ അന്നത്തെ നിലവെച്ച് പഞ്ചായത്തിൽ ആവശ്യത്തിനു വിദ്യാലയങ്ങളുണ്ടായിട്ടും സാമ്പത്തികവും സാമൂഹ്യവുമായ പിന്നോക്കാവസ്ഥ വലിയൊരു ജനവിഭാഗത്തെ നിരക്ഷരരാക്കിത്തന്നെ നിർത്തുകയുണ്ടായി. അക്കാലത്ത് പ്രാഥമിക വിദ്യാഭ്യാസത്തിനു പോലും വിദ്യാർത്ഥികൾ ഫീസുകൊടുക്കണമായിരുന്നു. കൂടാതെ ജാതിയുടെ പേരിൽ വിദ്യാർഥികളെ തരംതിരിച്ചിരുത്തിയത് പിന്നോക്കവിഭാഗം വിദ്യാർത്ഥികളെ വിദ്യാലയങ്ങളിൽനിന്നും പിന്തിരിപ്പിച്ചിരിക്കണം.

7 മുതൽ 14 വയസുവരെ നിർബ്ബന്ധവും സൗജന്യവും സാർവ്വത്രികവുമായ വിദ്യാഭ്യാസമെന്ന സ്വാതന്ത്ര്യസമരസേനാനികളുടെ സ്വപ്നം സാക്ഷാത്ക്കരിക്കുന്നതിനുള്ള ആദ്യത്തെ ചുവടുവെപ്പായിരുന്നു 1957ൽ ശ്രീ. ഇ.എം.എസ്. സർക്കാർ പ്രൈമറി വിദ്യാഭ്യാസത്തിന് പൂർണമായും ഫീസു സൗജന്യമേർപ്പെടുത്തിയത് ഭൂപരിഷ്ക്കരണ നിയമവും നമ്മുടെ വിദ്യാലയങ്ങളുടെ വാതിലുകൾ എല്ലാവർക്കുമായി തുറക്കപ്പെട്ടു. തുടർന്നു 1967 ൽ സെക്കൻണ്ടറി തലം വരെ സൗജന്യവിദ്യാഭ്യാസത്തിന്റെ വ്യാപ്തി വർദ്ധിപ്പിച്ചു. ഇപ്പോൾ പ്രീഡിഗ്രി തലം വരെ ഫീസില്ലാതെ പഠിക്കാം. 1987 ലെ നായനാർ സർക്കാർ വിദ്യാർത്ഥികളെ വിദ്യാലയത്തിലേക്കു ആകർഷിക്കുന്നതിനും ഉറപ്പിച്ചു നിർത്തുന്നതിനും ഏർപ്പെടുത്തിയ ക്ഷേമ പ്രവർത്തനങ്ങളാണ് സൗജന്യ ഉച്ചഭക്ഷണം, ഒന്നാംതരത്തിലെ വിദ്യാർത്ഥികൾക്കു സൗജന്യപഠനോപകരണം, വിദ്യാർത്ഥികൾക്കുള്ള അപകട ഇൻഷൂറൻസ് തുടങ്ങിയവ.

ഔപചാരിക വിദ്യാഭ്യാസം ലഭിക്കാതെ പോയവർക്കുവേണ്ടി 90-91 ൽ നടപ്പിലാക്കിയ സാക്ഷരതായജ്ഞം നമ്മുടെ പഞ്ചായത്തിൽ വമ്പിച്ച വിജയമാക്കാൻ ത്യാഗസന്നദ്ധരായ യുവതീ-യുവാക്കളും മറ്റുള്ളവരും വഹിച്ച പങ്ക് വലുതാണ്. സർവ്വേയിൽ 4588 നിരക്ഷരരെ കണ്ടെത്തുകയുംസാക്ഷരതപ്രവർത്തനത്തിലൂടെ 4000 ഓളം ആളുകളെ സാക്ഷരരാക്കുകയും ചെയ്തു. പക്ഷെ, തുടർവിദ്യാഭ്യാസത്തിന്റെ കുറവ് അവരെ വീണ്ടും നിരക്ഷരരുടെ പട്ടികയിലേക്കു തള്ളിവിട്ടു. സാക്ഷരതായജ്ഞം ജനപങ്കാളിത്തത്തോടെ പുനരാരംഭിച്ച് ഇതിന് പരിഹാരം കണ്ടേ മതിയാവൂ.

നമ്മുടെ ഔപചാരിക വിദ്യാഭ്യാസത്തിനു സർക്കാരിൽ നിന്നും ഭീമമായ തുകയാണ് ചെലവഴിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ പൊതുവിദ്യാഭ്യാസം ഇന്നു കടുത്ത വിമർശനങ്ങൾക്ക് വിധേയമായിരിക്കുന്നു. S.S.L.C പരീക്ഷയിലെ കുറഞ്ഞ വിജയശതമാനം വിദ്യാർത്ഥികളുടെ പൊതുവെയുള്ള നിലവാരക്കുറവും. ഇതു പഴുതാക്കി അൺ എയിഡഡ് ഇംഗ്ലീഷ് മീഡിയം വിദ്യാഭ്യാസ വക്താക്കളുടെ പ്രചരണ തന്ത്രങ്ങൾ നമ്മുടെ പൊതുവിദ്യാഭ്യാസമേഖലക്ക് കനത്ത വെല്ലുവിളി ഉയർത്തുന്നു.

അടിയന്തിരമായി ഈ അവസ്ഥമാറ്റിയെടുത്തേ മതിയാവൂ. വിദ്യാഭ്യാസപ്രവർത്തകർ ഓരോരുത്തരും ഒറ്റക്കും കൂട്ടായും ഇതിനുള്ള പോംവഴി ആലോചിക്കണം. രക്ഷിതാക്കളുടെയും പൊതുപ്രവർത്തകരുടെയും ഫലപ്രദമായ ഇടപെടൽ വളർത്തിക്കൊണ്ടുവരണം. വിദ്യാലയങ്ങളിലെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ പൊതുജന പങ്കാളിത്തം ഉറപ്പാക്കണം. അതിനു നാം നിലവിലുള്ള സാഹചര്യം വസ്തു നിഷ്ഠമായി വിലയിരുത്തേണ്ടതുണ്ട്. അതിനു സഹായിക്കുന്ന ഏതാനും സ്ഥിതി വിവരക്കണക്കുകൾ താഴെ കൊടുക്കുന്നു. (പട്ടിക 1 കാണുക)

നേരത്തെപ്പറഞ്ഞ വിദ്യാലയങ്ങൾക്കുപുറമെ സി.ബി.എസ്. ഇ. യുടെ പല്ലാവൂർ ചിൻമയാ വിദ്യാലയം (12 വരെ) പല്ല ശ്ശന ചിൻമയ, പല്ല ശ്ശന എസ് . എൻ. ഇ. എസ് യുടെ എൽ.പി. എന്നിവയും ഉണ്ട്. ഇവയിൽ പല്ലാവൂർ ചിൻമയാ വിദ്യാലയത്തിൽ ഭൂരിഭാഗം കുട്ടികളും പല്ലശ്ശന പഞ്ചായത്തിന് പുറത്തുള്ളവരാണ്. തളൂർ, പല്ലാവൂർ, കൂടല്ലൂർ, പാറക്കളം ഭാഗങ്ങളിലെ കുട്ടികൾ ഹൈസ്ക്കൂൾ പഠനത്തിന് പഞ്ചായത്തിന് പുറത്തുള്ള കൊല്ലങ്കോട്, നെൻമാറ, കൊടുവായൂർ, കുനിശ്ശേരി, പുതുനഗരം സ്ക്കൂളുകളെ ആശ്രയിക്കുന്നു. 1,2 വാർഡുകളിലെ ഭൂരിഭാഗം പ്രൈമറിവിദ്യാർത്ഥികളും സൗകര്യാർത്ഥം വടവന്നൂർ, പുതുനഗരം പഞ്ചായത്തുകളെ ആശ്രയിക്കുന്നു. പഞ്ചായത്തിലെ രണ്ടു ട്യൂട്ടോറിയൽ കോളേജുകളിലായി 200 ഓളം വിദ്യാർത്ഥികൾ പഠിക്കുന്നു.

സാമൂഹിക സാമ്പത്തിക കാരണങ്ങളാൽ കുറച്ച് കുട്ടികളെങ്കിലും ഇടയ്ക്ക് പഠനം നിർത്തുന്നുണ്ട്. കൂടാതെ കാർഷികമേഖലയിലെ പണിത്തിരക്കുകൾ ഉണ്ടാകുമ്പോൾ കർഷക തൊഴിലാളികളുടെ മക്കളിൽ വലിയൊരു പങ്ക് സ്ക്കൂളിൽ വരാത്ത സ്ഥിതിവിശേഷവും ഉണ്ട്. ഇത് ഗൗരവമായി കാണേണ്ടിയിരിക്കുന്നു. 1992-93 മുതൽ 1995-96 വരെ കൊഴിഞ്ഞു പോയവരുടെ വിവരം പട്ടിക രണ്ടിൽ ചേർത്തിട്ടുണ്ട്.

പൊതു വിദ്യാഭ്യാസത്തെ തകർക്കുന്നതിനുള്ള ബോധപൂർവ്വമായ ശ്രമങ്ങളും പ്രചാരണങ്ങളും നമ്മുടെ പഞ്ചായത്തിലും കഴിഞ്ഞകാലങ്ങളിൽ നടന്നിട്ടുണ്ട്. അതിന്റെ ഫലമാണ് അൺ എയ്ഡഡ് സ്ക്കൂളുകളുടെ രംഗപ്രവേശം. എന്നാൽ പല്ലശ്ശനയുടെ സാമൂഹ്യ സാഹചര്യം പൊതുവിദ്യാഭ്യാസത്തിന് ഏറെ അനുകൂലമാണ്. എങ്കിലും ഇടത്തരം കുടുംബത്തിലെ ആളുകൾ മക്കളെ അൺഎയ്ഡഡ്, ഇംഗ്ലീഷ്സീഡിയം വിദ്യാലയങ്ങളിലേക്ക് അയച്ച് പഠിപ്പിക്കാനുള്ള പ്രവണത വർദ്ധിച്ചുവരുന്നു.

എസ്.എസ്.എൽ.സി. ക്കുശേഷം തുടർന്നു പഠിക്കാനുള്ള ഒരു സ്ഥാപനവും പഞ്ചായത്തിലില്ല. ഉപരിപഠനത്തിനായി പഞ്ചായത്തിലെ ബഹുഭൂരിപക്ഷവും നെൻമാറ, ആലത്തൂർ, ചിറ്റൂർ, പാലക്കാട് എന്നിവിടങ്ങളിലെ കോളേജുകളെ ആശ്രയിക്കുന്നു. മലമ്പുഴ ഐ.ടി.ഐ, പാലക്കാട് പോളിടെക്നിക് എന്നിവിടങ്ങളിലും നമ്മുടെ പഞ്ചായത്തിലെ കുട്ടികൾ ഉപരിപഠനത്തിന് പോകുന്നുണ്ട്. വലിയൊരു ശതമാനം കുട്ടികൾ കൊല്ലങ്കോട്, നെൻമാറ, കൊടുവായൂർ, ഭാഗങ്ങളിലെ പാരലൽ കോളേജുകളേയും സമീപിക്കുന്നുണ്ട്. നമ്മുടെ പഞ്ചായത്തിൽ 2 ട്യൂട്ടോറിയൽ കോളേജും 2 ടൈപ്പ്റൈറ്റിംഗ് സ്ഥാപനങ്ങളും ഉണ്ട്.

കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള സാങ്കേതിക വിദ്യാഭ്യാസ സൗകര്യങ്ങൾ പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ ആരംഭിക്കേണ്ടതാണ്. കൂടാതെ പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുകയും വേണം.


4 നഴ്സറി വിദ്യാലയങ്ങളും 14 അംഗൻവാടികളും പഞ്ചായത്തിൽ ഉണ്ട് നമ്മുടെ പഞ്ചായത്തിലെ ഭൂരിഭാഗം സാധാരണക്കാരും അംഗൻവാടികളെ ഉപയോഗിക്കുന്നുണ്ട് എന്നത് ശ്രദ്ധേയമാണ്. എന്നാൽ അംഗൻവാടികളുടെ ദൈനംദിന പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ സഹകരണം വിപുലപ്പെടുത്തേണ്ടതാണ്.

പഞ്ചായത്തിലെ രണ്ട് സർക്കാർ വിദ്യാലയങ്ങളായ പല്ലാവൂർ, കുമാരംപുത്തൂർ എൽ.പി. കളിൽ അധ്യാപകക്ഷാമം അനുഭവപ്പെടാറുണ്ട്. എംപ്ലോയ്മെൻറിൽ നിന്നുള്ള അധ്യാപക നിയമനം വൈകുമ്പോൾ അവിടങ്ങളിലെ അധ്യയനത്തെ അത് സാരമായി ബാധിക്കാറുണ്ട്. അതിന് ശാശ്വതമായ ഒരു പരിഹാരം കാണേണ്ടതാണ്.

പഞ്ചായത്തിലെ മൊത്തം 90 അധ്യാപകരിൽ 21 പേർ മാത്രമേ തദ്ദേശിയരായിട്ടുള്ളു. ബാക്കിയുള്ളവരിൽ ഭൂരിഭാഗം പേരും മറ്റു സ്ഥലങ്ങളിൽ നിന്നും ദിവസവും പോയിവരുന്നവരാണ്. മറ്റുള്ളവർ പഞ്ചായത്തിനകത്തുതന്നെ സ്ഥിരതാമസക്കാരായി മാറിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന് വെളിയിൽ ജോലി ചെയ്യുന്ന 33 പെരുണ്ട്. 90 പേരിൽ രണ്ട് പേർമാത്രമേ പട്ടികജാതിക്കാരായുള്ളു.

വിദ്യാഭ്യാസരംഗത്ത് ഗ്രാമപഞ്ചായത്ത് ഇടപ്പെടാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 1996 ജൂൺ 7 ന് പഞ്ചായത്ത് വികസനസമിതിയുടെ നേതൃത്വത്തിൽ വിദ്യാഭ്യാസ വികസന സമിതി

രൂപീകരിച്ചെങ്കിലും കാര്യമായ പ്രവർത്തനങ്ങൾ ഉണ്ടായിട്ടില്ല. എന്നാൽ ഡിപ്പാർട്ട്മെൻറിന്റെ ആഭിമുഖ്യത്തിൽ ടെസ്റ്റ് നടത്തി പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പഠനം 96 ജൂൺ, ജൂലായ് മാസങ്ങളിൽ നടന്നിട്ടുണ്ട്. ഇതിന്റെ ഫലമായി വിദ്യാർത്ഥികളിലെ നിരക്ഷരത ഇല്ലാതാക്കാൻ ഒരു പരിധവരെ കഴിഞ്ഞിട്ടുണ്ട്. എന്നാൽ നമ്മുടെ ഹൈസ്ക്കൂളിലെ വിജയശതമാനം ആശാവഹമല്ല. കഴിഞ്ഞ 5 വർഷത്തെ വിജയശതമാന നിരക്ക് താഴെ ചേർക്കുന്നു. (ഗ്രാഫ് നോക്കുക)



നമ്മുടെ ഹൈസ്ക്കൂളിന്റെ സമീപത്തുനിന്നു പോലും കുട്ടികൾ അടുത്ത ഹൈസ്ക്കൂളിൽ പൊകുന്നു. ഹൈസ്ക്കൂളിലെ അദ്ധ്യാപകരുടെ അദ്ധ്യാപനത്തിലുള്ള കാര്യക്ഷമതാകുറവ് കൊണ്ടാണിങ്ങിനെ ഉണ്ടാവുന്നതെന്നു ഗ്രാമസഭയിൽ നിന്നും നിർദ്ദേശങ്ങൾ ഉയർന്നു വന്നിരിക്കുന്നു. ഈ നില തുടർന്നാൽ നമ്മുടെ പഞ്ചായത്തിലുള്ള ഹൈസ്ക്കൂൾ നഷ്ടപ്പെടുമോ എന്നു ഭയക്കേണ്ടി യിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിലെ വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ വളരെ പരിമിതമാണ്. പല സ്ക്കൂൾ കെട്ടിടങ്ങളും വർഷകാലത്ത് ചോർന്നൊലിക്കുന്നു. ചുരുക്കം ചില വിദ്യാലയങ്ങളിൽ മാത്രമെ അറ്റകുറ്റപ്പണികൾ നടക്കുന്നുള്ളൂ. ഭൂരിഭാഗം വിദ്യാലയങ്ങൾക്കും കളിസ്ഥലം ഇല്ല. കുടിവെള്ള സൗകര്യവും കുറവാണ്. ഇതെല്ലാമാണെങ്കിലും, ബെഞ്ച്, ഡസ്ക്, ബോർഡ് എന്നിവയിൽ നമ്മൾ സ്വയം പര്യാപ്തരാണെന്നത് ആശ്വാസത്തിന് വക നൽകുന്നു. 8 വിദ്യാലയങ്ങളിൽ 6 ഉം സ്വകാര്യ വിദ്യാലയങ്ങളാവുമ്പോൾ എല്ലാം മാനേജർ ചെയ്യട്ടെ എന്ന സമീപനം നമ്മുടെ പൊതുവിദ്യാലയങ്ങളിൽ നിന്നും സാധാരണക്കാരെ അകറ്റും എന്ന കാര്യത്തിൽ സംശയമില്ല. അതുകൊണ്ട് മാനേജർ, അധ്യാപകർ, പൊതുപ്രവർത്തകർ, രക്ഷിതാക്കൾ എന്നിവരുടെ ഒരു കൂട്ടായ്മ വളർത്തിക്കൊണ്ടുവരേണ്ടിയിരിക്കുന്നു. അത്തരത്തിലുള്ള ഒരു കൂട്ടായ്മയുടെ ഫലമാണ് നമ്മുടെ പഞ്ചായത്തിൽ ഒരു HS ഉണ്ടായത്. ഈ മാതൃക പിന്തുടർന്നാൽ നമ്മുടെ വിദ്യാലയങ്ങളെ സ്വയം പര്യാപ്ത മാക്കാം.

പ്രാദേശികമായി സംഘടനകളും ക്ലബ്ബുകളും വ്യക്തികളും അതാതു സ്ഥലത്തെ വിദ്യാഭ്യാസസ്ഥാപനങ്ങളിലെ മിടുക്കരായ കുട്ടികൾക്ക് പ്രോത്സാഹനം നൽകിവരുന്നു. എൻഡോവ്മെൻറ് യൂണിഫോറം, പാഠപുസ്തകങ്ങൾ, പഠനോപകരണങ്ങൾ ക്യാഷ് അവാർഡ് എന്നിവ ഉൾപ്പെടുന്നു. ഇതു കൂറെക്കൂടി വിപുലപ്പെടുത്തുന്നത് വിദ്യാഭ്യാസ പുരോഗതിയെ സഹായിക്കും.

പട്ടിക – 3

തലക്കെട്ട്	പ്രവർത്തനം	ലാബ്/സയൻസ് കിറ്റ്	പഠനോപകരണങ്ങൾ	റേഡിയോ	ടേപ്പ് റിക്കാർഡർ	ടെലിവിഷൻ	സിനിമാ പ്രൊജക്ടർ	സ്ലൈഡ് പ്രൊജക്ടർ	സ്ലൈഡ് ബോർഡ് ആവശ്യമുള്ളവ	മാതൃസംഘം സജീവം	പി. ടി. എ പ്രവർത്തിക്കുന്നുണ്ടോ
ഉള്ളത് 8	5	8	8	3	6	-	-	-	-	-	-
ഇല്ലാത്തത് -	-	-	-	5	2	8	8	8	-	8	8

പട്ടിക – 4

നമ്പർ	സ്കൂളിന്റെ പേര്	കുടിവെള്ളം	വൈദ്യുതി	മൂത്രപ്പുര	കക്കൂസ്	പാചകമുറി	സ്റ്റാഫ് റൂം	കളിസ്ഥലം
1	ജി. എൽ. പി. എസ്, പല്ലാവൂർ	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല
2	ജി. എൽ. പി. എസ്, കുമരംപുത്തൂർ	ഇല്ല	"	ഇല്ല	"	"	"	"
3	എ. എൽ. പി. എസ്, കുടല്ലൂർ	"	"	ഉണ്ട്	ഉണ്ട്	"	"	"
4	ഇ. കെ. ഇ. എം., യു. ണ്ടപി. എസ്	"	"	"	"	ഇല്ല	ഉണ്ട്	"
5	എ. എൽ. പി. എസ്, ഒഴുവുപാറ	'	"	"	ഇല്ല	ഉ ണ്ട്	"	"
6	പി. കെ. എം. എൽ. പി. എസ്	ഉണ്ട്	"	ഉണ്ട്	ഉണ്ട്	"	"	"
7	എ.എൽ. പി. എസ്, പല്ലശ്ശന	ഇല്ല	"	"	"	"	ഇല്ല	"
8	വി. ഐ. എം. എച്ച്. എസ്, പല്ലശ്ശന	"	ഉണ്ട്	"	"	"	ഉണ്ട്	ഉണ്ട്

ഭൂരിഭാഗം ഗ്രാമസഭകളിലും വിദ്യാഭ്യാസരംഗം സജീവ ചർച്ചക്ക് വിധേയമായി. പൊതുവായി അക്കാഡമിക്ക് നിലവാരം, വിദ്യാലയങ്ങളിലെ ഭൗതിക സൗകര്യങ്ങൾ എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി ഓരോ അംഗവും പഞ്ചായത്തിലെ പൊതു വിദ്യാഭ്യാസത്തെ വിലയിരുത്തുന്നതായി കാണാം. അക്കാഡമിക് നിലവാരത്തകർച്ച, സമരം കൊണ്ടും മറ്റുമുണ്ടാകുന്ന അധ്യയനനഷ്ടം പാഠപുസ്തങ്ങളുടെ ലഭ്യതയിലുണ്ടാകുന്ന കാലതാമസം, അധ്യാപക വിദ്യാർത്ഥി അനുപാതം ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത അദ്ധ്യാപക -രക്ഷാകർതൃ സമിതി, ഉച്ചക്കഞ്ഞി പുതിയ സ്ക്കൂളുകളുടെ ആവശ്യകത നിലവിലുള്ള ചിലവയുടെ അപ്ഗ്രഡേഷൻ, അദ്ധ്യാപകരുടെ പുനഃപരിശീലനം കൂട്ട ക്ലാസ് കയറ്റം, പരീക്ഷകൾ, മൂല്യനിർണയം പാഠ്യേതര പ്രവർത്തനങ്ങൾ എന്നീ വിഷയങ്ങളെക്കുറിച്ചെല്ലാം ഗ്രാമസഭകളിൽ ചർച്ചകൾ നടന്നിട്ടുണ്ട്. പഞ്ചായത്തിലെ ഏക ഹൈസ്ക്കൂളിനെ കുറിച്ച് 2,3,4 വാർഡുകളിലെ ഗ്രാമസഭകളിൽ നിന്ന് ഏറെ വിമർശനങ്ങൾ ഉണ്ടായിട്ടുണ്ട്. ഗ്രാമസഭകളിൽ നിന്ന് ഉരുത്തിരിഞ്ഞു വന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും വിലയിരുത്തുന്നതിന് മുൻകൂട്ടി ശേഖരിച്ച പ്രാഥമിക - ദ്വിതീയ വിവരങ്ങൾ സഹായകമായി. നമ്മുടെ ഈ റിപ്പോർട്ടിൽ ഗൗരവമായി പരിഗണിക്കേണ്ട ഒന്നാണ് അക്കാദമിക സൗകര്യങ്ങൾ. ലൈബ്രറി, ലബോറട്ടറി, പഠനോപകരണങ്ങൾ, ദൃശ്യ - ശ്രാവ്യ ഉപകരണങ്ങൾ, ബ്ളാക്ക് ബോർഡുകൾ, ഫർണിച്ചറുകൾ തുടങ്ങിയവ ഒരു വിദ്യാലയത്തിന്റെ യോഗ്യതാ ചിഹ്നങ്ങളാണ്. ക്ലാസ്സുമുറിയിൽ വീർപ്പുമുട്ടുന്ന വിദ്യാർത്ഥിക്ക് ഉൻമേഷം പകരാൻ കഴിയുന്ന സൗകര്യങ്ങളും പഠനരീതികളും ഉണ്ടാവണം.

ഭൂരിഭാഗം വിദ്യാലയങ്ങളിലും പുസ്തശേഖരം ഉണ്ടെങ്കിലും കാര്യമായ പുസ്തകവിതരണം നടക്കുന്നില്ല. ലബോറട്ടറി, Sciencekit സൗകര്യങ്ങളും ഇത്തരത്തിൽ തന്നെ. പഠനോപകരണങ്ങളുടെ കുറവ് പരിഹരിക്കേണ്ടിയിരിക്കുന്നു. അക്കാദമിക് സൗകര്യ.ങ്ങളുടെ പരിമിതി വെളിപ്പെടുത്തുന്ന വസ്തുതകൾ പട്ടിക മൂന്നിൽ കൊടുത്തിരിക്കുന്നു.

നമ്മുടെ വിദ്യാലയങ്ങളിലെ ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തത പൊതു വിദ്യാഭ്യാസത്തിന്റെ ഏറ്റവും വലിയ പോരായ്മയാണ്. പല വിദ്യാലയങ്ങളിലും ക്ലാസ് മുറികൾ വിഭജിക്കുന്നതിനുള്ള സ്ക്രീനുകളോ ഇടച്ചുമരുകളോ ഇല്ലാത്തതുമൂലം അധ്യയനം വഴിപാടാകുന്നു. Pre-KER അനുസരിച്ച് ഉണ്ടാക്കപ്പെട്ട വിദ്യാലയങ്ങളിലെ ക്ലാസ് മുറികൾ വേണ്ടത്ര വിസ്താരമില്ലാത്തവയാണ്. മൂത്രപ്പുര, കക്കൂസ്, കുടിവെള്ളം, വൈദ്യുതി തുടങ്ങിയവയുടെ ലഭ്യത പട്ടിക നാലിൽ ചേർത്തിരിക്കുന്നു.

വിദ്യാർത്ഥികളുടെ പഠനനിലവാരം ആശാവഹമല്ല. നിരവധി കാരണങ്ങൾ പല മേഖലകളിൽ നിന്നും ചൂണ്ടിക്കാണിക്കുന്നുണ്ടെങ്കിലും രക്ഷിതാക്കളുടെ വിദ്യാഭ്യാസത്തിലുള്ള താത്പര്യക്കുറവാണ് പ്രധാന കാരണം. അധ്യാപക രക്ഷാകർതൃ സമിതികളിൽ പങ്കാളികളാകാനോ വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ സഹകരിക്കാനോ നമ്മുടെ ഭൂരിഭാഗം രക്ഷകർത്താക്കളും ശ്രമിക്കുന്നില്ല. ഈ പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ പഠനനിലവാരം വിലയിരുത്തുന്നതിന് 1996-97 ലെ കാൽ കൊല്ല പരീക്ഷക്ക് 3 മുതൽ 10 വരെയുള്ള സ്റ്റാൻഡേർഡുകളിലെ വിദ്യാർത്ഥികളുടെ മാർക്ക് പട്ടിക അഞ്ചിൽ ചേർക്കുന്നു.

പരീക്ഷാകേന്ദ്രീകൃതവിദ്യാഭ്യാസം നമ്മുടെ വിദ്യാർത് ഥികളുടെസ്വയം വികസന കഴിവുകളെ ഇല്ലാതാക്കുന്നു. നിലവാരം കുറഞ്ഞ ഗൈഡുകളുടെ ആശ്രിതരാക്കുന്നു. ചില രക്ഷിതാക്കളുടെയെങ്കിലും, കുട്ടികളുടെ ഭാവിയിലുള്ള അമിതമായ ഉൽക്കണ്ഠ വിദ്യാർത്ഥികളിൽ അമിതഭാരം അടിച്ചേല്പിക്കുന്നതിന് ഇടയാക്കുന്നു. ടെലിവിഷന്റെ അമിതാകർഷണം, നിലവാരം കുറഞ്ഞ വാരികകളുടെ സ്വാധീനം, യുറീക്കാ, ശാസ്ത്രകേരളം പോലുള്ള വിജ്ഞാന പ്രസിദ്ധീകരണങ്ങളോടുള്ള ആഭിമുഖ്യക്കുറവ് എന്നിവയെല്ലാം വിദ്യാഭ്യാസനിലവാരത്തകർച്ചക്ക് കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നു.

ഹൈസ്ക്കൂളിൽ സംഘടനാടിസ്ഥാനത്തിലാണ് തിഞ്ഞെടുപ്പ് നടക്കുന്നത്. ഹൈസ്ക്കൂൾ തലത്തിൽ സമരങ്ങൾ ബാധിക്കാറുണ്ടെങ്കിലും പ്രൈമറി തലത്തിൽ ബാധിക്കാറില്ല.

നെടുനാളത്തെ പോരോട്ടത്തിലൂടെ നാം നേടിയെടുത്ത പൊതു വിദ്യാഭ്യാസം നിലനിറുത്തുന്നതിനും മെച്ച പ്പെ ടുത്തുന്നതിനും ജനതയാകെ ഉണർന്ന് പ്രവർത്തിക്കേണ്ടതുണ്ട് .

പണ്ട് ഇംഗ്ലീഷ് വിദ്യാഭ്യാസം ലഭിച്ച പല്ലശ്ശന പടിഞ്ഞാറെ ഗ്രാമം കൃഷ്ണയ്യരും മണി അയ്യരും ചേർന്ന് ഇംഗ്ലീഷ് ലിറ്ററസി സൊസൈറ്റി സ്ഥാപിച്ചതും, അതിന്റെ ആഭിമുഖ്യത്തിൽ സൗജന്യ വിദ്യാഭ്യാസം നൽകി പോന്നതും നമുക്ക് മാതൃകയാക്കാം. പ്രാദേശികമായി വിദ്യാഭ്യാസം സിദ്ധിച്ച യുവതീയുവാക്കൾ അവരുടെ കഴിവുകൾ ഈ രീതിയിൽ വിനിയോഗിക്കുമെന്ന് നമുക്ക്പ്രത്യാശിക്കാം.

ഗ്രാമസഭകളിൽ നിന്ന് വന്ന നിർദ്ദേശങ്ങൾ

1. ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ അധ്യാപകർക്ക് തുടർച്ചയായ ഇൻസർവ്വീസ് കോഴ്സുകൾ നടത്തുക.
2. വിദ്യാർത്ഥികൾക്കായി പഞ്ചായത്ത് തലത്തിൽ കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കുക.
3. ഉച്ചക്കഞ്ഞി വിതരണത്തിനുള്ള ഉത്തരവാദിത്വം ഗ്രാമപഞ്ചായത്ത് പൂർണ്ണമായും ഏറ്റെടുക്കുകയും മേൽനോട്ടം വഹിക്കുകയും ചെയ്യുക.
4. സ്ക്കൂളുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നതിന് PTA മാനോജർ, അദ്ധ്യാപകർ, പൊതുപ്രവർത്തകർ എന്നിവരുടെ കൂട്ടായ്മ ഉണ്ടാക്കണം. കുടിവെള്ളം, മൂത്രപ്പുര, കക്കൂസ് കളിസ്ഥലം എന്നിവയുടെ ദൗർലഭ്യം പരിഹരിക്കുക.
5. അദ്ധ്യാപക - വിദ്യാർത്ഥി അനുപാതം കുറയ്ക്കുക.
6. സ്ക്കൂളുകളിൽ ടെക്സ്റ്റുബുക്കുകൾ യഥാസമയം എത്തിക്കുക, സൗജന്യപാഠപുസ്തകവും സ്ലേറ്റും ഗ്രാമപഞ്ചായത്ത് മുഖേന വിതരണം നടത്തുക.
7. വിദ്യാലയങ്ങൾക്ക് ആവശ്യമുള്ള ഫർണീച്ചറുകൾ , ചോക്ക്, സ്റ്റേഷനറി, ഫോറങ്ങൾ തുടങ്ങി അവശ്യസാധനങ്ങൾ ഗ്രാമപഞ്ചായത്ത് മുഖേന വിതരണം ചെയ്യുക.
8. PTA കളും മാതൃസംഗമങ്ങളും സജീവമാക്കുക. സ്ക്കൂളുകളിലെ നിലവാരത്തകർച്ചക്കുള്ള കാരണങ്ങൾ കണ്ടെത്തി പരിഹാരം കാണുന്നതിന് ശ്രമിക്കുക.
9. 2-ാം വാർഡിലെ അമ്പാഴക്കോട്, താമരപ്പാടം, തെമ്പള്ളം, ചെട്ടിയർപാടം എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് ചെട്ടിയാർ പാടത്ത് ഒരു LP സ്ക്കൂൾ സ്ഥാപിക്കുക. 6,7 വാർഡുകൾ കേന്ദ്രീകരിച്ച് അണ്ണക്കോടോ, എരട്ടോടോ ഒരു L P സ്ക്കൂൾ സ്ഥാപിക്കുക. 1-ാം വാർഡിലെ ഒല്ലൂർപ്പാടത്ത് ഒരു LP സ്ക്കൂൾ സ്ഥാപിക്കുക.
10. അംഗൻവാടികളുടെ കുറവ് പരിഹരിക്കുന്നതിന് പല്ലാവൂർ ഗവ. എൽ.പി. സ്ക്കൂളിൽ പ്രീ - പ്രൈമറി സ്ഥാപിക്കുക.
11. പഞ്ചായത്തിലെ പല്ലശ്ശന, പല്ലവൂർ എന്നിവിടങ്ങളിൽ തൊഴിലധിഷ്ഠിത കോഴ്സുകളോടുകൂടിയ സാങ്കേതിക സ്ഥാപനങ്ങൾ സ്ഥാപിക്കുക.
12. ഹൈസ്ക്കൂളിലെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനു ലീഡ് സ്ക്കൂൾ എന്ന നിലയിൽ സ്ക്കൂൾ കോംപ്ലക്സ് സജീവമാക്കുകയും ജനകീയ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ചെയ്യുക.
14. എല്ലാ വാർഡുകളിലും സർവ്വെയുടെ അടിസ്ഥാനത്തിൽ വയോജന വിദ്യാഭ്യാസ കേന്ദ്രങ്ങൾ അനുവദിക്കുക.
15. ഗ്രാമപഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള കുമാരം പുത്തൂർ, പല്ലാവൂർ, ഗവ. എൽ.പി. സ്ക്കൂളുകൾ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഏതുനിനിഷവും നിലം പൊത്താവുന്ന ഈ കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് അറ്റകുറ്റപണിയോ പുതിയകെട്ടിടം പണിയോ നടത്തുക.

പട്ടിക - 1

ക്രമ നമ്പർ	വാർഡ്	സ്കൂൾ	മാനേജ്മെന്റ്	വിദ്യാർത്ഥികൾ						അദ്ധ്യാപകർ			യോഗ്യത		
				ആകെ			പട്ടികജാതി						ടി. ടി. സി	ബി. എഡ്	മുതലായവ
				ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ			
1	2	വി. എച്ച്. എം. മഹമ്മസ്കൂൾ പല്ലശ്ശന	എയിഡഡ്	506	503	1009	105	79	184	13	22	35	3	21	11
2	7	ഇ. കെ. ഇ. എം. യു. പി. സ്കൂൾ, തളൂർ	"	332	225	~~557~~ 555	78	51	129	9	5	14	8	3	3
3	10	ഗവ. എൽ. പി. സ്കൂൾ പല്ലാവൂർ	ഗവ.	81	68	149	42	37	79	2	3	5	5	–	–
4	9	ഗവ. എൽ. പി. സ്കൂൾ കുമരംപുത്തൂർ	"	56	52	108	11	11	22	2	2	4	2	2	–
5	9	എ. എൽ. പി. സ്കൂൾ കുടല്ലൂർ	എയിഡഡ്	119	122	241	29	38	67	3	5	8	8	–	–
6	5	എ. എൽ. പി. സ്കൂൾ, ഒഴുവുപാറ	"	108	109	217	27	24	51	0	7	7	7	–	–
7	3	പി. കെ. എം. എൽ. പി സ്കൂൾ, പല്ലശ്ശന	"	0	281	281	0	40	40	1	7	8	6	2	–
8	3	എ. എൽ. പി. സ്കൂൾ പല്ലശ്ശന	"	273	0	273	66	0	66	4	5	9	9	–	–
		ആകെ		1475	~~1390~~ 1860	~~2865~~ 2835	~~368~~ 358	~~270~~ 280	638	34	56	90	48	28	14

നമ്പർ	സ്കൂളിന്റെ പേര്	1992 - 93		93 - 94		94 - 95		95 - 96		96 - 97	
		Admission	Drop out	Admission	Drop out	Admission	Drop out	Admission	Drop out	Admission	Drop out
1	VIM,Highschool, Pallasana	1026	-	1018	-	1019	-	1011		1009	-
2	E.K.E.M. U. P Sckhool, Thalur	625	55	614	20	612	37	602	24	557 ~~587~~	
3	Govt. L.Pschool, Pallavur	212	3	188	8	168		172	4	149	
4	Govt. L.P. School, Kumaramputhur	108	13	100	11	104	8	102	6	108	
5	A. L. P. School, Kudallur	258	10	251	9	245	10	237	4	241	
6	A. L.P. School, Ozhuvupara	266	13	249	2	233		218		230	
7	PKMLP School, Pallasana	298	8	287	17	265	13	273	3	217 ~~281~~	
8	ALP School, Pallasana	293	39	305	17	309	20	300		273 ~~274~~	

പട്ടിക -2

പട്ടിക – 3

ക്രമ നമ്പർ		സ്കൂളിന്റെ പേര്	മാനേജ്മെന്റ് സ്കൂൾ	കുട്ടികളുടെ എണ്ണം			എസ്. സി/എസ്.ടി കുട്ടികൾ			അദ്ധ്യാപകർ					
				ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ടി.ടി.സി	ബി എഡ്	മറ്റുള്ളവ
1	2	വി. എച്ച്. എം. ഹൈസ്കൂൾ, പല്ലശ്ശന	എയിഡഡ്	506	503	1009	105	79	184	184	13	35	3	21	11
2	7	ഇ.കെ.ഇ.എം. യു.പി. സ്ക്കൂൾ തളർ	എയിഡഡ്	332	225	587	78	51	129	129	9	14	8	3	3
3	10	ഗവ. എൽ.പി. സ്ക്കൂൾ, പല്ലാവൂർ	ഗവ.	81	68	149	42	37	79	79	2	5	5	–	–
4	9	ഗവ. എൽ. പി. സ്കൂൾ, കുമാരംപുത്തൂർ	" "	56	52	108	11	11	22	22	2	4	2	2	–
5	9	എ. എൽ. പി. സ്കൂൾ, കൂടല്ലൂർ	എയ്ഡഡ്	119	122	241	29	38	67	67	3	8	8	–	–
6	5	എ. എൽ. പി. സ്കൂൾ, ഒഴുവുപാറ	" "	108	109	217	27	24	51	51	0	7	7	–	–
7	3	പി. കെ. എം. എൽ. പി. സ്കൂൾ, പല്ലശ്ശന	" "	0	281	281	0	40	40	40	1	8	6	2	–
8	3	എ. എൽ. പി. സ്കൂൾ, പല്ലശന	" ""	273	0	273	66	0	66	66	4	9	9	–	–
		ആകെ		1475	1390	2865	368	270	638	638	34	90	48	28	14

പട്ടിക - 5

ക്ളാസ്	ആകെ കുട്ടികൾ	30% കുട്ടികൾക്കു താഴെ	30 - 40% മാർക്ക് നേടിയവർ	40 - 50 %	50 - 60%	60% ന് മുകളിൽ
3	346	172	53	34	34	53
4	418	140	73	68	49	88
5	268	130	48	41	26	23
6	265	154	43	23	20	25
7	282	142	60	36	25	19
8	214	148	29	18	12	7
9	196	131	27	15	13	10
10	127	89	17	8	7	6

" കൊണ്ടുപോകില്ല ചോരൻമാർ
കൊടുക്കുംതോറുമേറിടും
മേൻമനൽകും മരിച്ചാലും
വിദ്യ തന്ന മഹാധനം"

5-5

കുടിവെള്ളവും പൊതുജനാരോഗ്യവും

കുടിവെള്ളം

ഒരു ജനതയുടെ ആരോഗ്യകരമായ അടിസ്ഥാന ആവശ്യങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് കുടിവെള്ളം നമ്മുടെ പഞ്ചായത്തിൽ 90% ജനങ്ങളും കുടിവെള്ളത്തിനായി കിണറുകളെയാണാശ്രയിക്കുന്നത്. ഇവിടെ ആകെയുള്ള .61 പൊതുകിണറുകളിൽ 50 എണ്ണം ഉപയോഗയോഗ്യവും 11 എണ്ണം ഉപയോഗശൂന്യവുമാണ്. കൂടാതെ പഞ്ചായത്തിലുള്ള 13 ബോർവെല്ലുകളിൽ 3 എണ്ണം ഉപയോഗശൂന്യമാണ്. ആകെയുള്ള കിണറുകളിൽ 90% സ്വകാര്യകിണറുകളാണ്. പഞ്ചായത്തിനകത്ത് 312 കുളങ്ങളുണ്ടെങ്കിലും ഇവിടത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. അതിനാൽ പഞ്ചായത്ത് മുൻകൈയെടുത്ത് നിറാക്കോട്ടിൽ (ഗായത്രിപുഴ - കണ്ണന്നൂർ കടവ്) പഞ്ചായത്തിലെ 1 മുതൽ 5 വരെ വാർഡുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാനായി ഒരു ടാങ്ക് നിർമ്മിച്ചിരിക്കുന്നു. ഇതിനെ 93-94 ലെ JRY പദ്ധതിയിൽപ്പെടുത്തി വാട്ടർ അതോറിറ്റി ഡിപ്പാർട്ടുമെൻറിന് കൈമാറി. നാളിതുവരെ ഡിപ്പാർട്ടുമെൻറിൻെറ അനാസ്ഥമൂലംകണക്ഷൻ ലഭിച്ചിട്ടില്ല. ഉടൻതന്നെ കണക്ഷൻ ലഭിക്കുവാനും മേൽ പറഞ്ഞ വാർഡുകളിലെ കുടിവെള്ളക്ഷാമം ദുരീകരിക്കാനും ശ്രമിക്കേണ്ടതാണ്.

6 മുതൽ 10 വരെ വാർഡുകൾക്ക് കുടിവെള്ളത്തിന്നായുള്ള പദ്ധതി (മാന്തോണിയിൽ കിണർ കുഴിച്ച് ടാങ്കുകെട്ടുക) അംഗീകരിക്കേണ്ടതാണ്. കുളുടിവെള്ളത്തിനായാഇ ഒരു കി.മീ. വരെ ചിലപ്രദേശങ്ങളിൽ ജനങ്ങൾക്ക് നടക്കേണ്ടിവരുന്നു.

വാർഡുതല വിവരണം.

വാർഡ് I നവുഞ്ഞിക്കോട്, നെല്ലിക്കപ്പൊറ്റ, പുളിപറമ്പ്, ലക്ഷംവീട് കോളനി, കൊളുമ്പ് എന്നീ സ്ഥലങ്ങളിലാണ് കുടിവെള്ളക്ഷാമം രൂക്ഷമായുള്ളത്. അതിനാൽ പൊതുകിണറുകൾ കുഴിച്ച് പ്രശ്നത്തിന്നു പരിഹാരം കാണാവുന്നതാണ്. കൂടാതെ പുളിമ്പറമ്പു വരെ പൈപ്പുലൈൻ നീട്ടി കുടിവെള്ളം എത്തിക്കേണ്ടതുമാണ്.

വാർഡ് IIതെമ്പള്ളം, ചെട്ടിയാർ പാടം, ഇട്ടിയമ്പാറ, കനകത്തുകുളമ്പ്, താമരപ്പാടം, പാറക്കളം എന്നീ സ്ഥലങ്ങളിലെ കുടുവെള്ളക്ഷാമം പരിഹരിക്കയും പാറക്കളത്തുള്ള പൊതുകിണർ ശുചിയാക്കുകയും വേണം. ഇവിടുള്ള ഹരിജൻ കോളനിയിൽ കുടിവെള്ളക്ഷാമം രൂക്ഷമാണ്. പാറക്കളം പ്രദേശത്തുള്ള ജനങ്ങൾ 1 k.m. ദൂരം വരെ സഞ്ചരിച്ചു വെള്ളം ശേഖരിക്കുന്ന അവസ്ഥ നിലവിലുണ്ട്.

വാർഡ്. III നിറാക്കോട് തുടങ്ങിവച്ച പൈപ്പുലൈൻ ശരിയാക്കലാണ് ഈ വാർഡിലെ കുടിവെള്ളക്ഷാമത്തിനുള്ള വലിയ പരിഹാരമാർഗ്ഗം. പയറ്റുകാട് കുറ്റിപുള്ളി, കമ്മാന്തറ, പന്തപ്പുള്ളി, പുത്തൻകാവ് എന്നീ പ്രദേശങ്ങളിൽ പൊതുകിണറുകൾ സ്ഥാപിക്കുകയും തുമ്പിക്കോട്, കിണർ, പുനർനിർമ്മിക്കുകയും വേണം. പുത്തൻകാവ് പ്രദേശത്ത് പൊതു പൈപ്പുകൾ കാര്യക്ഷമമാക്കി പ്രവർത്തിക്കുക. പുതിയ ടാപ്പുകളും ഈ പ്രദേശത്ത് സ്ഥാപിക്കേണ്ടതാണ്. മേൽ വീട് പ്രദേശത്ത് ഒരു ബോർവെൽ സ്ഥാപിക്കുക.

വാർഡ് IV ചാളക്കൽ, താമരമുകൾ പ്രദേശത്ത് പൈപ്പ് ലൈൻ എത്തിക്കുക. പാറക്കുഴിവരെ പൈപ്പ് ലൈൻ നീട്ടുക. താമരമുകൾ ഭാഗത്ത് പൊതു കിണർ സ്ഥാപിക്കുക.

വാർഡ് V ആലിങ്കൽ, മാങ്ങോട് പ്രദേശത്തും നെടുവിളിക്കളം, മാങ്ങോട്, തൊഴുത്തും പാറ എന്നിവിടങ്ങളിൽ പൊതുകിണർ സ്ഥാപിക്കുക. 5-ാം വാർഡിലെ വിവിധ ഭാഗങ്ങളിൽ ഉപയോഗശൂന്യമായിക്കിടക്കുന്ന കിണറുകൾ വൃത്തിയാക്കുക. ഒടുവൻകാട്, കളേശ്വരം ഭാഗത്ത് ഉള്ള കിണർ പൊതുജനങ്ങൾ വിട്ടുതരുവാൻ തയ്യാറായിട്ടുള്ളതിനാൽ അത് വൃത്തിയാക്കിയെടുക്കേണ്ടതേയുള്ളു.

ചന്തപ്പുരയുടെ പിന്നിലുള്ള കിണറും വൃത്തിയാക്കിയെടുക്കേണ്ടതാണ് അഞ്ചാം വാർഡിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് അത്യാവശ്യമാണ്. കല്ലൻപറമ്പ് ഭാഗത്തെ പൈപ്പ് ലൈൻ താഴെ ഭാഗത്തേക്ക് നീട്ടുക, ഒഴുവുപാറ സ്ക്കൂളിനു മുന്നിലെ പൈപ്പ് ശരിയാക്കുക. തുടങ്ങിയവയും ഈ ഭാഗത്തെ കുടിവെള്ളക്ഷാമത്തിന് ഒരു പരിഹാരമാണ്. തല്ലുമന്ദിലൂടെ കടന്നുപോകുന്ന പൈപ്പ് ലൈൻ ആലിങ്കൽ, മാങ്ങോട് പ്രദേശത്തുകൂടി നീട്ടേണ്ടത് അത്യാവശ്യമാണ്.

വാർഡ്VI വാർഡിലെ മുരുക്കുളി, തുവാൻകോട്, തേവൻകളം, തുമ്പിളിങ്കൽ, അണ്ണക്കോട്, കളത്തിങ്കൽ എന്നിവിടങ്ങളിൽ പൊതുകിണറുകൾ അത്യാവശ്യമാണ്. ഇവിടെ തന്നെ പലരും കിണറിനുള്ള സ്ഥലം വിട്ടുതരുവാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. കുളത്തിങ്കൽ പ്രദേശത്ത് പാടത്തു കിണർ ചുറ്റുമതിൽ കെട്ടി വൃത്തിയാക്കുക.

വാർഡ്VIIവാർഡിൽ കുന്നക്കാട്, വടുകത്തറ, പൂശാരിവീട്, പെട്ടിക്കൽ, എഴുത്തച്ഛൻതറ, വാക്കോട് മണ്ണാർചോല, ചെമ്പ്രോട് കോളനി കക്കാട്ടുകുന്ന് കോളനി, ഇരട്ടോട് എന്നിവിടങ്ങളിലാണ് കുടിവെള്ളക്ഷാമം രൂക്ഷം. ഇവിടങ്ങളിൽ പൊതുകിണർ അത്യാവശ്യമാണ്. കൂടാതെ ആലംകോട് കിണർ ഇരപ്പിക്കൽ ചിറ, തളൂർ എഴുത്തച്ഛൻ തറ എന്നിവിടങ്ങളിൽ നിലവിലുള്ള കിണർ ഉപയോഗയോഗ്യമാക്കുയും വേണം.

വാർഡ്VIIIവാർഡിന്റെ ഒഴുവുപാറ, കനാൽപാലം മുതൽ മാരിക്കുളമ്പ് വഴി കൂടല്ലൂർ വരെ പൈപ്പ് ലൈൻ നീട്ടുക മാരിക്കുളമ്പ്, തോട്ടുംകുളമ്പ്, കാക്കാമട, മാരിക്കുളമ്പ്, നടുത്തറ എരികാട്, കൊശക്കുഴി, കൂടല്ലൂർ നടത്തറ എന്നിവിടങ്ങളിൽ പൊതുകിണറിന്റെ ആവശ്യമുണ്ട്. മാരിക്കുളമ്പ് നടത്തറയിൽ പൊതുകിണറിനായി സ്ഥലം തരുവാൻ സന്നദ്ധരായിട്ടുള്ള ആളുകളുണ്ട്.

വാർഡ്IXസ്ക്കൂൾ പരിസരത്തേക്ക് പൈപ്പ് ലൈൻ നീട്ടി കുട്ടികൾക്ക് കുടിവെള്ളം എത്തിക്കുക, കൊടിക്കൽ കാട്ടിൽ ഞാവൽ മരത്തിൻ ചുവട്ടിൽ ചെക്ക് ഡാം കെട്ടി ജലലഭ്യത ഉറപ്പുവരുത്തി ടാങ്കു നിർമ്മിച്ച് ശുദ്ധജലം നൽകുക.

വാർഡ്Xമാടംപാറ ഹരിജൻ കോളനിയിൽ, കുടിവെള്ളക്ഷാമം അതിരൂക്ഷമാണ്. അവിടെ ഒരു പൊതു കിണർ കുഴിക്കുക. മണ്ണാന്തറ, കൊല്ലത്തറ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന പാടത്തെ പൊതുകിണറിന്റെ ചുറ്റുമതിൽ ബലപ്പെടുത്തുക. നിലവിലുള്ള കുഴൽ കിണറുകൾ ശരിയാക്കി ചുറ്റും സിമൻറു തറയിടുക. തെക്കേത്തറ, പെരിഞ്ഞേരിത്തറ എന്നിവിടങ്ങൾ പൊതുകിണർ കുഴിക്കുക. വെള്ളം ലഭിക്കാതെ പ്രദേശങ്ങളിൽ പൈപ്പ് ലൈൻ ഇടുക.

കിണറുകൾ

പൊതുകിണറുകൾ		സ്വകാര്യ കിണറുകൾ		കുഴൽ കിണറുകൾ	മൊത്തംകിണറുകൾ
വെള്ളം ഉള്ളത്	വെള്ളം ഇല്ലാത്തത്	വെള്ളം ഉള്ളത്	വെള്ളം ഇല്ലാത്തത്		
50	11	846	-	13	920

പട്ടിക

കുടിവെള്ള പ്രശ്നപ്രദേശങ്ങളും, പരിഹാര നിർദ്ദേശങ്ങളും

വാർഡ്

	പ്രശ്നമേഖല	പരിഹാരമാർഗ്ഗങ്ങൾ
1.	നവുഞ്ഞിക്കോട്, നെല്ലിക്കപൊറ്റ പുളിപറമ്പ് ലക്ഷംവീട് കോളനി	ഈ പ്രദേശങ്ങളിലെ ഹൃദയഭാഗത്ത് ഓരോ പൊതുകിണർ സ്ഥാപിക്കുകയും പൈപ്പ് കൊളുമ്പ്.

		ലൈനിലൂടെയുള്ള ശുദ്ധജല വിതരണം കാര്യക്ഷമമാക്കുകയും വേണം.
2.	തെമ്പള്ളം, ചെട്ടിയാർപാടം, ഇട്ടിയം പാറ, കനകത്തു കുളമ്പ്, താമരപ്പാടം, പാറക്കളം.	പാറക്കളത്തുള്ള പൊതുകിണറിന്റേയും ബോർവെൽ ല്ലിന്റേയും അറ്റകുറ്റ പണി നടത്തുക ഹരിജൻ കോളനി യിൽ ഒരു പൊതുകിണർ നിർമ്മിക്കണം. പൈപ്പ് ലൈൻ സംവിധാനം കാര്യക്ഷമമാക്കണം.
3.	നിറാക്കോട്, പയറ്റുകാട്, കുറ്റിപ്പുള്ളി, കൗണ്ടത്തറ, പന്തപ്പുള്ളി,, പുത്തൻകാവ് തറ, തുമ്പിക്കോട്, മലമ്പള്ള	കുറ്റിപ്പുള്ളി പ്രദേശത്ത് പൊതുകിണർ സ്ഥാപിക്കുക, മറ്റുള്ള പ്രദേശങ്ങളിൽ നിലവിലുള്ള പൈപ്പ് ലൈൻ സംവിധാനം കാര്യക്ഷമമാക്കുക. തുമ്പിക്കോട്, മലമ്പള്ള എന്നീ പ്രദേശത്തെ നിലവിലുള്ള പൊതുകിണർ വൃത്തിയാക്കി ഉപയോഗയോഗ്യമാക്കുക.
4.	ചാളയ്ക്കൽ, താമരമുകൾ, തല്ലുമന്ദം, ചെമ്മണ്ണമട	ഈ പ്രദേശങ്ങളിൽ (ചാളക്കൽ) പാറക്കുഴിവരെയുള്ള പൈപ്പ് ലൈൻ ചാളക്കലിന്റെ ഉൾഭാഗത്തേക്കുകൂടി നീട്ടുക. താമരമുകൾ പ്രദേശത്ത് ഒരു പൊതുകിണർ സ്ഥാപിക്കുകയോ നിലവിൽ കമ്മാന്തറ പ്രദേശത്തു വരെയെത്തുന്ന പൈപ്പ് ലൈൻ നീട്ടുകയോ വേണം. തല്ലുമന്ദം ചെമ്മണ്ണമട പ്രദേശത്ത് പുതിയ ടാപ്പുകൾ സ്ഥാപിക്കുക. ചെമ്മണ്ണമട കോളനിയിൽ ഒരു ബോർവെൽ സ്ഥാപിക്കുക.
5.	മാങ്ങോട്, കൊഴിച്ചൂട്ടം പറമ്പ് കല്ലം പറമ്പ്, തെക്കും പുറം, തെക്കേ മാങ്ങോട്, കല്ലംകാട്, ഒടുവംകാട്.,	ഈ ഭാഗങ്ങളിൽ പൊതുകിണർ കുഴിക്കണം.
	നെടുവള്ളിക്കളം, മാങ്ങോട്, തുണ്ടപറമ്പ്, തൊഴുത്തുംപാറ, ചന്തപ്പുരയുടെ പിറകിലുള്ള കിണർ	ഈ ഭാഗങ്ങളിലുള്ള പൊതുകിണർ നന്നാക്കണം.
	പന്തപ്പുള്ളി ഒഴുവുപാറ	പൈപ്പ്ലൈൻ കേടുപാടുകൾ തീർക്കുകയും നീട്ടുകയും ചെയ്യുക.
	ആലിങ്കിൽ- മാങ്ങോട് ഒഴുവുപാറ ALPS, കല്ലൻ പറമ്പിന്റെ താഴെഭാഗം	
6.	തുവാങ്കോട്, തുമ്പിളിങ്കൽ, അണ്ണക്കോട്, കുളത്തിങ്കൽ, മുരുക്കുളി, തേവൻകുളം, തോട്ടിങ്കൽ	മാന്തോണി പദ്ധതി ഉപയോഗപ്പെടുത്തുക. ഈ സ്ഥലങ്ങളിലെ പൊതു കിണർ നന്നാക്കണം.
7.	കുന്നക്കാട് വടുകത്തറ, പൂശാരിവീട്, ചാമക്കാട്, പെട്ടിക്കൽ, എഴുത്തച്ഛൻ തറ, വാക്കോട്, മണ്ണാർച്ചോല, ഇരട്ടോട്,	

	ചെമ്പ്രോട്ട് കോളനി കക്കാട്ടുകുന്ന് കോളനി	ഈ സ്ഥലങ്ങളിൽ പുതിയ കിണർ കുഴിക്കണം. കക്കാട്ട് കുന്ന് കോളനിയിലും ചെമ്പ്രോട്ട് കോളനിയിലും പൊതു കിണർ സ്ഥാപിക്കണം.
	ആലംകോട്, ഇരുപ്പക്കൻചിറ എഴുത്തച്ഛൻ തറ	കിണർ ഉപയോഗപ്രദമാക്കുക. മാന്തോണി പദ്ധതി നടപ്പാക്കുക. തളൂർ സ്ക്കൂളിലേക്കു വെള്ളം എത്തിക്കുക.
8	നടുത്തറ,എരികാട്,കൊശക്കുഴി മാരിക്കുളമ്പ്,	ഈ പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പൊതു കിണർ അത്യാവശ്യമാണ്.
9.	കൊടിക്കൽക്കാട് ഞാവലിൻ ചുവട്	ഒമ്പതാം വാർഡിലെ നിർദ്ദിഷ്ട പദ്ധതി നടപ്പാക്കുക. കുടിവെള്ള പ്രശ്നം പരിഹരിക്കുക.
10.	മാടംപാറ ഹരിജൻ കോളനി, മണ്ണാന്തറ, കൊല്ലത്തറ, തെക്കേത്തറ, പെരിഞ്ഞേരിത്തറ	മണ്ണാന്തറ, കൊല്ലത്തറ എന്നിവിടങ്ങളിലെ പൊതു കിണർ നന്നാക്കി ഉപയോഗയോഗ്യമാക്കുക. മറ്റുള്ള വിടങ്ങളിൽ ചുറ്റുമതിൽ കെട്ടി പൊതുകിണർ സ്ഥാപിക്കുക. നിലവിലുള്ള (പല്ലാവൂർ സെൻറർ) ബോർവെൽ ഉപയോഗയോഗ്യമാക്കുക.

ചെറുകിട പദ്ധതികൾ

കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിനായി 7-ാം വാർഡിൽ നിന്നും 9-ാം വാർഡിൽ നിന്നും ചില നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്.

ഏഴാം വാർഡിലെ മാന്തോണികുളത്തിന്റെ പരിസരത്ത് മലമുകളിൽ ടാങ്കുനിർമ്മിച്ച് പമ്പിംഗ് സൗകര്യത്തോടുകൂടി ജലവിതരണം നടപ്പിലാക്കുക. ഇതുമൂലം 7-ാം വാർഡിൽ മാത്രമല്ല സമീപപ്രദേശങ്ങളായ 6.,8,9,10 എന്നീ വാർഡുകളിലെയും കുടിവെള്ളക്ഷാമം പരിഹരിക്കാൻ സാധിക്കും.

നിർദ്ദേശിക്കപ്പെടുന്ന മാർഗങ്ങൾ

1. പഞ്ചായത്തിലെ മുഴുവൻ കിണറുകളിലും പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ സഹായത്തോടെ ക്ലോറിൻ വിതറുക.
2. കെടുവന്ന വാട്ടർ ടാപ്പുകളും, പൈപ്പുകളും, കുഴൽകിണറുകളും കേടുപാടുകൾ തീർത്ത് ജനങ്ങൾക്ക് ഉപയോഗപ്രദമാക്കുക.
3. ദുർഗന്ധം വമിക്കുന്ന കിണറുകളിൽ ചിരട്ടക്കരി ഉപയോഗിച്ചു വെള്ളം ശുദ്ധീകരിക്കുക.
4. കണ്ണന്നൂർക്കടവിലുള്ള കുഴൽക്കിണറിലൂടെയുള്ള ജലവിതരണം മെച്ചപ്പെടുത്തുന്നതിനും വ്യാപകമാക്കുന്നതിനുമായി ആവശ്യമുള്ള അറ്റകുറ്റപ്പണികൾ നടത്തി പൈപ്പുലൈൻ നീട്ടുക.
5. നിറാക്കോട്ടു മലയിൽ പഞ്ചായത്തു നിർമ്മിച്ച് വാട്ടർ അതോറിറ്റിക്ക് കൈമാറിയ ജലസംഭരണിയിൽ കഴിയുംവേഗം കണക്ഷൻ നൽകി ഉപയോഗയോഗ്യമാക്കുക.

പൊതുജനാരോഗ്യം

അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും ഊന്നിയ ഒരു ചികിത്സാ രീതിയാണ് ഈ പഞ്ചായത്തിൽ നിലനിന്നിരുന്നത്. 'തമ്പാട്ടി' എന്ന പേരിൽ അറിയപ്പെടുന്ന വസൂരി ഈ ചികിത്സാരീതിക്ക് ഒരു ഉദാഹരണമാണ് ആധുനികശാസ്ത്രവും, ചികിൽസാ രീതികളും ഇത്രയൊക്കെ പുരോഗമിച്ചിട്ടും വിദ്യാസമ്പന്നർ ഉൾപ്പെടെ പലരും ഇത്തരം പ്രാകൃതരീതികൾ അനുവർത്തിക്കുന്നുണ്ട്. 1968 ന് പല്ലാവൂരിൽ സർക്കാർ ഗ്രാൻറോടുകൂടി പ്രവർത്തനമാരംഭിച്ച. ആയുർവ്വേദ ആശുപത്രിയാണ് ആദ്യത്തെ ആരോഗ്യ സംരക്ഷണ സ്ഥാപനം. ഇന്ന് ഇത് നാട്ടു ചികിത്സാ വകുപ്പിൻെറ കീഴിലുള്ള ആയുർവ്വേദ ഡിസ്പെൻസറിയായി പ്രവർത്തിച്ചുവരുന്നു. ഇതുകൂടാതെ ഒരു പ്രാഥമിക ആരോഗ്യകേന്ദ്രം, രണ്ട് ഫാമിലിവെൽഫെയർ സെൻററുകൾ എന്നിവയാണ് ഇന്ന് നിലവിലുള്ള പഞ്ചായത്തിലെ ആരോഗ്യകേന്ദ്രങ്ങൾ. സ്വകാര്യമേഖലയിൽ ഒരു ഹോമിയോ ക്ലിനിക് മാത്രമേ പല്ലശ്ശന പഞ്ചായത്തിൽ ഉള്ളു. ഇതിനെല്ലാം പുറമേ 5 പാരമ്പര്യ വൈദ്യൻമാർ ഉൾപ്പെയുടെയുള്ള ആരോഗ്യപ്രവർത്തകർ പഞ്ചായത്തിലെ ആരോഗ്യ മേഖലയിൽ ഇന്നുണ്ട്.

ആതുര ശുശ്രൂഷാരംഗത്ത് പ്രവർത്തിക്കുന്ന ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം മാതൃകാപരമാണെങ്കിലും ജനങ്ങൾ ഇവയുടെ സേവനം വേണ്ട രീതിയിൽ പ്രയോജനപ്പെടുത്തുന്നില്ല.

നമ്മുടെ പഞ്ചായത്തിലെ ആരോഗ്യ സ്ഥാപനങ്ങളിൽ കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യം ഇല്ലാത്തത് ഏറ്റവും വലിയ പോരായ്മയായി നിലനിൽക്കുന്നു. അതിൻെറ ഫലമായി പാവപ്പെട്ടവർ ഉൾപ്പെടെയുള്ള മിക്കരോഗികളും തൊട്ടടുത്ത പഞ്ചായത്തുകളിലുള്ള ആരോഗ്യസ്ഥാപനങ്ങളെ സമീപിച്ചു വരുന്നു. നമ്മുടെ പഞ്ചായത്തിലെ മൊത്തം രോഗികളുടെ വ്യക്തമായ കണക്ക് ലഭിക്കാത്തതിന് കാരണം ഇതുംകൂടിയാണ്.

പല്ലശ്ശന പഞ്ചായത്തിലെ ആരോഗ്യരംഗത്തെ പൊതുസ്ഥാപനങ്ങളുടെ പൊതു വിവര പട്ടിക ചേർക്കുന്നു.

നമ്പർ സ്ഥാപനങ്ങൾ	വാർഡ്	സ്ഥാപിച്ച വർഷം	ജീവനക്കാരുടെ എണ്ണം
1. പ്രൈമറി ഹൈൽത്ത് സെൻറർ പല്ലശ്ശന	VI	1989	10
2. ഗവ. ആയുർവ്വേദ ഡിസ്പെൻസറി പല്ലാവൂർ	X	1968	4
3. I P P തളൂർ (കൂടല്ലൂർ)	VIII	7-4-1990	1
4. IPPതൂവാങ്കോട്	VI	13-3-1988	1
5. I P P താമരപ്പാടം	II	-	1
6. F.W.C. പല്ലശ്ശന	III	–	1
7. F.W.C പല്ലാവൂർ	VII	–	1

പരിസര ശുചിത്വം

വ്യവസായവത്ക്കരണം വളരെ കുറഞ്ഞ തോതിലാണെങ്കിലും നമ്മുടെ പഞ്ചായത്തിലും പരിസര മലിനീകരണം ഉള്ളതായിട്ടാണ് ഗ്രാമസഭാ റിപ്പോർട്ടുകൾ ചൂണ്ടിക്കാണിക്കുന്നത്. പല്ലാവൂരിലുള്ള പുതിയ മെറ്റൽ ക്രഷറിൽ നിന്നും ഉയർന്നുവരുന്ന പാറപ്പൊടി പരിസരപ്രദേശങ്ങളിൽ പരിസരണമലിനീകരണ

പ്രശ്നം സൃഷ്ടിക്കുന്നു. ഇത് പരിഹരിക്കുന്നതിന് ആവശ്യമായ സുരക്ഷാ നടപടികൾ സ്വീകരിക്കണം. പഞ്ചായത്തിലെ മിക്കഭാഗങ്ങളിലും ശുചീകരണത്തിന്റെ അഭാവത്തെ കുറിച്ചുള്ള ഒട്ടേറെ പരാതികൾ ഗ്രാമസഭകളിൽ ഉണ്ടായിട്ടുണ്ട്. ശുചീകരണപ്രവർത്തനത്തിന് പഞ്ചായത്തിൽ ജീവനക്കാരെ നിയമിക്കുകയും ' 'വൃത്തിയുള്ള പഞ്ചായത്ത്" എന്ന പേര് പല്ലശ്ശനക്ക് ഉണ്ടാക്കിയെടുക്കുകയും ചെയ്യണം. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹോട്ടലുകൾ, ചായക്കടകൾ എന്നിവയിലെ ഭക്ഷണപദാർത്ഥങ്ങളുടെ വില്പന ആരോഗ്യ നിയന്ത്രണ നിയമങ്ങൾക്ക് വിധേയമാക്കേണ്ടതും ആയത് പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. അതിനായി ബന്ധപ്പെട്ട ജീവനക്കാരുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

കൊതുക്, ഈച്ച തുടങ്ങിയ പ്രാണികളുടെ വ്യാപനം നമ്മുടെ പഞ്ചായത്തിൽ യഥേഷ്ടമാണ്. അതുകൊണ്ടുതന്നെ പല രോഗങ്ങളും കണ്ടു വരുന്നു. ഇതിനെതിരെ കിണറുകളിലെ ക്ലോറിനേഷൻ, ഈച്ച, നശീകരണം, കൊതുക് നശീകരണം എന്നിവ ഫലപ്രദമായി നടത്തേണ്ടതാണ്. അടുക്കളയും ഗൃഹപരിസരവും ശുചിയായി സൂക്ഷിക്കാനും, തൽഫലമായി ലഭിക്കുന്ന അവശിഷ്ടങ്ങൾ ഉപയോഗിച്ചു കമ്പോസ്റ്റ് വളനിർമ്മാണത്തിനുള്ള പ്രേരണയും നൽകാവുന്നതാണ്. ഇത് അടുക്കളത്തോട്ടത്തിൽ വളമായി ഉപയോഗിക്കാം. വീടിനടുത്ത് മലിനജലം കെട്ടിനിൽക്കുന്നത് തടയുക കൂത്താടികളുള്ള സ്ഥലങ്ങളിൽ മണ്ണെണ്ണ ഒഴിച്ച് അവയെ നശിപ്പിക്കുക. വീടുകളിൽ DDT തളിക്കുക. തുടങ്ങിയ മാർഗ്ഗങ്ങളാൽ കൊതുക് നശീകരണം ഫലപ്രദാമക്കാനാവും. ഈ പ്രവൃത്തിയിൽ ആരോഗ്യവകുപ്പുദ്യോഗസ്ഥർക്കൊപ്പം സന്നദ്ധ സേവകരുടെ സേവനവും ഉപയോഗപ്പെടുത്താവുന്നതാണ്.

പരിസര ശുചീകരണത്തിന് സ്വീകരിക്കാവുന്ന നിർദ്ദേശങ്ങളിൽ ചിലത്.

1. വാർഡ് അടിസ്ഥാനത്തിൽ മാലിന്യങ്ങൾ ശേഖരിക്കാനും ജൈവ വളനിർമ്മാണത്തിനുമുള്ള നടപടി.
2. വീടുകളിലും കടകളിലും വേസ്റ്റ് ബോക്സുകൾ സ്ഥാപിക്കുക. ഇവ ആഴ്ചയിലൊരിക്കൽ ശെഖരിച്ച് കമ്പോസ്റ്റ് വളം നിർമ്മിക്കുക. ഇതിനാവശ്യമായ സമ്പത്ത് അതാത് വീടുകളിൽ നിന്നും സംഭരിക്കുക.

പൊതുശ്മശാനം

മൂന്നാം വാർഡിലെ കുറ്റിപ്പുള്ളിയിൽ സ്ഥിതിചെയ്യുന്ന പഞ്ചായത്ത് ശ്മശാനം ഭൂമിശാസ്ത്രപരമായി ഒട്ടു യോജിക്കാത്തതും മറ്റൊരു പഞ്ചായത്തിന്റെ അതിർത്തിപ്രദേശവുമാണ്. 25 - ഓളം കുടുംബങ്ങളെ ഇത് ഉപയോഗിക്കുന്നുള്ളു.

രണ്ടാം വാർഡിലെ വാമലപ്രദേശം അഞ്ചാം വാർഡിലെ മണപ്പറമ്പ്, ആറാം വാർഡിലെ മുരിക്കുളി, ഏഴാം വാർഡിലെ തറക്കളം, എട്ടാം വാർഡിലെ മാരികുളമ്പ്, ഒൻപതാം വാർഡിലെ മലയംകുഴി, പത്താം വാർഡിലെ തെക്കേത്തറയ്ക്കു സമീപം എന്നിവിടങ്ങളിൽ ഓരോ പൊതു ശ്മശാനം സ്ഥാപിക്കേണ്ടതാണ്.

ഗവ. ആയുർവ്വേദ ഡിസ്പെൻസറി

പല്ലാവൂരിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഗവ. ആയുർവ്വേദ ഡിസ്പെൻസറിയിൽ ദിനംപ്രതി ശരാശരി 50-55 രോഗികൾ ചികിത്സക്കെത്തുന്നുണ്ട്. ഇവരിൽ നമ്മുടെ പഞ്ചായത്തിലെ രോഗികളെ കൂടാതെ നെൻമാറ, കൊടുവായൂർ, എരിമയൂർ, പഞ്ചായത്തിലെ രോഗികളും ഉൾപ്പെടുന്നു. ആവശ്യത്തിനു മരുന്നും തികയാറില്ല. ഡിസ്പെൻസറികൾക്ക് തുല്ല്യമായി മരുന്നു വീതിക്കുന്നതിനുപകരം ആവശ്യാനുസരണം മരുന്നു വിതരണം ചെയ്യുന്നതാണ് നല്ലത്. വലിയവർക്കും കുട്ടികൾക്കുമുള്ള രക്തക്കുറവ് വാതം, എന്നീ രോഗമുള്ളവരാണ് ഈ ഡിസ്പൻസറിയിൽ ചികിത്സക്കെത്തുന്നവരിൽ ഭൂരിപക്ഷം.

ആയുർവ്വേദത്തെക്കുറിച്ച് ജനങ്ങൾക്കുള്ള അജ്ഞത മാറ്റിയെടുക്കാനും, ഈ സ്ഥാപനത്തെ പരമാവധി ഉപയോഗപ്പെടുത്താനും ആവശ്യമായ ബോധവൽക്കരണം നടത്തേണ്ടതാണ്. എല്ലാവീടുകളിലും ഔഷധച്ചെടികൾ വെച്ചു പിടിപ്പിക്കുന്നതിനും അതിന്റെ ഗുണം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. സംഭാവനയായി ലഭിച്ച സ്ഥലത്ത് അടിയന്തിരമായി ആശുപത്രികെട്ടിടം നിർമിക്കേണ്ടതാണ്.

പ്രാഥമികാരോഗ്യകേന്ദ്രം

പല്ലശ്ശന പഞ്ചായത്ത് പ്രദേശത്ത് മുഴുവൻ ജനങ്ങൾക്കും പ്രതിരോധപ്രവർത്തനം, ആരോഗ്യം മെച്ചപ്പെടുത്തൽ, രോഗചികിത്സ എന്നിവ നൽകേണ്ട സ്ഥാപനമാണ് പ്രാഥമികാരോഗ്യ കേന്ദ്രം. ജനങ്ങൾക്ക് പ്രാഥമികാരോഗ്യസംരക്ഷണം ഉറപ്പുവരുത്തുകയാണ് ഈ സ്ഥാപത്തിന്റെ പ്രധാന ലക്ഷ്യം നമ്മുടെ പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ പ്രധാന പ്രവർനങ്ങൾ താഴെ പറയുന്നവയാണ്.

1. വൈദ്യസഹായം
2. മാതൃശിശുസംരക്ഷണവും കുടുംബാസൂത്രണവും
3. പരിസര ശുചീകരണം
4. സ്ക്കൂൾ ആരോഗ്യസേവനം
5. പകർച്ചവ്യാധികളുടെ നിയന്ത്രണം
6. പോഷണനിലവാരം മെച്ചപ്പെടുത്തൽ
7. സ്ഥിതിവിവരക്കണക്കുകളുടെ ശേഖരണം
8. ആരോഗ്യവിദ്യാഭ്യാസം (ബോധവൽക്കരണം)

ഈ സേവന ധർമങ്ങൾ ജനങ്ങളിലെത്തിക്കുന്നതിന് ഈ കേന്ദ്രം മുഖേന നിരവധി ദേശീയ സംസ്ഥാനപരിപാടികൾ നടപ്പിലാക്കിവരികയാണ്.

കാലാവസ്ഥയ്ക്കനുസൃതമായി അതാതു സമയങ്ങളിൽ ഉണ്ടാകുന്ന വായുവഴി പകരുന്ന രോഗങ്ങൾ, ജലം വഴി പകരുന്ന രോഗങ്ങൾ, വയറിളക്കം, ഭക്ഷ്യവിഷബാധ, മുറിവ്, ചതവ് എന്നിവയക്കുള്ള ചികിത്സPHC യിൽ എല്ലാ ദിവസവുമുണ്ട്. 1995-96 വർഷത്തിൽ നമ്മുടെ PHC യിലെ രോഗികളുടെ വിവരം പട്ടിക 1 ൽ ചേർക്കുന്നു.

ജലജന്യരോഗങ്ങൾ ബാധിച്ചവർ	344
വായുജന്യരോഗങ്ങൾ ബാധിച്ചവർ	1260
ജന്തുജന്യരോഗങ്ങൾ ബാധിച്ചവർ	ഇല്ല
മറ്റു രോഗങ്ങൾ ബാധിച്ചവർ	3267

മാതൃശിശു സംരക്ഷണവും, കുടുംബക്ഷേമപ്രവർത്തനങ്ങളും PHC യ്ക്കകത്തും പുറത്തും, നടന്നു വരുന്നു. ശിശുക്കളേ ബാധിക്കുന്ന പ്രധാനരോഗങ്ങളായ ക്ഷയം, തൊണ്ടമുള്ള്, വില്ലൻചുമ, കുതിരസന്നി, പോളിയോ മണൽവാരി എന്നിവയ്ക്ക് എല്ലാ ബുധനാഴ്ചകളിലും PHC യിൽ പ്രതിരോധകുത്തിവെയ്പുകൾ നൽകുന്നുണ്ട്. കഴിഞ്ഞ 5 വർഷങ്ങളിലായി ഒരു വയസ്സിൽ താഴെയുള്ള കുട്ടികൾക്കു നൽകിയ പ്രതിരോധ കുത്തിവെയ്പ് സംബന്ധിച്ച വിവരം പട്ടിക 2 - ൽ ചേർക്കുന്നു.

പട്ടിക - 2

വർഷം	BCG	DPT	Polio	Measles	DT
1991-92	427	467	467	410	657
1992-93	332	418	458	362	214
1993-94	456	538	522	440	235
1994-95	437	531	575	457	342
1995-96	345	520	520	383	235

കഴിഞ്ഞ 5 വർഷങ്ങളിലായി പഞ്ചായത്തിൽ എതാണ്ട് 2000 ഗർഭിണികൾക്ക് T.T യും, കുട്ടികൾക്ക് 9 മാസം പ്രായം മുതൽ 6 മാസം ഇടവിട്ട് 5 ഡോസ് വീതം Vit.Aദ്രാവകവും നൽകിയിട്ടുണ്ട്. കൂടാതെ വിളർച്ച തടയൽ, പോഷകനിലവാരം മെച്ചപ്പെടുത്തൽ തുടങ്ങിയ ലക്ഷ്യങ്ങൾ സാധിക്കുന്നതിനായി അയേൺ, ഫോളിക് ആസിഡ് ഗുളികകളും നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച വിവരം പട്ടിക 3 ൽ ചേർക്കുന്നു.

പട്ടിക 3

വർഷം	ഗർഭിണികൾക്കുള്ള TT	കുട്ടികൾക്കുള്ള Vit. A	FSലാർജ്	FS സ്മാൾ.
1991-92	453	1250	788	884
1992-93	346	180	397	146
1993-94	369	480	667	842
1994-95	438	269	672	884
1995-96	381	107	154	315
ആകെ	1987	2286	2678	3071

കുടുംബാസൂത്രണ പരിപാടിയുടെ ഭാഗമായി കഴിഞ്ഞ 5 വർഷങ്ങളിൽ 288 സ്ത്രീകളെ ലാപ്രോസ്കോപ്പിക് ശസ്ത്രക്രിയക്കും 118 സ്ത്രീകളെ P.P.S. നും 268 സ്ത്രീകളെ ഐ.യു.ഡി. നിക്ഷേപത്തിനും വിധേയരാക്കിയിട്ടുണ്ട്. കൂടാതെ നിരോധ്, ഓറൽ പിൽസ് തുടങ്ങിയ താൽക്കാലിക ഗർഭനിരോധന മാർഗ്ഗങ്ങൾ പ്രാവർത്തികമാക്കിയതിന്റെ ഫലമായി Couple Protection rate 60% ആക്കിക്കൊണ്ട് ജില്ലാ നിലവാരത്തിൽ എത്താൻ നമുക്ക് സാധിച്ചിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങളിലൂടെ പഞ്ചായത്തിലെ ജനസംഖ്യാവർദ്ധനവിന് ഗണ്യമായ നിയന്ത്രണം ഏർപ്പെടുത്താൻ കഴിഞ്ഞിരിക്കുകയാണ്.

പരിസരശുചീകരണത്തിലും സാംക്രമിക രോഗങ്ങളുടെ നിയന്ത്രണത്തിലും, ആരോഗ്യപ്രവർത്തകരുടെയും, സന്നദ്ധപ്രവർത്തകരുടെയും കൂട്ടായ്മ ഉണ്ടായിട്ടുണ്ട്. അതുകൊണ്ടുതന്നെ വയറിളക്കം പോലുള്ള രോഗങ്ങൾ പൊട്ടിപ്പുറപ്പെടാതെയും തന്മൂലം മരണം സംഭവിക്കാതെയും ഉള്ള നില കൈവന്നിട്ടുണ്ട്. ഗൃഹസന്ദർശനത്തിലൂടെയും അംഗൻവാടികളിൽ നടക്കുന്ന അമ്മമാരുടെ പ്രതിമാസ യോഗങ്ങളിലൂടെയും സന്നദ്ധ പ്രവർത്തകരിലൂടെയും രോഗപ്രതി രോധം, രോഗങ്ങളുടെ കാലേകൂട്ടിയുള്ള കണ്ടെത്തൽ പരിസര ശുചിത്വത്തിന്റെ ആവശ്യം എന്നിവ ജനങ്ങളിലെത്തിക്കാൻ ഒരു പരിധിവരെ കഴിഞ്ഞിട്ടുണ്ട്. ഹരിജൻ കോളനികളിൽ ആരോഗ്യസംബന്ധമായ ചർച്ചാക്ലാസ്സുകൾ, ഫിലിം പ്രദർശനം എന്നിവ നടത്തുന്നുണ്ട്. കഴിഞ്ഞ 5 വർഷത്തിനുള്ളിൽ രണ്ട് മലമ്പനി കേസുകൾ മാത്രമാണ്

നമ്മുടെ പഞ്ചായത്തിലുണ്ടായത്. ഇതിന് വിധേയരായ രോഗികൾ അയൽ സംസ്ഥാനങ്ങളിൽ താമസിച്ച് വന്നവർ ആയിരുന്നു.

നമ്മുടെ പഞ്ചായത്തിൽ കുഷ്ഠരോഗികളുടെ എണ്ണം വളരെ കുറവാണ്. ഇത് സംബന്ധിച്ച വിശദാംശം പട്ടിക നാലിൽ ചേർക്കുന്നു. ഈ രോഗികളുടെ മനോവീര്യം ഉയർത്തുന്നതിനും സാമൂഹിക സാമ്പത്തിക ഇടപെടൽ ശക്തിപ്പെടുത്തുന്നതിനും, ആവശ്യമായ നടപടികളെടുക്കുകയും ക്ഷേമപ്രവർത്തനങ്ങൾക്കായി ഫണ്ട് രൂപീകരിക്കുകയും ചെയ്യേണ്ടതാണ്.

	പല്ലശ്ശന	കേരളം	ഇന്ത്യ	അമേരിക്ക
ജനനനിരക്ക്	12.7	17	31	16
ശിശുമരണനിരക്ക്	16	16	85	9
മാതൃ- മരണനിരക്ക്	1- ൽ താഴെ	1- ൽ താഴെ	-	-
പൊതുമരണനിരക്ക്	4.2	9	-	-

മേല്പറഞ്ഞ നേട്ടങ്ങൾ ആരോഗ്യരംഗത്ത് നമ്മുടെ പഞ്ചായത്ത് കൈവരിച്ചെങ്കിലും അവനിലനിർത്താൻ താഴെപറയുന്ന പ്രശ്നങ്ങൾ പരിഹരിക്കേണ്ടതാണ്.

പ്രശ്നങ്ങൾ

1. P.H.C യിൽ കിടത്തി ചികിത്സിക്കാൻ സൗകര്യമില്ലാത്തതുകൊണ്ട് ജനങ്ങൾക്ക് മറ്റു സൗകര്യങ്ങളെ ആശ്രയിക്കേണ്ടിവരുന്നു.
2. കൊതുക് വഴി പകരുന്ന രോഗങ്ങളുടെ തിരിച്ചുവരവ് നമ്മുടെ പഞ്ചായത്തിലുമുണ്ട്.
3. ചപ്പുചവറുകൾ അശാസ്ത്രീയമായി കവലകൾ, പൊതുനിരത്ത് പൊതു സ്ഥലങ്ങൾ എന്നിവിടങ്ങളിൽ കൂടിക്കിടക്കുന്നു.
4. നമ്മുടെ പഞ്ചായത്തിലെ കൂടുതൽ കുടുംബങ്ങൾ തുറന്നസ്ഥലത്ത് മലവിസർജ്ജനം നടത്തുന്നു.
5. PHC യിൽ ഫർണീച്ചർ വളരെ കുറവാണ്.
7. സബ്സെൻറുകളുടെ പ്രവർത്തനത്തിൽ ജനങ്ങൾക്ക് അതൃപ്തിയുണ്ട്.
8. ഗവൺമെൻറ് ആയുർവ്വേദ ഡിസ്പൻസറിയിൽ മരുന്നുക്ഷാമം
9. ആയൂർവ്വേദ ഡിസ്പൻസറിക്ക് സ്വന്തം കെട്ടിടമില്ല.
10. പൊതുജനാരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ച് ജനങ്ങൾ തമ്മിലുള്ള തർക്കം സമൂഹപ്രശ്നമായി മാറുന്നു.

സാധ്യതകൾ: -

1. പ്രാഥമികാരോഗ്യകേന്ദ്രം രോഗികളെ കിടത്തി ചികിത്സിക്കുന്നതിനാവശ്യമായ 10 കിടക്കകളോടുക്കൂടിയ ആശുപത്രിയായി വികസിപ്പിക്കുകയും, ജീവനക്കാർക്ക് താമസസൗകര്യം (quarters)ഏർപ്പെടുത്തുകയും ചെയ്യുക.
2. D D T കാലാകാലങ്ങളിൽ തളിക്കാൻ പഞ്ചായത്തുവക സ്പ്രേയറും സഹായവും ഏർപ്പെടുത്തുക.
3. പഞ്ചായത്തിൽ വിവിധഭാഗങ്ങളിൽ സിമൻറബിൾ സ്ഥാപിച്ച് ചപ്പുചവറുകൾ, മറ്റവശിഷ്ടങ്ങൾ എന്നിവ ശേഖരിക്കുകയും നീക്കം ചെയ്യുന്നതിന് സ്ഥിരം തൂപ്പുകാരെ നിയമിക്കുകയും ചെയ്യുക.
4. എല്ലാ വീടുകൾക്കും കക്കൂസ് എന്ന തത്വം അടിയന്തിരമായി നടപ്പിലാക്കുന്നതിന് സാമ്പത്തികസഹായം നൽകുക. കൂടാതെ കക്കൂസിൻെറ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളെ ബോധവാൻമാരാക്കുക.

vii പല്ലശ്ശനയിൽനിന്ന് വടകന്നികാപുരം റെയിൽവേ സ്റ്റേഷൻവഴി പട്ടത്തലച്ചിക്കും ആലത്തൂർ - കുനിശ്ശേരി ആലുംപാറവഴി കൊല്ലങ്കോട്ടേക്കും പല്ലശ്ശനയിൽ നിന്നും പള്ളിമുക്ക് - കണ്ണങ്കോട് വഴി കൊടുവായൂർ - പാലക്കാട്ടേക്കും ബസ്സ് സർവ്വീസ് ആരംഭിക്കേണ്ടതാണ്.

viii ഗതാഗതനിയമത്തിലെ അപാകതമൂലം പല്ലശ്ശനക്കാർക്ക് യഥേഷ്ടം യാത്രാദുരിതം അനുഭവിക്കേണ്ടിവരുന്നുണ്ട്. സ്വകാര്യ ബസ്സുകളെ മാത്രം ആശ്രയിക്കേണ്ടിവരുന്നതുകൊണ്ടാണ് ഈഅവസ്ഥ സംജാതമായിട്ടുള്ളത്. ഇതിനൊരു പരിഹാരം KSRTCബസ്സ് അനുവദിക്കുകയാണ്. അതുകൊണ്ട് ഗോവിന്ദാപുരം - കൊല്ലങ്കോട് - പല്ലശ്ശന ആലത്തൂർ വഴി തൃശൂരിലേക്കും, ചിറ്റൂർ - പുതുനഗരം - പല്ലശ്ശന - പല്ലാവൂർ - ആലത്തൂർ വഴി തൃശൂരിലേക്കും ചുരുങ്ങിയത് ഓരോ KSRTC ബസ്സുകൾ അനുവദിക്കേണ്ടിയിരിക്കുന്നു. അതിനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

ix പഞ്ചായത്തിന്റെ പ്രധാന സ്ഥലങ്ങളായ പല്ലാവൂർ, ചിറാക്കോട് എന്നിവടങ്ങളിൽ ആട്ടോ - ടാക്സി സ്റ്റാൻറുകൾപണിയുക.

C. കനാൽ റോഡു വികസനം

പഞ്ചായത്തിന്റെ എല്ലാ വാർഡിലും ജലസേചനത്തിനുള്ള കനാലുകളും അവയോടനുബന്ധമായ പാലങ്ങളും ഉണ്ട്. കനാൽബണ്ടുകളെ സംരക്ഷിച്ച് റോഡു നിർമ്മിക്കുകയും ആവശ്യമായ സ്ഥലങ്ങളിൽ പാലങ്ങൾ നിർമ്മിക്കുകയും ചെയ്താൽ കുറെയേറെ യാത്രാസൗകര്യവും കൃഷിക്കാവശ്യമായ വികസനവും നടത്താൻ കഴിയും.

റോഡുകളുടെ സുരക്ഷിതത്വത്തെ കുറിച്ചുള്ള നിർദ്ദേശങ്ങളിൽ ചിലത്.

1. റോഡുകളുടെ ദീർഘകാല നിലനില്പു പരിഗണിച്ചും ഭാവിമാറ്റങ്ങൾ കണക്കിലെടുത്തും റോഡുകളുടെ നിർമ്മാണം ശാസ്ത്രീയമാക്കുക.
2. റോഡുകളുടെപാർശ്വ ഭിത്തികെട്ടി സംരക്ഷണം ഉറപ്പുവരുത്തുക.
3. റോഡിന്റെ ഇരുവശങ്ങളിലും മരങ്ങൾനട്ടുവളർത്തി മണ്ണൊലിപ്പു തടയുക.
4. റോഡുകളിൽ നിന്നു വാർന്നൊഴുകുന്ന വെള്ളം ഒഴുകിപ്പോകാൻ ഇരുവശങ്ങളിലും ഡ്രെയ്നേജും (ഓട)ആവശ്യമായിടത്തു ഓവുപാലങ്ങളും നിർമ്മിക്കുക.
5. കാലാകാലങ്ങളിൽ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുക.

5. കക്കൂസ്, കിണർ, തുടങ്ങിയവ നിർമ്മിക്കുമ്പോഴും മറ്റു പോതുജനാരോഗ്യപ്രശ്നങ്ങൾ ഉണ്ടാകാനിടയുള്ള സ്ഥാപനങ്ങൾ പണിയുമ്പോഴും ആരോഗ്യവകുപ്പിന്റെയും ജനകീയ കമ്മിറ്റിയുടെയും ഉപദേശം സ്വീകരിക്കുക.
6. P.H.C ക്ക് ആവശ്യമായ കസേര, മേശ തുടങ്ങി ആവശ്യസാധനങ്ങൾ ലഭ്യമാക്കുക.
7. സബ്സെന്ററുകളിലെ ആരോഗ്യസേവനത്തിന് വർക്കേഴ്സ് മാനുവൽ പ്രകാരം എല്ലാ മുരന്നുകളും ലഭ്യമാക്കുക, സീസണിൽ ഉണ്ടാകുന്ന രോഗങ്ങൾ നേരിടാൻ ഐഡ്രോപ്സ്, ഇയർഡ്രോപ്സ് എന്നിവയും മുറിവുകളിൽ വയ്ക്കുന്ന മരുന്നുകൾ ലഭ്യമാക്കുകയും അവ ശിരയാംവണ്ണം ഉപയോഗിച്ച് ജനങ്ങളുടെ അതൃപ്തി മാറ്റേണ്ടതുമാണ്.
8. ഔഷധിയുടെ മരുന്നുവിതരണം പഞ്ചായത്തിൽ കാലാകാലങ്ങളിൽ കണ്ടുവരുന്ന രോഗങ്ങളെയും കണക്കിലെടുത്താവണം വേണ്ടത്ര അളവിൽ ആവശ്യമായ മരുന്നുകൾ യഥാകാലം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
9. നിലവിലുള്ള പല്ലാവൂർ ഗവ. ആയുർവ്വേദഡിസ്പെൻസറി കിടത്തിചികിത്സിക്കുന്ന ആശുപത്രിയായി ഉയർത്തുക. നിർദ്ദിഷ്ടസ്ഥലത്ത് കെട്ടിടം നിർമ്മിക്കുക.
10. ചെറുപ്പുത്തിൽ തന്നെ നല്ല ആരോഗ്യശീലങ്ങൾ സ്വായത്തമാക്കുന്നതിനായി വിദ്യാലയങ്ങളിൽ ആരോഗ്യക്ലാസുകൾ സംഘടിപ്പിക്കുക. വിദ്യാലയ ആരോഗ്യസമിതി (School Health Club)കളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.
11. രാജ്യത്തിന്റെ ഇതരഭാഗങ്ങളിൽ പെട്ടെന്നു പ്രത്യക്ഷപ്പെടുന്നതും പകരുന്നതിന് സാധ്യതയുള്ളതുമായ രോഗങ്ങളെക്കുറിച്ചും എത്രയുംവേഗം ജനങ്ങളേ ബോധവാൻമാരാക്കുകയും, ആവശ്യമായ മുൻകരുതൽ പ്രവർത്തനം സംഘടിപ്പിക്കുകയും ചെയ്യുക.

16. അംഗൻവാടികളുടെ ശോച്യാവസ്ഥ പരിഹരിക്കാൻ രക്ഷിതാക്കളുടെ സഹകരണത്തോടെ ഗ്രാമപഞ്ചായത്ത് ഇടപെടുക.
17. ഹൈസ്ക്കൂൾ ഉൾപ്പെടെയുള്ള വിദ്യാലയങ്ങളിലെ കുടിവെള്ളപ്രശ്നം അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.

ഗ്രാമസഭകളിൽ നിർദ്ദേശിക്കപ്പെട്ട പ്രശ്നങ്ങൾ അടിയന്തിരപ്രാധാന്യത്തോടെ കാണേണ്ടതാണ്. തൊഴിലിൽ ഊന്നിക്കൊണ്ടുള്ള ഒരു വിദ്യാഭ്യാസ സ്ഥാപനവും നമ്മുടെ പഞ്ചായത്തിലില്ല. പഞ്ചായത്തിലെ സ്ക്കൂൾകുട്ടികൾക്കാവശ്യമായ നോട്ടുപുസ്തകങ്ങൾ ഇവിടെത്തന്നെ ഉണ്ടാക്കാവുന്നതാണ്. നമ്മുടെ പഞ്ചായത്തിലെ വിദ്യാലയങ്ങൾക്ക് ആവശ്യമുള്ള പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നതിന് ഒരു സ്ക്കൂൾ കോംപ്ലക്സ് സഹകരണസംഘം രൂപീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ പഞ്ചായത്ത് "വിദ്യാഭ്യാസ സമിതിയുടെ" പ്രവർത്തനം കാര്യക്ഷമമാക്കണം. പഞ്ചായത്ത് "അക്കാദമിക് കമ്മറ്റി"യുടെ നേതൃത്വത്തിൽ വിദ്യാലയങ്ങളിലെ നിലവാരത്തകർച്ചക്ക് പരിഹാരം കാണാവുന്നതാണ്. അദ്ധ്യാപകർ, രക്ഷിതാക്കൾ, ജനപ്രതിനിധികൾ, വിദ്യാഭ്യാസ പ്രേമികൾ, സാമൂഹ്യ - സന്നദ്ധ പ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി "സ്ക്കൂൾജനകീയസമിതി"ക്ക് രൂപം കൊടുക്കാം. വിദ്യാലയങ്ങളിലെ അക്കാദമിക് സൗകര്യം, പാഠ്യേതരപ്രവർത്തനങ്ങൾ, ഭൗതിക സാഹചര്യങ്ങളുടെ ലഭ്യത എന്നിവക്ക് സ്ക്കൂൾ ജനകീയസമിതികളുടെ പ്രവർത്തനം ഉപയോഗപ്പെടുത്താവുന്നതാണ്.


പഠനം രസകരമാക്കുന്നതിനും പരീക്ഷയെ സംബന്ധിച്ചഭീതി കുട്ടികളിൽ നിന്നു മാറ്റി എടുക്കുന്നതിനും പഞ്ചായത്ത് വിദ്യാലയ സമിതികളുടെ നേതൃത്വത്തിൽ പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതാണ്. 'കേരള ശാസ്ത്ര സാഹിത്യ പരിക്ഷത്തിന്റെ' ആഭിമുഖ്യത്തിൽ നടത്തുന്ന വിജ്ഞാനോത്സവം മാതൃകയായി സ്വീകരിക്കാവുന്നതാണ്.

"പുറം കണ്ണു തുറപ്പിപ്പൂ
പുലർവേളയിലംശുമാൻ
അകംകണ്ണുതുറപ്പിപ്പാ
നാശാൻ ബാല്യത്തിലെത്തണം."

പട്ടിക – 4

പുതിയ ചികിത്സാ പരിപാടികൾ ആരംഭിക്കുമ്പോൾ (7/91) ഉണ്ടായിരുന്ന രോഗികൾ	28	29	12	69
അതിനുശേഷം 10/96 വരെ പുതുതായി കണ്ടുപിടിക്കപ്പെട്ടവർ	12	18	16	46
ആകെ	40	47	28	115
രോഗവിമുക്തരായവർ	35	38	28	101
മറ്റ് കാരണങ്ങളാൽ നീക്കം ചെയ്യപ്പട്ടവർ	3	3	–	6
നിലവിൽ ചികിത്സക്ക് വിധേയമായിക്കൊണ്ടിരിക്കുന്നവർ	–	8	–	8
പുതിയ ചികിത്സാ പരിപാടി ആരംഭിക്കുന്നതിന് മുമ്പ് അംഗവൈകല്യം ബാധിച്ചവർ	–	–	–	8%
പുതിയ ചികിത്സാ പരിപാടിക്കു ശേഷം കണ്ടുപിടിച്ച രോഗികളിൽ അംഗവൈകല്യം ബാധിച്ചവർ	–	–	–	ഇല്ല
രോഗാതുരത 1991 ൽ / 1000 ൽ	–	–	–	6/100
രോഗാതുരത 1996 ൽ (10/96) 1000 ൽ	–	–	–	5/100

5-6 ഗതാഗതം



പശ്ചിമഘട്ടത്തിലെ ആനമലയിൽ നിന്നുൽഭവിക്കുന്ന ഗായത്രിപ്പുഴ പഞ്ചായത്തിലെ 1, 5, 6, 8,9 വാർഡുകളെ തഴുകി ഒഴുകുന്നു. ഒന്നാം വാർഡിലുള്ള പാലം പല്ലശ്ശന പഞ്ചായത്തിനെ എലവഞ്ചേരിപഞ്ചായത്തുമായി കൂട്ടിയോജിപ്പിക്കുന്നു. ഈ പാലത്തിന്റെ ഉത്ഘാടനം 1956-57 വർഷത്തിൽ അന്നത്തെ മദിരാശി ഗവർണറായിരുന്ന ശ്രീ.പ്രകാശയാണ് നിർവ്വഹിച്ചത്. അതോടുകൂടി കുനിശ്ശേരിയിൽ നിന്ന് പൊള്ളാച്ചിയിലേക്ക് ഗതാഗതം എളുപ്പമായി. അതിനുമുൻപ് പാത ഉണ്ടായിരുന്നുവെങ്കിലും പാലമില്ലാത്തതിനാൽ കാളവണ്ടികൾക്ക് പുഴതാണ്ടിയുള്ള യാത്ര കഠിനമായിരുന്നു. കൂടല്ലൂർ കൂട്ടക്കടവിൽ 1978 ൽ ശ്രീ.പങ്കജാക്ഷൻ(പൊതു മരാമത്തു വകുപ്പു മന്ത്രി) പല്ലശ്ശന പഞ്ചായത്തിനെ നെന്മാറപഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന പാലം ഉത്ഘാടനം ചെയ്തു. ഇതോടുകൂടി നെല്ലിയാമ്പതിയിൽനിന്ന് നെന്മാറ-പല്ലാവൂർ-കൊടുവായൂർ വഴി ജില്ലാ ആസ്ഥാനമായ പാലക്കാടുമായി ബന്ധപ്പെടുന്നതിന് സൗകര്യമായി. തോട്ടം മേഖലയായ നെല്ലിയാമ്പതിയിൽ നിന്നും പാലക്കാട്ടേക്കുള്ള ഏറ്റവും കുറഞ്ഞദൂരമുള്ള ഗതാഗതമാർഗ്ഗം കൂടിയാണിത്. ഇന്നു നിരവധി ബസ്സുകൾ ഈ വഴി ഗതാഗതം നടത്തുന്നു.

നമ്മുടെ പഞ്ചായത്തിനെ എലവഞ്ചേരിപഞ്ചായത്തുമായിബന്ധിപ്പിക്കുന്ന പാലംനിലവിൽ വരുന്നതിനു മുമ്പതന്നെ ജനങ്ങൾ പുഴയിറങ്ങി കടന്നും, മഴക്കാലങ്ങളിൽ നീന്തിക്കടന്നും ആണ് യാത്ര ചെയ്തിരുന്നത്. ഈ പാലം പല്ലശ്ശന പഞ്ചായത്തിന്റെ പുരോഗതിക്ക് വളരെയേറെസംഭാവന ചെയ്തിട്ടുണ്ട്. ഇപ്പോൾ പഞ്ചായത്തിൽ ഗതാഗത യോഗ്യമായ ആകെറോഡ് 57.35 കി.മീ. ആണ്. ഇതിൽ ടാർചെയ്ത 27 കി.മീ. ഉം മെറ്റൽ ചെയ്ത 20.15 കി.മീറ്ററും മൺപാതകളുടെ ദൂരം 9.7 കി.മീറ്ററും ആണ്. പഞ്ചായത്തിലെ മൊത്തം ജനസംഖ്യയും ആകെയുള്ള ടാർ റോഡിന്റെ നീളവും കണക്കിലെടുക്കുമ്പോൾ ഒരാൾക്ക് 76 സെ.മീറ്റർ ടാർ റോഡ് മാത്രമെ ഉള്ളു. രണ്ടു ബസ്സ് വെയിറ്റിംഗ് ഷെഡ്ഡ് പഞ്ചായത്തിന്റെതായും മറ്റു മൂന്നെണ്ണം സ്വകാര്യ വ്യക്തികൾ നിർമ്മിച്ച് പഞ്ചായത്തിലേക്കു കൈമാറിയിട്ടുമുണ്ട്. ഇങ്ങിനത്തെ പഞ്ചായത്തിൽ സ്റ്റാൻഡില്ലാതെ ആട്ടോറിക്ഷകൾ പാർക്കു ചെയ്യുന്നു. പഞ്ചായത്തിലൂടെ രണ്ട് KSRTC അടക്കം 28ബസ്സുകൾസർവ്വീസ് നടത്തുന്നുണ്ട്. പഞ്ചായത്തിൽ ജീപ്പ്, ടാക്സികാർ, ട്രക്കർ തുടങ്ങിയവയും സർവ്വീസ് നടത്തുന്നുണ്ട്.

പഞ്ചായത്തിലെ ടാർ റോഡുകളെപറ്റിയുള്ള വിവരപട്ടിക താഴെ കോടുക്കുന്നു.

ക്രമ നമ്പർ	റോഡിന്റെപേര്	ഉടമസ്ഥത (ദൂരം കി.മീ.)	വീതി മീ.	ബസ്/യാത്രാ സൗകര്യങ്ങൾ
1	കുനിശ്ശേരി - കൊല്ലങ്കോട്	PWD12	-	ഉണ്ട്
2.	പല്ലശ്ശന - കരിപ്പോട്	PWD 5		ഉണ്ട്
3	അണ്ണങ്കോട് - പുഴപ്പാലം	PWD 6	-	ഉണ്ട്
4	പന്തപുള്ളി - ഒഴിവുപാറ	പഞ്ചായത്ത്1	-	ഉണ്ട്
5	പത്മനാഭമാരാർറോഡ്	പഞ്ചായത്ത് 1.5	-	ഇല്ല.
6.	പൂളമ്പറമ്പ് - തച്ചങ്കോട്	പഞ്ചായത്ത് 1.5	-	ഇല്ല.

ഫണ്ടിന്റെ അഭാവം വികസന പ്രവർത്തനങ്ങൾക്ക് തടസ്സം നിൽക്കുന്നു.

റോഡ് നിർമ്മാണം

1. ടാർറോഡുകളുടെ പ്രശ്നങ്ങൾ

നിലവിലുള്ള റോഡുകളുടെ അപര്യാപ്തത ഒരു പ്രധാന പ്രശ്നമാണ്. റോഡുകളുടെ നിലവാരമില്ലായ്മ, റോഡുകളുടെ വീതിക്കുറവ്, അപകടകരമായ വളവുകൾ, വയൽപ്രദേശങ്ങളിൽ പാർശ്വഭിത്തി കെട്ടാതെയുള്ള മണ്ണിടിച്ചിൽ, പാർശ്വങ്ങളിൽ നടപ്പാതയില്ലായ്മ, റോഡുകളിലേക്ക് തള്ളിനിൽക്കുന്ന കെട്ടിട ഭാഗങ്ങൾ, സമയാസമയത്തുള്ള അറ്റകുറ്റപ്പണികളുടെ അഭാവം എന്നിവയാണ് പഞ്ചായത്തിലെ ടാർ റോഡുകൾ നേരിടുന്ന പ്രശ്നങ്ങൾ. നിലവിലുള്ള ടാർ റോഡായ പന്തപ്പുള്ളി-ഒഴുവുപാറ റോഡ് അറ്റകുറ്റപ്പണികൾ നടത്തണമെന്നുള്ള നിർദ്ദേശമാണ് 1,3,4, 5 എന്നീ വാർഡുകളിലെ ഗ്രാമസഭകളിൽ ഉയർന്നു വന്നിട്ടുള്ള പ്രധാന പ്രശ്നം.

2. പുതിയ റോഡുകൾ

പുതിയ റോഡുകളുടെ ആവശ്യങ്ങൾ 1, 4, 5, 6, 7, 8,9, 10 എന്നീ വാർഡുകളിലെ ഗ്രാമ സഭകളിൽ ഉയർന്നു വന്നിട്ടുണ്ട്.

3. മെറ്റൽ റോഡുകളും മൺ റോഡുകളും

പഞ്ചായത്തിലെ ഭൂരിഭാഗം റോഡുകളും മെറ്റൽ റോഡുകളോ മൺ റോഡുകളോ ആണ് ഇവയുടെ ശോചനീയാവസ്ഥ പരിഹരിക്കലാണ് അടിയന്തിരമായി ചെയ്യേണ്ടകാര്യം. കൂടാതെ മെറ്റൽ റോഡുകൾ ടാർ ചെയ്യുകയും മണ്ണ് റോഡുകൾ മെറ്റൽ ചെയ്ത് ടാറിടുകയും വേണം എന്നീ നിർദ്ദേശങ്ങളും ശക്തമായ രീതിയിൽ ഉയർന്നു വന്നിട്ടുണ്ട്.

4. പുതിയ മൺറോഡുകൾ

പുതിയ മൺ റോഡുകൾ നിർമ്മിക്കുന്നതിനും നിലവിലുള്ള ഇടവഴികൾ മൺറോഡാക്കുന്നതി നുമുള്ള നിർദ്ദേശങ്ങൾ വരിക മാത്രമല്ല അവയ്ക്കുള്ള സ്ഥലത്തിന്റെ ലഭ്യതപോലും പരിഹരിക്കാവുന്ന നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ തന്നെ വന്നിട്ടുണ്ട്.

5. റോഡു വികസനം ഉയർത്തുന്ന പരിസ്ഥിതി പ്രശ്നങ്ങൾ

റോഡ് ശൃംഖല വികസനം നാടിന്റെ സർവ്വതോന്മുഖമായ പുരോഗതിക്ക് വഴി തെളിക്കു മെങ്കിലും ഏറെ പരിസ്ഥിതി പ്രശ്നങ്ങൾക്ക് കാരണമാവുന്നു. റോഡുകളുടെ വീതികൂട്ടൽ, ഇടവഴികൾ വീതികൂട്ടി മൺ റോഡാക്കൽ, സമതലങ്ങളിലും താഴ്ന്ന പ്രദേശങ്ങളിലുമുള്ള മൺറോഡു നിർമ്മാണം എന്നിവ വൻതോതിലുള്ള മരനശീകരണത്തിനും മണ്ണിടിച്ചിൽ, മണ്ണൊലിപ്പ്, നീരൊഴുക്കിനുള്ള തടസ്സം

എന്നിവയ്ക്കും കാരണമാവുന്നു. മൺറോഡുകളിൽ വർഷക്കാലത്ത് നീർക്കെട്ടുണ്ടാവുകയും ഗതാഗതയോഗ്യമല്ലാതായിത്തീരുകയും ചെയ്യുന്നു.

വികസന സാധ്യതകൾ

a. ***റെയിൽവേ***

പഞ്ചായത്തിലെ ജനങ്ങൾക്ക് ഉപകാരപ്രദമാവുന്ന കൊല്ലങ്കോട്, വടകന്നികാപുരം, പുതുനഗരം എന്നീ റെയിൽവേ സ്റ്റേഷനിലേക്കുള്ള വാഹന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും വടകന്നികാപുരം റെയിൽവേ സ്റ്റേഷൻവഴി പോവുന്ന മെറ്റൽ റോഡ് ടാർ ചെയ്യുകയും വേണം. പതിറ്റാണ്ടുകൾക്കു മുൻപ് സർവ്വേ പൂർത്തിയാക്കിയ രാമേശ്വരം ഗുരുവായൂർ റെയിൽവേ ലൈനിന്റെ പണി ആരംഭിക്കുകയാണെങ്കിൽ ഈ പഞ്ചായത്തിലും ട്രെയിൻ ഗതാഗതം സാധ്യമാകും. അതിനാൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാനാവശ്യമായ നടപടികൾ ഉണ്ടാവേണ്ടതാണ്. ഊട്ടറ റെയിൽവേ സ്റ്റേഷനിൽ എല്ലാ ഭാഗത്തേക്കുമുള്ള റിസർവ്വേഷൻ കൗണ്ടറുകളുടെ പ്രവർത്തനം വിപുലപ്പെടുത്തണം.

b. റോഡു ഗതാഗതം

റോഡുഗതാഗതം മെച്ചപ്പെടുത്തുന്നതിന് ഗ്രാമസഭകളിൽ നിന്നു ംവന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന കാര്യങ്ങൾ പ്രാവർത്തികമാക്കാവുന്നതാണ്.

i പല്ലശ്ശന-കരിപ്പോട് റോഡ് പല്ലാവൂർ-കൂടല്ലൂർ റോഡ്, പല്ലശ്ശന-പല്ലാവൂർ റോഡ് പല്ലശ്ശന-കൊല്ലങ്കോട് (പാലം വരെ)എന്നീ റോഡുകളുടെ വീതിക്കുറവ് പല അപകടങ്ങൾക്കും കാരണമായിട്ടുണ്ട്. ഈപ്രശ്നം ഉടനെത്തന്നെ പരിഹരിക്കേണ്ടതാണ്. അതുപോലെ ഒഴുവുപാറ-കുനിശ്ശേരി റോഡ് അളന്ന് തിട്ടപ്പെടുത്തി വീതി കൂട്ടിസുരക്ഷണ ഭിത്തി കെട്ടേണ്ടതാണ്.

ii റോഡുകളിലുള്ള അപകടസാദ്ധ്യതയേറിയ വളവുകൾ (പന്തപ്പുള്ളി ജംഗ്ഷൻ,തളൂർ സ്ക്കൂളിന്റെ മുൻവശം, എരട്ടോട്, നീറാക്കോട്)വീതി കൂട്ടുകയും ആവശ്യമായ സൂചനാബോർഡുകൾ സ്ഥാപിക്കുകയും വേണം.

iii പന്തപ്പുള്ളി ജംഗ്ഷൻ ഒഴുവുപാറ ജംഗ്ഷൻ ചാറാക്കോട് ജംഗ്ഷൻ എന്നീ സ്ഥലത്തെ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ റോഡം സൈഡിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നിയമവിധേയമായി മാത്രം അനുവദിക്കുക.

iv ഗതാഗത തടസ്സം സൃഷ്ടിക്കുന്ന ഇലക്ട്രിക്കൽ-ടെലഫോൺപോസ്റ്റുകളെ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

v പൂളപ്പറമ്പ്-തച്ചങ്കോട് റോഡ് സത്വരമായി ടാർ ചെയ്യുകയും ആ വഴിക്കുള്ള ബസ്സ് സർവ്വീസ് പുനരാരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും വേണം. കൂടാതെ മുൻപുണ്ടായിരുന്നതും നിലച്ചുപോയതുമായ ബസ്സ്സർവ്വീസുകൾ (തൃശൂർ, ചിറ്റൂർ എന്നീ പ്രദേശങ്ങളിലേക്ക്) പുനരാരംഭിക്കാനുള്ള നടപടികൾ കൈക്കൊള്ളണം. പൂളപ്പറമ്പ്-കാക്കയൂർ റോഡ്, കൊടുവായൂർ പഞ്ചായത്തുമായി സഹകരിച്ച് ഗതാഗതയോഗ്യമാക്കിയാൽ പഞ്ചായത്തിലെ ആളുകൾക്ക് കൊടുവായൂർ പാലക്കാട് പട്ടണങ്ങളുമായി എളുപ്പത്തിൽ ബന്ധപ്പെടാൻകഴിയും.

vi നമ്മുടെ പഞ്ചായത്തുമായി ബന്ധപ്പെടാനാവാതെകിടക്കുന്ന ഇതേ പഞ്ചായത്തിന്റെ ഭാഗങ്ങളായ പ്ലായങ്കാട്, കൊശക്കുഴി,തോട്ടുങ്കുളമ്പ് എന്നീ പ്രദേശങ്ങളെ ബന്ധിപ്പിച്ചു കൊണ്ട് ഗായത്രീപുഴക്ക് തേവൻകുളംകടവിൽ പാലം നിർമ്മിക്കുകയും തോട്ടുംകുളംമ്പ് ഭാഗത്ത് റോഡ് നിർമ്മിച്ച് എലവഞ്ചേരി പഞ്ചായത്തിലെ കരിങ്കുളവുമായി ബന്ധിപ്പിക്കേണ്ടതാണ്.

ടാർ ചെയ്യേണ്ടുന്ന മെറ്റൽ റോഡുകൾ

നമ്പർ	വാർഡ്	റോഡുകൾ	ദൂരം K.
1.	1	നിറാക്കോട് - പുളിമ്പറമ്പ് റോഡ്	1.6
2.	1	താമരപ്പാടം - നവുഞ്ഞിക്കോട് റോഡ്	1
3.	2	താമരപ്പാടം - കനകത്തുകൊളുമ്പ്	0.4
4.	2	താമരപ്പാടം - തെമ്പള്ളം - ചെട്ടിയാർപാടം	1.5
5.	2	പള്ളിമുക്ക് - കണ്ണങ്കോട്	1.5
6.	2	പള്ളിമുക്ക് - പൂത്തോട്ട് തറ	0.5
7	3	പൂളപറമ്പ് - തച്ചങ്കോട് റോഡ്	1.3
8.	3	പാലഞ്ചേരിമുക്ക് - പുത്തങ്കാവ് - തല്ലുമന്ദം	0.7
9	3	പൂളപറമ്പ് - കല്ലംപറമ്പ് കനാൽ റോഡ്	1.7
10.	3	പൂളപറമ്പ് - കുറ്റിപ്പുള്ളി	1
11.	4	M.G. റോഡ് (കമ്മാന്തറ)	0.4
12.	4.	ചെമ്മണ്ണമട - പുത്തൻകാവ്	0.4
13.	5	കല്ലമ്പറമ്പ് - കൂടല്ലൂർ (മുല്ലക്കൽ വഴി കനാൽ റോഡ്)	2.5
14.	5	ആലിങ്കൽ - മാങ്ങോട് റോഡ്	2,0
15.	6	അണ്ണക്കോട് - തറ റോഡ്	0.7
16.	6	എരട്ടോട് - കുറ്റിപ്പുള്ളി	1.5
17.	6	തിരുനിലം കുളം - ചേനപ്പാടം	1
18.	7	എരട്ടോട് - കളത്തിൻപടി റോഡ്	0.5
19.	7	ചെമ്മണ്ണങ്കാട്ട് ഹരിജൻ കോളനി റോഡ്	0.8
20.	7	തളൂർ - വടുകുതറ റോഡ്	1
21.	8	കിഴക്കേത്തറ - ആമപറമ്പ് റോഡ്	0.3
22.	8	കൂടല്ലൂർ തറ റോഡ്	0.7
23.	8	പേരാപ്പാട് - തിരുനിലംകുളം	1
24.	8	മുല്ലയ്ക്കൽ - പ്റച്ചേരി	0.7
25.	9	മുല്ലയ്ക്കൽ - തൂറ്റോഡ് ജംഗ്ഷൻ	0.3
26.	9	കൂടല്ലൂർ - പടിഞ്ഞാമുറി റോഡ്	2.3
27.	10	പല്ലാവൂർ - ചടയംകുളം - വട്ടോണിപറമ്പ്	1
28.	10	പല്ലാവൂർ തറ റോഡ്	1
29.	10	മലയം കുഴി - മാടമ്പാറ റോഡ്	1.3

പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

നമ്പർ	വാർഡ്	റോഡുകൾ	ദൂരം K.M.
1.	1	ചിറ്റടി പൂളക്കൽപൊറ്റ റോഡ്	010
2	1	പൂളമ്പറമ്പ് - ചേപ്പാടം	011
3	1	ഒല്ലൂർപ്പാടം - പെരുഞ്ചിറ	012
4	1	നെല്ലിക്കപ്പൊറ്റ - പാറക്കളം	013
5	1	വടശ്ശേരികളം - ചേപ്പാടം പ്രദേശം	014
6	2	എരികുളമ്പ് - ചെട്ടിയാർപ്പാടം പ്രദേശം	015
7	2	ഇട്ടിയമ്പാറ - തെമ്പളം	016
8	4	കമ്മാന്തറ - താമരമുകൾ കനാൽ ജംഗ്ഷൻ	017
9	4	തല്ലുമന്ദം - ആന്തൂർവീട് റോഡ്	018
10	5	തെക്കേമാങ്ങോട് റോഡ്	019
11.	5	തെക്കുംപുറം - കനാൽ ബണ്ട് റോഡ്	020
12	5	ഒഴുവുപാറ ജംഗ്ഷൻ - കനാൽ റോഡ്	022
13	5	കോഴിച്ചൂട്ടം പറമ്പ് - കരുവനാങ്കോട്	021
14	5	ആലിങ്കൽ - മാങ്ങോട് പാടത്ത് പുര റോഡ് വഴി തെക്കേപ്പാത റോഡ്	023
15	5	തെക്കേ മാങ്ങോട് - തെക്കുംപുറം റോഡ്	025
16	6	എരികാട് - തേവൻകളം റോഡ് -	025
17	6	മുരുക്കുളി - അണ്ണക്കോട് റോഡ്	026
18	6	കുളത്തിങ്കൽ ഹരിജൻ കോളനി - അണ്ണക്കോട്	027
19	6	മുരുക്കുളി - തുമ്പിളിങ്കൽ -	028
20	6	തൂവാങ്കോട് I P P- തോട്ടിങ്കൽ	029
21.	7	കളത്തിൻ പടി - ചെമ്മണ്ണികാട്	030
22.	7	തറക്കളം - വീട്ടിക്കാട്ടെ കളം - കക്കാട് കുന്ന്	031
23	7	അണ്ണക്കോട് - താമരകുളം	032
24.	7	ചാമക്കാട് - തളൂർ മെയിൻ റോഡ്	033
25	7	എരട്ടോട് - കരിങ്കൊളുമ്പ്	034
26.	7	വടുകത്തറ - തളൂർ മെയിൻ റോഡ്	035
27.	7	ഹരിജൻ കോളനി - കാക്കാമട റോഡ്	036
28.	7	തരുള കുറുശ്ശി അമ്പലം - തളൂർ മെയിൻ റോഡ്	037
29.	7	തളൂർ മെയിൻ റോഡ് - തളൂർ സമുദായപ്പുര	038

മെറ്റൽ ചെയ്തു ടാർ ചെയ്യേണ്ടുന്ന മൺ റോഡുകൾ

നമ്പർ	വാർഡ്	റോഡിന്റെ പേര്	ദൂരം K.M.
1	1	ചാത്തന്നൂർ കാവ് - കൊല്ലങ്കോട് റോഡ്	0.5
2.	2	തെമ്പള്ളം - ഇട്ടിയമ്പാറ റോഡ്	1
3.	3	പുത്തൻകാവ് - തല്ലുമന്ദ് റോഡ്	0.4
4.	3	പൂളപറമ്പ് - പടിഞ്ഞാറെഗ്രാമം	0.6
5.	4	ചാളയ്ക്കൽ- കരിക്കമൂളി റോഡ്	0.5
6.	4	കണ്ണന്നൂർ പാടം - ആലുംപാറ റോഡ്	0.6
7.	5	തെക്കേ മാങ്ങോട് റോഡ്	0.5
8.	5	ഒടുവങ്കാട് റോഡ്	0.4
9.	5	കല്ലംപറമ്പ് - തെക്കുംപുറം റോഡ്	1
10.	6	മുരുക്കുളി - പടിഞ്ഞാറെഗ്രാമം	0.5
11.	7	തളൂർ U.P സ്ക്കൂൾ - എഴുത്തശ്ശൻ തറ	1
12.	7	പല്ലാവൂർ മൃഗാശുപത്രി - വിരിപ്പോട് റോഡ്	0.4
13.	7	ചമ്പറോഡ് - കോളനി റോഡ്	0.4
14.	7	എരട്ടോട് - കരിങ്കുളം റോഡ്	0.6
15.	7	അണ്ണങ്കോട് - താമരകുളം റോഡ്	0.4
16.	9	കുമാരംപുത്തൂർ - പടിഞ്ഞാമുറി റോഡ്	0.6
17.	9	മാടമ്പാറ റോഡ്	0.5
18.	9	ഇരുപ്പക്കാട്ട് - ചെറുമണ്ണുങ്കാട്ട് റോഡ്	0.5
19.	9	ആറ്റാലറോഡ്	0.4
20.	10	ഗ്രാമം റോഡ്	0.4
21.	10	പല്ലാവൂർ തറമന്ദം - തെക്കേത്തറ റോഡ്	0.6

ഊർജ്ജം

ഊർജ്ജം എന്നാൽ വൈദ്യുതിമാത്രമാണെന്ന ഒരു മിഥ്യാധാരണ നമ്മുടെ ജനങ്ങളുടെ ഇടയിൽ സാധാരണയായുണ്ട്. അതുകൊണ്ടുതന്നെ ഗ്രാമസഭയിൽ ഊർജ്ജത്തിനെപ്പറ്റിവന്ന ചർച്ചകളിൽ വൈദ്യുതിക്ഷാമത്തെപ്പറ്റിയും വൈദ്യുതി എത്താത്തസ്ഥലത്തെപ്പറ്റിയും മാത്രമാണ് പ്രതിപാദിച്ചത്. വൈദ്യുതി ലഭിച്ചതിനേക്കാൾ കൂടുതൽ വൈദ്യുതീകരിക്കാത്ത വീടുകളാണ് പഞ്ചായത്തിലുള്ളത്. വൈദ്യുതി എത്താത്ത പ്രദേശങ്ങളും ഉണ്ട്.

വൈദ്യുതി, കൽക്കരി, എണ്ണ, വാതകം, വിറക്, തുടങ്ങി ഊർജ്ജത്തിന്റെ വകഭേദങ്ങൾ വളരെയേറെയുണ്ട്. ഇതിൽ വ്യവസായിക ഇന്ധനങ്ങളായ കൽക്കരി, പെട്രോളിയം ഉൽപ്പന്നങ്ങൾ എന്നിവയുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിന് കേന്ദ്രസംസ്ഥാന ആസൂത്രണത്തിന്റെ പരിധിയിലേ കഴിയൂ.

ചാണകം, കമ്പോസ്റ്റ്, ചകിരി, വിറക്, ഉമി, അറക്കപ്പൊടി, ചണ്ട് തുടങ്ങിയവയാണ് നമ്മുടെ പഞ്ചായത്തിലെ പ്രധാന ഊർജ്ജസ്രോതസുകൾ. കൂടാതെ പെട്രോളിയം ഉത്പ്പന്നങ്ങൾ, വൈദ്യുതി എന്നിവയും നാം ഉപയോഗിക്കുന്നു. നമ്മുടെ ഊർജ്ജത്തിന്റെ 80 ശതമാനവും പാചകാവശ്യത്തിനാണ് ഉപയോഗിക്കുന്നത്.

പാചകത്തിനായി 80% ഊർജ്ജം ചിലവഴിക്കുക വഴി നമ്മുടെ വ്യവസായ വികസനം പ്രതിസന്ധിയിലാകുന്നു. ഈ പ്രതിസന്ധി പരിഹരിക്കുന്നതിന് ദക്ഷതകൂടിയ അടുപ്പുകൾ വ്യാപകമായി ഉപയോഗിക്കേണ്ടതാണ്. അതിനായി വാർഡുതലത്തിൽ ഊർജ്ജസംരക്ഷണസമിതിയുണ്ടാക്കി പ്രചരണം തുടങ്ങേണ്ടതാണ്. ചാണകം ലഭ്യമാവുന്ന വീടുകളിൽ ബയോഗ്യാസ് /ഗോബർഗ്യാസ് പ്ലാൻറുകൾ നിർമ്മിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ആവശ്യമായ പ്രചാരണം നടത്തി സാങ്കേതിക - സാമ്പത്തിക സഹായം ചെയ്തു കൊടുക്കേണ്ടതാണ്. കുക്കർ പോലുള്ള പാത്രങ്ങൾ ഉപയോഗിച്ചും കച്ചിപ്പെട്ടി മുതലായ നാടൻ രീതി ഉപയോഗിച്ചും ഊർജ്ജുസംരക്ഷണം നടത്തേണ്ടതാണ്.

പാചക ആവശ്യത്തിനായി പോതുവിതരണത്തിലൂടെ നമ്മുടെ പഞ്ചായത്തിൽ വർഷത്തിൽ 75001 ലിറ്റർ മണ്ണെണ്ണ വിതരണം ചെയ്യുന്നുണ്ട്. ഇതു കൂടാതെ സ്വകാര്യ വിപണിയിൽ നിന്നും പാചകത്തിനായി മണ്ണെണ്ണ വാങ്ങുന്നവരും ഉണ്ട്. കൃഷിഭവന്റെ സഹായത്തോടെ ബയോഗ്യാസ് പ്ലാൻറുകൾ നിർമ്മിച്ചുകൊടുക്കാറുണ്ടെങ്കിലും ബോധവൽക്കരണത്തിന്റെ അഭാവം കൊണ്ടാവാം കഴിഞ്ഞ രണ്ടു മൂന്നുവർഷങ്ങളായി ആരും തന്നെ പ്രസ്തുത പ്ലാൻറിനായി അപേക്ഷ കൊടുക്കാറില്ലെന്ന് കൃഷിഭവൻ കണക്കുകൾ സൂചിപ്പിക്കുന്നു. വർദ്ധിച്ച വിലകൊടുത്ത് വിറക് വാങ്ങുകയാണ്. ഇവിടത്തെ ആളുകൾ സാധാരണയായി ചെയ്യാറുള്ളത് ആകെ 8 വിറക് ഡിപ്പോകളാണ് പഞ്ചായത്തിലുള്ളത് വിറകിന് 12 മുതൽ 15 രൂപ വരെ നിലവിൽ വിലയുണ്ട്. ഇവിടെ പല സമയത്തും വിറകിന് ക്ഷാമം നേരിടാറുണ്ട്. ദക്ഷത കൂടിയ അടുപ്പുകളുടെ അഭാവം വിറകിന്റെ ദുരുപയോഗത്തിന് കാരണമായുണ്ട്. അതിനാൽ ആ രംഗത്ത് ശരിയായ രീതിയിലുള്ള ബോധവൽക്കരണത്തിന്റെ ആവശ്യമുണ്ട്. പഞ്ചായത്തുപരിധിക്കകത്തുള്ള ചായക്കടകളിൽ കരിയാണ് സാധാരണ പാചകത്തിനായി ഉപയോഗിക്കുന്നത്.

നമ്മുടെ പഞ്ചായത്തിൽ പലഭാഗങ്ങളിലും കടുത്ത വോൾട്ടേജ്ക്ഷാമം അനുഭവപ്പെടുന്നുണ്ട്. വൈദ്യുതി ഉത്പാദനം ഗ്രാമപഞ്ചായത്ത് ആസൂത്രണത്തിൽ വരുന്നില്ല എന്നുള്ളതുകൊണ്ട് മുഖ്യമായും നമ്മൾ ചെയ്യേണ്ടത് വൈദ്യുതി സംരക്ഷണമാണ്. ട്യൂബ് ലൈറ്റുകൾ, C,Fലാമ്പ് (Compact flaricent lamp) എന്നിവ ഉപയോഗിച്ച് നമുക്ക് നഷ്ടപ്പെടുന്ന വൈദ്യുതി സംരക്ഷിക്കാൻ കഴിയും. കൂടാതെ പ്രസരണ നഷ്ടം ഒഴിവാക്കുന്നതിനും സന്നദ്ധസംഘടനാപ്രവർത്തകർ വൈദ്യുതിബോർഡ് ജീവനക്കാരുമായി ചേർന്നു ലൈനിലെ ടച്ചിംഗ് മുതലായവ യഥാസമയം നീക്കം ചെയ്യേണ്ടതുണ്ട്. മേൽപറഞ്ഞ കാര്യങ്ങൾക്കെല്ലാമായി പഞ്ചായത്തിലെ ഓരോ വാർഡിലും ഒരു ഊർജ്ജസംരക്ഷണസമിതി രൂപീകരിക്കേണ്ടതാണ്.

പാചകഗ്യാസുകൾ, വിറകിനേക്കാൾ കൂടുതൽ ലാഭം ഉള്ളതുകൊണ്ട് ആളുകളെ ആ മേഖലയിലേക്ക് തിരിയ്ക്കേണ്ടതാണ്. എന്നാൽ നമ്മുടെ പഞ്ചായത്തിൽ പല പ്രദേശങ്ങളിലും ഗ്യാസ് കണക്ഷൻ പോയിട്ട് ഗ്യാസ് ബുക്കിംഗിന് പോലും സൗകര്യമില്ല. എകദേശം 4 വർഷം മുമ്പ് ബുക്കിംഗ് പഞ്ചായത്തിലെ പല വാർഡുകളിലും ഗ്യാസ് ബുക്കിംഗ് നിർത്തിയത് ആ കാലം മുതൽ മുൻഗണന കൊടുത്ത് പുനരാരംഭിക്കേണ്ടതുണ്ട്.

വൈദ്യുതിയെത്തി വർഷങ്ങൾ പലതു കഴിഞ്ഞിട്ടും പഞ്ചായത്തിന്റെ മുഴുവൻ പ്രദേശത്തും ഇന്നും വൈദ്യുതി എത്തിക്കാൻ കഴിഞ്ഞിട്ടില്ല. കണ്ണമ്പുള്ളി, നെൻമാറ, കൊല്ലങ്കോട് എന്നീ സബ് സ്റ്റേഷനുകളിൽ നിന്നാണ് നമ്മുടെ പഞ്ചായത്തിനാവശ്യമായ വൈദ്യുതി വരുന്നത്. ആലത്തൂർ, കൊല്ലങ്കോട്, കൊടുവായൂർ, എന്നീ സെക്ഷൻ ഓഫീസുകളിലാണ് ഈ പഞ്ചായത്തിലുള്ള ഉപഭോക്താക്കൾ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നത്.

പഞ്ചായത്തിലെ വൈദ്യുതിയെ സംബന്ധിച്ച വിവരങ്ങൾ

1.	ആകെ വീടുകൾ - സ്ഥാപനങ്ങൾ അടക്കം	6231
2.	വൈദ്യുതീകരിച്ചത്	2767
3.	തെരുവ് വിളക്ക് - ട്യൂബ് / ബൾബ്	30/345
4.	സോഡിയം വേപ്പർ ലാമ്പ്	10
5.	ആകെ പട്ടിക ജാതി കോളനികൾ	26
6.	വൈദ്യുതീകരിച്ച കോളനികൾ	4
7.	വൈദ്യുതി ലൈനിന്റെ നീളം	10.5 k.m.
8.	വൈദ്യുതിചാർജ്ജിനത്തിൽ പഞ്ചായത്ത് വർഷം മുടക്കുന്ന തുക	95091/- രൂപ
9.	ട്രാൻസ്ഫോർമറുകൾ - (LT)	20

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും വൈദ്യുതി എത്തിയിട്ടില്ല.
2. ഉപഭോക്താക്കൾ മൂന്ന് ആഫീസുകളുടെ കീഴിലായതിനാൽ വൈദ്യുതിചാർജ്ജ് അടയ്ക്കുന്നതിനും പരാതികൾക്കും വൈദ്യുതിതകരാറുകൾ പരിഹരിക്കുന്നതിനും വളരെയേറെ ബുദ്ധിമുട്ടുകളും ഉണ്ടാകുന്നു.
3. എല്ലാ പഞ്ചായത്തു റോഡുകളിലും തെരുവുവിളക്ക് സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല.
4. സ്റ്റെപ്പപ്പ് ഉപയോഗിക്കുന്നത് അടുത്ത വീടുകൾക്ക് ദോഷമുണ്ടാക്കുന്നു.
5. വൈദ്യുതി കമ്പികൾ പോകുന്നവഴിക്കുള്ള തടസ്സങ്ങൾ അശാസ്ത്രീയമായ ഉപയോഗം എന്നിവ വളരെയധികം പ്രസരണനഷ്ടം ഉണ്ടാക്കുന്നു.
6. ഗ്യാസ് കണക്ഷൻ ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നു.

7. പഞ്ചായത്തിൽ ഗ്യാസ് ബുക്കിംഗ് സൗകര്യം ഇല്ല.
8. ദക്ഷതകൂടിയ അടുപ്പുകളെപ്പറ്റി വേണ്ടത്ര പ്രചരണമില്ല.,
9. വിറക് ലഭിക്കുന്നതിന് ക്ഷാമം അനുഭവപ്പെടുന്നു.
10. ട്യൂബുലൈറ്റുകൾ, ഫ്ലൂറിസെൻറ് ലാംബുകൾ എന്നിവ അമിതവില കൊടുത്തു വാങ്ങുവാൻ ജനങ്ങൾ സാമ്പത്തികമായി ബുദ്ധിമുട്ടുന്നു.

പരിഹാരനിർദ്ദേശങ്ങൾ

1. ഇന്ധനക്ഷമത കൂടിയ അടുപ്പുകളെപ്പറ്റി ബോധവൽക്കരണം നടത്തുക.
2. ദക്ഷതകൂടിയ അടുപ്പുകൾ ആവശ്യക്കാർക്ക് എത്തിക്കുന്നതിന് പഞ്ചായത്ത്, അനർട്ടുമായി സഹകരിച്ച് അനുയോജ്യമായ നടപടികൾ സ്വീകരിക്കുക.
3. വിറകിന് ആവശ്യമുള്ള ഇന്ധനക്ഷമതയുള്ള മരങ്ങൾ തരിശായി കിടക്കുന്ന കുന്നിൻ ചരിവുകളിൽ വച്ചു പിടിപ്പിക്കുക.
4. പല്ലശ്ശന പഞ്ചായത്തിൽ ഒരു അംഗീകൃത പാചകഗ്യാസ് ഏജൻസി ലഭിക്കുന്നതിനായി നടപടികൾ സ്വീകരിക്കേണ്ടതാണ്.
5. വൈദ്യുതി എത്താത്ത പ്രദേശങ്ങളിൽ വൈദ്യുതി എത്തിയ്ക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
6. ഹരിജൻ കോളനികളിൽ വൈദ്യുതീകരണം പൂർത്തിയാക്കുന്നതിന് ശ്രമം നടത്തേണ്ടതാണ്.
7. ആവശ്യമായ സ്ഥലങ്ങളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കാനുള്ള ശ്രമം നടത്തേണ്ടതാണ്.
8. വോൾട്ടേജ് ക്ഷാമമുള്ള സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.
9. പഞ്ചായത്തിലെ ചെറുകിട വ്യവസായ വികസനത്തിനായി H.T ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് സിങ്കിൾ ഫൈസ് ലൈനുകൾ ത്രീഫൈസ് ലൈൻ ആക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.
10. വൈദ്യുതിചാർജ്ജ് മാസത്തിൽ നിശ്ചിത ദിവസങ്ങളിൽ സ്വീകരിക്കുന്നതിനായി പല്ലാവൂർ, പല്ലശ്ശന എന്നീ പ്രദേശങ്ങളിൽ രണ്ട് കളിക്ഷൻ സെൻററുകൾ ആരംഭിക്കുന്നതിന് വേണ്ട ശ്രമം നടത്തുക.
11. പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളിൽ (ഉദാ :- വാമല, അരിമ്പിലോട് മല) വൈദ്യുതി ഉല്പാദന യന്ത്രങ്ങൾ സ്ഥാപിച്ച് കാറ്റിൽ നിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുക.

മാർക്കറ്റ്

പല്ലശ്ശന പഞ്ചായത്തിന് കാര്യക്ഷമതയുള്ള ഒരു പൊതു മാർക്കറ്റിന്റെ അഭാവം പലമേഖലകളുടെയും തകർച്ചക്ക് കാരണമായിട്ടുണ്ട്.

കാർഷിക മേഖലയിലെ ഉല്പന്നങ്ങൾ ശേഖരിച്ച് വിപണനം നടത്തുന്നതിന് ഒരു പൊതു മാർക്കറ്റ് ഇല്ലാത്തത് ആ മേഖലയിലെ ആളുകൾക്ക് പലവിധത്തിലുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നു. അവരുടെ ഉല്പന്നങ്ങൾ സമീപ പഞ്ചായത്തുകളിലെ മാർക്കറ്റുകളിലാണ് വില്പന നടത്തുന്നത്. ഗതാഗത സൗകര്യങ്ങളുടെ കുറവ് ഇത്തരക്കാർക്ക് വലിയ ശാപം തന്നെയാണ്. നമ്മുടെ പഞ്ചായത്തിൽ കേരകർഷകർ ധാരാളമായുണ്ടെങ്കിലും ഒരുകേരമാർക്കറ്റ് ഇല്ലെന്നുള്ളത് വലിയ പോരായ്മ തന്നെയാണ്. അത് പരിഹരിക്കുകയാണെങ്കിൽ കേരകർഷകർക്ക് ഒരു പ്രോത്സാഹനവും ജനങ്ങൾക്ക് ചുരുങ്ങിയ നിരക്കിൽ നാളികേരം ലഭിക്കുന്നതിനും സ,ഹായകമാവും. സഹകരണാടിസ്ഥാനത്തിൽ നാളികേരം ശെഖരിച്ച് അതുപയോഗിച്ച്, ഉല്പന്നങ്ങൾ നിർമ്മിക്കാനും വിപണനം നടത്തുന്നതിനും ഉള്ള സംരംഭം തുടങ്ങിയാൽ കേരകർഷകർക്ക് ഉല്പന്നത്തിന് ന്യായമായ വില ലഭിക്കുന്നതിന് സഹായകമാകും, പുറം സംസ്ഥാനങ്ങളിലേക്ക് പോകുന്ന വിഭവങ്ങളിൽ മുഖ്യമായ ഇനങ്ങളാണ്. കായവറുത്തതും ശർക്കര ഉപ്പേരിയും നമ്മുടെ പഞ്ചായത്തിൽ പല ഭാഗങ്ങളിലും വാഴ കൃഷിയും ഉണ്ട്. Drip Irrigation വഴി ആ കൃഷി പ്രോത്സാഹിപ്പിച്ച് അവരുടെ ഉല്പന്നങ്ങൾ ശേഖരിച്ച് കായവറുത്തതും, ശർക്കര ഉപ്പേരിയും ഉണ്ടാക്കുന്ന യൂണിറ്റു തുടങ്ങി. ന്യായവിലക്കു പഞ്ചായത്തിനകത്തും പുറത്തും വിപണി കണ്ടെത്തേണ്ടതാണ്. നിത്യോപയോഗസാധനങ്ങളായ പച്ചക്കറി, പലവ്യജ്ഞനം, കോഴിമുട്ട തുടങ്ങിയവ ന്യായമായ വിലയ്ക്ക് വിതരണം ചെയ്യുന്നതിനായി പഞ്ചായത്തിന്റെ മൂന്നു കേന്ദ്രങ്ങളിൽ മൊത്ത വിതരണ സ്റ്റോറുകൾ ആരംഭിക്കേണ്ടതാണ്.മാർക്കറ്റിംഗ് സംവിധാനത്തെക്കുറിച്ച് പഞ്ചായത്തു തലത്തിൽ നിലവിലുള്ള പ്രശ്നങ്ങളും, നിർദ്ദേശങ്ങളും.

പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ കാർഷികോത്പന്നങ്ങൾ ശേഖരിക്കുന്നതിനോ വിതരണം ചെയ്യുന്നതിനോ ഒരു മാർക്കറ്റ് ഇല്ല.
2. പഞ്ചായത്തിൽ ഒരു ആഴ്ച ചന്തയാണുള്ളത്. ഇത് എല്ലാവാർഡിലെ ജനങ്ങൾക്കും ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല.
3. നിത്യോപയോഗസാധനങ്ങൾ പഞ്ചായത്തിനു പുറത്തു നിന്നും വാങ്ങി വാഹനമാർഗ്ഗം കൊണ്ടുവരുന്നതിനാൽ അധികച്ചെലവു വരുന്നു.
4. കർഷകർക്ക് ഉല്പന്നങ്ങൾ യഥാസമയം വിറ്റഴിക്കാൻ സാധിക്കുന്നില്ല.

പരിഹാരത്തിന്നുള്ള നിർദ്ദേശങ്ങൾ

1. കാർഷികോല്പന്നങ്ങൾ ശേഖരിക്കുന്നതിനും ന്യായമായി വിതരണം നടത്തുന്നതിനും പൊതു മാർക്കറ്റ് രണ്ടോ മൂന്നോ വാർഡുകളെ യോജിപ്പിച്ച് തുടങ്ങുക.
2. 7, 8, 9,10 എന്നീവാർഡുകളിലെ ജനങ്ങൾക്ക് ഉപയോഗപ്പെടുന്ന രീതിയിൽ പല്ലാവൂർകേന്ദ്രമാക്കി ഒരു ആഴ്ചച്ചന്ത നടത്തുക.
3. പച്ചക്കറി അതുപോലുള്ള നിത്യോപയോഗസാധനങ്ങൾ വിതരണം ചെയ്യുന്നതിന് ആവശ്യമായ ഇടങ്ങളിൽ സഹകരണ സ്റ്റോറുകൾ തുടങ്ങുക.

4. സർക്കാർ അടിസ്ഥാനത്തിലുള്ള മാവേലി സ്റ്റോർ പഞ്ചായത്തിൽ തുടങ്ങുക.
5. പഞ്ചായത്തിലെ സഹകാരൃകടകളിൽ സാധനങ്ങളുടെ ഗുണനിലവാരം തിട്ടപ്പെടുത്തുന്നതിനും, ന്യായമായി വിതരണം നടത്തുന്നതിനും വിലനിലവാരം പ്രസിദ്ധപ്പെടുത്തുന്നതിനും പഞ്ചായത്തടിസ്ഥാനത്തിൽ സംവിധാനമുണ്ടാക്കുക.
6. പഞ്ചായത്തിൽ ഒരുമത്സ്യ മാർക്കറ്റ് സഹകരണ അടിസ്ഥാനത്തിൽ തുടങ്ങുക.
7. കാർഷികോപകരണങ്ങൾ, കൈവേലത്തൊഴിലാളികൾക്കുള്ള ഉപകരണങ്ങൾ എന്നിവ ന്യായവിലക്ക് ലഭ്യമാക്കുന്നതിന് വിതരണ കേന്ദ്രം തുടങ്ങുക.

5-7

പാർപ്പിടം, സാമൂഹ്യക്ഷേമം

പാർപ്പിടം

"ഓരോ കുടുംബത്തിനും തലചായ്ക്കാനൊരു കൂര" ഇത് എല്ലാവരുടെയും സ്വപ്നമാണ്. സ്വന്തമെന്നവകാശപ്പെടുന്ന വീട് ഓരോരുത്തർക്കും വേണം. കൂലിപ്പണി എടുത്ത് ഉപജീവനം കഴിക്കുന്ന പല്ലശ്ശന പഞ്ചായത്തിലെ ഭൂരിഭാഗം ആളുകളുടേയും വീടുകൾ ഓട്ടുപുരകളോ, ഓലകൊണ്ടുള്ള വീടുകളോ ആണ്. ടെറസ്സ് വീടുകളും നാമമാത്രമായുണ്ട്. ഗൾഫ് പണത്തിന്റെ സ്വാധീനം ഇവിടെ ഉല്ലാത്തതിനാൽ കോൺക്രീറ്റ് സൗധങ്ങളുടെ എണ്ണം വളരെ കുറവാണ്.

ആൾപാർപ്പിനും കച്ചവടത്തിനുമായി നമ്മുടെ പഞ്ചായത്തിൽ 6,000 വീടുകളുണ്ട്. ഇതിൽ 4860 വീടുകൾ ഓടിട്ടവയും 269 വീടുകൾ ടെറസ്സും, 871 വീടുകൾ ഓലമേഞ്ഞവയുമാണ്. കൂടാതെ തൊഴുത്ത്, മോട്ടോർഷെഡ് എന്നിവയ്ക്കുപയോഗിക്കുന്ന 231 കെട്ടിടങ്ങളുമുണ്ട്.

വാർഡ് നമ്പർ	ഓലമേഞ്ഞത്	ഓടിട്ടവ	ടെറസ്സ്	മറ്റുള്ളവ
1	130	358	7	2
2	140	528	13	4
3	46	836	79	21
4	33	341	13	9
5	59	466	16	36
6	85	376	11	7
7	112	531	35	69
8	73	461	13	15
9	85	462	34	34
10	108	503	48	34
ആകെ	871	4860	269	231

കുടുംബങ്ങളുടെ എണ്ണം പെരുകുന്നതിനനുസരിച്ച് വീടുകൾ വയ്ക്കുന്നതിനുള്ള സ്ഥലം കുറഞ്ഞുവരികയാണ്. അതിന്റെ ഫലമായി നെൽപാടങ്ങൾ നികത്തി കെട്ടിടങ്ങൾ വയ്ക്കുന്ന പ്രവണത നമ്മുടെ പഞ്ചായത്തിലും കണ്ടുവരുന്നുണ്ട്. ഭവനനിർമ്മാണ സഹകരണ സ്ഥാപനമായ വടവന്നൂർ റൂറൽ കോപ്പറേറ്റീവ് ഹൗസിംഗ് സൊസൈറ്റി, സംസ്ഥാന ഹൗസിംഗ് ബോർഡിന്റെ പാലക്കാട് ശാഖ എന്നിവിടങ്ങളിൽ നിന്നും നാമമാത്രമായേ ആളുകൾക്ക് വീടു വെയ്ക്കുന്നതിനാവശ്യമായ കടം ലഭിച്ചിട്ടുള്ളൂ. എന്നാൽ അമിത പലിശയും സങ്കീർണ്ണമായ ജാമ്യവ്യവസ്ഥകളും യഥാസമയം വായ്പ ലഭിക്കായ്കയും കാരണം ഈ വായ്പ സാധാരക്കാർക്ക് അപ്രാപ്യമാകുന്നു. മറ്റു സാമ്പത്തിക വായ്പാ പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതും ഉദാരമാക്കേണ്ടതുമാണ്.

പുനരധിവാസ ഭവന നിർമ്മാണ പദ്ധതി മുഖേന 1989 ൽ 50 വീടുകൾ നിർമ്മിച്ചുകൊടുത്തും JRY, JAY മുഖേന അനുവദിച്ച വീടുകൾ താഴെ പട്ടികയിൽ ചേർക്കുന്നു.

ക്രമനമ്പർ	വർഷം		വീടുകളുടെ എണ്ണം	
			JRY,	JAY
1	1989-1990		26	-
2.	1990-1991		14	-
3.	1991-1992		10	5
4.	1992-1993		5	2
5.	1993-1994		26	6
6.	1994-1995		9	5
7.	1995-1996		9	18
8.	1996-1997		8	12
		ആകെ	107	48

കക്കൂസ്, കുടിവെള്ളം, ഗതാഗതം, ദക്ഷതകൂടിയ അടുപ്പ്, വൈദ്യുതി എന്നീ അടിസ്ഥാന സൗകര്യങ്ങൾ എല്ലാ വീടുകൾക്കും ലഭ്യമാക്കണം. 4 സെൻറ് സൗജന്യഭൂമി നൽകി വീടു നിർമ്മിച്ചു കൊടുക്കുന്ന സ്കീം പ്രകാരം 1988 ൽ 40 പേർക്ക് വീട് നൽകിയിട്ടുണ്ട്. 1989 - 90 വർഷത്തിൽ "കൈരളി ഭവന നിർമ്മാണ പദ്ധതി" പ്രകാരം 25 കുടുംബങ്ങൾക്ക് വീടു നിർമ്മിച്ചു കൊടുത്തിട്ടുണ്ട്. ഈ കോളനികളിലെ വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്താൻവേണ്ടിയുള്ള ധനസഹായങ്ങളും ഭാഗികമായി കൊടുക്കുന്നുണ്ട്. 150 ഓളം വീടുകൾ ബ്ലോക്കുമുഖേന വൈദ്യുതീകരിച്ചു. 145 വീടുകൾക്ക് വൈദ്യുതീകരണത്തിനുള്ള ധനസഹായമായി 750 രൂപ വീതം ഉപാധിരഹിത ഫണ്ടിൽ നിന്നും കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. കനകത്തുകൊളുമ്പിൽ 10 ഹരിജൻ കുടുംബങ്ങൾക്ക് വീടും സ്ഥലവും സൗജന്യമായി നൽകിയിട്ടുണ്ട്.

ഈ പഞ്ചായത്തിൽ "വീടില്ലാത്ത മറ്റു കുടുംബങ്ങൾക്കും സ്വന്തമായി ഒരു വീട്" എന്ന സ്വപ്നം സാക്ഷാത്ക്കരിക്കാൻ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ ധനസഹായസ്ഥാപനങ്ങളിൽ നിന്നും താഴെ പറയുന്ന രീതിയിലുള്ള നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. വീടിൻെറ സ്ഥലം ഈടായി സ്വീകരിച്ചുകൊണ്ട് വായ്പലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുക
2. പലിശനിരക്ക് പരിമിതപ്പെടുത്തുക.
3. ജാമ്യ വ്യവസ്ഥകൾ ലഘൂകരിക്കുക.

സർക്കാർ ഭവന നിർമ്മാണ ബോർഡ് ദുർബല ഇടത്തരം വിഭാഗക്കാർക്ക് നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഭവനവായ്പാ പദ്ധതികൾ മുഴുവൻ അർഹതയുള്ളവർക്കും ലഭിക്കേണ്ടതാണ്. കൂടാതെ വീടുകൾ പുതുക്കി പണിയുന്നതിന് സഹായങ്ങളോ, വായ്പകളോ ലഭ്യമാക്കേണ്ടതാണ്. വായ്പകൾക്ക് അപേക്ഷകൾ നൽകി വർഷങ്ങളോളം കാത്തിരിക്കേണ്ട അവസ്ഥ സാധാരണക്കാരെ പൊതുധാരയിൽ നിന്നും മാറി നിൽക്കാൻ നിർബന്ധിതരാക്കുന്നു. നമ്മുടെ പഞ്ചായത്തിലെ പാർപ്പിടപ്രശ്നം അടിയന്തിര പ്രാധാന്യത്തോടെ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും, അതുവഴി മുഴുവൻ ജനങ്ങളേയും സാമൂഹ്യപ്രശ്നങ്ങളിൽ പങ്കാളികളാക്കേണ്ടതും ആണ്.

റവന്യൂ വകുപ്പ് അനുവദിച്ച വീടുകളുടെ എണ്ണം

1988 - 30 വീടുകൾ
1989 - 47 വീടുകൾ
1990 - 43 വീടുകൾ
ആകെ - 120 വീടുകൾ

വിവിധ സ്കീമനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ പത്തു വാർഡുകളിൽ 275 വീടുകൾ അനുവദിച്ചിട്ടുണ്ട് എന്നു കാണാം. ഭവന നിർമ്മാണബോർഡുകൾ വഴി ദുർബല വിഭാഗങ്ങൾക്ക് നൽകുന്ന സഹായങ്ങളും വായ്പകളും വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ഇഷ്ടിക, സിമൻറ്, മണൽ, കമ്പി എന്നിവയുടെ അമിതമായ വില വർദ്ധനവുമൂലവും സ്വന്തമായ വീട് എന്ന സ്വപ്നം സാധാരണക്കാരന് സാക്ഷാത്കരിക്കാൻ പറ്റാത്ത ഒരവസ്ഥയാണ് ഉള്ളത്. കൈത്തൊഴിൽ ചെയ്യുന്ന കുടുംബങ്ങളാണ് പഞ്ചായത്തിൽ കൂടുതലും. കാർഷിക മേഖലയിലെ അധികം തൊഴിലാളികളും ഇപ്പോൾ നിർമ്മാണ രംഗത്തെ തൊഴിലാണ് ചെയ്യുന്നത്.

പത്തുവർഷങ്ങൾക്കു മുമ്പ് നിർമ്മാണരംഗത്തെ വിദഗ്ദ്ധ തൊഴിലാളിയുടെ കൂലി 40 രൂപയും അവിദഗ്ദ്ധ തൊഴിലാളിയുടെ കൂലി 30 രൂപയും ആയിരുന്നുയെങ്കിൽ കെട്ടിട നിർമ്മാണരംഗത്ത് ഇന്ന് അത് യഥാക്രമം 100 രൂപയും 75 രൂപയും ആയി വർദ്ധിച്ചിട്ടുണ്ട്. ഇതു തന്നെ പട്ടണങ്ങളിൽ 120 രൂപ മുതൽ 130 രൂപ വരെയായതിനാൽ പഞ്ചായത്തിലെ നല്ലൊരു ശതമാനം വിദഗ്ധതൊഴിലാളികളും അവിടേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. നമ്മുടെ പഞ്ചായത്തിലെ അവിദഗ്ധ തൊഴിലാളികളിൽ ഭൂരിഭാഗവും സ്ത്രീതൊഴിലാളികളാണ്. സിമൻറ്, കമ്പി, കരിങ്കല്ല്, ചെങ്കല്ല്, ഇവയുടെ വിലയും കഴിഞ്ഞ 10 വർഷത്തിനുള്ളിൽ നാലും അഞ്ചും ഇരട്ടി വർദ്ധിച്ചിട്ടുണ്ട്. വർദ്ധിച്ചകൂലി നിരക്കും, സാധനസാമഗ്രികളിലൂടെ നൽകുന്ന ധനസഹായങ്ങളും, ബ്ളോക്കുകളിൽ നിന്നും നൽകുന്ന NREP, RLEGP, IRY, JRY, MWS എന്നീ പദ്ധതികളുടെ വായ്പയും, രാജീവ് ദശലക്ഷം പദ്ധതികളുടെ വായ്പാ തുകയും വർദ്ധിപ്പിക്കേണ്ടതാണ്. കൂടാതെ വായ്പ ലഭിക്കുന്നതിനുള്ള സാങ്കേതികബുദ്ധിമുട്ടുകളും കാലതാമസവും, ഒഴിവാക്കേണ്ടതാണ്. പ്രകൃതിക്ഷോഭം മൂലം വീടു നശിക്കുന്നവർക്ക് റവന്യൂവകുപ്പ് വഴി നൽകുന്ന സഹായധനം വർദ്ധിപ്പിക്കേണ്ടതും ആണ്.

പഞ്ചായത്തിൽ പട്ടികജാതി - പട്ടികവർഗവിഭാഗക്കാർക്കായി IHDP യിലുൾപ്പെട്ട 4 കോളനികൾ ഉണ്ട്. പാർപ്പിടരംഗത്തുള്ള സങ്കീർണ്ണമായ പ്രശ്നങ്ങളേ ഗൗരവമായി കണക്കിലെടുത്ത് അതിനുള്ള പരിഹാരങ്ങൾ കാണേണ്ടതാണ്.

പരിഹാരമാർഗ്ഗങ്ങൾ

പല വീടുകളിലും ഒന്നിൽ കൂടുതൽ കുടുംബങ്ങൾ പ്രത്യേകം പ്രത്യേകം താമസ്സിക്കുന്നുണ്ട്. ഇതുമൂലം ഓരോ കുടുംബത്തിനും കിട്ടേണ്ട പല ആനുകൂല്യങ്ങളും ഇവർക്ക് ലഭിക്കാതെ പോകുന്നു. നമ്മുടെ പഞ്ചായത്തിലുള്ള 871 ഓലപ്പുരകൾ മാറ്റി ഓടുമേഞ്ഞു കൊടുക്കുന്നതിനും ഭവനരഹിതർക്ക് വീടുനിർമ്മിച്ചു കൊടുക്കുന്നതിനും വിവിധ സർക്കാർ ഏജൻസികളുടെ സഹായം ലഭ്യമാക്കേണ്ടതുണ്ട്. ഭവനനിർമ്മാണരംഗത്ത് പ്രവർത്തിക്കുന്ന സർക്കാർ ഏജൻസികളുടെ പ്രവർത്തനത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കേണ്ടതാണ്.

ഭവനരഹിതരുടെ പ്രശ്നം പരിഹരിക്കണമെങ്കിൽ ആദ്യമായി ഭൂമിലഭ്യമാക്കണം. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മിച്ചഭൂമി, ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറ് ഏറ്റെടുത്ത തരിശുഭൂമികൾ എന്നീ സ്ഥലങ്ങൾ ഇതിനുവേണ്ടി ഉപയോഗപ്പെടുത്തണം. ഭൂരഹിതർക്ക് 5 സെൻറ് സ്ഥലം വീതം സൗജന്യമായി നൽകി LIC തുടങ്ങിയ പൊതുമേഖലസ്ഥാപനങ്ങളുടെ വായ്പയിലൂടെ, സർക്കാർ സഹായത്തോടെ നിർമ്മിതികേന്ദ്രങ്ങൾ തുടങ്ങിയ ഏജൻസികളെകൊണ്ട് സഹായത്തോടെ, നിർമ്മിതികേന്ദ്രങ്ങൾ തുടങ്ങിയ എജൻസികളെകൊണ്ട് ചെയ്യിക്കാവുന്നതാണ്. ഇതിനുള്ള ഗുണഭോക്താക്കളെ തിരഞ്ഞെടുക്കാനുള്ള അധികാരം ഗ്രാമപഞ്ചായത്തിന് നൽകാവുന്നതാണ്.

ലൈൻ ഹൗസുകൾ നിർമ്മിച്ച് മുൻഗണനാടിസ്ഥാനത്തിൽ അപേക്ഷകർക്കു നൽകുക. സർക്കാർ വക വായ്പക്കുള്ള ഭവനനിർമ്മാണ സഹകരണസംഘം രൂപീകരിക്കുക. ഭവനനിർമ്മാണത്തിനുള്ള എല്ലാതരം വായ്പാ അപേക്ഷാകളും, ഗ്രാമകെട്ടിട നിർമ്മാണ സാമഗ്രികളുടെ വിതരണം മുകളിൽ പറഞ്ഞ സഹകരണസംഘം വഴി ആക്കുക. ചിലവു കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിനുള്ള ബോധവല്ക്കരണം നടത്തുക. ഭവനനിർമ്മാണ വായ്പാതുക കാലോചിതമായി വർദ്ധിപ്പിക്കുക. പ്രകൃതിക്ഷോഭ പുനരധിവാസ പദ്ധതിക്കുള്ള തുക കാലാനുസൃതമായി വർദ്ധിപ്പിക്കുക. രാജീവ് ദശലക്ഷം പാർപ്പിടപദ്ധതിയുടെ തുക വർദ്ധിപ്പിക്കുക.

പട്ടിക 2
ടൂൾകിറ്റ്

കൊല്ലം	സ്കീം	അനുവദിച്ചഎണ്ണം	ലോൺ	സബ്സിഡി
92-93	ടൂൾകിറ്റ് (RAP)	5	-	1000.00
93-94	"	25	-	45000.00
94-95	"	4	-	~~8~~000.00 4000,00
95-96	"	9		
	ആകെ	43		~~55000.00~~ 68000,00

കക്കൂസുകൾ

നമ്മുടെ പഞ്ചായത്തിലെ ആകെ കക്കൂസുകളുടെ എണ്ണം 1069 ആണ്. അതിൽ 26 എണ്ണം ഇ.എസ്സ്.പി ആണ്. പഞ്ചായത്തിൽ എല്ലാ വീടുകളിലും കക്കൂസ് ഉണ്ടാവുകയും അത് കൃത്യമായും ശുചിയായും ഉപയോഗിക്കുന്നതിനുമുള്ള ബോധവൽക്കരണം നടത്തുകയും വേണം.

വിധവാപെൻഷനുകളും വിധവകളുടെ മക്കൾക്കുള്ള വിവാഹ സഹായങ്ങളും.

നമ്മുടെ പഞ്ചായത്തിൽ മേൽ കാണിച്ചവ കൊടുത്തുവരുന്നുണ്ട്. ഇത്തരം സാമ്പത്തിക സഹായത്തിന് അപേക്ഷിക്കുന്നവരെക്കുറിച്ച് സൂക്ഷ്മമായി പരിശോധിക്കുകയും അർഹതയുള്ളവർക്ക് മാത്രമേ ഇത് ലഭിക്കുന്നുള്ളു. എന്ന് ഉറപ്പു വരുത്തുകയും വേണം.

വിധവാപെൻഷൻ; വാർദ്ധക്യകാലപെൻഷൻ

അവശ്യം ആവശ്യമായ സാമൂഹ്യക്ഷേമ പദ്ധതി എന്ന നിലയിൽ ഈ രംഗത്ത് നമ്മുടെ പഞ്ചായത്തിന്റെ പ്രവർത്തനം കാര്യക്ഷമമാണ്. എങ്കിൽപ്പോലും അർഹതയുള്ള നിരവധി വിധവകളും വൃദ്ധജനങ്ങളും ഇനിയുമുണ്ട്. അവർക്കെല്ലാം ഈ പദ്ധതിയുടെ പ്രയോജനം പൂർണമായി ലഭിക്കുന്നതിന് പ്രവർത്തനം കാര്യക്ഷമവും സുഗമവും ആക്കുണം. നിലവിൽ 51 പേർക്ക് വിധവാ പെൻഷനും 61 പേർക്ക് വാർദ്ധക്യ പെൻഷനും ലഭിച്ചുവരുന്നു.

ഇന്നു നമ്മുടെ പഞ്ചായത്തിൽ സാമൂഹ്യക്ഷേമരംഗത്ത് കാര്യമായ സഹായം ലഭ്യമാക്കിക്കൊണ്ടിരിക്കുന്നത് ബ്ളോക് ഡവലപ്പ്മെൻറ് ആഫീസിനു താഴെയുള്ള പല്ലാവൂർ VEO സർക്കിളിൽ നിന്നും പല്ലശ്ശന VEO സർക്കിളിൽ നിന്നുമാണ്. രണ്ടു VEO സർക്കിളുകൾ വഴി നമ്മുടെ പഞ്ചായത്തിൽ ലഭ്യമാക്കിയ പല പദ്ധതികളുടെയും കണക്കുകൾ താഴെ പ്രതിപാതിക്കുന്നു.
ദേശസാൽകൃത ബാങ്കുകൾ ഈ സ്കീം അനുസരിച്ച് വായ്പ ലഭ്യമാക്കുന്നതിൽ ഗുരുതരമായ ഉദാസീനത കാണിക്കുന്നു.

സാമൂഹ്യക്ഷേമം

പഞ്ചായത്തിൽ നാം നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് രണ്ടുവിധത്തിലുള്ള സാമൂഹ്യക്ഷേമപരിപാടികളാണ്. ദാരിദ്ര്യനിർമാർജ്ജന പദ്ധതികളും, വിവിധ വിഭാഗക്കാർക്കുള്ള പെൻഷൻ ധനസഹായ പദ്ധതികളുമാണ്. IRDP സർവ്വേ പ്രകാരം നമ്മുടെ പഞ്ചായത്തിലെ ജനങ്ങളിലധികം പേരും ധനസഹായത്തിനർഹതയുള്ള കർഷകത്തൊഴിലാളി കുടുംബങ്ങളാണ്. അർഹരായവരിൽ വളരെ ചെറിയൊരു വിഭാഗത്തിനു മാത്രമേ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളുടെ ആനുകൂല്യം ലഭിക്കുന്നുള്ളു എന്നു പരക്കെ ആക്ഷേപമുള്ള വസ്തുതയാണ്. നാമമാത്രമായി മറ്റു പല പദ്ധതികളും പഞ്ചായത്തിൽ ജനങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ട്.

നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തതക്കു പലകാരണങ്ങളുമുണ്ട്. പദ്ധതിയെക്കുറിച്ചുള്ള അറിവില്ലായ്മ, അർഹതപ്പെട്ടവർക്കു കിട്ടായ്ക, ആവശ്യത്തിനും സമയത്തിനും കിട്ടായ്ക ഇവയെല്ലാമാണ്. ക്ഷേമനിധി പോലുള്ള ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല. പഞ്ചായത്തിൽ ധാരാളം കർഷകത്തൊഴിലാളികൾ, ഇഷ്ടിക, മൺപാത്രത്തൊഴിലാളികൾ, കെട്ടിട നിർമ്മാണത്തൊഴിലാളികൾ എന്നിവരുണ്ടെങ്കിലും എല്ലാവരും ക്ഷേമനിധിയെ പറ്റി ബോധവാൻമാരല്ല. വനിതകൾക്കുള്ള പ്രത്യേകക്ഷേമ പരിപാടികളെക്കുറിച്ച് അവരെ ബോധവല്ക്കരിക്കണം.

വിലക്കയറ്റം, പണപ്പെരുപ്പം, മൂല്യശോഷണം എന്നിവ പരിഗണിച്ച് ഈ വിഭാഗത്തിൽപ്പെടുന്നവർക്ക് ആനുകൂല്യം ലഭിക്കുന്നതിന്ന് ഉള്ള സാമ്പത്തിക പരിധി കാലോചിതമായി പരിഷ്കരിക്കണം.

ദേശസാൽകൃത ബാങ്കുകളിൽ നിന്ന് സ്ത്രീകൾക്ക് സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള നടപടികൾ ലഘൂകരിക്കുകയും കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കുന്നതിന് DWCRAയുടെ കൂടുതൽ യൂണിറ്റുകൾ പഞ്ചായത്തിലാരംഭിക്കുകയും വേണം.

ആട് , മാട് , എരുമ എന്നിവയെ വളർത്തുന്ന ക്ഷീരകർഷകർക്ക് എളുപ്പ ം ആവശ്യാനുസരണം ധനസഹായം ലഭ്യമാക്കണം.

നമ്മുടെ പഞ്ചായത്തിനെ കേന്ദ്രീകരിച്ച് ഒരു തയ്യൽ യൂണിറ്റ് (റെഡി മെയ്ഡ് സഹിതം) തുടങ്ങിയാൽ പെൺകുട്ടികൾക്ക് തൊഴിലവസം സംജാതമാകും. 18 വയസ്സു മുതൽ 35 വയസ്സു വരെയുള്ള യുവതീ യുവാക്കൾക്ക് ആവശ്യാനുസരണം അഭിരചിക്കനുസരിച്ച് നമ്മുടെ ട്രൈസം പരിശീലനം വിപുലീകരിക്കണം.

ട്രൈസം പരിശീലനം ലഭിച്ചവരുടെ പട്ടിക

വർഷം	ലഭിച്ചവരുടെ എണ്ണം
1992-93	7
93-94	6
94-95	7
95-96	4
ആകെ	24

ഗ്രാമീണതൊഴിലാളികൾക്ക് (കെട്ടു പണിക്കാർ, മരപ്പണിക്കാർ, പ്ലംബർമാർ, തുടങ്ങിൽയവർ) ആവശ്യമായ അളവിൽ നവീനതൊഴിലുപകരണങ്ങൾ ലഭ്യമാക്കുകയും അതുപയോഗിക്കുന്നതിനാവശ്യമായ തൊഴിൽ നൈപുണ്യ പരിശീലനം നൽകുകയും വേണം.

വർഷവും സ്കീമിന്റെ പേരും		സാങ്ഷൻ നമ്പർ	ലോൺസംഖ്യ	സബ്സിഡി
IRDP	92-93	63	312,659.00	1,74,651.00
	93-94	56	2,54,695.00	1,39,755.00
	94-95	33	3,66,748.00	1,45,000.00
	95-96	29	5,43,572.00	1,95,210.00
Trysem	92.92	7	–	–
	93-94	6	–	–
	94-95	7	–	–
	95-96	4	–	–
Toolkit	92-93	5	–	10,000.00
	93-94	25	–	45,000.00
	94-95	4	–	4,000.00
	95-96	9	–	9,000.00
CRSP Catrin	92-93	--	-	-
	93.94	26	-	52,000.00
	94-95	16	-	32,000.00
	95-96	21	-	42,000.00.

വില്ലേജ് ആഫീസുകൾ വഴിയുള്ള ചില സാമൂഹ്യക്ഷേമ പദ്ധതികൾ

നമ്മുടെ പഞ്ചായത്തിലിന്ന് നിരവധി പെൻഷനുകളും (വിധവാപെൻഷൻ, വാർദ്ധക്യകാല പെൻഷൻ, അഗതി പെൻഷൻ എന്നിവ) കൂടാതെ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധന സഹായങ്ങളുമാണ്. ലഭ്യമാക്കിക്കൊണ്ടിരിക്കുന്നത്. ഇത്തരം സാമ്പത്തികാനുകൂല്യങ്ങൾ യഥാസമയം അർഹതയുള്ള മുഴുവൻ ആളുകൾക്കും സുഗമമായിലഭിക്കുന്നു എന്ന് ഉറപ്പുവരുത്തണം.

തൊഴിലില്ലായ്മാ വേതനം

തൊഴിലില്ലായ്മയുടെ കാര്യത്തിൽ ഇന്ത്യയുടെ പൊതുശാപം പല്ലശ്ശനക്കും ബാധകമാണ്. വിശിഷ്യാ അഭ്യസ്തവിദ്യരായ യുവതീ യുവാക്കളുടെ കാര്യത്തിൽ ഉന്നത വിദ്യാഭ്യാസരംഗത്ത് അത്രയൊന്നും ആളുകൾ വിദ്യാഭ്യാസം നേടിയിട്ടില്ലെങ്കിലും ഉള്ളവർക്കുപോലും തൊഴിൽ ലഭിക്കുന്നില്ല എന്നുള്ളത് വേദനാജനകമായ സത്യം തന്നെ. അഭ്യസ്ത വിദ്യരായ ചെറുപ്പക്കാർ കാർഷികമേഖലയിലെ തൊഴിലിനോടു കാണിക്കുന്ന അവഗണന മാറ്റിയെടുത്തേ മതിയാവൂ. കർമ്മോൻമുഖമാകേണ്ട യുവത്വം വിഷാദാത്മകവും നിഷേധാത്മകവുകയാണ്. അതുകൊണ്ടുതന്നെ ഇവരുടെ സാമ്പത്തികപ്രശ്നങ്ങൾക്ക് ചെറിയൊരാശ്വാസമെന്ന നിലയിൽ തൊഴിലില്ലായ്മാ വേതനം നൽകുന്നത് അഭിലഷണീയവുമാണ്. പക്ഷേ അർഹരായ മുഴുവൻ യുവതീയുവാക്കൾക്കും അതു ലഭിക്കുവാനുള്ള നടപടി ഉണ്ടായേ മതിയാവൂ. അതോടൊപ്പം കഴിയും വേഗം നമ്മുടെ പഞ്ചായത്തിൽ പ്രാദേശികമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും വേണം. 40 യുവതീയുവാക്കൾക്കാണ് തൊഴിലില്ലായ്മാവേതനം ഇപ്പോൾ ലഭിക്കുന്നത്.

വികലാംഗപെൻഷൻ

വികലാംഗത്വം തെളിയിക്കാനുള്ള സർട്ടിഫിക്കറ്റുകൾ കിട്ടുവാൻ ഇന്നു ജനങ്ങൾക്ക് ധാരാളം ബുദ്ധിമുട്ട് അനുഭവിക്കേണ്ടിവരുന്നു. ഇവിടെ നിന്നു പാലക്കാട് ജില്ലാ ആശുപത്രിയിലാണ് വികലാംഗത്വ സർട്ടിഫിക്കറ്റു വാങ്ങുവാൻ പോകേണ്ടത്. ഒരു വികലാംഗൻ മറ്റൊരാളുടെ സഹായത്തോടെ പാലക്കാട്ടിലെത്തുമ്പോൾ അന്ന് ഡോക്ടർക്ക് സൗകര്യം ഇല്ല എന്നു പറഞ്ഞു തിരിച്ചയക്കും. ആ സമയത്ത് ആ വികലാംഗന്റെ മനോസ്ഥിതി എന്തായിരിക്കും ? ഇങ്ങനെ നാലുപ്രാവശ്യമെങ്കിലും പോകേണ്ടി വരും ഒരു സർട്ടിഫിക്കറ്റ് കിട്ടാൻ. ഈ പഞ്ചായത്തിൽ 1988 മുതൽ 1993 വരെ കാലയളവിൽ 29 വികലാംഗർക്കുള്ള പെൻഷനുകൾ അനുവദിച്ചിട്ടുണ്ട്. വികലാംഗത്വം തെളിയിക്കുന്നതിനായി വികലാംഗൻ നൽകുന്ന അപേക്ഷ പഞ്ചായത്ത് സ്വീകരിക്കുകയും ഓരോ വർഷവും നിശ്ചിത തിയ്യതിക്ക് ലഭിക്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ ഒരു കേന്ദ്രത്തിൽ വെച്ച് ജില്ലാ ആശുപത്രിയിലെ വിദഗ്ദ ഡോക്ടർമാരുടെ ഒരു സംഘം അപേക്ഷകരെ പരിശോധിച്ച് സാക്ഷ്യപത്രം നൽകുന്നതിനുള്ള സൗകര്യം ഉണ്ടാക്കുകയും വേണം. നിലവിൽ പഞ്ചായത്തിലെ 53 വികലാംഗർക്ക് പെൻഷൻ ലഭിക്കുന്നുണ്ട്.

അഗതി പെൻഷൻ : 34

അവശർക്കുള്ള പെൻഷൻ : 3

കർഷകത്തൊഴിലാളി പെൻഷൻ

അർഹരായ മുഴുവൻ കർഷകത്തൊഴിലാളികൾക്കും പെൻഷൻ സുഗമമായി ലഭിക്കുന്നതിനുള്ള നടപടി കൾ ഉണ്ടാവുകയും അത്തരം ആളുകളെ പുതുതായി തെരെഞ്ഞെടുക്കുന്ന ഓരോ ഘട്ടത്തിലും അവരുടെ പേരു വിവരം പരസ്യപ്പെടുത്തുകയും വേണം.

ഇപ്പോൾ പഞ്ചായത്തിൽ 195 കർഷകത്തൊഴിലാളികൾക്ക് പെൻഷൻ ലഭിക്കുന്നു.

ക്ഷേമനിധികൾ

നമ്മുടെ പഞ്ചായത്തിൽ കെട്ടിട നിർമ്മാണ ക്ഷേമനിധി, കർഷകത്തൊഴിലാളി ക്ഷേമനിധി ചുമട്ടു തൊഴിലാളിക്ഷേമനിധി, ചെത്തുതൊഴിലാളിക്ഷേമനിധി, തുടങ്ങിയവയുടെ പ്രയോജനം ലഭിക്കുന്നുണ്ട്. ഈ ക്ഷേമനിധി പരിപാടികളിൽ അർഹരായ മുഴുവൻ ആളുകളും അംഗങ്ങളായിട്ടില്ല. ഇത്തരം ക്ഷേമ നിധികളിൽ അർഹതയുള്ള മുഴുവൻ ആളുകൾക്കും അംഗത്വം ലഭിക്കുന്നതിനായി പഞ്ചായത്തു തലത്തിൽ ഒരു"സെൽ" രൂപീകരിക്കേണ്ടതാണ്. പരമ്പരാഗതതൊഴിൽ ചെയ്യുന്ന മൺപാത്രനിർമ്മാണ തൊഴിലാളികൾ, ഈറ്റ, പനമ്പ് തൊഴിലാളികൾ തുടങ്ങിയവർക്കുകൂടി ക്ഷേമനിധികൾ ഏർപ്പെ ടുത്തേണ്ടതാണ് . ഇപ്പോ ൾ പഞ്ചായത്തിൽ കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ 2500 പേരും ചെത്തുതൊഴിലാളി ക്ഷേമനിധിയിൽ 162 പേരും ആർട്ടിസാൻസുകാർക്കുള്ള ക്ഷേമനിധിയിൽ 150 പേരും ഹെഡ്‌ലോഡിങ്ങ് കാർക്കുള്ള ക്ഷേമനിധിയിൽ 50 പേരും അംഗങ്ങളായി നിലവിലുണ്ട്.

അംഗൺവാടി

നമ്മുടെ പഞ്ചായത്തിൽ 14 അംഗൺവാടികൾ പ്രവർത്തിക്കുന്നുണ്ട്. 10-ാം വാർഡിൽ മാത്രം ആണ് ഇത്തരം സ്ഥാപനമില്ലാത്തത്. കുട്ടികളിൽ കൂട്ടായ്മ സന്തുഷ്ടി, ശുചിത്വബോധം, ആരോഗ്യം, സമഭാവന എന്നിവ വളർത്തന്നതിനെ ലക്ഷ്യം വെച്ചുകൊണ്ടുള്ളതാണ് ഇവയുടെ പ്രവർത്തനം. പല അംഗൻവാടി കെട്ടിടങ്ങളുടെ നില , മെച്ചപ്പെട്ടതല്ല. കൂടാതെ ജീവനക്കാർക്കും കുട്ടികൾക്കും പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യക്കുറവുമുണ്ട്. ജീവനക്കാർക്ക് അവരുടെ പ്രവർത്തനത്തോടൊപ്പം വിധവാ സർവ്വേകൾ എടുക്കുക, ഗർഭിണികളായ സ്ത്രീകളുടെ ആരോഗ്യ ശ്രദ്ധ തുടങ്ങിയവയും ചെയ്തു തീർക്കേണ്ടതുണ്ട്. ഇത്രയെല്ലാം ചെയ്യുന്നവർക്ക് തുച്ഛമായ പ്രതിഫലം മാത്രമെ ലഭിക്കുന്നുള്ളു. മറ്റു ക്ഷേമ പരിപാടികളില്ലതാനും. ഇത്തരം സ്ഥാപനങ്ങൾ തൊഴിലെടുക്കുന്ന

അമ്മമാർക്ക് ഒരനുഗ്രഹമാണെന്ന് പറയേണ്ടതില്ലല്ലോ. അതുകൊണ്ട് അംഗൻവാടികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ ജനകീയ ബോധവല്ക്കരണം ഉണ്ടാവണം. അതോടൊപ്പം തന്നെ ജനങ്ങൾ കാര്യക്ഷമമായി ഇടപെട്ട് അംഗൻവാടികളുടെ അറ്റകുറ്റപണികൾ ചെയ്തു കൊടുക്കുകയും ഇവയ്ക്കാവശ്യമായ കളിക്കോപ്പുകൾ മറ്റുപകരണങ്ങൾ എന്നിവ ലഭ്യമാക്കുകയും ചെയ്യണം. ജീവനക്കാരുടെ വേതനം കാലോചിതമായി പരിഷ്ക്കരിക്കുന്നതിനോടൊപ്പം ക്ഷേമപരിപാടികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയുംചെയ്യേണ്ടതാണ്.

അങ്കണവാടികളുടെ വിശദവിവരം

ക്രമ നമ്പർ	വാർഡ്	സ്കൂളുകളുടെ എണ്ണം	അംഗൻവാടികളുടെ നമ്പർ	കുട്ടികളുടെ എണ്ണം	സ്വന്തം കെട്ടിടം ഉള്ളത്	സ്വന്തം കെട്ടിടം ഇല്ലാത്തത്	സ്വന്തം സ്ഥലത്ത് ഉള്ളത്	സ്വന്തം സ്ഥലത്ത് ഇല്ലാത്തത്	വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്	വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്
1	1	1	1	78	1	-	1	-	-	-
2	2	3	3 - 4 - 12	32-44-36	3	-	3	-	-	-
3	3	1	13	45	1	-	1	-	-	-
4	4	2	2 -10	47-49	2	-	2	-	-	-
5	5	1	5	65	1	-	1	-	-	-
6	6	1	11	55	1	-	1	-	-	-
7	7	3	6 - 2 - 9	110-65-67	3	-	3	-	-	-
8	8	1	14	95	1	-	1	-	-	-
9	9	1	7	77	1	-	1	-	-	-
10	10	-	-	-	-	-	-	-	-	-
ആകെ	10	14		~~915~~ 865	14	-	14	-	-	-

പൊതു വിതരണം

നമ്മുടെ പഞ്ചായത്തിലാകെ 7 പൊതുവിതരണ കേന്ദ്രങ്ങൾ ഉണ്ട്. ഈ കേന്ദ്രങ്ങളിൽ 4500 ഓളം കാർഡുകളുണ്ട്. എന്നാൽ പഞ്ചായത്തിലെ പല പ്രദേശങ്ങളിലും ഉള്ളവർക്ക് ദൂരെയുള്ള കേന്ദ്രങ്ങളിൽ നിന്നാണ് റേഷൻ സാധനങ്ങൾ ലഭിക്കുന്നത്. ഇതിന്നു പരിഹാരമായി ആവശ്യമുള്ളിടങ്ങളിൽ പൊതുവിതരണ കേന്ദ്രങ്ങൾ ആരംഭിക്കണം. കൂടാതെ പൊതുമാർക്കറ്റിലെ നിലവാരം പിടിച്ചുനിറുത്താനായി പഞ്ചായത്തിൽ സിവിൽസപ്ലൈസ് കോർപ്പറേഷൻ വക ഒരു മാവേലി സ്റ്റോർ തുടങ്ങണം. ഇതു കൂടാതെ ഉത് സവകാലങ്ങളിൽ ഉണ്ടാകുന്ന കൂടുതൽ ഉപഭോഗം കണക്കിലെടുത്തും വിലക്കയറ്റം നിയന്ത്രക്കുന്നതിനുമായി സർവ്വീസ് സഹകരണ ബാങ്ക് നടത്തുന്ന ഉത്സവച്ചന്തകളുടെ എണ്ണം കൂട്ടുകയും ആവശ്യത്തിന് നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുകയും ചെയ്യണം. മൊത്തത്തിൽ പൊതു വിതരണ കേന്ദ്രങ്ങളുടെപ്രവർത്തനം വിശാലവും ശക്തവുമാക്കണം.

അടിയന്തിരമായി പൂളപ്പറമ്പ്, കുമാരംപുത്തൂർ എന്നിവിടങ്ങളിൽ പൊതു വിതരണകേന്ദ്രങ്ങൾ ആരംഭിക്കേണ്ടതാണ്.

ആകെ കാർഡുകൾ	3396
E കാർഡുകൾ	1520
N E കാർഡുകൾ	1876
മണ്ണെണ്ണ പെർമിറ്റുകൾ	284

നിർദ്ദേശങ്ങൾ

1. സാമൂഹ്യക്ഷേമപദ്ധതികളെക്കുറിച്ച് ജനങ്ങൾക്കാവശ്യമായ വിവരം യഥാവസരം ലഭ്യമാക്കുക.
2. ക്ഷേമനിധിബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.
3. തുറസ്സായസ്ഥലങ്ങളിൽ മലമൂത്ര വിസർജ്ജനം നടത്തുന്നതിന്റെ ദോഷവശങ്ങൾ ബോദ്ധ്യപ്പെടുത്തുക.

"അന്ന വസ്ത്രങ്ങൾക്കുമൗഷധങ്ങൾക്കുമായ്-
നമ്മളിൽപ്പാതിയും കേണിടുന്നു
വേണ്ടാത്തതൊക്കെയും വാങ്ങുവാനായി നാം
സമ്പത്തുപാതിയും ചോർത്തിടുന്നു
നാടിന്നുനട്ടെല്ലൊടിഞ്ഞിടുന്നു
നേട്ടമായ് കോടികൾ വാങ്ങിടുന്നു."

കുംഭമാസത്തിൽ നാലു ദിവസം നീണ്ടു നില്ക്കുന്ന തോറ്റൻപാട്ടും തുടർന്നു നടത്തുന്ന പൊറാട്ടുകളിയും പ്രധാനമാണ്. തളൂർ പെട്ടിക്കൾ ക്ഷേത്രത്തിൽ കൈയ്പഞ്ചേരി, വാനൂർ കാട്ടിരി, കുഴൽമന്ദം എത്തനൂർ പ്രദേശങ്ങളിലെ പാണ സമുദായത്തിൽപ്പെട്ടവരുടെ വഴിപാടായാണ് പൊറാട്ടും കളി നടത്തുന്നത്.

നവരാത്രിനാളുകളിലെ ഏഴാം വിളക്കും മീനമാസത്തിലെ ഉത്സവത്തോടനുബന്ധിച്ച കഥകളിയും പല്ലാവൂർ തൃപ്പല്ലാവൂരപ്പൻ ക്ഷേത്രത്തിലെ പ്രധാന ഉത്സവമാണ്. എല്ലാ ജനവിഭാഗങ്ങളും ഉത്സവത്തിൽ പങ്കാളികളാകുന്നു. കൂടാതെ പന്ത്രണ്ട് വർഷത്തിലൊരിക്കൽ നടത്തുന ആറാട്ടും പ്രസിദ്ധമാണ്.

ധനുമാസത്തിൽ ആഘോഷിക്കുന്ന കൂട്ടക്കമാണ് കൂടല്ലൂർ മുല്ലയ്ക്കൽ ശ്രീ കുരുംബ ക്ഷേത്രത്തിലെ പ്രധാന ഉത്സവം. പല്ലശ്ശന പഞ്ചായത്തിലെ ഒട്ടുമിക്ക പട്ടികജാതി കേന്ദ്രങ്ങളിൽ നിന്നും ആഘോഷപൂർവ്വം കൊണ്ടുവരുന്ന കുടയും കതിരും നല്ലൊരു കാഴ്ചയാണ്. എല്ലാജനവിഭാഗങ്ങൾക്കും പങ്കാളിത്തമുണ്ട്.

ശൂരസംഹാരം, കനല്ലാട്ടം, പൊങ്കൽ, കുംഭക്കളി മാരിയമ്മൻ പൂജ, അയ്യപ്പൻ പാട്ട് തുടങ്ങി ഒട്ടേറെ ചെറുതും വലുതുമായ ഉത്സവങ്ങളും ഈ പ്രദേശത്തു ജനങ്ങൾ സഹകരിച്ചു നടത്തിവരുന്നുണ്ട്.

വർഷത്തിലൊരിയ്ക്കൽ നടത്തുന്ന കന്തിരി നേർച്ചയാണ് മുസ്ലീം ദേവാലയമായ പൂത്തോട്ടുപള്ളിയിലെ പ്രധാന ഉത്സവം. ഇതിനാവശ്യമായ വിഭവങ്ങൾ ജാതിമതഭേദമെന്യേ നാട്ടുകാരിൽ നിന്നും സംഭരിക്കുകയും അതുപയോഗിച്ച് നാട്ടുകാർക്ക് അന്നദാനം നടത്തുകയും ചെയ്യുന്നു.

അടുത്തകാലത്തായി പഞ്ചായത്തിലെ മിക്കവീടുകളിലും ക്രിസ്തുമസ്സിന്റെ മുന്നോടിയായ നക്ഷത്രവിളക്ക് തെളിയിക്കാറുണ്ട്.

കലകൾ

ചാരുംഗനാടകം

കഥകളിപോലെയാണ് ഇതിന്റെ ദൃശ്യാവിഷ്കാരം. തിരശ്ശീല ഉപയോഗിച്ചിരുന്നു. ചെണ്ട, മദ്ദളം, ഇലത്താളം എന്നിവയാണ് വാദ്യങ്ങളായി ഉപയോഗിച്ചിരുന്നത്. തമിഴ്, മലയാളം ഇടകലർന്ന ഭാഷയായിലാണ് പാട്ടും സംഭാഷണവും. ഈ കല 25 വർഷം മുമ്പേ നിലച്ചുപോയി. നരേന്ദ്രരാജാവിന് ചിത്തിരാംഗിയിലുണ്ടായ ചാരംഗരാജകുമാരന്റെ കഥയാണ് ഇതിവൃത്തം. ഇതിന്റെ താളിയോലഗ്രന്ഥം തെക്കെമാങ്ങോട് സ്വാമിനാഥൻ വശം ഇപ്പോഴും ഉണ്ട്. കലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി ഈ താളിയോല ഗ്രന്ഥം സംരക്ഷിക്കപ്പെടേണ്ടതുണ്ട്.

കൊട്ടുട്രിവിളി

തറവാട്ടു ദൈവങ്ങളെ പ്രീതിപ്പെടുത്താനായി നടത്തി വരുന്ന ഉത്സവമാണ് കൊട്ടുവിളി. പലനിറത്തിലുള്ള പൊടികൾ ഉപയാഗിച്ച് നടുമുറ്റത്ത് കളം ഇട്ട് അലങ്കരിക്കുന്നു. കളത്തിനു നടുവിൽ നിറപറയും പൂക്കുലയും സ്ഥാപിക്കുന്നു. സന്ധ്യയോടെ കുടം, കിണ്ണം എന്നിവ കൊട്ടിപ്പാടുന്നു. പാട്ട് ഒരു ഘട്ടത്തിലെത്തുമ്പോൾ ആളുകൾ ഉറഞ്ഞുതുള്ളിവരുന്നു. ഇതിപ്പോൾ പ്രചാരത്തിലില്ല.

തോൽപ്പാവക്കൂത്ത്

കേരളത്തിനകത്തും പുറത്തും പ്രചാരം സിദ്ധിച്ചുവരുന്ന ഒരു കലാരൂപമാണ് തോൽപ്പാവക്കൂത്ത്. ഈ കലയുടെ ഉപജ്ഞാതാവ് പല്ലശ്ശന ഏറാത്ത് ചിങ്കി പുലവരാണ്. 20000 ശ്ലോകങ്ങളുടെ സാരാംശം ഒട്ടും ചോർന്നു പോകാതെ 2000 ശ്ലോകങ്ങളാക്കി മാറ്റിഎഴുതിയാണ് ഈ കലാസൃഷ്ടിക്കു രൂപം നല്കിയത്.

5-8

സംസ്ക്കാരം

പഴയ മലബാറിന്റെ വാലറ്റമായി മുൻ തിരു കൊച്ചി സംസ്ഥാനത്തോട് ചേർന്നു കിടക്കുന്ന കാർഷിക പ്രധാനമായ പ്രദേശം. ചരിത്രവും കേട്ടുകേൾവികളും കെട്ടു പിണഞ്ഞു കിടക്കുന്ന സാംസ്ക്കാരിക പശ്ചാത്തലം ഒരുകാലത്ത്

തൊട്ടുകൂടാത്തവർ, തീണ്ടിക്കൂടാത്തവർ
ദൃഷ്ടിയിൽപ്പെട്ടാലും ദോഷമുള്ളോർ;
കെട്ടില്ലാത്തോർ, തമ്മിലുണ്ണാത്തോരിങ്ങനെ-
യൊട്ടല്ലഹോ ജാതിക്കോമരങ്ങൾ!

ഇത് പല്ലശ്ശനയുടെയും അവസ്ഥയായിരുന്നു. ഈ അവസ്ഥയിലും ഓണവും വിഷുവും സംക്രാന്തിയും പെരുന്നാളും തുലാവാവും ജനതയാകെ ഉത്സാഹപൂർവ്വം ആചരിക്കുകയും ആഘോഷിക്കുകയും ചെയ്തു. ഈ നിലക്ക് ഇന്നും വലിയ മാറ്റം ഉണ്ടായിട്ടില്ല. അദ്ധ്വാനത്തിന്റെ കാഠിന്യത്തിൽ നിന്ന് ആശ്വാസം തേടി കർഷകരും കർഷക തൊഴിലാളികളും ഉഴവുപാട്ടും, ഞാറ്റുപാട്ടും, തേക്കു പാട്ടും പാടി.

അന്നും ഇന്നും

വർണ്ണവ്യവസ്ഥയുടെ ഭാഗമായി പ്രത്യേകം പ്രത്യേകം ആവാസ കേന്ദ്രങ്ങളിൽ ഓരോ സമുദായക്കാരും കൂട്ടം കൂട്ടമായി താമസിച്ചുവന്നു. ഇത്തരം ആവാസകേന്ദ്രങ്ങളെ ജാതിപ്പേരുമായി ചേർത്ത് ചാള, കുടി, ചേരി വീട്, മഠം, ഇല്ലം എന്നീ പല പേരുകൾ പറഞ്ഞു വന്നു. പട്ടികജാതി വിഭാഗത്തിൽ പെട്ടവർ അധികവും കൃഷിഭൂമികളുടെ അതിരുകളിൽ ജീവിത സൗകര്യങ്ങളൊന്നുമില്ലാത്ത പ്രദേശങ്ങളിലാണ് താമസിച്ചിരുന്നത്. ഇവരിൽ ചില സമുദായക്കാർ അലക്കും മുടിമുറിക്കലും സ്വയം ചെയ്തുവന്നു. ജന്മിയുടെ കളപ്പേരോ, തറവാട്ടുപേരോ ചേർത്താണ് ഇവർ അറിയപ്പെട്ടിരുന്നത്. ജന്മി വീട്ടിൽ ആരെങ്കിലും മരിച്ചാൽ സ്വന്തക്കാർ മരിച്ചതുപോലെ അലമുറയിട്ടു കരയുക പതിവായിരുന്നു. അടിമ തുല്യമായ ജീവിതം നയിച്ചിരുന്ന ഇക്കൂട്ടരെ ജന്മിയുടെ അതൃപ്തിക്കു പാത്രമായാൽ വാസസ്ഥലത്തു നിന്നും കുടിയിറക്കും. കൃഷിപ്പണിയിൽ നിന്നും പിരിച്ചുവിടും. ഇങ്ങനെ പിരിച്ചുവിടുന്നവരെ മറ്റു ജന്മിമാരോ കൃഷിക്കാരോ ജോലിക്കു നിർത്തുമായിരുന്നില്ല. അതുകൊണ്ടു തന്നെ ഏത് അക്രമത്തിനു വിധേയമായാലും സഹിക്കുകമാത്രമായിരുന്നു. പോം വഴി.

സംഭാഷണവും വസ്ത്രധാരണവും ജാതി തിരിച്ചറിയത്തക്കവിധം വ്യത്യസ്തങ്ങളായിരുന്നു. ഈ വ്യത്യസ്തത ജനനം മുതൽ മരണാനന്തര കർമ്മങ്ങൾ വരെ നീണ്ടു നില്ക്കുന്നു.

പരമ്പരാഗത കൈത്തൊഴിലുകളെ കുലത്തൊഴിൽ എന്നാണ് വിളിച്ചുവന്നത്. സമ്പത്തും ജാതിയും അടിസ്ഥാനമാക്കി സമൂഹം വ്യക്തമായി വിവിധ തട്ടുകളായി വിഭജിക്കപ്പെട്ടിരുന്നു.

വിദ്യാഭ്യാസവും പൊതു ആരാധനാലയങ്ങളും ഇക്കൂട്ടർക്ക് വിലക്കപ്പെട്ടിരുന്നു. പല്ലശ്ശനയുടെ അറിയുന്നവിദ്യാഭ്യാസ ചരിത്രം ആരംഭിക്കുന്നത് ഓലശ്ശേരിയിൽ നിന്നും കീഴേപ്പാട്ടെ അച്ചൻമാരെ കൊണ്ടുവന്നു താമസിപ്പിച്ച് കുടിപ്പള്ളിക്കൂടം ആരംഭിച്ചതുമുതലാണ്. തുടർന്നു കൊടുവായൂരിൽ നിന്നും എത്തിയ ഏറാട്ടെ ചാത്തു എഴുത്തച്ഛനും ഇതുപോലെ വിദ്യാഭ്യാസ പ്രവർത്തനം നടത്തിയിട്ടുണ്ട്. ഇത്തരം വിദ്യാഭ്യാസ പ്രവർത്തനത്തെ കുറെക്കൂടെ ജനകീയമാക്കുന്നതിനു പ്രവർത്തിച്ചവരാണ് പല്ലശ്ശന, കൂടല്ലൂർ പ്രദേശങ്ങളിലെ കളരിപ്പണിക്കർമാർ, മുരുക്കുളി അയ്യപ്പനാശാൻ ഇരുപ്പക്കൽ വേലുപ്പൂശാരി ആശാൻ

പൊറാട്ടുകളി

പാലക്കാട് ജില്ലയിലെ ചിറ്റൂർ ആലത്തൂർ താലൂക്കുകളിൽ മാത്രം പ്രചാരത്തിലുള്ള കലാരൂപം. കർഷകത്തൊഴിലാളി മേഖലകളിൽ പൊങ്കലുകളോടനുബന്ധിച്ചും മറ്റും നടത്തിവരുന്നു. ചെണ്ട ഹാർമ്മോണിയം, ഇലത്താളം, മൃദംഗം എന്നിവ പശ്ചാത്തല വാദ്യങ്ങൾ. പല്ലശ്ശനയിലെ ചെമ്മണ്ണം മട സംഘം പ്രശസ്തം.

പറവാദ്യം

പല്ലശ്ശന, കൂടല്ലൂർ ഭാഗത്തെ പറയസമുദായത്തിൽപ്പെട്ടവരുടെ പരമ്പരാഗത വാദ്യമാണിത്. കതിരുത്സവത്തിനും വിഷുവേലയുടെ മുന്നോടിയായും ഇത് ഉപയോഗിച്ചു വരുന്നു. ഇവരുടെ പിൻമുറക്കാർ ഇപ്പോഴും ഇതു കൈകാര്യം ചെയ്തു വരുന്നു.

ആര്യമാല

ആര്യപുരാജപുത്രിയും നിത്യകന്യകയുമായ ആര്യമാലയോട് ശിവപുത്രനായ കാത്തവരായന് ഉണ്ടായ അനശ്വരപ്രേമത്തിന്റെ കഥയാണിത്. ഗാനങ്ങളും സംഭാഷണങ്ങളും തമിഴിലാണ് പല്ലശ്ശന പഞ്ചായത്തിലെ അണ്ണക്കോട്, തല്ലുമന്ദ് തുടങ്ങിയ പ്രദശങ്ങളിൽ പാരമ്പര്യമായി പ്രാദേശിക ഉത്സവത്തോടനുബന്ധിച്ച് ഇതു നടത്തി വന്നിരുന്നു. ഇതിന്ന് നാമാവിശേഷമായിക്കഴിഞ്ഞു.

പുള്ളുവൻപാട്ട്

പുള്ളുവ സമുദായത്തിൽപെട്ട ആളുകൾ പ്രാദേശിക ഭവനങ്ങളിൽ നാഗദോഷം തീർക്കാൻ നടത്തിവന്നിരുന്ന ഒരു നാടൻ പാട്ടാണിത്. കന്നിമാസത്തിലെ ആയില്യം നാളിൽ ഇവർ ഗൃഹ സന്ദർശനം നടത്തി പാട്ടു പാടുന്നു. പ്രത്യേക രീതിയിൽ സജ്ജീകരിച്ച കുടവും ഒരു ഓട്ടുകിണ്ണവും ആണ് വാദ്യങ്ങൾ. നാമാവശേഷമായിക്കൊണ്ടിരിക്കുന്ന ഒരു കലയാണത്.

കണ്യാർകളി

കൊല്ലവർഷാരംഭത്തിനുമുമ്പുതന്നെ ഈ കലാരൂപത്തിനു പഴക്കമുള്ളതായി ചരിത്രകാരൻമാർ പറയുന്നു. ഇതിലെ പാട്ടുകൾക്ക് വടക്കൻ പാട്ടുകളുമായി സാമ്യമുള്ളതായി പണ്ഡിതൻമാർക്ക് അഭിപ്രായമുണ്ട്. ഇതുമായി ബന്ധപ്പെട്ട താളിയോല ഗ്രന്ഥങ്ങൾ ചുമ്മാർ ചൂണ്ടൽ കൊണ്ടുപോയതായിപ്പറയുന്നു. ഈ കലയെക്കുറിച്ചു ആധികാരികമായി പറയാൻ കെല്പുള്ള പണ്ഡിതനായിരുന്നു അന്തരിച്ച മഠത്തിൽ ശ്രീ. ശിവശങ്കരൻ നായർ.

മകരക്കൊയ്ത്തിനുശേഷം വർഷകാലാരംഭം വരെയുള്ള കാലയളവിൽ പല്ലശ്ശന, പല്ലാവൂർ, കൂടല്ലൂർ എന്നിവടങ്ങളിൽ ഇതാഘോഷിച്ചുവരുന്നു. ചടുലനൃത്തങ്ങൾ ഇതിന്റെ പ്രത്യേകതയാണ്. ചെണ്ട, മദ്ദളം, ചേങ്ങില, ഇലത്താളം എന്നിവയാണ് പശ്ചാത്തല വാദ്യങ്ങൾ.

ക്ഷേത്രകലകൾ

ചെണ്ട മേളത്തിൽ പ്രസിദ്ധനായിരുന്ന മഹാനായ പല്ലശ്ശന പത്മനാഭമാരാർ, ഇടയ്ക്കയിൽ മാസ്മരപ്രപഞ്ചം തീർക്കുന്ന പല്ലാവൂർ അപ്പുമാരാർ, തിമിലയിൽ നവചൈതന്യം തീർത്ത് കേരള സംഗീതനാടക അക്കാദമിയിടെ അവാർഡുനേടിയ പല്ലാവൂർ മണിയൻ മാരാർ, പഞ്ചവാദ്യരംഗത്ത് തിമിലയുമായി ജ്വലിച്ചു നില്ക്കുന്ന പല്ലാവൂർ കുഞ്ചുകുട്ടമാരാർ, ഇലത്താളത്തിന് പല്ലാവൂർ രാഘവപ്പിഷാരടി, കൊമ്പിന് പല്ലാവൂർ പൊന്നുകുട്ടൻ നായർ, നാദസ്വരത്തിന് പല്ലാവൂർ കൃഷ്ണൻ നായർ എന്നിവർ വളരെ പ്രശസ്തരാണ്. കഥകളി മേളത്തിന്റെ മറുകര കണ്ട അഖിലലോകപ്രശസ്തനായ കലാമണ്ഡലം ചന്ദ്രമന്ദാടിയാർ, അദ്ദേഹത്തിന്റെ മകനും തിരുവനന്തപുരം മാർഗി കഥകളി നിലയം അദ്ധ്യാപകനുമായ അലാമണ്ഡലം കൃഷ്ണപ്രസാദ് തുടങ്ങി ഒട്ടനവധി പ്രതിഭകൾ ഈ രംഗത്തുണ്ട്.

കൂടാതെ പല്ലശ്ശനയിൽ ക്ഷേത്ര വാദ്യകലകൾ ജാതിഭേദമെന്യേ പഠിക്കുകയും പ്രയോഗിക്കുകയും ചെയ്തുവരുന്നു.

കായികരംഗം

പൊതുവെ കാർഷികമേഖലയായ ഈ പഞ്ചായതത്തിൽ കായികരംഗത്തെ പരിപോഷിപ്പിക്കുന്നതിനു വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒന്നും തന്നെയില്ല. അടുത്ത കാലത്തായി പഞ്ചായത്തു, കളി സ്ഥലത്തിന്നായി സ്ഥലം വാങ്ങിയിട്ടുണ്ട്. കായികതാരങ്ങളുടെ സ്വതസിദ്ധമായ കഴിവുകൾ വഴി അഖിലേന്ത്യാ തലം വരെ നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞവരും പഞ്ചായത്തിലുണ്ട്. പഞ്ചായത്തിലെ ചില സ്പോർട്ട്സ് ക്ലബ്ബുകൾ കായികതാരങ്ങൾക്കുള്ള സൗകര്യങ്ങൾ ചെയ്ത് ആ രംഗം മെച്ചപ്പെടുത്താൻ വേണ്ട പ്രവർത്തനങ്ങളും ചെയ്തുവരുന്നുണ്ട്. സ്ക്കൂൾ തലത്തിൽ കായികാദ്ധ്യാപനത്തിലെ അപര്യാപ്തത പരിഹരിക്കണം. ഈ സ്ഥിതിയിലും പല്ലശ്ശന പഞ്ചായത്തിന്റെ പ്രശസ്തി ഇന്ത്യയുടെ കായിക ഭൂപടത്തിൽ കൊണ്ടുവന്നവരാണ് മുരുക്കുളിയിലെ കെ. ശശിധരനും ആർ. ഷൈലയും. ഇവർ നീന്തലിലായിരുന്നു അഖിലേന്ത്യാതലത്തിൽ അംഗീകാരം നേടിയിട്ടുള്ളത്.

ഈ വിജയത്തിന്നു പിന്നിൽ അന്നത്തെ പല്ലശ്ശന വില്ലേജാഫീസറും ഇന്നത്തെ വികസന സമിതി കൺവീനറുമായ ശ്രീ. കെ. ശ്യാംകുമാറിന്റെ എല്ലാ സഹായങ്ങളും കഠിനാദ്ധ്വാനവും ഉണ്ടായിരുന്നു എന്നുള്ളത് നിസ്തർക്കമാണ്.

പഞ്ചായത്തു തലത്തിൽ നടത്തുന്ന കേരളോത്സവവും ഓണത്തിനു ബ്ളോക്ക് തലത്തിൽ നടത്തുന്ന കായികമേളയുമാണ് സ്പോർട്ട്സിന്ന് ഒരു പ്രോത്സാഹനമെന്ന നിലയിൽ പഞ്ചായത്തിൽ നടക്കുന്നത്. ഇതിന്നുപുറമെ വിവിധ ക്ലബ്ബുകളെ പങ്കെടുപ്പിച്ച് പരിപാടികൾ പഞ്ചായത്തു സംഘടിപ്പിക്കേണ്ടതാണ്.

ടെലിവിഷൻ

നമ്മുടെ പഞ്ചായത്തിൽ ടെലിവിഷൻ സെറ്റുകൾ അത്രയൊന്നും വ്യാപിച്ചിട്ടില്ല. 10% കുടുംബങ്ങളാണ് സ്വന്തമായി ടി.വി. ഉള്ളവർ. ഇതിൽത്തന്നെ ചെറിയൊരു പ്രദേശത്തു മാത്രമെ കേബിൾ ടി.വി. ഉള്ളു. ചില പ്രദേശങ്ങളിൽ കേന്ദ്രീകരിച്ചും ബഹുഭൂരിപക്ഷം പ്രദേശങ്ങളിൽ ഒറ്റപ്പെട്ട നിലയിലുമാണിവ ഉള്ളത്. സാമ്പത്തിക പിന്നോക്കാവസ്ഥയാണിതിന്നു കാരണം. പക്ഷെ ഉള്ള ടി.വി. പരമാവധി ആളുകൾ പ്രയോജനപ്പെടുത്തുന്നു.

ശാസ്ത്ര സാങ്കേതിക മേഖലകൾ, കായികരംഗം, കാർഷികമേഖല തുടങ്ങിയവക്ക് ഗുണകരമായപ്രദർശനങ്ങൾ ഉണ്ടെന്നുള്ളതു ശരിയാണെങ്കിലും നിരവധി ദോഷവശങ്ങൾ ഇതിമൂലമുണ്ടാകുന്നതായിക്കാണുന്നു. നമ്മുടെ കർമ്മ ചൈതന്യമായ യുവത്വത്തെ മരവിപ്പിക്കുന്നില്ലേ എന്ന സംശയം ബലപ്പെട്ടുവരുന്നു. വിദ്യാർത്ഥികളുടെ പഠനനിലവാരം മോശമാവുന്നതിന് ഇതും കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നു. പരസ്യങ്ങൾ നമ്മെ വെറുമൊരു ഉപഭോഗ സമൂഹമാക്കി മാറ്റിക്കൊണ്ടിരിക്കുന്നു. തദ്ദേശീയ ഉൽപ്പന്നങ്ങളേക്കാൾ വിദേശ ഉല്പന്നങ്ങളിലേക്ക് ജനം ആകൃഷ്ടരാകുന്നു. ഇതു നമ്മുടെ വ്യാവസായിക മേഖലക്ക് കനത്ത വെല്ലുവിളി ഉയർത്തുന്നു.

ഒട്ടേറെ ദൃശ്യങ്ങൾ നമ്മുടെ സാംസ്ക്കാരിക പൈതൃകത്തിന് ഭീഷണി ഉയർത്തുന്നു. 'ഉന്നത'ങ്ങളിലെ ജീവിതവും ജീവിത രീതിയും സ്വാധീനിക്കുന്നതുമൂലം അത്തരം ജീവിതം നേടിയെടുക്കാനുള്ള കുത്സിത മാർഗ്ഗങ്ങൾ ആരായുന്നതിനുള്ള പ്രവണത ഉണ്ടാകുന്നു. ഇതിനു സഹായകമാവുന്ന അടിപിടിരംഗങ്ങളും അശ്ലീല രംഗങ്ങളും നമ്മെ അനുവൽക്കരിക്കുന്നതായും സംശയിക്കപ്പെടുന്നു. ഗൗരവമായ വായനയും പഠനവും നഷ്ടപ്പെടുത്തുന്നു.

വായനശാലകൾ,ക്ലബ്ബുകൾ

ഈ പഞ്ചായത്തിൽ 8 വിദ്യാഭ്യാസ സ്ഥാപനങ്ങൾ പൊതുമേഖലയിലും 3 എണ്ണം സ്വകാര്യമേഖലയിലും ഉണ്ട്. അതുകൂടാതെ 29 വായനശാലകളുണ്ട്. അതിൽ 4 എണ്ണം കേരള ഗ്രന്ഥശാലാസംഘത്തിന്റെ കീഴിൽ പ്രവർത്തിക്കുന്നു. ബാക്കി കേരളസംഗീത നാടക അക്കാദമിയുടെ കീഴിലും പ്രാദേശികമായും പ്രവർത്തിക്കുന്നു.

പഞ്ചായത്തിലെ ആദ്യത്തെ ഗ്രന്ഥശാല രൂപീകൃതമായത് 1956 ആഗസ്റ്റ് 15-ാം തീയതിയാണ്. ഭാരതത്തിന്റെ 10-ാം സ്വാതന്ത്ര്യദിനത്തിൽ പല്ലാവൂരിലുള്ള ഒരു വാടകകെട്ടിടത്തിൽ യുവജനവായനശാല &സ്പോർസ് ക്ലബ്ബ് എന്നപേരിലാണ് അതിന്റെ തുടക്കം. ഇന്ന് സ്വന്തം കെട്ടിടത്തിൽ വിവിധ ഭാഷകളിലായി 4000 ത്തോളം അമൂല്യഗ്രന്ഥങ്ങളോടെ ഈ പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലുമുള്ള ജനങ്ങളുടെ അംഗത്വവുമായി ഈ സ്ഥാപനം നിലകൊള്ളുന്നു.

ഈ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ പുസ്തകങ്ങളുള്ള വായനശാല കുമാരംപുത്തൂരിലുള്ള ഉദയാവായനശാലയാണ്.

യൂണിയൻ വായനശാല തളൂർ, യുവജനവായനശാല കൂടല്ലൂർ എന്നിവയാണ് ഗ്രന്ഥശാലാ സംഘത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന മറ്റു വായനശാലകൾ.

ഇതുകൂടാതെ പാറക്കളം യുവജന കലാസമിതിയിലും ചെറിയ തോതിലുള്ള പുസ്തശേഖരമുണ്ട്.

പഞ്ചായത്തിനകത്ത് ഗ്രന്ഥശാലാ സംഘത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ

നമ്പർ	സ്ഥാപനത്തിന്റെപേര്	വർഷം	സ്ഥലം	കെട്ടിടം
1	ഉദയാ വായനശാല	1963	കുമാരംപുത്തൂർ	സ്വന്തം
2	യുവജനവായന ശാല &സ്പോർട്ട്സ് ക്ലബ്ബ്	1956	പല്ലാവൂർ	സ്വന്തം
3	യൂണിയൻ വായനശാല	1972	തളൂർ	കെട്ടിടമില്ല
4	യുവജനവായനശാല	-	കൂടല്ലൂർ	സ്വന്തം

പഞ്ചായത്തിൽനിന്നും പത്രം കൊടുക്കുന്ന വായനശാലകളുടെ പേരുവിവരങ്ങളും പത്രവും

		പത്രങ്ങൾ		
നമ്പർ	സ്ഥാപനത്തിന്റെ പേര്	ദേശാഭിമാനി	മനോരമ	മാതൃഭൂമി
1	യുവജനവായനശാല പല്ലാവൂർ	ടി	ടി	-
2	യൂണിയൻ വായനശാല തളൂർ	ടി	-	ടി
3	യുവജനവായനശാല കൂടല്ലൂർ	ടി	ടി	-
4	ഉദയാവായനശാല കുമാരംപുത്തൂർ	-	-	ടി
5	വായനശാല അമ്പാഴക്കോട്	-	-	ടി
7	യൂത്ത് ക്ലബ്ബ് കണ്ണനൂർപ്പാടം	-	ടി	ടി
8	മംഗളോദയവായനശാല മാരിക്കുളമ്പ്	-	ടി	ടി
9	ഫ്രണ്ട്സ് ഒഴിവുപാറ	-	ടി	ടി
10	നെഹ്റു കമ്മാന്തറ	-	ടി	ടി
11	കൈരളി തല്ലുമന്ദം	-	ടി	ടി

പഞ്ചായത്തിൽ വരുന്ന പത്രങ്ങളുടെ വിവരകണക്ക്

പത്രങ്ങളുടെ പേര്	എണ്ണം
ദേശാഭിമമാനി	50
മലയാള മനോരമ	250
മാതൃഭൂമി	220
കൗമുദി	15
ജന്മഭൂമി	7
ഹിന്ദു	5
എക്സ്പ്രസ്	6

പഞ്ചായത്തിൽ വരുന്ന ആഴ്ചപ്പതിപ്പുകളുടെയും മറ്റും വിവരങ്ങൾ

പേര്	വാരിക	ദൈവാരിക
മനോരമ	280	
മാതൃഭൂമി	25	
മംഗളം	120	
ദി വീക്ക്	8	
ചിത്രഭൂമി	50	
വിദ്യാർത്ഥി വീഥി	15	
സ്പോർട്ട്സ്	6	
ഭാഷാപോഷിണി	6	
ഗൃഹലക്ഷ്മി	13	
വനിത	20	
കളിക്കുടുക്ക	-	20
ബാലരമ	-	45
വനിത	-	25
മഹിളാരത്നം	-	10
അമർചിത്രകഥ	-	250
ഇന്ത്യ ടുഡേ	-	10
കർഷകശ്രീ	-	20
നാന	-	10

സാംസ്ക്കാരികരംഗത്ത് നേരിടുന്ന മുഖ്യപ്രശ്നങ്ങൾ

1 ഗ്രന്ഥശാലകൾക്ക് ലഭിക്കുന്ന സർക്കാർ ഗ്രാൻറ് മതിയാകുന്നില്ല
2 ഗ്രന്ഥശാല, വായനശാലകൾ, സ്പോർട്സ് ക്ലബ്ബുകൾ എന്നിവയുടെ പ്രവർത്തനത്തിന് ഗ്രാമ പഞ്ചായത്തിൽനിന്നും സഹായം ലഭിക്കുന്നില്ല.
3 സ്പോർട്സ് ക്ലബ്ബുകൾക്ക് സ്വന്തമായി പ്രവർത്തിക്കുന്നതിന് പൊതുസ്ഥലം ഇല്ല.
4 സപോർട്സ് ക്ലബ്ബുകൾക്ക് ഉള്ള ധനഹസായം വേണ്ട വിധത്തിൽ അർഹതപ്പെട്ടവർക്ക് ലഭിക്കുന്നില്ല.

പഞ്ചായത്തിലെ നിലവിലുള്ള കലാ സമിതികൾ

1 യുവകൈരളി വായനശാല, തല്ലുമന്ദം
2 ഫണ്ട്സ് ക്ലബ്, ഒഴുവുപാറ
3 യൂത്ത് ക്ലബ്, കണ്ണനൂർപാടം
4 നെഹ്റു യുവ സ്മാരക വായനശാല, കമ്മാന്തറ
5 യുവജന കലാസമിതി, പാറക്കളം
6 മംഗളോദയം വായനശാല, മാരിക്കുളമ്പ്
7 ഉദയ വായനശാല, കുമരംപുത്തൂർ
8 യൂണിയൻ വായനശാല, തളൂർ
9 യുവജന വായനശാല ആൻറ് സ്പേർട്സ് ക്ലബ്, പല്ലാവൂർ
10 യുവജന വായനശാല ആൻറ് സ്പോർട്സ് ക്ലബ്, കൂടല്ലൂർ
11 യുവജനകലാസമിതി, എരട്ടോട്, പല്ലാവൂർ
12 ധർമശാസ്താ കായിക-കലാ സമിതി, കൂടല്ലൂർ
13 യുവജന വായനശാല, ചാളയ്ക്കൽ
14 മാതൃകാ കലാ-കായിക കേന്ദ്രം, കൂടല്ലൂർ
15 പുലരി ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്, കുളത്തിങ്കൽ
16 വിശ്വഭാരത് കലാസമിതി, കുമരംപുത്തൂർ
17 എ. കെ. ജി. ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്, പൂളൽപ്പറമ്പ്
18 നവോദയ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്, പല്ലശ്ശന
19 ഉദയ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്, ഒഴുവുപാറ
20 ഡോൺ ക്രിക്കറ്റ് ക്ലബ്, പല്ലശ്ശന
21 സന്ധ്യ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്, പല്ലാവൂർ
22 ശ്രുതി യുവജന വേദി, പുത്തൻകാവ്, പല്ലശ്ശന
23 സംഗമം ആർട്ട്, കുറ്റിപ്പുള്ളി
24 യുവജന കലാസമിതി, പഴയകാവ്
25 ഭാവന ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്, പല്ലാവൂർ
26 ഗായത്രി ആർട്സ്, ചെമ്പിപ്പൊറ്റ
27 സ്റ്റാർ ക്ലബ്, തെമ്പള്ളം
28 വിവേകാനന്ദ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്, പല്ലശ്ശന
29 കൈരളി വായനശാല, തെമ്പള്ളം
30 യുവജന വായനശാല, അമ്പാഴക്കോട്

> ആഹാരം, വസ്ത്രം, പാർപ്പിടം, എന്നീ അടിസ്ഥാനാവശ്യങ്ങൾ എല്ലാവർക്കും ലഭിക്കാത്ത സമുദായത്തിന് മനുഷ്യ സമുദായമെന്ന് അഭിമാനിക്കാൻ കഴിയുകയില്ല. അതു മാത്രകം സമദായമാകണമെങ്കിൽ വിദ്യയും വിവേകവും കൂടി ഒത്തിയണം
>
> – ശ്രീനാരായണഗുരു

5-9 വനിത

1991 - ൽ സമ്പൂർണ്ണ സാക്ഷരത കൈവരിച്ച നമ്മുടെ സംസ്ഥാനത്തിലെ സ്ത്രീകളുടെ വിദ്യാഭ്യാസനിലവാരം ഇന്നും വളരെ പിന്നിലാണ്. അറിവുള്ള സ്ത്രീകൾക്ക് പോലും ആ അറിവ് വേണ്ട സമയത്ത് പ്രായോഗികമാക്കാൻ ശ്രമിക്കുന്നില്ല. പുരുഷമേധാവിത്വം തന്നെ കാരണം. സ്ത്രീകൾ എത്ര വിദ്യാസമ്പന്നരായിട്ടും പൊതു വേദികളിൽ അവർക്ക് സ്ഥാനം ലഭ്യമാകുന്നില്ല. ഇപ്പോഴും ചില സ്ഥലങ്ങളിൽ സ്ത്രീകൾ വെറും അടിമകൾ മാത്രമാണ്. എല്ലാ മേഖലകളിലും സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണ്. ഇതിനുള്ള കാരണം നാം കണ്ടെത്തേണ്ടതാണ്.

പല്ലശ്ശന പഞ്ചായത്തിലെ ജനസംഖ്യയിൽ പുരുഷൻമാരെക്കാൾ കൂടുതൽ സ്ത്രീകളാണുള്ളത്. ഏകദേശം 24129 ആണ് നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യ. ഇതിൽ 8279 ഓളം പുരുഷൻമാരും 8318 സ്ത്രീകളും 7532 കുട്ടികളുമാണ് ഉള്ളത്. പട്ടികജാതികുടുംബങ്ങളിലധികവും ദാരിദ്ര്യരേഖയ്ക്ക് താഴെയാണുള്ളത്. ചില കുടുംബങ്ങളിലെങ്കിലും സ്ത്രീകൾ മാത്രം അധ്വാനിച്ച് കുടുംബം പുലർത്തുന്നുണ്ട്. വിദ്യാഭ്യാസ നിലവാരത്തിൽ ഈ പഞ്ചായത്തിലെ പുരുഷൻമാർ സ്ത്രീകളെക്കാൾ മുമ്പിലാണ്. പുറമെ, പുരുഷൻമാരോടൊപ്പം സ്ത്രീകൾ ജോലിചെയ്യുന്നുണ്ടെങ്കിലും കുടുംബജോലികൾ സ്ത്രീകളുടെ മാത്രം കാണാപ്പണികളാണിന്നും.

കാർഷിക മേഖലയിലെ തൊഴിലാളികളിൽ അധികപങ്കും സ്ത്രീകളാണ്. ഈ മേഖലയിലും വേതന നിലവാരത്തിൽ സ്ത്രീകളെ ചൂഷണം ചെയ്യുകയാണ്. ഒരേമേഖലയിൽ പുരുഷനും സ്ത്രീയും ഒരേ ജോലിതന്നെ ചെയ്താലും കൂലിയിൽ വലിയ അന്തരമുണ്ട്. അതിനുകാരണം എന്താണ് ? ഇതിനുള്ള പരിഹാരം കണ്ടെത്തണം.

കാർഷികമേഖലയിലെ വേതനക്കുറവുമൂലം ഇന്ന് അധികം സ്ത്രീകളും മറ്റു മേഖലകളിലേക്ക് ജോലി അന്വേഷിച്ചു പോകുന്നു. ഉദാഹരണം : – കെട്ടിട നിർമ്മാണം, റോഡുപണി ജില്ലമാറിയുള്ള ഇഷ്ടിക പണി ഇങ്ങനെ പോകുന്നു ആ ചങ്ങല. മേൽപ്പറഞ്ഞ ജോലികളിൽ നിന്നും സ്ത്രീകളെ നമ്മുടെ പഞ്ചായത്തിലെ കാർഷിക മേഖലയിലേക്കു തിരിച്ചു വിട്ടാൽ കാർഷികമേഖലയിലെ ഉല്പാദനക വർദ്ധനവിന് ക്രിയാത്മകമായ മാറ്റങ്ങൾ വരുത്താൻ സാധിക്കും. സ്ത്രീകളുടെ പങ്കാളിത്തം സ്വീകരിച്ചുകൊണ്ട് പച്ചക്കറികൃഷി, ഉദ്യാനക്കൃഷി, ഔഷധ സസ്യകൃഷി തുടങ്ങിയ നിരവധി കാർഷിക പദ്ധതികൾക്ക് ഈ പഞ്ചായത്തിൽ രൂപം കൊടുത്താൽ തൊഴിൽ പരമായും സാമ്പത്തിക പരമായും നമ്മുടെ പഞ്ചായത്തു മെച്ചപ്പെടും. തന്നെയുമല്ല സ്ത്രീകൾക്ക് വളരെയധികം തൊഴിൽ സാധ്യതകളും ഉണ്ടാകും.

1991 - ലെ സെൻസസ് അനുസരിച്ച് തൊഴിൽ മേഖലയിൽ സ്ത്രീപങ്കാളിത്തം വളരെ കുറവാണ്. തൊഴിൽ മേഖലകളിൽ സ്ത്രീകൾക്കെതിരായ - ക്രൂരമായ - പല അവഗണനകളുമുണ്ട്. വനിതകൾക്ക് സ്വയംതൊഴിൽ ലഭ്യമാക്കുന്നതിനുവേണ്ടി ആവശ്യമായ തൊഴിൽ ശാലകളുണ്ടാക്കുക. റെഡിമേയ്ഡ്, തുന്നൽ കേന്ദ്രങ്ങൾ, സോപ്പുനിർമ്മാണം, മൺപാത്രനിർമ്മാണം, കുട്ട, വട്ടി, പായ് ഇവയുടെ നിർമ്മാണം, കോഴിവളർത്തൽ, തേനീച്ച വളർത്തൽ, തേങ്ങാവെള്ളം ഉപയോഗിച്ച് ശീതളപാനീയം ഉണ്ടാക്കൽ, ചിരട്ട ഉപയോഗിച്ചുള്ള കരകൗശല നിർമ്മാണം എന്നിവയ്ക്ക് സാധ്യത ഉണ്ടാക്കിയാൽ നമ്മുടെ പഞ്ചായത്തിന് തൊഴിൽ പരമായും, സാമ്പത്തികമായും മെച്ചമുണ്ടാകും. ക്ഷീരവ്യവസായത്തിൽ നമ്മുടെ സ്ത്രീകൾക്ക് ഫലപ്രദമായി പ്രവർത്തിക്കാൻ സാധിക്കും. പക്ഷേ ഇവിടെ അതിനുള്ള സൗകര്യം പോര. കാരണം സാമ്പത്തിക ദൗർല്ലഭ്യം, സങ്കരയിനം പശുക്കളെ സംരക്ഷിക്കാനുള്ള ബുദ്ധിമുട്ട്, മേച്ചിൽ പുറങ്ങളുടെ കുറവ് രോഗപ്രതിരോധപ്രവർത്തനങ്ങളുടെ അപര്യാപ്തത എന്നിവയാണ് അതോടൊപ്പം പാലിന്റെറ

ഉല്പാദനച്ചിലവിന് അനുസൃതമായ വില ലഭിക്കുന്നില്ല എന്നതും, ഈ മേഖലയേ അനാകർഷമാക്കുന്നു. വ്യവസായ രംഗത്തും പൊതു രംഗങ്ങളിലും സ്ത്രീകളെ പങ്കാളികളാക്കാൻ പറ്റിയ ബോധവൽക്കരണ ക്ലാസുകൾ നടത്തണം. ബോധപൂർവ്വമായ ഇടപെടലുകളിലൂടെ വനിതകളെ മുന്നോട്ടുകൊണ്ടുവന്നാലേ പൊതു ജീവിതത്തിലും തൊഴിർമേഖലകളിലും അർഹമായ പങ്കാളികളാക്കാൻ പറ്റുകയുള്ളു. ഏറ്റെടുക്കുന്ന ഏതു ജോലികളും ക്രമമായും ഉത്തരവാദിത്വത്തോടുകൂടിയും വനിതകൾക്കും ചെയ്തു തീർക്കാൻ കഴിയും എന്നുള്ളതുകൊണ്ട് അവർക്ക് അർഹമായ അംഗീകാരവും പ്രോത്സാഹനവും നൽകിയേ മതിയാവൂ. പുരുഷൻമാരോടൊപ്പം എല്ലാ അവകാശങ്ങളും കടമകളും ഉണ്ടെന്ന തിരിച്ചറിവോടെ സ്ത്രീകൾ സ്വയം മുന്നോട്ടു വരേണ്ടിയിരിക്കുന്നു. പൊതുരംഗത്തിറങ്ങി പ്രവർത്തിക്കാനുള്ള ഒരു വിമുഖത സ്ത്രീകളിലുണ്ട്. അതുമാറ്റിയെടുക്കേണ്ട കടമ നമ്മുടെ സമൂഹത്തിനേറതാണ്. എല്ലാരംഗങ്ങളിലും സ്ത്രീക്ക് പുരുഷൻമാരോടൊപ്പം നിൽക്കാനുള്ള ബുദ്ധിയും, കഴിവും, ഉണ്ടെങ്കിലും ഇന്നും സ്ത്രീകൾ അതുപ്രകടിപ്പിക്കുന്നില്ല. അതിനുള്ള തനേറടം സ്ത്രീകൾ പ്രകടിപ്പിക്കേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിലെ പൊതുപ്രവർത്തനരംഗത്ത് മുൻപരിചയമുള്ള സ്ത്രീകൾ തങ്ങളുടെ അറിവും അനുഭവങ്ങളും പുതിയ തലമുറയുമായി പങ്കുവയ്ക്കുകയും അവരിൽ ആത്മവിശ്വാസം ഉണ്ടാക്കുകയും വേണം. വനിതകൾക്ക് മാത്രമായ സംഘടനകൾക്കും വ്യവസായ യൂണിറ്റുകൾക്കും നേതൃത്വം കൊടുക്കുകയും അവരെ കൊണ്ട് സ്വയം പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തിപ്പിക്കുകയും അതിനുള്ള തനേറടം അവരിൽ ഉണ്ടാക്കുകയും വേണം. ഇതിനെല്ലാം വേണ്ട ബോധവൽക്കതരണ ക്ലാസ്സ് നമ്മുടെ പഞ്ചായത്തിൽ അത്യാവശ്യമാണ്.

ആരോഗ്യപരമായി നോക്കിയാൽ ഗുരുതരമായും അല്ലാത്തതുമായ രോഗങ്ങളുടെ കാര്യത്തിൽ പുരുഷൻമാരെ അപേക്ഷിച്ച് സ്ത്രീകളാണ് മുൻപന്തിയിൽ നില്ക്കുന്നത് ജോലിഭാരവും കുടുംബഭാരവും മാനസിക സംഘർഷങ്ങളുമാണ് ഇതിന് കാരണം. ഈ പ്രശ്നം പരിഹിരക്കാൻവേണ്ടി ആരോഗ്യ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം. (ബോധവൽക്കരണ ക്ലാസ്സുകൾ, കുത്തിവയ്പ്പുകൾ, കുടുംബക്ഷേമ പ്രവർത്തനങ്ങൾ) നമ്മുടെ പഞ്ചായത്തിലെ പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കുകയും ഒരു വനിതാ ഡോക്ടറെ നിയമിക്കുകയും ചെയ്യേണ്ടിരിക്കുന്നു.

വിദ്യാഭ്യാസപരമായി നമ്മുടെ പഞ്ചായത്തിലെ സ്ത്രീകൾ പുരുഷൻമാരെ അപേക്ഷിച്ച് വളരെ പിന്നിലാണ്. തുടർവിദ്യാഭ്യസത്തിൽ നിന്നും പെൺകുട്ടികളെ പിൻതിരിപ്പിക്കുന്ന നിരവധി പ്രശ്നങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. സാമ്പത്തിക ചുറ്റുപാടുകൾ മോശമായതിനാൽ ഒരു നിശ്ചിതപ്രായമെത്തുന്ന പെൺകുട്ടികളെ തൊഴിൽമേഖലകളിലേക്ക് തിരിച്ചു വിടാൻ രക്ഷിതാക്കൾ നിർബന്ധിതരാകുന്നു. കലാ സാംസ്കാരിക രംഗത്ത് പെൺകുട്ടികൾക്ക് ആവശ്യമായ പരിഗണനയും പ്രോത്സാഹനവും നൽകണം.

ഇന്ന് ഇന്ത്യയിലാകമാനം സ്ത്രീകൾക്കെതിരെ വ്യാപകമായ കടന്നാക്രമങ്ങൾ ഉണ്ടായി ക്കൊണ്ടിരിക്കയാണ്. ഇന്ത്യയുടെ തനതായ സാംസക്കാരിക പൈതൃകത്തിൽ നിന്നും വ്യതിചലിച്ച് പാശ്ചാത്യൻ സംസ്ക്കാരങ്ങളിലേക്ക് കടന്നു കയറാനുള്ള വ്യഗ്രത ഇന്നു നമ്മളിൽ ഉടലെടുത്തു കൊണ്ടിരിക്കുകയാണ്. നിലവിലുള്ള സ്ത്രീ പീഡനം അശ്ലീല ബാനറുകൾ, മദ്യപാനം, മയക്കുമരുന്നു തുടങ്ങിയവയ്ക്കെതിരെ ശക്തമായ സാമൂഹ്യബോധം വളർത്തിയെടുക്കേണ്ടതുണ്ട്. സ്ത്രീപീഡനങ്ങളെ നിയമപരമായി നേരിടാൻ പഞ്ചായത്തു തലത്തിലും ബ്ളോക്കുതലത്തിലും ഒരു ലീഗൽ സെൽ സ്ഥാപിക്കാവുന്നതാണ്.

പരിഹാര മാർഗ്ഗങ്ങൾ

1. സ്ത്രീകൾക്കു പഞ്ചായത്തു തലത്തിൽ സാംസ്ക്കാരികപരമായ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുക.

2. തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുവേണ്ടി, സ്വയം തൊഴിൽ കണ്ടെത്തുവാനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കുക.
3. സ്ത്രീകൾക്കും പുരുഷൻമാരെപ്പോലെ തുല്യജോലിക്ക് തുല്യവേതനം നൽകുക.
4. സ്വയം തൊഴിലിന് ആവശ്യമായ സാമ്പത്തിക സഹായം നൽകുക.
5. വിധവാ പെൻഷൻ അഗതിപെൻഷൻ മാതൃസഹായപദ്ധതി ഇവ കാലാനുകാലങ്ങളിൽ കിട്ടാനുള്ള സാധ്യത ഉണ്ടാക്കുക.
6. പഞ്ചായത്തിൽ ഒരു ക്രഷെ ഉണ്ടാക്കാനുള്ള സംവിധാനം ചെയ്യുക.
7. അംഗൻവാടികളിലെ കളിക്കോപ്പുകളുടേയും മറ്റു ഉപകരണങ്ങളുടേയും കുറവു നികത്തുക, ടീച്ചേഴ്സിന്റെ വേതനം വർദ്ധിപ്പിക്കുക.
8. സ്ക്കൂളുകളിലെ പെൺകുട്ടികളുടെ കൊഴിഞ്ഞുപോക്കിന് ഒരു പരിഹാരം കണ്ടെത്തുക.
9. വിലകുറഞ്ഞതും സാഹിത്യമൂല്യമില്ലാത്തതുമായ പ്രസിദ്ധീകരണങ്ങളുടെ പിടിയിൽ നിന്നും സ്ത്രീകളെ മുക്തരാക്കാൻ പ്രത്യേക വായനശാലകൾ സ്ഥാപിക്കണം.

സ്ത്രീധനത്തിനെതിരെ ബോധവല്ക്കരണം നടക്കുന്നുണ്ടെങ്കിലും ഇതുമൂലം കാര്യമായ മാറ്റം ആ രംഗത്ത് ഉണ്ടാകുന്നില്ല. സ്ത്രീധനം വാങ്ങൽ കൊടുക്കൽ പ്രവണത മത്സരാടിസ്ഥാനത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

ആരോഗ്യംപരിരക്ഷിക്കുന്നതിന് വിദേശമദ്യ നിരോധനം ഉറപ്പുവരുത്തുക.

വൃദ്ധ സദനം ആരംഭിക്കണം.

കാൻസർ, എയ്ഡ്സ് തുടങ്ങിയ മാരകരോഗങ്ങൾ തുടക്കത്തിൽത്തന്നെ കണ്ടുപിടിക്കുന്നതിനും, ചികിത്സിക്കുന്നതിനും മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കണം.

> ത്യാഗമൂർത്തിയായ സ്ത്രീകൾ
> പൊതു ജീവിതത്തിൽ വന്നാൽ
> പലർക്കും തെറ്റു ചെയ്യാതിരിക്കാൻ
> മാതൃകയാകാം
>
> **മഹാത്മാഗാന്ധി.**

തുടങ്ങിയവർ അവർണരുടെയിടയിൽ വിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിന് പ്രവർത്തിച്ചവരിൽ പ്രമുഖരത്രെ ഇവർ.

വളരെമെല്ലെയാണെങ്കിലും അക്ഷരത്തോടൊപ്പം പല്ലശ്ശനയുടെ മനസ്സും വളർന്നു വന്നു. ഓണം, ആയില്യം മകം തുടങ്ങിയ വിശേഷദിവസങ്ങളിൽ മറ്റു വിനോദങ്ങൾക്കൊപ്പം വായിക്കാനറിയുന്നവർ വടക്കൻ പാട്ടും, കവളപ്പാറക്കൊമ്പനും, വിക്രമാദിത്യചരിതവും മറ്റുള്ളവരെ വായിച്ചു കേൾപ്പിക്കുക പതിവായിരുന്നു.

ഔപചാരിക വിദ്യാഭ്യാസത്തിന്റെ തുടക്കം ഏറെ മാറ്റത്തിന് കാരണമായെങ്കിലും വലിയ വിഭാഗം ജനങ്ങൾക്ക് സാമൂഹ്യവും സാമ്പത്തികവുമായ കാരണങ്ങളാൽ അപ്രാപ്യമായിരുന്നു.

നവോത്ഥാന-ദേശീയ പ്രസ്ഥാനങ്ങളുടെ അലയൊലി പല്ലശ്ശനയുടെ മനസ്സിനെ തട്ടിയുണർത്തി. ക്ഷേത്രപ്രവേശനത്തിനുവേണ്ടിയുള്ള സംഘടിത ശ്രമം, ഉപ്പു സത്യാഗ്രഹവുമായി ബന്ധപ്പെട്ട് സർ. സി. രാജഗോപാലാചാരിയുടെ നേതൃത്വത്തിലെത്തിയ കാൽനടജാഥ, സഖാക്കൾ ആർ. കൃഷ്ണൻ, സി.വി. മാധവൻ തുടങ്ങിയവരുടെ ഈ പ്രദേശത്തെ ഒളിവുജീവിതം, ഇതെല്ലാം ജനമനസ്സുകളിൽ ആത്മ വിശ്വാസം ജനിപ്പിക്കാൻ കാരണമായി. ജനങ്ങൾ സംഘടിച്ചു. പൊതുപ്രശ്നങ്ങളിൽ ഇടപെടാൻ അരംഭിച്ചു.

ഭൂപരിഷ്ക്കരണ നിയമവും സൗജന്യവിദ്യാഭ്യാസവും സാമ്പത്തിക സാംസ്ക്കാരിക മേഖലകളിൽ വമ്പിച്ച മാറ്റത്തിനിടയാക്കി. സമൂഹത്തിന്റെ അടിത്തട്ടിൽക്കിടന്നവർക്കിടയിൽ നിന്നും ചെറുകിട-ഇടത്തരം സർക്കാർ ജീവനക്കാർ ഉയർന്നുവന്നു. വിദ്യാഭ്യാസം ആവശ്യമായ മറ്റു ജോലികളിലും ഈ വിഭാഗത്തിന്റെ പ്രാതിനിധ്യം ഉണ്ടാകാൻ തുടങ്ങി. ജനങ്ങൾ കൂടുതൽ അടുക്കുനതിനും ഇടപഴകുന്നതിനും സാദ്ധ്യതവന്നു.

ഇതോടുകൂടി വർണവ്യവസ്ഥയുടെ അവശിഷ്ടങ്ങൾ അതി വേഗം അപ്രത്യക്ഷമാവുകയാണ്. ഇന്നും വിദ്യാഭ്യാസത്തിനു പ്രയാസമേറിയ ചില പ്രദേശങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇതുമാറ്റിയെടുത്തു നമ്മുടെ സാംസ്ക്കാരിക വളർച്ചക്കാക്കം കൂട്ടേണ്ടതാണ്.

ഹിന്ദുമതത്തിൽപെട്ടവരാണ് പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും. ഇവർ ഇരുപത്തഞ്ചിലധികം ജാതികളിലുൾപ്പെടുന്നു. ന്യൂനപക്ഷം വരുന്ന ഇസ്ലാം മത വിശ്വാസികളും ഇവർക്കിടയിൽ അങ്ങിങ്ങായി താമസിച്ചു വരുന്നു. നൂറ്റാണ്ടുകളായുള്ള മതസൗഹാർദ്ദം വിദ്യാഭ്യാസ പുരോഗതിയോടൊപ്പം ശക്തിയാർജ്ജിച്ചിട്ടുണ്ട്. നാമമാത്രമായ ക്രിസ്ത്യുമതവിശ്വാസികളും അടുത്തകാലത്തായി സ്ഥിരതാമസമാക്കിയത് നമ്മുടെ സാംസ്ക്കാരിക വളർച്ചക്കു മുതൽക്കൂട്ടാണ്.

ഉത്സവങ്ങൾ

അവിട്ടത്തല്ല്, കണ്യാർകളി, വിഷുവേല എന്നീ പ്രമുഖ ഉത്സവങ്ങളാണ് പല്ലശ്ശന വേട്ടക്കൊരുമകൻ ക്ഷേത്രത്തിലെ പ്രധാന ഉത്സവങ്ങൾ. നാനാസമുദായങ്ങൾക്കു പങ്കാളിത്തവും നേതൃത്വവുമുള്ള വിഷുവേല ജനതയുടെ ഐക്യത്തിന്റെ വിളംബരമത്രെ.

പല്ലശ്ശനയെന്നു കേൾക്കുന്ന മാത്രയിൽ ജനമനസ്സുകളിലേക്കോടിയെത്തുക പഴയകാവിൽ മീൻ കൊളുത്തി ക്ഷേത്രത്തിലെ കഥകളിയാണ്. രാജ്യത്തിനകത്തുനിന്നും പുറത്തുനിന്നും ധാരാളമാളുകൾ ഈ കല ആസ്വദിക്കുന്നതിനെത്തിച്ചേരുന്നു. കഥകളിനാളുകളിൽ ചാക്യാർ കൂത്തും ഓട്ടൻതുള്ളലും നടത്തിവരുന്നു. കണ്യാർകളിയും പന്ത്രണ്ടുവർഷത്തിലൊരിക്കൽ നടത്തുന്ന പാനയുമാണ് മറ്റു പ്രധാന ഉത്സവങ്ങൾ.

അവിട്ടപൂജയും പത്താം തിരുനാളുമാഘോഷിക്കുന്ന ഇരുപ്പക്കൽ ചിദംബരേശ്വര ക്ഷേത്രത്തിലെ പൂജാകർമ്മങ്ങൾ നടത്തുന്നത് ഗുരുക്കൾ സമുദായക്കാരാണ്. 'അരിയും കറി'യുമാണ് വഴിപാട്. ഇതു മുഴുവൻ പൂജകന് അവകാശപ്പെട്ടതാണ്. വഴിപാടില്ലാത്ത ദിവസങ്ങളിൽ ക്ഷേത്രം ട്രസ്റ്റി നിശ്ചിത അളവിൽ ഇത്തരം വിഴിപാടു നടത്തണം. തിങ്കളാഴ്ച ദിവസങ്ങളിൽ ക്ഷേത്രത്തിലെത്തുന്നവർക്കെല്ലാം സദ്യ നൽകിവരുനുവെന്നുള്ളതും പ്രത്യേകം പ്രസ്ത്യാവ്യമാണ്.

5 വായനശാല, ഗ്രന്ഥശാല എന്നിവയ്ക്ക് പത്രമാസികകൾ മതിയായ രീതിയിൽ ലഭിക്കുന്നില്ല.
6 ദൃശ്യമാദ്ധ്യമരംഗത്ത് വിദേശചാനലുകളുടെ അതിപ്രസരം വായനാശീലത്തേയും, കായിക വിനോദത്തേയും ദോഷകരമായി ബാധിക്കുന്നു.
7 അഭ്യസ്ഥവിദ്യരായ സ്ത്രീകൾപോലും വായനശാലകളിലേക്ക് വരാൻ മടിക്കുന്നു.
8 സ്ത്രീകളുടെ വായനാശീലം കുറഞ്ഞു വരുന്നു.
9 യുവതലമുറക്ക് സാമൂഹ്യബോധം കുറഞ്ഞു വരുന്നു.
10 ജനങ്ങൾ ഇപ്പോഴും അന്ധവിശ്വാസങ്ങളിലും, അനാചാരങ്ങളിലും നിന്ന് മോചിതരല്ല.
11 സ്ത്രീധനത്തിന്റെയും, വിവിഹത്തിന്റെയും പേരിൽ ഇപ്പോഴും അമിതമായ ധൂർത്ത് നടക്കുന്നു.
12 പഞ്ചായത്തിൽ ഒരു കേന്ദ്രീകൃത ഗ്രന്ഥശാല ഇല്ല.
13. പഞ്ചായത്തിൽ ഒരു സാംസ്ക്കാരിക നിലയം ഇല്ല.

നിർദ്ദേശങ്ങൾ

1 പുസ്തകങ്ങളുടെ വിലവർദ്ധനവിനനുസരിച്ച് ഗ്രന്ഥശാലകൾക്കുള്ള ഗ്രാന്റ് വർദ്ധിപ്പിക്കുക.
2 ഗ്രന്ഥശാലകൾ, വായനശാലകൾ, സ്പോർട്ട്സ് ക്ലബ്ബുകൾ എന്നിവയ്ക്ക് പഞ്ചായത്തിൽ നിന്നും ധനസഹായം നല്കുക.
3 ഗ്രാമ പഞ്ചായത്ത് വാങ്ങിയിട്ടുള്ള കളിസ്ഥലം നവീകരിച്ച് ഉപയുക്തമാക്കുക
4 സ്പോർട്സ് ക്ലബ്ബുകൾക്ക് ധനസഹായം കൊടുക്കുന്നതിനുള്ള ഉപാധികൾ ലഘൂകരിക്കുക.
5 വായനശാലകൾ, ഗ്രന്ഥശാലകൾ എന്നിവയ്ക്ക് ആവശ്യമായ പത്രം നല്കുക.
6 വായനാ ശീലത്തേയും, ഗ്രന്ഥശാല പ്രസ്ഥാനത്തിന്റെ പ്രാധാന്യത്തെപ്പറ്റിയും ജനങ്ങളുടെ ഇടയിൽ ബോധവല്ക്കരണം നടത്തുക.
7 അന്ധവിശ്വാസങ്ങളിൽ നിന്നും അനാചാരങ്ങളിൽ നിന്നും യുവതലമുറയെ മോചിപ്പിക്കുന്നതിനും, സ്ത്രീധനത്തിന്റെയും, വിവാഹത്തിന്റെയും പേരിൽ നടത്തുന്ന അമിതമായ ധൂർത്ത് തടയുന്നതിനും ബോധവല്ക്കരണം നടത്തുക.
8 പഞ്ചായത്തിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഗ്രന്ഥശാല തിരഞ്ഞെടുത്ത് പഞ്ചായത്ത് തലത്തിൽ സഹായം നല്കി കേന്ദ്രീകൃത ഗ്രന്ഥ്ശാലയാക്കി മാറ്റുക. മറ്റു ഗ്രന്ഥശാലകൾക്ക് അതിന്റെ കീഴിൽ പ്രവർത്തിക്കുന്നതിന് വേണ്ട സജ്ജീകരണങ്ങൾ ചെയ്യുക.
9 സ്പോർട്ട്സ് &ഗെയിംസ് വികസനത്തിനു വേണ്ടി പഞ്ചായത്തു തലത്തിൽ ഒരു സമിതിയുണ്ടാക്കുക.
10 വിവധ ക്ലബ്ബുകളിൽ നിന്നും കഴിവുള്ളവരെ കണ്ടെത്തി പഞ്ചായത്ത് തലത്തിൽ ക്രിക്കറ്റ്, ഫുട്ട്ബാൾ, വോളിബാൾ, കബഡി എന്നിവക്ക് ഒരു ടീം ഉണ്ടാക്കുക.
11. പഞ്ചായത്താപ്പീസ് വളപ്പിലുള്ള റൂറൽ ലൈബ്രറി ആവശ്യമായ നടപടികൾ സ്വീകരിച്ച് പ്രയോജനപ്രദമാക്കുക.
12. പഞ്ചായത്തിൽ ഒരു സാംസ്ക്കാരിക നിലയം സ്ഥാപിക്കുക.

5-10
സഹകരണം

നമ്മുടെ ദൈനംദിന ധനകാര്യ ആവശ്യങ്ങൾ നിറവേറ്റുന്നത് സ്വകാര്യമേഖല, പൊതുമേഖല, സഹകരണമേഖല എന്നിവയാണ്. ആഗോളവൽക്കരണത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും മറവിൽ സാമ്പത്തികമായി നമ്മുടെ രാജ്യത്തെ കീഴടക്കിക്കൊണ്ടിരിക്കുന്ന അന്താരാഷ്ട്ര ചൂഷക ശക്തികളുടെകയ്യിൽനിന്നും രാജ്യത്തെ രക്ഷിക്കാൻ സഹകരണമേഖല വളരേണ്ടത് അത്യാവശ്യമായ കാര്യമാണ്.

1848-ൽ ഇംഗ്ലണ്ടിലെ റോക്ക്ഡെൽ എന്നസ്ഥലത്ത് മുതലാളിത്ത വ്യവസ്ഥിതിയെ ചെറുത്തുതോല്പിക്കാൻ അവിടത്തെ കർഷകർചേർന്ന് രൂപീകരിച്ചസമിതി ലോക ചരിത്രത്തിൽ സഹകരണ പ്രസ്ഥാനത്തിന് തുടക്കംകുറിച്ചു.

1904-ൽ ഇന്ത്യാഗവർമെൻറ് സഹകരണ നിയമം അംഗീകരിച്ചു. എങ്കിലും 1912 മുതൽ '19 വരെ കാലഘട്ടത്തിലാണ് ഇതിന് വളർച്ചയുണ്ടായത്.

1932-ൽ മദ്രാസ് സഹകരണനിയമം നിലവിൽവന്നു. അന്നത്തെ മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായ മലബാറിൽ ഈ നിയമത്തിന്റെ കീഴിൽ സഹകരണസംഘങ്ങൾ നിലവിൽ വരികയുണ്ടായി. 1952 ൽ തിരു-കൊച്ചി സഹകരണനിയം നിലവിൽ വന്നു. എന്നാൽ കേരള സംസ്ഥാനത്തിൽ ഒരു ഏകീകൃതസഹകരണ നിയമം നിലവിൽ വന്നത് 1969 ൽEMS നമ്പൂതിരിപ്പാട് മുഖ്യമന്ത്രിയായിരുന്ന കാലഘട്ടത്തിലാണ്.

1969-ൽ സഹകരണ നിയമം പ്രാബല്യത്തിൽ വന്ന ഗവർമെൻറ് വിജ്ഞാപനം

വിജ്ഞാപനം

കേരളാ ഗവൺമെൻറ്

എസ്.ആർ. ഒ. നമ്പർ198/69 -ലെ കേരള സഹകരണ സംഘനിയമത്തിലെ [1969 ലെ 21-ാമത്തെ നിയമം] ഒന്നാം വകുപ്പ് (3)-ാം ഉപവകുപ്പ് നൽകിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ചു കൊണ്ട് കേരളാ ഗവൺമെൻറ് പ്രസ്തുത നിയമം പ്രാബല്യത്തിൽവരുന്ന തിയ്യതി 1969 മേയ് 15 ആയിനിശ്ചയിച്ചിരിക്കുന്നു. [വിജ്ഞാപനം നമ്പർ 24314/സി3/69 എ.ഡി തിയ്യതി 12/5/69]

മറ്റു സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായികേരളത്തിൽ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഇടപെടലും മേൽനോട്ടവും ഉള്ളതുകൊണ്ട് അതിന്റെ കാര്യക്ഷമത കൂടുന്നു.

ഒരു വ്യക്തിയുടെ ജനനം മുതൽ മരണം വരെ സഹകരണത്തിന്റെ ആനുകൂല്യം കൂട്ടുന്നു

ഇന്ന് അന്താരാഷ്ട്ര ശക്തികളുടേയും ഇന്ത്യയിലെ കുത്തകമുതലാളി വർഗ്ഗത്തിന്റേയും ചൂഷണത്തിൽ നിന്നും ഒരളവുവരെ നമ്മുടെ ജനങ്ങളെ സംരക്ഷിക്കാൻ സഹകരണ പ്രസ്ഥാനത്തിന് കഴിയുന്നു.

മദ്രാസ് സഹകരണ നിയമത്തിൻ കീഴിൽ1953- ൽ ആരംഭിച്ച ഐക്യ നാണയ സഹകരണ സംഘമാണ് നമ്മുടെ പഞ്ചായത്തിലെ ആദ്യത്തെ സഹകരണ സ്ഥാപനം.

3	സാധാരണ വായ്പ	3598608	
4	വലിയകർഷകർ	400957 ആകെ	1943357
5	2 ഹെക്ടറിൽ കൂടുതൽ ഭൂമിയുള്ളവർ		
6	മറ്റു വായ്പകൾ		

	ഇനം	തുക
1		
2	സാധാരണ വായ്പ	3598608
3	ഭൂമിപണയം	1818407
4	നിക്ഷേപത്തിന്റെ ഈടിന്മേൽ	682310
5	സ്വർണ്ണപണയം	9872680
	കറവമാടുവാങ്ങുവാൻ	129200

C പ്രത്യേക വായ്പകൾ

	ഇനം	തുക
1	IRDP	165392
2	വീടുവെയ്ക്കുവാൻ	20940
3	മരുന്നു തളിയന്ത്രം വാങ്ങാൻ	255
4	ചെറുകിട വ്യവസായ വികസനം	4300
5	ഹയർ പർച്ചസ് (വാഹനം വാങ്ങാൻ)	85785
6	പഠന സാമഗ്രികൾ വാങ്ങുവാൻ	170

IV സ്ഥാപനങ്ങളിൽ നിന്ന് സ്വീകരിച്ചവായ്പകൾ

	സ്ഥാപനം	സ്വഭാവം	തുക	
1	ഒഴുവുപാറ ക്ഷീരോല്പാദക സഹകരണ സംഘം	SBa/c No. 912	11654	80
2.	പാറക്കളം ക്ഷീരോല്പാദക സഹകരണ സംഘം	SB a/c No. 856	19238	26
3.	ജില്ലാ കോപ്പറേറ്റീവ് ബാങ്ക്, പാലക്കാട്	കാർഷിക വായ്പ	16,37,003	-
			12,97,300	-

Vനല്കിയ വായ്പകൾകാലാവധി കഴിഞ്ഞിട്ട് കിട്ടാനുള്ളവ

വായ്പാസ്വഭാവം	തുക
1. കാർഷിക വായ്പ	6,46,207
2. ഭൂമിപണയം	5,41,284
3. സ്വർണപണയം	11,03,720
4. മറ്റുള്ളവ	21,09,505
ആകെ	44,00,716

13. സഹകരണ മേഖലയിൽഡ്രൈക്ലിനിംഗ് പേനാക്കത്തി നിർമ്മാണം എന്നീ സ്ഥാപനങ്ങൾ ആരംഭിക്കണം.
14. ഒരു കളിമൺ വ്യവസായ സഹകരണ സംഘം രൂപീകരിക്കുക.
15. റൈസ്മിൽ മിൽ സഹകരണ സംഘത്തിൻ കീഴിൽ വേണം.

വനിതാ വ്യവസായ സഹ-സംഘങ്ങൾക്കുള്ള നിർദ്ദേശങ്ങൾ

1 'കയറുല്പന്നങ്ങൾ' നിർമ്മിക്കുന്ന ഒരുയൂണിറ്റ്
2. 'റഡിമെയ്ഡ്'വ്യവസായയൂണിറ്റ്
3. 'പഴ'സംസ്കരണ യൂണിറ്റ്
4. 'കോഴിവളർത്തൽ' സഹകരണസംഘം
5. 'ക്ഷീര' വ്യവസായയൂണിറ്റ്
6. 'സോപ്പ്' നിർമ്മാണ യൂണിറ്റ്
7. 'ചന്ദനത്തിരി''ചോക്ക്''ഫെനോൾ' നിർമ്മാണ യൂണിറ്റ്
8. പനയുടെ പോത്ത ഉപയോഗിച്ച് ബ്രഷുണ്ടാക്കുന്ന യൂണിറ്റ്.
9. ഖാദി വസ്ത്ര നിർമ്മാണ സഹകരണ സംഘം
10. DWCRA [Development of Women's and Children in Rural Area] ഗ്രാമീണവനിതാ ശിശു വികസന പരിപാടി അനുസരിച്ച് പുതിയകരിങ്കൽ ജല്ലി യൂണിറ്റുകൾ തുടങ്ങുക.

മറ്റുനിർദ്ദേശങ്ങൾ

1 ലേബർ കോൺട്രാക്ട് സഹകരണ സംഘം
2 മോട്ടോർ ട്രാൻസ്പോർട്ട് സഹകരണസംഘം
3 സഹകരണ മേഖലയിൽ ITC വിദ്യാഭ്യാസ സ്ഥാപനം
4 ആർട്ടിസാൻ ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി.
5. കളിമൺവ്യവസായത്തിന് ഒരു കോ-ഓപ്പറേറ്റീവ് ടൈൽസ് യൂണിറ്റ്
6. മേലെഴുതിയ വ്യവസായ സഹകരണ സ്ഥാപനങ്ങൾക്ക് യഥാസമയം സാധന സാഗ്രികൾ എത്തിക്കുന്നതിന് ഒരു സഹകരണ സംഘം ഉണ്ടാക്കുക.

ഹരിജൻ സഹകരണ സംഘം

സംഘത്തിന്റെ പ്രധാന ഉദ്ദ്യേശ്യം ഹരിജനക്ഷേമപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്യുക എന്നതാണ്. അംഗങ്ങളുടെയിടയിൽ മിതവ്യയത്തേയും സ്വാശ്രയത്തേയും സഹകാരിതയേയും പ്രോത്സാഹിപ്പിക്കുക. അംഗങ്ങൾക്ക് കൃഷിക്കാവശ്യമുള്ള വിത്ത്, രാസവളം, കീടനാശിനികൾ , പണിയായുധങ്ങൾ, യന്ത്രങ്ങൾ മുതലായവ വാങ്ങി വിതരണം ചെയ്യുക. കൂടാതെ അംഗങ്ങൾക്ക് കാർഷികാവശ്യങ്ങൾക്കായി ഹ്രസ്വകാല,മദ്ധ്യകാല,ദീർഘകാല വായ്പകൾ നല്കുക. കൃഷി, കൈത്തൊഴിൽ മുതലായവയുടെ അഭിവൃദ്ധിക്കുവേണ്ടി നൂതനമായി കണ്ടുപിടിക്കപ്പെട്ടിട്ടുള്ള ഉപകരണത്തെപ്പറ്റി അംഗങ്ങളെ പറഞ്ഞു ബോധ്യപ്പെടുത്തി. അവ വാങ്ങി ഉപയോഗിക്കുവാൻ പ്രോത്സാഹിപ്പിക്കുകയും ആധുനിക ഉല്പാദന സമ്പ്രദായങ്ങൾ സ്വീകരിക്കുന്നതിന് അംഗങ്ങൾക്ക് സാങ്കേതിക ഉപദേശങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും നല്കുകയും ചെയ്യുക.

സംഘത്തിന്റെ പ്രധാന ഉദ്ദേശ്യങ്ങൾ ഇവയെല്ലാമാണെങ്കിലും ഇത്തരത്തിലുള്ള പ്രവർത്തനങ്ങളുമായി സംഘത്തിനിതുവരെ മുന്നോട്ടപോകുവാൻ കഴിഞ്ഞിട്ടില്ല. 27.3.89 മുതൽ പല്ലശ്ശന ഹരിജൻ സർവ്വീസ് സഹകരണസംഘം എന്ന പേരിലാക്കി. ഇപ്പോളിതിന്റെ വിലാസം. P887-ാം നമ്പർ പല്ലശ്ശന പട്ടികജാതി സർവ്വീസ് സഹകരണ സംഘം എന്നാകുന്നു.

നമ്മുടെ പഞ്ചായത്തിലെ ക്ഷീരോല്പാദകസഹകരണ സംഘങ്ങളുടെ പ്രവർത്തനം ക്രമാനുഗതമായി പുരോഗമിച്ചു കൊണ്ടിരിക്കുന്നു. ക്ഷീരകർഷകരുടെ ക്ഷേമം ലക്ഷ്യം വെച്ച് നിരവധി പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു. ബോധവല്കരണ ക്ലാസ്സുകളും അതിന് അനുബന്ധമായി ടൂർ പരിപാടികളും നടത്തി വരുന്നു. മിൽമനെയ്യും, കാലിത്തീറ്റ ക്ഷീരകർഷകർക്ക്(ഗുണമേന്മയുള്ള മിൽമകാലിത്തീറ്റ)ആവശ്യാനുസരണം എത്തിച്ചു വിതരണം നടത്തുന്നു.കർഷകർക്ക് പശുപരിപാലനത്തിനുള്ള ബോധവല്കരണത്തിനായി "ക്ഷീരസന്ദേശം" മുതലായ മാസികകൾ വിതരണം ചെയ്തുവരുന്നു.എല്ലാ ക്ഷീരസംഘത്തിലെയും കർഷകരേയും (മിനിഗേൻ) കാലികളെയും ഇൻഷൂറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി വരുന്നു. പാറക്കളം ഒഴുവുപാറ സംഘങ്ങളിൽ തീറ്റപുൽ കൃഷിക്കാവശ്യമായവിത്തും ബോധവല്കരണവും നടത്തിപുൽകൃഷി നടത്തുന്നു. വൈക്കോൽ സംപുഷ്ടീകരണത്തിന്നുള്ള ബോധവല്കരണം നടത്തുന്നു. കന്നുകാലി കന്നുകുട്ടി പ്രദർശനം വർഷാവർഷം നടത്തി ഏറ്റവും നല്ല ഉരുക്കളെ തിരഞ്ഞെടുത്ത് സമ്മാനം നല്കി വരുന്നു. പാറക്കളം ഒഴുവുപാറ സംഘങ്ങളിൽ ക്രിത്രിമ ബീജദാനപരിപാടി നടത്തി വരുന്നു. നല്ല നിലയിൽ നടത്തി വരുന്ന ഈ പരിപാടി മുൻവർഷത്തെ കണക്കനുസരിച്ച് ഒഴുവു പാറ സംഘം ജില്ലയിൽ 2-ാം സ്ഥാനത്തെത്തിയിരിക്കുന്നു. ശരാശരി 50 ബീജദാനം നടത്തിയിട്ടുണ്ട്. ഒഴുവുപാറ സംഘത്തിൽ വെച്ച് ക്ഷീരകർഷകരുടെകന്നുകൾക്ക് വന്ധ്യതാനിവാരണ ക്യാമ്പ് വർഷത്തിൽ 3 തവണ നടത്തിവരുന്നു. പങ്കെടുക്കുന്ന കാലികൾക്ക് സൗജന്യ ചികിത്സയും മരുന്നുകളും ലഭ്യമാക്കി വരുന്നുണ്ട്. ഇത്തരം സംഘങ്ങളുടെ വളർച്ച കാർഷിക മേഖലക്കാവശ്യമായ കാലിവളം ലഭ്യമാക്കുന്നതിന് വളരെ സഹായകമാണ്.

പ്രശ്നങ്ങൾ

1 ക്ഷീരകർഷകർക്ക് ഉല്പാദനച്ചിലവിന്നനുസൃതമായി വില ലഭിക്കുന്നില്ല.
2. കറവ പശുക്കളേയും,എരുമകളേയും വാങ്ങുന്നതിനുള്ള ലോൺ ലഭിക്കാൻ ബുദ്ധിമുട്ടുണ്ട്.
3. കാലിത്തീറ്റയുടെ അമിതമായവില.

പരിഹാരം

1 ക്ഷീരകർഷകർക്ക് ന്യായമായ (ഉല്പാദനച്ചിലവിന്നനുസൃതമായി)വില ലഭ്യമാക്കുക.
2. സഹകരണ ബാങ്ക്, ഷെഡ്യൂൾഡ് ബാങ്ക് എന്നിവയിൽനിന്നും കറവപ്പശുക്കളേയുംഎരുമകളെയും വാങ്ങുന്നതിനുള്ള ധനസഹായം ലഭ്യമാക്കുക.
3. തീറ്റപ്പുൽകൃഷി പ്രോത്സാഹിപ്പിക്കുക
4. പഞ്ചായത്തിൽ ലഭ്യ.മാകുന്ന അസംസ്കൃത പദാർത്ഥങ്ങൾഉപയോഗിച്ച് കാലിത്തീറ്റനിർമ്മിക്കുക.
5. പാലുല്പന്നങ്ങൾക്കുള്ള വിപണന സൗകര്യം വിപുലപ്പെടുത്തുക.

സംഘബോധം നമ്മളേ നയിക്കുവാനെത്തുമ്പോൾ
സംഗതികളൊക്കെ നമ്മുടെ ഇംഗീതം പോലാകും.
ഇംഗീതം പോലാകും.

5-11 പട്ടികജാതി/വർഗ്ഗക്ഷേമം

പൊതുവേ കാർഷിക മേഖലയായ ഈ പഞ്ചായത്തിൽ 26 കോളനികളിലായി537 കുടുംബങ്ങളും 200 ഓളം കുടുംബങ്ങൾ ഇടകലർന്നും ജീവിക്കുന്നു. പട്ടിക വർഗ്ഗക്കാരായി ആരും തന്നെ ഈ പഞ്ചായത്തിൽ ഇല്ല.

സാമൂഹിക അടിച്ചമർത്തലിന് വിധേയരായ ഈ വിഭാഗങ്ങൾ വിദ്യാഭ്യാസമേഖലയിൽപ്പോലും കടന്നു ചെല്ലാൻ കഴിയാത്ത ഒരുകാലഘട്ടം ഉണ്ടായിരുന്നു. സാമൂഹിക സാമ്പത്തിക രംഗത്ത് നിരവധിക്കാലം ചൂഷണത്തിന്വിധേയമായിരുന്ന ഈ വിഭാഗത്തിന് 1957 ~~മുതൽ 71വരെയുള്ള~~ ഭൂപരിഷ്കരണ നിയമങ്ങൾ മൂലം കുടികിടപ്പവകാശവും മിച്ച ഭൂമിയും ലഭിച്ചത് പുരോഗതിക്കും സാമൂഹിക മാറ്റത്തിനും സഹായകമായിട്ടുണ്ട്. എന്നാൽ വളരെയേറെ പേർക്കിനിയും പട്ടയം ലഭിച്ചിട്ടില്ല. ഒരു കാലഘട്ടത്തിലുണ്ടായിരുന്ന അയിത്തവും തീണ്ടലും മാറി പൊതുചടങ്ങുകളിൽ പങ്കെടുക്കുന്നതിന് ഇവർക്കിപ്പോൾ സാധിക്കുന്നുണ്ട്. എല്ലാ വിഭാഗം മതസ്ഥരുടെയും പൊതു ചടങ്ങുകളിൽ പങ്കെടുക്കുന്ന ഇവരെ മറ്റുള്ളവരുടെ പരിപാടികളിലേക്ക് ക്ഷണിക്കുന്നത് ആശാവഹമായ വലിയൊരു സാമൂഹ്യമാറ്റമാണെന്നതിന്നു തെളിവാണ്.

സർക്കാർ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ ഇവർക്ക് ലഭ്യമാക്കത്തക്ക രീതിയിലുള്ള പ്രവർത്തനങ്ങൾ അത്യാവശ്യമാണ്. എന്നാൽ സർക്കാർ നല്കുന്ന നിരവധി സൗജന്യങ്ങൾ കുറെപേർക്കെങ്കിലും ഭാഗികമായ നേട്ടങ്ങൾ കൈവരിക്കുന്നതിന് സഹായകമായിട്ടുണ്ട്. ഇവരിൽ കൂടുതൽ നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളത് കോളനിവാസികൾക്കാണ്. ഇനിയും പരിഹരിക്കപ്പെടാത്ത ഇവരുടെ പ്രശ്നങ്ങൾ മുൻഗണന നല്കി പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. കോളനികളുടെ വിവരം പട്ടിക ഒന്നിൽ ചേർക്കുന്നു.

പട്ടിക 1 അംഗീകരിച്ച കോളനികൾ

വാർഡ്നമ്പർ	ക്രമനമ്പർ	കോളനികളുടെ പേര്
I	1	തോട്ടങ്കരക്കളം
	2	പെരിഞ്ഞിറക്കവറ കോളനി
	3	കിഴക്കൂട്ടിൽക്കളം(IHDP)
II	4	കനകത്തുകൊളമ്പ്
	5	തെമ്പള്ളം
IV	6	ചെമ്മണ്ണംമട
VII	7	ചെമ്മണ്ണം കാട്
	8	കരിമ്പാറത്തൊടി(IHDP)
	9	തറക്കളം(IHDP)
	10	കക്കാട്ടുകുന്ന്
VIII	11	കൂടല്ലൂർ
	12	പറച്ചേരി
X	13	പ്ലാച്ചിക്കാട്(IHDP)
	14	പല്ലാവൂർക്കാട്(IHDP)

2. അംഗീകാരം കിട്ടാത്ത കോളനികൾ

വാർഡ്	നമ്പർ	കോളനി
I	1	ചേപ്പാടം
II	2	ചാമപ്പറമ്പ്
	3	പാറക്കളം
	4	തെമ്പള്ളം കവറകോളനി
III	5	മലമ്പള്ള
IV	6	നീറകോട്
V	7	കോഴിച്ചൂട്ടാമ്പറമ്പ്
	8	കല്ലംകാട്
VI	9	കുളത്തിങ്കൽ
	10	അണ്ണക്കോട്
IX	11	തൂറ്റോട്
X	12	മാടമ്പാറ

തൊഴിൽ

ഈ പഞ്ചായത്തിലെ പട്ടികജാതി കുടുംബങ്ങളിൽ നിന്നും സർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരുടെ എണ്ണം വളരെകുറവാണ്. ബഹുഭൂരിപക്ഷം പേരും കാർഷിക മേഖലയിൽ തൊഴിൽ ചെയ്ത് ഉപജീവനം കഴിച്ചുവരുന്നു.എന്നാൽ കാർഷികമേഖലയിൽ തൊഴിൽ ദിനങ്ങളുടെ എണ്ണം കുറഞ്ഞു വരുന്നതിനാലും മറ്റു മേഖലകളിൽ കാർഷികമേഖലയിൽ കിട്ടുന്ന കൂലിയേക്കാളധികം കൂലി കിട്ടുന്നതിനാലും ഇവർ മറ്റു മേഖലയിലേക്കുമാറിപോകുന്നു. ഇതിൽ ഭൂരിഭാഗവും കെട്ടിടനിർമ്മാണ്, കാറി എന്നിവിടങ്ങളിലാണ്. ഈ വിഭാഗത്തിലെ ചിലരുടെ പരമ്പരാഗത തൊഴിലായ "കൊട്ടനെയ്ത്ത് പരമ്പു നിർമ്മാണം, പട്ടക്കുട നിർമ്മാണം" തുടങ്ങിയവയ്ക്കാവശ്യമായ അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം ആ മേഖലയെ നാമാവശേഷമാക്കി വരുന്നു. മേൽപറഞ്ഞ തരം പരമ്പരാഗത വ്യവസായങ്ങളെ പുനരുജ്ജീവിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പാർപ്പിടം

സ്വന്തമായ വീട് പട്ടികജാതിയിലുള്ള എല്ലാകുടുംബങ്ങൾക്കും ലഭിച്ചില്ലെങ്കിലും ഏകദേശം വലിയൊരു വിഭാഗത്തിന് ആൾക്കാർക്കും താമസസൗകര്യം കിട്ടിയിട്ടുണ്ട്. പരിമിതമായ സൗകര്യങ്ങൾ പോലുമില്ലാത്ത കുടിലുകളിൽ താമസിക്കുന്നവർ ഇന്നുമുണ്ട്. സ്വന്തം സ്ഥലത്തിന്റെ രേഖകൾ വായ്പാ സൗകര്യത്തിനായി പല സ്ഥാപനങ്ങളിലുമായതിനാൽ മറ്റാനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്ന അവസ്ഥയുമുണ്ട്. രണ്ടുകുടുംബങ്ങൾ ഒന്നിച്ചു താമസിക്കുന്നവർക്ക് "സ്വന്തം വീട്" എന്ന ലക്ഷ്യം പ്രാവർത്തികമാക്കേണ്ടതുണ്ട്.

ആരോഗ്യം

ആരോഗ്യ രംഗത്ത് കോളനികളിൽ നിലനിൽക്കുന്ന അജ്ഞത മാറ്റിയെടുക്കാൻ ആരോഗ്യപ്രവർത്തകർ കുറേക്കൂടി ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. പല കോളനികളിലും കക്കൂസുകളുടെ അപര്യാപ്തത നിലവിലുണ്ട്. ഓരോവീടിനും ഓരോ കക്കൂസ് എന്ന തത്വം പാലിച്ച് ഈ

സാദ്ധ്യതകൾ

1. പട്ടികജാതിയിൽപ്പെട്ട എല്ലാ കുട്ടികൾക്കും (എല്ലാ ക്ലാസ്സിലേയും) സൗജന്യപാഠപുസ്തകങ്ങളും യൂണിഫോമുകളും വിതരണം ചെയ്യുക. മുഴുവൻ വിദ്യാർത്ഥികൾക്കും (എല്ലാക്ലാസ്സിലേയും) പ്രത്യേക പരിശീലനം(പഠിപ്പിൽ) നല്കുക. അതിനായി അദ്ധ്യാപകർ സന്നദ്ധമനോഭാവത്തോടെ മുന്നോട്ടു വരേണ്ടതാണ്. ഉച്ചഭക്ഷണപരിപാടിയും കാര്യക്ഷമമാക്കണം.
2. സാക്ഷരതാ പുനർവിദ്യാഭ്യാസ പരിപാടി ആരംഭിക്കുക.
3. വിദ്യാലയങ്ങളിലെ അദ്ധ്യാപക രക്ഷാകർതൃ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക. അദ്ധ്യാപകർ മാസത്തിലൊരിക്കലെങ്കിലും വിദ്യാർത്ഥികളുടെ വീടുകളിൽ സന്ദർശനം നടത്തുക.
4. ഹൈസ്ക്കൂളിലെ വിജയശതമാനം മെച്ചപ്പെടുത്താൻ അദ്ധ്യാപകർ കുറച്ചുകൂടി കാര്യക്ഷമതയോടെ ജോലികൾ നിർവ്വഹിക്കേണ്ടതാണ്.
5. കോളനികളിലെ കുടിവെള്ളപ്രശ്നം പരിഹരിക്കാനായി കിണറുകളും കുഴൽ കിണറുകളും കുഴിക്കാൻ നടപടി സ്വീകരിക്കുക.
6. കേടുവന്ന കുഴൽകിണറുകൾ അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗപ്രദമാക്കുക. നീരുറവകൾ കണ്ടെത്തി അവയെ സംരക്ഷിക്കുക കൂടി ചെയ്യാവുന്നതാണ്.
7. സ്വന്തമായിവീടുവെക്കാൻ സ്ഥലമില്ലാത്തവർക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന മിച്ചഭൂമി വിതരണം ചെയ്യാവുന്നതാണ്.
8. ധനസഹായം നല്കിയും വീടുവെക്കാനുള്ള സ്ഥലം ലഭ്യമാക്കാവുന്നതാണ്. വാർഡടിസ്ഥാനത്തിൽ സമിതികൾ രൂപീകരിച്ച് വീടുനിർമ്മാണത്തിന്റെ പുരോഗതി വിലയിരുത്താവുന്നതാണ്.
9. വാർഡടിസ്ഥാനത്തിലുണ്ടാകുന്ന സമിതികൾ മുഖാന്തിരം ഓരോവീടിനും കക്കൂസ് എന്ന ലക്ഷ്യം പ്രാവർത്തികമാക്കാവുന്നതാണ്.
10. എല്ലാ കോളനികളിലും വാഹന സൗകര്യത്തിന്നു റോഡുകൾ നിർമ്മിക്കണം.
11. എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുന്നതിന്റെ ഭാഗമായി കുടിൽ ജ്യോതി വ്യാപിപ്പിക്കുക.
12. കൈവശ ഭൂമിയുള്ളവർക്കെല്ലാം പട്ടയം നൽകാനുള്ള നിയമ നടപടികൾ കൈക്കൊള്ളുക.
13. കൊടുക്കുന്ന ധനസഹായം ശരിയായരീതിയിൽ വിനിയോഗിക്കുന്നതിന് ബോധവല്ക്കരണം നടത്തുക.
14. പല്ലാവൂരിലുള്ള "ക്രഷർമെറ്റലിൽ" നിന്നുണ്ടാവുന്ന മലിനീകരണം തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
15. എല്ലാ കോളനികളിലും ഓരോ കലാ-കായിക-സാംസ്ക്കാരിക നിലയം സ്ഥാപിക്കുക.
16. പല്ലാവൂർ ഗവ. എൽ.പി. സ്ക്കൂളിന്റെ ഡാടകക്കെട്ടിടം വിലയ്ക്കെടുത്ത് പുതുക്കിപ്പണിയുകയോ, സ്വന്തമായൊരു സ്ഥലം ഇപ്പോഴുള്ള സ്ക്കൂളിന്നടുത്തു കണ്ടെത്തി പുതിയ കെട്ടിടം നിർമ്മിക്കുകയോ ചെയ്യേണ്ടതാണ്.

അന്ധവിശ്വാസം പ്രചരിപ്പിച് ജനങ്ങളെ മൂഢരാക്കുന്നത് മഹാപാപമാണ്.

മഹാത്മാ ഗാന്ധി

ചിലവിനത്തിൽ വന്ന വ്യതിയാനം

ക്രമ നമ്പർ	ഇനവിവരം	1991-92ലെ ചെലവ്	1995-96 ലെ ചെലവ്
1	എസ്റ്റാബ്ലിഷ്മെൻറ്	315252	354804
2	പോതുമരാമത്ത്	101152	157840
3	വിദ്യാഭ്യാസത്തിന്	20517	12843
4	ജലവിതരണവും ഡ്രൈനേജും	3320	1120
5	പൊതുജനാരോഗ്യപ്രവർത്തനം	20686	9760
6	തെരുവ് വിളക്ക് വൈദ്യുതിചാർജ്ജ്	81012	99546
7	സാമൂഹ്യക്ഷേമം	380	8229
8	ഡപ്പോസിറ്റ് മടക്കി നല്കിയത്	11167	-
9	മറ്റുചിലവുകൾ	-	91072
	ആകെ	576713 553486	735194-214

നമ്മുടെഎല്ലാ ചെലവിനങ്ങളും വർദ്ധിച്ചു കൊണ്ടിരിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ജനങ്ങളുടെ പ്രതീക്ഷക്കനുസരിച്ച് വികസന പ്രക്രിയ തുടർന്ന് പോകണമെങ്കിൽ തനത് വിഭവ സമാഹരണം വർദ്ധിപ്പിച്ചേ മതിയാകു.

നമ്മുടെ പഞ്ചായത്ത് മുഖാന്തിരം നടക്കുന്ന വികസനപ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്നത് ജനങ്ങളുടെ ആകെ ജീവിത നിലവാരത്തിനുണ്ടാകുന്ന ഉയർച്ചയും ഭൗതീകജീവിത സാഹചര്യങ്ങൾ കാലോചിതമായി മെച്ചപ്പെടുത്തുന്നതിലൂടെയും ആണ്. ഇത് സാധിക്കുന്നത് അവരുടെ ഉല്പാദനവരുമാന മാർഗ്ഗങ്ങളെ ആശ്രയിച്ചാണ്.

നമ്മുടെ പ്രധാന ഉല്പാദനമേഖല കൃഷിയാണ്. മുരടിച്ചു നില്ക്കുന്ന ഈ മേഖല ഒട്ടനവധി പ്രതിസന്ധികളെ നേരിടുന്നു. ഇത് മുറിച്ചു കടക്കാൻ ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുകയും നൂതനവും ശാസ്ത്രീയവുമായ കൃഷിരീതികൾ അലംബിക്കുകയും ചെയ്യുന്നതോടൊപ്പം യുവതീ യുവാക്കൾക്ക് ഇന്ന് കാർഷിക വൃത്തിയോടു പൊതുവെ കണ്ടുവരുന്ന ആഭിമുഖ്യക്കുറവ് ഇല്ലാതാക്കി അവരെ ഈ രംഗത്ത് കർമ്മോന്മുഖരാക്കണം. കാർഷിക രംഗത്തേ മിച്ചം വ്യവസായ മൂലധനമാക്കാൻ നമുക്ക് കഴിയണം. പഞ്ചായത്തിലെ ഉപേക്ഷിക്കപ്പെടുന്നതും ഉപയോഗശൂന്യവുമായ ചപ്പുചവറുകൾ ശേഖരിച്ച് കമ്പോസ്റ്റ് വളം നിർമ്മിക്കാനുള്ള സൗകര്യം ഉണ്ടായാൽ നമ്മുടെ ജൈവവള പ്രതിസന്ധിക്ക് ചെറുതല്ലാത്ത പരിഹാരമുണ്ടാക്കാം. അതുപോലെ പഞ്ചായത്തിലെ 242 കുളങ്ങൾ അറ്റകുറ്റ പണിചെയ്തു ജല സംഭരണികളാക്കി മാറ്റിയാൽ അവയിൽ മത്സ്യം വളർത്തുന്നതോടൊപ്പം നെൽക്കൃഷിയില്ലാത്ത പരിസര പ്രദേശങ്ങളിൽ വർഷകാലത്തും രണ്ടാംവിളക്ക് ശേഷം പാടങ്ങളിലും പച്ചക്കറി കൃഷി നടത്താം. നമ്മുടെ പഞ്ചായത്തിന്റെ വരദാനമെന്നോണം കാരാട്ടുപാടം മുതൽ കുമാരംപുത്തൂർവരെ ഏകദേശം 9 കിലോമീറ്റർ നീണ്ടുകിടക്കുന്ന ഗായത്രിപ്പുഴയിൽ തടയണകൾ നിർമ്മിച്ചും ആ പ്രദേശത്തെ പാടശേഖരങ്ങളിൽ വലിയ കിണറുകൾ കുഴിച്ചും വ്യാപകമായ തോതിൽ മൂന്നാംവിളയായി പച്ചക്കറി കൃഷി നടത്താം. കൃഷിസ്ഥലങ്ങൾ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന പ്രവണത തടയേണ്ടതാണ്.

ഇപ്പോൾ നമ്മുടെ പഞ്ചായത്തിൽ കാര്യമായവ്യവസായ സ്ഥാപനങ്ങൾ ഒന്നും തന്നെയില്ല. ഏതാനും റൈസ് മില്ലുകൾ, മൂന്ന് സാ മില്ലുകൾ, രണ്ട് പ്രിൻറിംഗ് പ്രസ്സുകൾ, ഒരു മെറ്റൽ ക്രഷർ

യൂണിറ്റ്, മൂന്ന് വെൽഡിംഗ് ഇൻഡസ്ട്രികൾ ഒരു സിനിമാശാല, ഒരു കടലാസ് പാക്കറ്റ് നിർമ്മണ യൂണിറ്റ് എന്നിവയാണ് ഉള്ളത്. പരിമിതമായ തൊഴിൽ സാദ്ധ്യതകൾ ഉള്ള ഈ സ്ഥാപനങ്ങളിൽ നിന്നുള്ള നികുതി വരുമാനവും പരിമിതമാണ്.

ജനങ്ങളുടെ ക്രയശേഷി വർദ്ധിക്കുന്നത് ചെറുകിട ഇടത്തരം കച്ചവട സ്ഥാപനങ്ങളുടെ വളർച്ചക്കും ആഭ്യന്തരവിപണിയുടെ വികാസത്തിനും സഹായിക്കും. അതു വഴി ലൈസൻസ് ഫീ ഇനത്തിലും വർദ്ധനവ് ഉണ്ടാക്കാം. ഇതിനായി പഞ്ചായത്തിന്റെ സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ ബങ്കുകൾ സ്ഥാപിച്ച് വാടകക്ക് നല്കണം. അതോടൊപ്പം നിർദ്ദിഷ്ട പഞ്ചായത്ത്ഷാപ്പിംഗ് കോപ്ലക്സിന്റെ നിർമ്മാണം ആരംഭിച്ച് അടിയന്തിരമായി പൂർത്തിയാക്കണം.

പഞ്ചായത്തിലെ നികുതി കൊടുക്കുന്ന സ്ഥാപനങ്ങൾ.

പട്ടിക

1	റൈസ്മിൽ	40
2	പലചരക്കുകട	68
3.	ചായക്കട	31
4.	മരുന്ന് കട	5
5	ഇറച്ചികട	4
6	വിറക്പെട്ട(ഡിപ്പോ)	8
7	വളം ഡിപ്പോ	5
8	തുണികട	2
9	പൊതുവിതരണകേന്ദ്രം	7
10	സാഡാകട	3
11	മറ്റുള്ളവ	5

നിലവിൽ വിട്ടുപോയിട്ടുള്ള ഇത്തരം സ്ഥാപനങ്ങൾ ഉണ്ടെങ്കിൽ നികുതി ചുമത്തേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിൽ ഒരുസഹകരണ ബാങ്കും ഷെഡ്യൂൾഡ് ബാങ്കുകളുടെ 2 ശാഖകളും പ്രവർത്തിക്കുന്നു. ഇതിൽ സഹകരണ ബാങ്ക് ചെറുകിട വ്യവസായ വികസനത്തിനായി 4300 രൂപയാണ് നല്കിയിട്ടുള്ളത്. കാർഷിക മേഖലയുടെ വികസനത്തിന് ഈ ബാങ്ക് കാര്യമായ സംഭാവന നല്കുന്നുണ്ടെങ്കിലും വ്യാവസായിക മേഖലയെ കാര്യമായി സ്പർശിച്ചിട്ടില്ല. പഞ്ചായത്തിൽ ലഭ്യമാകുന്ന അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ച് വ്യവസായം തുടങ്ങുന്നതിന് സംരംഭകരെ പ്രോത്സാഹിപ്പിച്ച് ആവശ്യമായ സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നല്കേണ്ടകതാണ്. ~~ഫെഡറൽ ഇൻഡ്യൻ ബാങ്ക് വ്യവസായ ആവശ്യങ്ങൾക്ക് 95-96 വർഷം കുറഞ്ഞലിക് സിസ്റ്റമാ ബാങ്ക് നല്കിയിട്ടുണ്ട്~~ ദേശസാൽകൃത ബാങ്കിന്റെ ഒരു ശാഖകൂടി നമ്മുടെ പഞ്ചായത്തിൽ ഉണ്ടാകുന്നത് വ്യാവസാടിക വളർച്ചയെ ത്വരിതപ്പെടുത്തും.

ഈ പഞ്ചായത്തിൽ കൂടല്ലൂർ ഭാഗത്തേ പ്രവർത്തിച്ചിരുന്ന ഓട്ടുകമ്പനി അടച്ചു പൂട്ടിയിട്ട് വർഷങ്ങളായി. ഗായത്രിപ്പുഴയുടെ തീരത്ത് അനുയോജ്യമായ സ്ഥലത്ത് (കൂടല്ലൂർ-കണ്ണന്നൂർപ്പാടം) ആധുനിക രീതിയുലുള്ള ഓടുനിർമ്മാണശാല സ്ഥാപിക്കേണ്ടതാണ്. നമ്മുടെ പഞ്ചായത്തിൽ ധാരാളം കരിങ്കൽകുവാറികൾ പ്രവർത്തിക്കുന്നു. മെറ്റലും കരിങ്കൽ പൊടിയും ഉപയോഗിച്ച് ഗൃഹനിർമ്മാണത്തിനുള്ള ഉല്പന്നങ്ങൾ ഉണ്ടാക്കുന്ന വ്യവസായം ആരംഭിയ്ക്കണം. കൂടാതെ ഈ രേഖയുടെ മറ്റു

പനം ചക്കര സൊസൈറ്റി

കരിമ്പനകളും, ചെത്തുകാരും കൂടുതൽ ഉള്ള ഈ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ ലഭ്യതയുള്ള കള്ളിൽ നിന്നും ചക്കരയുണ്ടാക്കുന്നതിനായി 1[illegible] രൂപം കൊണ്ട പനംചക്കര സോസൈറ്റിയാണ് 2-ാമത്തെ സഹകരണ സ്ഥാപനം. താമരപ്പാടം കുട്ടനായിരുന്നു ഇതിന്റെ ആദ്യത്തെ പ്രസിഡണ്ട്. അമ്പാഴക്കോട് ഗോപാലകൃഷ്ണനായിരുന്നു ആദ്യത്തെ സെക്രട്ടറി. പിന്നീട് കുറ്റിപ്പുള്ളി ഭാസ്ക്കരൻ, ചക്കുംപാറ കൃഷ്ണൻ,എൻ.കെ.അപ്പുക്കുട്ടൻ എന്നിവർ പ്രസിഡണ്ടുമാരായിരുന്നു. പഞ്ചസാരയും, ചോക്ലേറ്റുമായിരുന്നു ഇതിൽ ഉണ്ടാക്കിക്കൊണ്ടിരുന്നത്.കള്ളുഷാപ്പുകളുടെ ഉത്ഭവം, അമിതാദ്ധ്വാനം, ഇന്ധന ദൗർലഭ്യം എന്നിവമൂലം ഈ സൊസൈറ്റിയുടെ പ്രവർത്തനം നിലച്ചുപോയി. ഇതേപോലെത്തന്നെ ഈ പഞ്ചായത്തിൽ പ്രവർത്തിച്ചുവന്ന മറ്റൊരു സഹകരണസംഘമായിരുന്നു തളൂർ വിവിധോദ്ദേശ ഐക്യനാണയസംഘം. ഇതിന്റെ സ്ഥാപക പ്രസിഡണ്ട് തളൂർ മുഹമ്മദ് യൂസഫ് ആയിരുന്നു. 1968 ൽ ഈ സ്ഥാപനം നിലച്ചുപോയി.

സഹകരണസംഘങ്ങളുടെ ഇന്നത്തെസ്ഥിതി.

ഒരുസേവന സഹകരണബാങ്ക് മൂന്ന് ക്ഷീരോല്പാദക സഹകരണസംഘം ഒരു പാൽ ഉപോത്പന്ന യൂണിറ്റ് ഒരു പട്ടികജാതി സഹകരണസംഘം എന്നിവയാണ് ഈപഞ്ചായത്തിലുള്ളത്.

മദ്രാസ് സഹകരണ നിയമത്തിൽ 1953ൽതുടങ്ങിയ ഐക്യനാണയ സഹകരണസംഘമാണ് 1969 ലെ സഹകരണ നിയമത്തിൻ കീഴിൽ സേവന സഹകരണബാങ്കായിമാറിയതം.ഇപ്പോൾ ഇതിന്റെ ഒരു ബ്രാഞ്ച് പല്ലാവൂരിലും പ്രവർത്തിച്ചുവരുന്നുണ്ട്. ബാങ്കിന്റെ പ്രവർത്തനങ്ങളെ കുറിച്ചുള്ള വിവരങ്ങൾപട്ടിക (1)ൽ സൂചിപ്പിട്ടുണ്ട്.

പട്ടിക(1)

സേവന സഹകരണബാങ്ക് സംബന്ധിച്ച വിവരങ്ങൾ

I		
1.	സ്ഥാപനത്തിന്റെപേര്	പല്ലശ്ശന സർവ്വീസ് സഹകരണ ബാങ്ക്
2.	പ്രവർത്തന പരിധി	പല്ലശ്ശന ഗ്രാമ പഞ്ചായത്ത്
3	ക്രൈഡിറ്റ്/നോൺക്രൈഡിറ്റ്	ക്രൈഡിറ്റ്
4	പ്രവർത്തനം ആരംഭിച്ചവർഷം	1953
5	ആകെ അംഗങ്ങൾ	5896
6	ഒരുഓഹരിയുടെ വില	Rs. 5/-
7	അംഗീകൃത ഓഹരിമൂലധനം	25,10,000
8	പിരിഞ്ഞ് കിട്ടിയ ഓഹരി മൂലധനം	1067030
9	സർക്കാർ ഓഹരിയുണ്ടോ?	ഉണ്ട്
10.	ഉണ്ടെങ്കിൽ ലഭിച്ചതുക	1,00,000
11	പരമാവധി കടം എടുക്കാവുന്ന തുക	50,000
II	പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷപങ്ങൾ	
a	സ്ഥിരം	9960100
b	ഹ്രസ്വകാലം·	1,54,71,522
III	നൽകിയിട്ടുള്ള വായ്പകൾ	
a	കാർഷിക വായ്പകൾ	
1	ഇനം	തുക
2	ചെറുകിടകർഷകർ	1542400

VI സഹകരണ ബാങ്ക് നടത്തുന്നപ്രവർത്തനങ്ങൾ

1. മെമ്പർമാർക്ക് മിതമായ നിരക്കിൽവായ്പ നൽകുക,അവരുടെ മിച്ചം നിക്ഷേപമായി സ്വീകരിക്കുക. കാർഷിക മെമ്പർമാർക്ക് കാർഷികാവശ്യങ്ങൾക്കുള്ള സാധന സാമഗ്രികൾ വാങ്ങിച്ചു കൊടുക്കുക.

സേവന സഹകരണ ബാങ്ക് വഴി വിവിധമേഖലകളിൽ നടപ്പിലാക്കേണ്ട പദ്ധതികൾ - നിർദ്ദേശങ്ങൾ

1 കാർഷിക-കാർഷികേതര ലോണുകൾ യഥാസമയം തിരിച്ചടയ്ക്കുന്നതിന് ഭരണസമിതി സത്വര നടപടികൾ സ്വീകരിക്കുക.
2. എല്ലാ കർഷകരേയും ഉൾപ്പെടുത്തി ഓഹരി മൂലധനം വർദ്ധിപ്പിക്കുക.
3. നിക്ഷേപസമാഹരണത്തിന് പഞ്ചായത്തു ഭരണസമിതി, സന്നദ്ധ സംഘടന പ്രവർത്തകർഎന്നിവരെ ഉൾപ്പെടുത്തി നല്ല രീതിയിലുള്ള പ്രചരണം നടത്തി നിക്ഷേപസമാഹരണം ജനകീയമാക്കുക.
4. നിക്ഷേപ സമാഹരണം വഴി മൂലധനം വർദ്ധിപ്പിച്ച് കൺസ്യൂമർ വായ്പ, ഭവന നിർമ്മാണ വായ്പ, ചെറുകിട വ്യവസായ വായ്പ, സ്വയം തൊഴിൽ വായ്പ എന്നീ പദ്ധതികൾക്ക് തുക ലാഭകരമായ രീതിയിൽ ചിലവഴിപ്പിക്കുക.
5. കാലാകാലങ്ങളിലുണ്ടാവുന്ന കാർഷിക ഉപകരണങ്ങളുടെയും, വളത്തിന്റെയും വിലവർദ്ധന വിനനുസരിച്ച് വായ്പാ പരിധി ഉയർത്തുക.
6. കാർഷികോല്പന്നങ്ങൾ സംഭരിക്കുവാനും സംസ്കരിക്കുവാനും വിപണനം നടത്തുവാനും ഉള്ള സംവിധാനം ഏർപ്പെടുത്തുക.
7. സഹകരണ സംഘത്തിൻ കീഴിൽ ചിട്ടികൾ ആരംഭിക്കുക.
8. ജനങ്ങളിൽ സമ്പാദ്യ ശീലം വളർത്തുന്നതിന് ദിവസപ്പിരിവുകാരെ നിയമിച്ച് പിരിവു നടത്തുക.
9. ബാങ്ക് ജീവനക്കാരും ജനങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തി സഹകരണ പ്രസ്ഥാനത്തിലെ അടിത്തറ ശക്തിപ്പെടുത്തുക.
10. പഞ്ചായത്തിനകത്ത് 300 ഓളം ടെയ്ലർമാരുണ്ട്. അവർക്കാവശ്യമായ നൂൽ,ബട്ടൻസ് എന്നിവ വിപണനം ചെയ്യുന്നതിന് പഞ്ചായത്തിനകത്ത് ഒരുസഹകരണസ്റ്റോർ തുടങ്ങുക.
11. ഗൃഹോപകരണങ്ങൾ തവണവ്യസ്ഥയിൽ വിപണനം നടത്തുന്നതിന് ഒരു സംഘം രൂപീകരിക്കുക.
12 സാദ്ധ്യതകൾ പരിഗണിച്ച് ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ സ്ഥാപിക്കേണ്ടതാണ്.

ഗ്രാമസഭാനിർദ്ദേശങ്ങൾ

1 സഹകരണസംഘത്തിന്റെ സായാഹ്നശാഖ
2 വനിതകൾക്ക് ഒരു സഹ.സംഘം
3. പച്ചക്കറി സഹ.സംഘം
4. സ്ത്രീകൾക്ക് ഒരു ടെയ്ലറിംഗ് സെൻറർ സഹകരണാടിസ്ഥാനത്തിൽ.
5. സഹകരണ മേഖലയിൽ കാർഷികോല്പന്നങ്ങൾ സൂക്ഷിക്കുന്നതിന് സംഭരണി(Ware House) നിർമ്മിക്കുക.
6 സഹകരണ തുന്നൽ പരിശീലന കേന്ദ്രം ആരംഭിക്കുക.
7. ഒരു സോപ്പുനിർമ്മാണ യൂണിറ്റ്
8. സഹകരണ സംഘത്തിൽ നിന്നുള്ള വായ്പ യഥാസമയം കൊടുക്കുകയും ചിലവഴിക്കപ്പെടുന്നത് നിരീക്ഷിക്കുകയും വേണം.
9. സഹകരണമാവേലി സ്റ്റോർ, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, പ്രസ്സ് എന്നിവ സ്ഥാപിക്കുക.
10. സഹകരണ സംഘത്തിൽ നിന്നു അർഹതയുള്ള എല്ലാവിഭാഗക്കാർക്കും മെമ്പർഷിപ്പ് അനുവദിക്കുക.
11. കൃഷി വായ്പാപരിധി ഉയർത്തണം.
12. സഹകരണ മേഖലയിൽ താങ്ങു വില കാലോചിതമായി പരിഷ്കരിച്ച് നെല്ലു സംഭരിക്കുക.

ഇവിടെ ഇപ്പോൾ 810 അംഗങ്ങൾ ഉണ്ട്. കാര്യമായ പ്രവർത്തനങ്ങളൊന്നുംനടത്താൻ കഴിയാത്ത സാഹചര്യത്തിൽ മുൻപുകൊടുത്ത വായ്പകൾ തിരിച്ചു പിടിക്കുക മാത്രമാണ് ചെയ്യുന്നത്. സംഘത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സംഘം നേരിട്ട് സിമൻറ് ഏജൻസി എടുത്തിട്ടുണ്ട്.

കാർഷികവുംകാർഷികേതരവുമായ വായ്പ നല്കിസഹായിക്കുക, കൃഷിപ്പണികൾ മെച്ചപ്പെടുത്തുക എന്നുള്ളതാണ് ഇതിന്റെ പ്രധാന ലക്ഷ്യം. ആയതുകൊണ്ടീ സംഘത്തിലെ പട്ടിക ജാതിക്കാരായ മെമ്പർമാരുടെ പുരോഗതിക്കായി ട്രാക്ടറും, സ്പ്രെയറും ലഭിക്കുകയാണെങ്കിൽ സംഘത്തിനു കുറെക്കൂടി മുമ്പോട്ടു പോകാൻകഴിയും. അതുപോലെതന്നെ പരമ്പരാഗത വ്യവസായമായ വട്ടി, കൊട്ട നിർമ്മാണം നശിച്ചു കൊണ്ടിരിക്കുകയാണ്. ഈവിഭാഗം തൊഴിലാളികളെ സംഘത്തിന്റെ കീഴിൽകൊണ്ടുവന്ന് അവർക്കു വേണ്ട സാമ്പത്തിക സഹായം നല്കി അവരെ പ്രോത്സാഹിപ്പിക്കുകയും അവരുടെ ഉല്പന്നങ്ങൾ സംഘം ഏറ്റെടുത്ത് വിപണനം ചെയ്യുകയും വേണം.

നമ്മുടെ പ്രദേശത്തെ ജനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുക, ശുദ്ധമായ പാൽ ലഭ്യമാക്കുക. എന്നീ ഉദ്ദേശങ്ങളോടെയാണ് "ക്ഷീരോല്പാദക സഹകരണസംഘങ്ങൾ" സ്ഥാപിച്ചു പ്രവർത്തന മാരംഭിച്ചത്. ഇപ്പോൾ നമ്മുടെ പഞ്ചായത്തിൽ3 ക്ഷീരോല്പാദക സഹകരണ സംഘങ്ങൾപ്രവർത്തിച്ചു വരുന്നു. 1965 - ൽ സ്ഥാപിച്ച പല്ലാവൂർ ക്ഷീരവ്യവസായസംഘം 1987 - ൽ 'അപ്കോസു'മായി സംയോജിപ്പിച്ചതിനുശേഷം ഇതിന്റെപ്രവർത്തനം വളരെയേറെ മെച്ചപ്പെട്ടിട്ടുണ്ട്. സംഘത്തിന്നിപ്പോൾ സ്വന്തമായകെട്ടിടം നിർമ്മിച്ച് അതിലാണ് പ്രവർത്തിച്ചുവരുന്നത്.

26-10-91ന് പഞ്ചായത്തിലെ1, 2, 3 വാർഡുകളെ പരിധിയാക്കി പാറക്കളം കേന്ദ്രമാക്കി രണ്ടാമത്തെ ക്ഷീരോല്പാദക സഹകരണ സംഘം (അപ്കോസ്) പ്രവർത്തനം ആരംഭിച്ചു. ഈസംഘത്തിനും സ്വന്തമായ കെട്ടിടത്തിന്റെ പണി ആരംഭിച്ചു കഴിഞ്ഞു.

പഞ്ചായത്തിലെ 4, 5, 6 വാർഡുകളെ കേന്ദ്രമാക്കി ഒഴുവുപാറ ക്ഷീരോല്പാദക സഹകരണസംഘം (അപ്കോസ്) 8.6.92 ന് പ്രവർത്തനമാരംഭിച്ചു. ഈ സംഘത്തിന്നാവശ്യമായ സ്വന്തം കെട്ടിടത്തിന്റെ പണിക്കു തുടക്കംകുറിച്ചിട്ടുണ്ട്. ഒഴുവുപാറ ക്ഷീരോല്പാദക സഹകരണ. സംഘത്തിൽക്ഷീരോല്പന്നങ്ങൾഉല്പാദിപ്പിച്ച് വിപണനം ആരംഭിച്ചിട്ടുണ്ട്. ഈ യൂനിറ്റിൽ 3 സ്ത്രീകൾക്കും1 പുരുഷനും തൊഴിൽ നല്കാൻ കഴിഞ്ഞിട്ടുണ്ട്.

ക്ഷീരോല്പാദന സഹകരണസംഘങ്ങളുടെ വിവരം

ക്രമ നമ്പർ	ഇന വിവരം	പല്ലാവൂർ	പാറക്കളം	ഒഴുവുപാറ
1	മെമ്പർമാരുടെഎണ്ണം	460	713	1226 ~~1250~~
2	പ്രവർത്തനമൂലധനം	4600	7130	10260 ~~12500~~
3	പാൽ സംഭരണം (95-96)	219000	152570	182500
4	പ്രാദേശികവില്പന	26280	18308	31025
5	ഡയറിക്ക്നൽകിയപാൽ	192720	134262	151475
6	വിറ്റുവരവ്	-	110000	149455.52
7	അറ്റാദായം	-	120000	165428.55
8	ജീവനക്കാരുടെ എണ്ണം	03	03	09

ക്ഷീരോല്പാദന പ്രോത്സാഹന 1

പ്രശ്നംപരിഹരിക്കേണ്ടതാണ്. 4 സെൻറു ഭൂമി സൗജന്യമായികൊടുത്തു നിർമ്മിക്കുന്ന വീടുകളിൽ നിർബന്ധപൂർവ്വം കക്കൂസു നിർമ്മിക്കാനാവശ്യമായ ബോധവല്ക്കരണം നടത്തേണ്ടതാണ്.

വിദ്യാഭ്യാസം

1990 ൽ നടന്ന സമ്പൂർണ്ണ സാക്ഷരതാ യജ്ഞത്തിൻെറ പ്രയോജനം ലഭിച്ച ഈ പഞ്ചായത്തിലെ ബഹുഭൂരിപക്ഷവും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരായിരുന്നു. എന്നാൽ തുടർവിദ്യാഭ്യാസത്തിൻെറ അഭാവം മൂലം വീണ്ടും നിരക്ഷരതയിലേക്കു പോയവരെ തിരിച്ചു കൊണ്ടുവരേണ്ടിയിരിക്കുന്നു. രക്ഷിതാക്കളുടെ ശ്രദ്ധയില്ലായ്മയും കുട്ടികളുടെ വിദ്യാഭ്യാസപുരോഗതിക്കു തടസ്സമാകുന്നു. S.S.L.C.യ്ക്കുശേഷം തുടർന്നു പഠിക്കുന്ന കുട്ടികളുടെ എണ്ണം വളരെ കുറവാണ്.കുടുംബ സാഹചര്യങ്ങൾ നിമിത്തം തുടർച്ചയായി വിദ്യാലയങ്ങളിലേക്ക് പോകാൻ കഴിയാത്ത നിരവധി കുട്ടികൾ ഈപഞ്ചായത്തിലുണ്ട്. കൊഴിഞ്ഞുപോകുന്ന കുട്ടികളിൽ വലിയൊരു ശതമാനം ഈ വിഭാഗത്തിൽ പെട്ടവരാണ്. .വിദ്യാഭ്യാസത്തിൻെറ പ്രാധാന്യവും ആവശ്യകതയും ബോദ്ധ്യപ്പെടുത്തുന്നതിന് ബോധവല്ക്കരണ പരിപാടികൾ അടിയന്തിരമായി സംഘടിപ്പിച്ചേ മതിയാകൂ. കൂടാതെ അദ്ധ്യാപകരക്ഷാകർതൃ സമിതികളിൽ രക്ഷിതാക്കളെ നിർബ്ബന്ധമായും പങ്കെടുപ്പിക്കാൻ അധികൃതർ ശ്രമിക്കേണ്ടതുണ്ട്.

1996-97 വർഷത്തിൽ637 പട്ടികജാതി വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട്. ഇവരിൽ 54പേർതോറ്റുപഠിക്കുന്നവരാണ്. 1991-92 മുതൽ 1995-96 വരെയുള്ള കാലഘട്ടത്തിൽ പല്ലശ്ശന ഹൈസ്ക്കൂളിൽ 54 ആൺകുട്ടികളും 27 പെൺ കുട്ടികളും SSLCപരീക്ഷ എഴുതിയതിൽ 3 ആൺകുട്ടികളും ഒരുപെൺകുട്ടിയും മാത്രമാണ് പാസ്സായിട്ടുള്ളത്.ഈ കാര്യം വളരെ ഗൗരവപൂർവ്വം വീക്ഷിക്കേണ്ടതാണ്.ഇവരിൽ തന്നെ ഉപരിപഠനം നടത്തുന്നവർ വളരെ പരിമിതമാണ്.

കൊഴിഞ്ഞുപോകുന്ന കുട്ടികളെ തിരിച്ച് സ്ക്കൂളിലെത്തിക്കുന്നതിനും SSLCയ്ക്കുശേഷം ഉപരിപഠനത്തിനും ഉള്ള സാഹചര്യം സൃഷ്ടിക്കേണ്ടതാണ്. 90 അദ്ധ്യാപകർ ജോലി ചെയ്യുന്ന ഈ പഞ്ചായത്തിൽ സർക്കാർ മേഖലയിൽ ഒന്നും എയ്ഡഡ് മേഖലയിൽ ഒന്നും അദ്ധ്യാപകരാണ് പട്ടികജാതി വിഭാഗത്തിലുള്ളത്. ഇതിലൊരാളെ തദ്ദേശീയനായിട്ടുള്ളൂ.

പ്രശ്നങ്ങൾ

1. ഈ വിഭാഗം വിദ്യാഭ്യാസരംഗത്ത് പുറകിലാണ്. നിരക്ഷരത നിലനില്ക്കുന്നു. കൂടാതെ വിദ്യാർത്ഥികൾ വ്യാപകമായി കൊഴിഞ്ഞുപോകുന്നു.
2. ഇതരമേഖലകളെ അപേക്ഷിച്ച് ക്ഷാർഷിക മേഖലയിൽ കൂലികുറവായതിനാൽ മറ്റു തൊഴിൽ മേഖലകളന്വേഷിച്ചു പോകുന്നു.
3. കോളനികളിൽ രൂക്ഷമായ കുടിവെള്ള ക്ഷാമമുണ്ട്.
4. എല്ലാവർക്കും സ്വന്തമായവീടോ, വീടുവെയ്ക്കാൻ സ്ഥലമോ ഇല്ല. വീടുനിർമ്മിക്കാൻ കിട്ടുന്ന ധനസഹായം കൊണ്ട് നിർമ്മാണം പൂർത്തിയാക്കാൻ കഴിയാതെ ധനം ദുർവിനിയോഗം ചെയ്യുന്നു. ഉള്ളവീടുകളിൽ പ്രാഥമിക സൗകര്യങ്ങളുടെ കുറവ്, കോളനികളിൽ പലേടത്തും വൈദ്യുതിയും റോഡും ഇല്ല.
5. മുഴുവൻ പേർക്കും കൈവശ ഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല.
6. അഭ്യസ്ഥവിദ്യരായ ചെറുപ്പക്കാർക്കു ഡിപ്പാർട്ടുമെൻറിൽ നിന്നു കിട്ടുന്ന ധനസഹായവും വായ്പകളും ലക്ഷ്യം നേടുന്നില്ല.
7. പല്ലാവൂരിൽ പ്രവർത്തിക്കുന്നമെറ്റൽക്രഷറിൽ നിന്നും വരുന്ന പൊടിപടലങ്ങൾ സമീപവാസികൾക്ക് ദോഷകരമായി അനുഭവപ്പെടുന്നു.
8. 60% ത്തിലേറെപട്ടിക ജാതി വിദ്യാർത്ഥികൾ പഠിക്കുന്ന പല്ലാവൂർ GLPസ്ക്കൂൾ ജീർണ്ണാവസ്ഥയിലുള്ള ഒരു വാടകക്കെട്ടിടത്തിലാണിപ്പോൾ പ്രവർത്തിക്കുന്നത്.

5-12 വിഭവസമാഹരണം

ശീഘ്രവും ചിരസ്ഥായിയുമായ വികസനത്തിലൂന്നിക്കൊണ്ടുമാത്രമേ നമുക്ക് മുന്നോട്ടു പോകാൻ കഴിയൂ. വികസനത്തിന്റെ അനിവാര്യമായ ഘടകം അതിനാവശ്യമായ വിഭവങ്ങളാണ്. നമ്മുടെ പഞ്ചായത്തിന്റെ നിലവിലുള്ള സ്ഥിതിപരിശോധിച്ചാൽ തനത്വിഭവം വളരെ പരിമിതമാണെന്ന് കാണാം.

കെട്ടിട നികുതി, തൊഴിൽ നികുതി, വിനോദ നികുതി, ലൈസൻസ് ഫീ, ലേലത്തിൽ നിന്നുള്ള വരവ്, സർചാർജ്ജ് എന്നിവയാണ് നമ്മുടെ തനതു വരുമാന മാർഗ്ഗങ്ങൾ. ഈ ഇനങ്ങളിലെല്ലാം കൂടി 95-96 സാമ്പത്തിക വർഷത്തിൽ ലഭിച്ച തുക 254477 രൂപയാണ്.കൂടാതെ സർക്കാരിൽ നിന്നും (ഡിപ്പോസിറ്റുകൾ ഉൾപ്പെടെ) 733168 രൂപ. വിവിധയിനങ്ങളിൽ ഗ്രാൻറായും മറ്റും ലഭിച്ചിട്ടുണ്ട്.

വരുമാനത്തിലെ വ്യതിയാനം

ക്രമ നമ്പർ	ഇനവിവിരം	1991-92വർഷത്തെ വരവ്	1995-96 വർഷത്തെ വരവ്	വ്യതിയാനം ശതമാനത്തിൽ
1	കെട്ടിട നികുതി	93357	158070	+69.31
2	തൊഴിൽനികുതി	57930	48255 Clayman	-16.7
3	ഷോടാക്സ്	1105	1692	+53.12
4	വസ്തുകൈമാറ്റ നികുതി	107978	104204	-3.49
5	വിനോദനികുതി	12584	18647	+48.18
6	ജനന-മരണ-ഫീസ്	147	-	-
7	ലൈസൻസ്ഫീസ്	4926	8618	+74.95
8	ഗവഃഗ്രാൻറ്	159336	292981	+83.87
9	പലവക ഇനത്തിലുള്ളത്	7704	25926	+236.5
10	അൺടൈയിഡ് ഫണ്ട്	178400	296000	+65.9
11	ഡപ്പോസിറ്റ്-മുതലായവ	5390	14057	+160.8
12	ചന്തലേലത്തിൽനിന്ന്	346	423	+22.25
13	അധികവിനോദനികുതി	7667	11292	+47.28
	ആകെ .	636870	~~987645~~ 1028420	+55.07

ഇത് മുൻവർഷത്തെ അപേക്ഷിച്ച് കൂടുതൽ തന്നെ. എന്നാൽ എസ്റ്റാബ്ളിഷ്മെൻറ് ചെലവിനത്തിലുണ്ടാകുന്ന ക്രമാതീതമായ വർദ്ധന വികസന പ്രവർത്തനങ്ങൾക്ക്, ആവശ്യമായ സാധന സാമഗ്രികളുടെ വിലക്കയറ്റം, രൂപയുടെ വിലയിടിവ്, വർദ്ധിച്ചുവരുന്ന പുതിയവികസന പ്രവർത്തനങ്ങൾ എന്നിവ പരിഗണിക്കുമ്പോൾ മേല്പറഞ്ഞ വർദ്ധനവ് ഒന്നുമല്ലെന്ന് കാണാം.

വിഷയങ്ങളുമായി ബന്ധപ്പെട്ടു സൂചിപ്പിച്ചിട്ടുള്ള വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് അടിയന്തിര ശ്രദ്ധ പതിയേണ്ടതാണ്.

ഗൾഫ് മേഖലയുടെ സ്വാധീനം ഒട്ടും ഇല്ലാത്തപ ഞ്ചായത്താണ് നമ്മുടേത്. ടൂറിസം പോലുള്ള ആധുനിക വ്യവസായങ്ങൾ വളരുന്നതിനുള്ള സാദ്ധ്യതയും പരിമിതമാണ്. അതുകൊണ്ട് നമ്മുടെ ഭൗതികസാഹചര്യങ്ങളെ കണക്കിലെടുത്ത് വിഭവ സമാഹരണപ്രവർത്തനങ്ങൾക്ക് കൂടുതൽപ്രാമുഖ്യം നല്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന് നികുതി ചുമത്താവുന്ന പുതിയമേഖലകൾ കണ്ടെത്തുകയും പാഴ്ച്ചെലവുകൾ ഒഴിവാക്കുകയും ചെയ്യേണ്ടതാണ്. കർഷകരും കർഷകതൊഴിലാളികളും വരുന്ന ഭൂരിപക്ഷം ജനങ്ങൾക്ക് നികുതി ഒരു ഭാരമാകാതേയും ശ്രദ്ധിക്കണം. നിലവിലുള്ള നികുതികൾ കാലികമായി പരിഷ്കരിക്കുന്നതോടൊപ്പം വരുമാനമുള്ള എല്ലാപേർക്കും ആനുപാതികമായ നിരക്കിൽ നികുതി ചുമത്തുവാൻ നോക്കണം. ഒരുനികുതിദായകനാവുക വഴി താൻ ഉൾപ്പെടുന്ന സമൂഹത്തിന്റെ വളർച്ചയിൽ പങ്കാളികളാവുകയാണെന്ന് ഉയർന്ന ചിന്തയിലെത്തിയ്ക്കാൻ ഗ്രാമസഭകളെ പ്രയോജനപ്പെടുത്തണം. കാര്യക്ഷമമായ നികുതി പിരിവിന് വാർഡ് തല സമിതികൾ ഉണ്ടാവുന്നത് നല്ലതാണ്.

കെട്ടിടനികുതി

വസ്തു നിഷ്ടവും ശാസ്ത്രീയവുമായ രീതിയിൽ കെട്ടിടനികുതി നിശ്ചയിക്കണം. തറ വിസ്തീർണ്ണം, വിലകൂടിയ വസ്തുക്കളുടെ ഉപയോഗം, ആഡംബരത എന്നിവ കൂടി കണക്കിലെടുക്കണം. പുതിയ വീടുകൾ നിർമ്മിച്ചു കഴിഞ്ഞ് പലകാലയഴല് കഴിഞ്ഞ് വീട്ടുമ്പർ ലഭിച്ചതിന് ശേഷം നികുതി ഈടാക്കുന്ന സമ്പ്രദായം ഒഴിവാക്കി വീടുനിർമ്മാണം പൂർത്തിയായാലുടൻ നികുതി ലഭിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം. വാടകയുടെ അടിസ്ഥാനത്തിൽ കെട്ടിടനികുതികൾ ഈടാക്കുന്ന കെട്ടിടങ്ങളുടെ വാടക നിശ്ചയിച്ചിട്ടുള്ളത് കാലോചിതവും ശാസ്ത്രീയവുമാണോ എന്നും നിർമ്മാണ ചെലവിന്റെ അടിസ്ഥാനത്തിലാണ് വാടക നിശ്ചയിക്കുന്നതെങ്കിൽ യഥാർത്ഥ നിർമ്മാണ ചിലവും ശാസ്ത്രീയമായി നിശ്ചയിയ്ക്കപ്പെടണം.

തൊഴിൽ നികുതി

നിലവിൽ സർക്കാർ, അർദ്ധസർക്കാർ ജീവനക്കാരിൽനിന്നാണ് ശരിയായ നിരക്കിൽ തൊഴിൽ നികുതി ഈടാക്കുന്നത്. അതു കൂടാതെ വർഷം മുഴുവൻ ജോലിയുള്ളവർ വർഷത്തിൽ നിശ്ചിത ദിവസം സ്ഥിരജോലിയുള്ളവർ വർഷത്തിൽ മൊത്തം നിശ്ചിത തുക വരുമാനമുള്ളവർ എന്നിവരിൽ നിന്നെല്ലാം ഈ നികുതി ഈടാക്കണം. കാലവും തുകയും ശാസ്ത്രീയമായി പരിശോധിച്ച് നിശ്ചയിക്കാവുന്നതാണ്.

വിനോദ നികുതി

പഞ്ചായത്തിൽ ഉള്ള ഒരേ ഒരു സിനിമാശാലയുള്ളതിൽ നിന്ന് ലഭിക്കുന്ന നികുതി മാത്രമേയുള്ളു. പല്ലാവൂർ പ്രദേശത്ത് ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു തിയേറ്റർ സ്ഥാപിക്കുന്നത് ഈ ഇനം നികുതി കൂടുതൽ കിട്ടാൻ സഹായിക്കും.

ലൈസൻസ് ഫീ

ലൈസൻസ് ഫീയുടെ പരിധിയിൽ വരുന്ന മുഴുവൻ സ്ഥാപനങ്ങൾക്കും കാലോചിതമായി പരിഷ്കരിച്ച് നികുതി ഈടാക്കാവുന്നതാണ്.

മറ്റു ധനാഗമ മാർഗ്ഗങ്ങൾ

പഞ്ചായത്ത് പരിധിയിൽ വരുന്ന പുഴ മണൽ, വൃക്ഷങ്ങളിലെ കായ്ഫലങ്ങൾ എന്നിവയാണ് പ്രധാനമായി ലേലം ചെയ്യുന്നത്. ഇന്ന് നടക്കുന്ന ലേലം അശാസ്ത്രീയമാണ്. "മുണ്ടുവിരി" എന്നപേരിൽ

ലേലത്തിൽ പങ്കെടുക്കുന്നവർ ഒത്തുകൂടി മാർക്കറ്റുവിലയേക്കാൾ കുറഞ്ഞ ലേലതുകക്ക് ലേലം ഉറപ്പിക്കന്നതൊഴിവാക്കാൻ ഗ്രാമസഭകളെ പ്രയോജനപ്പെടുത്തണം. ലേലങ്ങളെ കുറിച്ച് ലേലത്തിന് മുമ്പ് വ്യാപകമായ പ്രചരണം നടത്തണം. അറ്റകുറ്റപ്പണികളും മറ്റും നടത്തുമ്പോൾ ലഭിക്കുന്ന പഴയ വസ്തുക്കൾ താമസംവിനാ കേടുവന്നുപോകുന്നതിന് മുമ്പ് ലേലം ചെയ്യണം.

നാഷണൽ സേവിംഗ്സ്സ്കീം

നാഷണൽ സേവിംഗ്സ് സ്ക്കീം അനുസരിച്ചുള്ള വിഹിതം വർദ്ധിപ്പിക്കുന്നതിനായി പഞ്ചായത്തിലെ എല്ലാ കുടുംബങ്ങളേയും സ്ക്കീമിന്റെ പരിധിയിൽ കൊണ്ടുവന്ന് ബചത് പഞ്ചായത്തായി പ്രഖ്യാപിക്കണം.

ഓട്ടോ-ടാക്സി സ്റ്റാൻറുകൾ മുഖ്യകേന്ദ്രങ്ങളിൽ സ്ഥാപിച്ച് നികുതി ഈടാക്കാം.

നിലവിൽ പഞ്ചായത്തിന്റെ അധീനതയിലുള്ള 'നരിക്കുള'ത്തിന് പുറമേ വലിയ കുളങ്ങളായ ഒക്കണാംകോടുകുളം, കരിങ്കുളം, തളൂർ പ്രാരികുളം, പുത്തൻകുളം മുതലായവ ഏറ്റെടുത്ത് മത്സ്യകൃഷിക്ക് ലേലത്തിന് നല്കി വരുമാനം ഉണ്ടാക്കാം.

ഭൂനികിതി

ഇപ്പോൾ ഭൂനികുതി സർക്കാർ പിരിക്കുന്നതിന്റെ നിശ്ചിതവിഹിതം പഞ്ചായത്തുകൾക്ക് ഗ്രാൻറായി നല്കുകയാണ്. ഇത് മാറ്റി ഭൂ നികുതി നിശ്ചയിക്കുന്നതിനും പിരിച്ചെടുക്കുന്നതിനുമുള്ള അവകാശം പഞ്ചായത്തുകൾക്ക് ലഭിക്കുന്നത് ആശാവഹമായിരിക്കും.

വ്യക്തികൾ, ട്രസ്റ്റുകൾ

ബസ്സ് വെയിറ്റിംഗ് ഷെഡ്, ആശുപത്രി കെട്ടിടങ്ങൾ, ഫർണീച്ചറുകൾ, വിദ്യാലയങ്ങൾക്കാവശ്യമായ സ്ഥലം, കെട്ടിടം, പഠനോപകരണങ്ങൾ ഉച്ച ഭക്ഷണം, യൂണിഫോം, അർഹരായ വിദ്യാർത്ഥികൾക്ക് പാഠപുസ്തകങ്ങൾ തുടങ്ങിയവയ്ക്ക് ബഹുമാന്യരായ വ്യക്തികൾ, ട്രസ്റ്റുകൾ എന്നിവരുടെ സമ്പത്ത് ഉപയോഗപ്പെടുത്താവുന്നതാണ്.

മനുഷ്യാദ്ധ്വാനം

പണം മാത്രമല്ല, അദ്ധ്വാനവും വികസനത്തിന് ഉത്കൃഷ്ടമായ സമ്പത്താണ്. "അദ്ധ്വാനം സമ്പത്ത്, സമ്പത്ത് ജന നന്മക്ക്" എന്ന മുദ്രാവാക്യം അക്ഷരാർത്ഥത്തിൽ ജനകായാസൂത്രണ പ്രക്രിയയിൽ പ്രാവർത്തികമാക്കാം. ജാതി, മത, വർണ്ണ, വർഗ്ഗ, കക്ഷി ചിന്തകൾക്കതീരരായി വികസനത്തെ ഉത്സവം പോലെ നെഞ്ചിലേറ്റാൻ നമുക്ക് കഴിയണം. താനുൾപ്പെടുന്ന സമൂഹത്തിന്റെ വളർച്ചക്ക്, അനന്തര തലമുറകൾക്ക് തന്റെ അദ്ധ്വാനം വിനിയോഗിക്കുക എന്നത് മഹത്തായ ആശയമാണ്. പ്രായോഗികമായ ആദർശവും.

ഈ വസ്തുതകൾ നിരവധി സന്ദർഭങ്ങളിൽ ഇവിടുത്തെ സന്നദ്ധ പ്രവർത്തകരും മറ്റുള്ളവരും തെളിയിച്ചിട്ടുള്ളതാണ്. നമ്മുടെ പ്രദേശത്തിന്റെ ചിരസ്ഥായിയായ വികസന പ്രവർത്തനം നടന്നപ്പോഴൊക്കെ ഇത്തരം സൽക്കർമ്മങ്ങൾ ഉണ്ടായിട്ടുണ്ട്.

വർഷങ്ങൾക്ക് മുമ്പ് ഞവുഞ്ഞിക്കോട് വടവന്നൂർ റോഡ് നിർമ്മാണം, ചടയൻകുളം - കുമരംപുത്തൂർ റോഡ്, പള്ളിമുക്ക് - അമ്പാഴക്കോട്ട് റോഡ്, കണ്ണന്നൂർ കടവ് പാലം, സ്വകാര്യ വ്യക്തിയുടെതെങ്കിലും പല്ലശ്ശന കിഴക്കേ ഗ്രാമത്തിലുണ്ടായിരുന്ന യു.പി. സ്ക്കൂൾ ഹൈസ്ക്കൂളാക്കി ഉയർത്തിയത്, സാക്ഷരതയജ്ഞം, വിഭവ, ഭൂപടനിർമ്മാണം ദ്വിതീയസ്ഥിതി വിവരക്കണക്ക് ശേഖരണം..... അങ്ങനെ എത്ര എത്ര ആവേശകരവും പ്രചോദനാത്മകവുമായ അനുഭവങ്ങൾ. ഏറ്റൊവുമൊടുവിൽ 1996 നവംബർ ഒന്നിന് പുനരർപ്പണദിനത്തിൽ പഞ്ചായത്തിലെ നാലു പുതിയ റോഡുകളുടെ നിർമ്മണപ്രവർത്തിലുണ്ടായ ആവേശകരമായ ജന പങ്കാളിത്തം.

ഉപസംഹാരം

''എല്ലാ മൗലികാവശ്യങ്ങളും സ്വയം നിറവേറ്റാൻ കെല്പുള്ളതും എന്നാൽ ഒഴിച്ചുകൂടാനാവാത്ത കാര്യങ്ങളിൽ പരസ്പരം ആശ്രയിച്ച് പൂർണ്ണ സ്വാതന്ത്ര്യത്തോടുകൂടി കഴിയുന്നതുമായ ചെറു റിപ്പബ്ലിക്കാണ്" മഹാത്മജിയുടെ സങ്കല്പത്തിലെ ഗ്രാമസ്വരാജ്.

ഗ്രാമങ്ങളിലാണ് ഇന്ത്യയുടെ ആത്മാവ് കുടികൊള്ളുന്നതെന്നും ദാരിദ്ര്യം മുതൽ വർഗ്ഗീയതവരെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വികസനത്തിന്റെയും ഭരണത്തിന്റെയും അടിസ്ഥാനഘടകം ഗ്രാമങ്ങളായിരിക്കണമെന്നും അദ്ദേഹം അനുശാസിച്ചിരുന്നു. അദ്ദേഹത്തിന്റെ നിർബന്ധപ്രകാരം കൂടിയാണ് ഭരണഘടനയുടെ നിർദ്ദേശകതത്വങ്ങളിൽ നാല്പതാം വകുപ്പിൽ 'ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്നതിനും സ്വയംഭരണ സ്ഥാപനത്തിന്റെ ഘടകമെന്ന നിലയിൽ അവയെ ശക്തമാക്കുന്നതിനാവശ്യമായ പ്രവർത്തനാധികാരവും, അധികാര ശക്തിയും ഏല്പിച്ചു കൊടുക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണെന്ന് ചേർക്കുകയുണ്ടായത്.

1951 ലെ പ്ലാനിംഗിന്റെ തുടക്കമാണ് 1935 ലെ ഗവർമ്മെണ്ട് ഓഫ് ഇന്ത്യ ആക്ടിനുശേഷം അധികാര വികേന്ദ്രീകരണം ശക്തമാക്കുന്നതിനു സ്വീകരിച്ച നടപടി, 1952 ലെ സാമൂഹ്യ വികസന പരിപാടിയും 1953 ലെ നാഷണൽ എക്സ്റ്റൻഷണൽ പരിപാടിയും ഈ ദിശയിലേക്കുള്ള പ്രവർത്തനത്തിനും തുടർന്നുള്ള ചുവടുവെപ്പുകളായിരുന്നു. എന്നാൽ ഈ പരിപാടികളൊന്നും നിർദ്ദിഷ്ട ലക്ഷ്യം നേടാൻ സഹായകമായില്ല. തുടർന്ന് 1957 ൽ ശ്രീ. ബൽവന്ത് റായ് മേത്ത കമ്മറ്റിയെ ഇതിന്റെ കാരണങ്ങൾ പഠിച്ച് റിപ്പോർട്ടു ചെയ്യുന്നതിനായി നിയമിച്ചു.

അധികാര വികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിനായി ത്രിതല ഭരണസംവിധാനവും അവയ്ക്കു വ്യാപകമായ അധികാരവും നൽകണമെന്ന് അദ്ദേഹം ശുപാർശചെയ്തു. 1977 ൽ അശോക്മേത്ത കമ്മറ്റിയും തുടർന്ന് 1985 ൽ ശ്രീ. J.V.K റാവു കമ്മറ്റിയും അതിനടുത്തവർഷവും ശ്രീ. L.M. സിങ്ക്വി കമ്മറ്റിയും നിയമിതമായി. ഈ കമ്മറ്റിയുടെ ശുപാർശകളിൽ പ്രധാനമായത് പഞ്ചായത്ത്രാജ് സ്ഥാപനങ്ങൾക്ക് ഭരണഘടനാപദവി നൽകണമെന്നതായിരുന്നു.

കേരളപ്പിറവിക്കുശേഷം ഈ രംഗത്തെ ആദ്യത്തെ പ്രവർത്തനം 1957 ആഗസ്റ്റ് 15 ന് അന്നത്തെ മുഖ്യന്ത്രി ശ്രീ. E.M. ശങ്കരൻ നമ്പൂതിരിപ്പാട് ചെയർമാനായ ഭരണ പരിഷ്കാര കമ്മറ്റിയുടെ റിപ്പോർട്ടനുസരിച്ച് അസംബ്ളിയിലവതരിപ്പിച്ച 1958 ലെ കേരളാ പഞ്ചായത്ത് ബില്ലും 1959 ലെ കേരളാ ജില്ലാ സമിതി ബില്ലും ആണ്. തുടർന്ന് 1960 - 61 ലെ കേരള പഞ്ചായത്ത് മുനിസിപ്പൽ ബില്ലുകളും 1964 ലെ കേരള പഞ്ചായത്ത് യൂണിയൻ കൗൺസിൽ ജില്ലാ പഞ്ചായത്തു ബിൽ 1967 ലെ പഞ്ചായത്ത് രാജ് ബിൽ 1980 ലെ കേരള ജില്ലാ ഭരണനിയമം എന്നിവയാണ്.

1994 ൽ പാർലമെന്റ് പാസ്സാക്കിയ ഭരണഘടനയുടെ 73 ഉം 74 ഉം ഭേദഗതികളോടെയാണ് പഞ്ചായത്തീരാജ് നഗരപാലികാ സ്ഥാപനങ്ങൾ നമ്മുടെ ഭരണഘടനയുടെ അഭിഭാജ്യ ഘടകമായത് ഇതിന്റെ അടിസ്ഥാനത്തിൽ 1994 ൽ കേരള ഗവർമ്മെണ്ട് പാസാക്കിയ കേരളാ പഞ്ചായത്ത് രാജ്, മുനിസിപ്പാലിറ്റി നിയമം പ്രാബല്യത്തിൽ വന്നു. ഇതോടെ സംസ്ഥാനത്ത് 3 തലങ്ങളുള്ള പഞ്ചായത്ത് രാജ് സംവിധാനം നിലവിൽ വന്നു കഴിഞ്ഞു. എല്ലാ വോട്ടർമാർക്കും പ്രത്യക്ഷ പങ്കാളിത്തമുള്ള ഗ്രാമസഭകൾ, സ്ത്രീകൾക്ക് മൂന്നിലൊന്ന് പ്രാതിനിധ്യം സംസ്ഥാന ധനകാര്യ കമ്മീഷനുകളുടെ തീർപ്പനുസരിച്ച് ലഭ്യമാവുന്ന വിഹിതം 29 വിഷയങ്ങളിലുള്ള അധികാരങ്ങൾ എന്നിവയാണ് എടുത്തു പറയത്തക്ക പ്രത്യേകതകൾ.

പൊതുജന പങ്കാളിത്തത്തോടെ സാമൂഹ്യക്ഷേമം ഉറപ്പു വരുത്തുക, വിദഗ്ദ്ധ സഹായത്തോടെ ജനങ്ങളെ അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ പ്രാപ്തരാക്കുക. ഭരിക്കുന്നവരും, ഭരിക്കപ്പെടുന്നവരും

തമ്മിലുള്ള അകലം കുറച്ചുകൊണ്ട് അവരുടെ പരസ്പരബന്ധം ഊട്ടിയുറപ്പിക്കുക, ഭരണ കാര്യങ്ങളിൽ താല്പര്യമുണ്ടാക്കുക വഴി വികസന പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പാക്കുക, ദൈനംദിന ജീവിതപ്രശ്നങ്ങൾ കൈകാര്യ ചെയ്യുന്നതിനും, ഫലപ്രദമായി ഉടപ്പെടുന്നതിനുമുള്ള താല്പര്യവും, കഴിവും വർദ്ധിപ്പിക്കുക തുടങ്ങിയ ഒട്ടേറെ ഉത്തരവാദിത്തങ്ങൾ ചെയ്തു തീർക്കേണ്ടതുണ്ട്.

പദ്ധതികൾ രൂപകല്പന ചെയ്യുക, പദ്ധതികളുടെ നടത്തിപ്പിൽ പങ്കാളികളാവുകയും പുരോഗതിവിലയിരുത്തുകയും ചെയ്യുക തടുങ്ങിയവയിലൂടെ നിരന്തരം ഇടപഴകാനുള്ള പ്രായോഗികത കൈവരും. ഇതുവഴി അഴിമതിയും ധൂർത്തും ഒഴിവാക്കാനാകും. നിലവിലുള്ള കേന്ദ്രീകൃത ഫലമായുള്ള ദീർഘകാലത്തെ സാമൂഹ്യ രാഷ്ട്രീയ പ്രവർത്തകരുടെ ഫലമായി കേരളീയ ജനതയുടെ സമസ്ത മേഖലകളിലും പുരോഗതി കൈവരിക്കാൻ നമുക്കു കഴിഞ്ഞിട്ടുണ്ട്. ഭൂപരിഷ്ക്കരണം കേരളത്തിന്റെ സാമ്പത്തിക സാമൂഹ്യസാംസ്കാരിക മേഖലകളിൽ അഗാധമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്.

തൊഴിലാളികളുടെ സേവന- വേതന രംഗത്ത് ആരോഗ്യകരമായ മാറ്റം വന്നിട്ടുണ്ട്. സാധാരണജനങ്ങൾക്ക് വിദ്യാഭ്യാസം, ആരോഗ്യം, റേഷൻ, ഭക്ഷണം എന്നിവയൊക്കെ ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്.

എന്നാൽ നാമിന്ന് ഒട്ടേറെ പുത്തൻ വെല്ലുവിളികളുടെ നിഴ്ചുഴിയിലാണ്. ഉല്പാദന വ്യവസായമേഖലയിലെ സ്തംഭനാവസ്ഥ രൂക്ഷമായ തൊഴിലില്ലായ്മ പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ച തുടങ്ങിയ പ്രതിസന്ധികളെ തരണം ചെയ്യാൻ പുത്തൻ വികസന സംസ്ക്കാരത്തിന് കഴിയണം.

വെള്ളം, വെളിച്ചം, വൈദ്യുതി, റോഡ്, പാലം എന്നിവ മാത്രമാണ് വികസനമെന്ന ധാരണക്കു പകരം ഇവയെല്ലാം ആവശ്യമായി വരുന്നത്. ജീവിത നിലവാരത്തിലുണ്ടാകുന്ന ഗുണപരമായ മാറ്റത്തിലൂടെയാണെന്ന തിരിച്ചറിവുൾക്കൊണ്ട് ഉല്പാദനത്തിലൂന്നൽ നൽകുന്ന ഒരു പുതിയ വികസന സംസ്ക്കാരം വളർന്നുവരണം. പ്രാദേശികമായ സാദ്ധ്യതകളും, സാഹചര്യങ്ങളും വിലയിരുത്തി ലഭ്യമാവുന്ന പദ്ധതി വിഹിതവും, തനതു വിഭവവും - മനുഷ്യാദ്ധ്വാനമുൾപ്പെടെ - പ്രയോജനപ്പെടുത്തി. ജനാഭിലാഷത്തിനു പ്രായോഗികരൂപം നൽകാനുള്ള സാധ്യതകളും പരിമിതികളും പരിശോധിക്കേണ്ടതുണ്ട്. അത്തരത്തിലുള്ള എളിയ ശ്രമമാണ്. ''പല്ലശ്ശന പഞ്ചായത്ത് സമഗ്ര വികസനരേഖ" യിലൂടെ ലക്ഷ്യമാക്കിയിട്ടുള്ളത്. അനുഭവങ്ങളും, അഭിമുഖങ്ങളും, സ്ഥിതിവിവരകണക്കുകളും സർവ്വോപരി ഗ്രാമസഭകളിൽ നിന്നുയർന്നുവന്ന അഭിപ്രായങ്ങളുമാണ് ഈ രേഖയുടെ നിർമ്മാണത്തിന്നാധാരം. കുറവുകൾ ഏറെയുണ്ടാകും, പക്ഷെ, നമുക്കൊരു തുടക്കം ആവശ്യമാണ്. ആ 'തുടക്കം' പല്ലശ്ശന പഞ്ചായത്ത് സമഗ്ര വികസനരേഖ - ഞങ്ങൾ സവിനയം ഈ വികസന സെമിനാറിൽ സമർപ്പിക്കുന്നു. തുടർച്ചർക്കുവേണ്ടി.....



ദാനമായി ലഭിക്കുന്ന സ്വാതന്ത്ര്യം
സ്വാതന്ത്ര്യമല്ല
പോരാട്ടത്തിലൂടെ നേടിയെടുക്കുന്ന
അവകാശങ്ങളാണ്
യഥാർത്ഥ സ്വാതന്ത്ര്യമെന്ന്
നാം തിരിച്ചറിയുക

ജനകീയ ആസൂത്രണ സമിതി

ജില്ലാതല പരിശീലനം നേടിയവർ

ചെയർ പേഴ്സൺ	ശ്രീമതി ജി. വത്സല (പ്രസിഡൻറ്, ഗ്രാമ പഞ്ചായത്ത്)
കൺവീനർ	ശ്രീ കെ. രമാധരൻ (ഡി. ആർ. പി)
	ശ്രീ വി. ഭാസ്കരൻ മാസ്റ്റർ
	ശ്രീ കെ. ശ്യാംകുമാർ
	ശ്രീ എം. കെ. മണി
	ശ്രീമതി പി. എൻ. ശാന്തമ്മ ടീച്ചർ
	ശ്രീ എ. ഹാറൂൺ
	ശ്രീ എ. ഉണ്ണികൃഷ്ണൻ
	ശ്രീ വി. നടേശൻ
	ശ്രീമതി എം കാമാക്ഷി
	ശ്രീ സി. ഉമാനാഥ്

" നമ്മളാണ് ഭരണവും നമ്മളാണ് പ്രജകളും
നമ്മളാണ് നമ്മളുടെ നൻമ തിൻമ തീർക്കുക
ഇവിടെ നമ്മളുണരുക, ഇവിടെ നമ്മളുയരുക
ഇവിടെയെന്തു വേണമെന്ന് നമ്മൾ നിശ്ചയിക്കുക"



അധികാരം ജനങ്ങൾക്ക്

- അധികാര വികേന്ദ്രീകരണം വഴി ജനകീയവും ശാസ്ത്രീയവുമായ ഗ്രാമതല ആസൂത്രണം

- 9-ാം പദ്ധതി ജനകീയ പദ്ധതി

- 40% പദ്ധതി വിഹിതം പഞ്ചായത്തുകൾക്ക്

- വികസനപ്രക്രിയ ഏഴിമതി രഹിതമാകുന്നു

- ബഹുജന സഹകരണം അനിവാര്യം

